● എൻ.സി.പി. തമ്മിലടിയിൽ ട്വിസ്റ്റ്!

# ശശീന്ദ്രനും തോമസും ഒന്നിച്ചു; ചാക്കോ രാജിവച്ചൊഴിഞ്ഞു!

■ സ്വന്തം ലേഖകൻ
തിരുവനന്തപുരം

● തോമസിനെ പ്രസിഡന്റാക്കാൻ ശശീന്ദ്രൻ

എൻ.സി.പിയിൽ പരസ്പരം പോരടിച്ചിരുന്ന മന്ത്രി എ.കെ. ശശീന്ദ്രനും തോമസ് കെ. തോമസ് എം.എൽ.എയും ഒടുവിൽ ഒന്നിച്ചതോടെ സംസ്ഥാനാധ്യക്ഷൻ പി.സി. ചാക്കോ രാജിവച്ചൊഴിഞ്ഞു.

ചാക്കോയുടെ രാജിയോടെ സംസ്ഥാനഘടകത്തിൽ കൂടുതൽ കരുത്തനായ മന്ത്രി ശശീന്ദ്രൻ, തോമസിനെ സംസ്ഥാനാധ്യക്ഷനാക്കാൻ ആവശ്യപ്പെടുമെന്നു സൂചന.

ശശീന്ദ്രനെ മാറ്റി, തോമസിനെ മന്ത്രിയാക്കണമെന്നായിരുന്നു ചാക്കോയുടെ നിലപാട്. എൻ.സി.പി. ദേശീയാധ്യക്ഷൻ ശരദ് പവാറിന്റെ അനുമതിയോടെയുള്ള ഈയാവശ്യം പക്ഷേ മുഖ്യമന്ത്രി പിണറായി വിജയൻ തള്ളി.

ചാക്കോയോട് ഇടഞ്ഞ ശശീന്ദ്രൻ പക്ഷം 18-ന് നടക്കുന്ന നേതൃയോഗത്തിൽ പങ്കെടുക്കേണ്ടതില്ലെന്ന തീരുമാനത്തിലായിരുന്നു. ഇതോടെ യോഗം മാറ്റി. തോമസിനെ മന്ത്രിയാക്കണമെന്നു വാശിപിടിച്ച ചാക്കോയ്ക്ക് കസേര ഒഴിയേണ്ടിയും വന്നു.

മറുകണ്ടം ചാടി തങ്ങൾക്കൊപ്പമെത്തിയ തോമസിനെ സംസ്ഥാനാധ്യക്ഷനാക്കാമെന്നാണു ശശീന്ദ്രൻ പക്ഷത്തിന്റെ വാഗ്ദാനം. ഇക്കാര്യം ശരദ് പവാറിനോട് ആവശ്യപ്പെടും. പാർട്ടി ദേശീയ വർക്കിങ് പ്രസിഡന്റ് കൂടിയായ ചാക്കോയുടെ തുടർനീക്കങ്ങളും നിർണായകമാകും. പുതിയ പാർട്ടി രൂപീകരിച്ച് ഇടതുമുന്നണി വിടാനാണു ചാക്കോയുടെ നീക്കമെന്നും അഭ്യൂഹമുണ്ട്. പുറത്താക്കപ്പെട്ട ജില്ലാ പ്രസിഡന്റ് ചാക്കോയ്ക്കെതിരേ കൈക്കൂലി ആരോപണവുമായി രംഗത്തുവന്നതും മുഖ്യമന്ത്രിക്കെതിരേ പാർട്ടി യോഗത്തിൽ ചാക്കോ പറഞ്ഞതിന്റെ ശബ്ദരേഖ പുറത്തുവന്നതും വിവാദമായിരുന്നു.




● ശനിയാഴ്ച നിർണായകം

# ഗാസയിലേക്കു വീണ്ടും ഇസ്രയേൽ പടയൊരുക്കം

● ബന്ദികളെ ഹമാസ് 15-നകം വിട്ടയച്ചില്ലെങ്കിൽ 'വെടിനിർത്തൽ നിർത്തും'

ജറുസലേം/ദുബായ്: ശനിയാഴ്ചയ്ക്കകം ബന്ദികളെ മോചിപ്പിക്കാനുള്ള കരാർ ഹമാസ് പാലിച്ചില്ലെങ്കിൽ വെടിനിർത്തൽ പിൻവലിച്ച് ഗാസയിൽ ആക്രമണം പുനരാരംഭിക്കാൻ ഇസ്രയേൽ നീക്കം. സജ്ജരായിരിക്കാൻ കരുതൽ സേനാംഗങ്ങൾക്കു സൈനികനേതൃത്വം നിർദേശം നൽകി.

കഴിഞ്ഞമാസം 19-നു നിലവിൽവന്ന വെടിനിർത്തൽ കരാർപ്രകാരം മൂന്ന് ഇസ്രേലി ബന്ദികളെക്കൂടി ഹമാസ് മോചിപ്പിക്കേണ്ടതു ശനിയാഴ്ചയാണ്. എന്നാൽ, ഇസ്രയേൽ കരാർ ലംഘിക്കുന്നതിനാൽ ബന്ദികളെ കൈമാറുന്ന നടപടി മരവിപ്പിക്കുന്നതായി ഹമാസ് ഈയാഴ്ച വ്യക്തമാക്കിയിരുന്നു. മുഴുവൻ ബന്ദികളെയും ശനിയാഴ്ച ഉച്ചയ്ക്കു മുമ്പ് മോചിപ്പിച്ചില്ലെങ്കിൽ വെടിനിർത്തൽ റദ്ദാക്കുമെന്നാണു യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെയും മുന്നറിയിപ്പ്. ഹമാസ് വാക്കുപാലിച്ചില്ലെങ്കിൽ ഇസ്രയേൽ തീവ്രപോരാട്ടം പുനരാരംഭിക്കുമെന്ന് പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു താക്കീത് നൽകി. എന്നാൽ, എത്ര ബന്ദികളെയാണു മോചിപ്പിക്കാനുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കിയില്ല. ഗാസയ്ക്കുള്ളിലും ചുറ്റുമുള്ള സൈനികരെല്ലാം സജ്ജരായിരിക്കാൻ ഉത്തരവ് നൽകിയതായി നെതന്യാഹു പറഞ്ഞു. ഇസ്രയേലിന്റെ തെക്കുഭാഗത്ത് അധികസേനയെ വിന്യസിക്കുമെന്നു സൈനികനേതൃത്വവും വ്യക്തമാക്കി.

കരാർ ഹമാസ് പാലിച്ചില്ലെങ്കിൽ വെടിനിർത്തൽ റദ്ദാക്കുമെന്ന ട്രംപിന്റെ താക്കീതിനെ പിന്തുണയ്ക്കുന്ന നിലപാടാണ് ഇസ്രേലി മന്ത്രിസഭാംഗങ്ങളുടേത്. കരാർ പാലിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും എന്നാൽ ശനിയാഴ്ചയ്ക്കകം ബന്ദികളെ മോചിപ്പിക്കാമെന്നു സമ്മതിച്ചിട്ടില്ലെന്നും ഹമാസ് പ്രതികരിച്ചു. കാര്യങ്ങൾ വീണ്ടും വഷളാകാതിരിക്കാൻ മധ്യസ്ഥർ ഇടപെടലാരംഭിച്ചതായി പലസ്തീൻ അധികൃതർ ചൂണ്ടിക്കാട്ടി.



കരാർപ്രകാരമുള്ള ആദ്യഘട്ടത്തിൽ നൂറുകണക്കിനു പലസ്തീൻ തടവുകാരെ വിട്ടയച്ചതിനു പകരമായി ഹമാസ് 16 ബന്ദികളെ മോചിപ്പിച്ചിരുന്നു. കരാറിലുള്ളതല്ലെങ്കിലും തായ്‌ലാൻഡുകാരായ അഞ്ച് ബന്ദികളെയും വിട്ടയച്ചു. കരാറിന്റെ രണ്ടാംഘട്ടത്തിൽ ശേഷിക്കുന്ന ബന്ദികളെ മോചിപ്പിക്കുന്നതും ഇസ്രേലി സൈന്യം പൂർണമായി പിൻവാങ്ങുന്നതും സംബന്ധിച്ച ചർച്ചകൾ ദോഹ കേന്ദ്രീകരിച്ച് നടന്നുവരുകയാണ്. എന്നാൽ, ചർച്ചകളിൽ പങ്കെടുത്തിരുന്ന ഇസ്രേലി പ്രതിനിധിസംഘം കഴിഞ്ഞ തിങ്കളാഴ്ച മടങ്ങി. അതേസമയം, വെടിനിർത്തൽ തുടർന്ന് മുഴുവൻ ബന്ദികളുടെയും മോചനം സാധ്യമാക്കണമെന്ന ആവശ്യവുമായി ആയിരക്കണക്കിനു പേർ ഇസ്രയേലിൽ പ്രക്ഷോഭപാതയിലാണ്.

20 ലക്ഷത്തോളം പലസ്തീൻകാരെ ഒഴിപ്പിച്ച് ഗാസയെ രാജ്യാന്തര ബീച്ച് റിസോർട്ടാക്കി മാറ്റുമെന്ന ട്രംപിന്റെ പ്രഖ്യാപനം വൻവിവാദമായിരുന്നു. ഇത് മേഖലയെ വീണ്ടും അസമാധാനത്തിലേക്കും അസ്ഥിരതയിലേക്കും നയിക്കുമെന്ന് അറബ് ലീഗ് സെക്രട്ടറി ജനറൽ അഹമ്മദ് അബ്ദുൾ ഘെയ്ത് ആരോപിച്ചു. ഗാസയെ രാജ്യാന്തര ബീച്ച് റിസോർട്ടാക്കി മാറ്റുമ്പോൾ അവിടെയുള്ള പലസ്തീൻകാർക്ക് ജോർദാനിലേക്കും ഈജിപ്റ്റിലേക്കും പോകാമെന്നാണു ട്രംപിന്റെ തിട്ടൂരം. എന്നാൽ, ജോർദാനും ഈജിപ്തും ഈ നിർദേശം തള്ളി.

● രണ്ടുവയസുകാരിയുടെ കൊലപാതകം

## കുട്ടിയുടെ അമ്മ പീഡിപ്പിക്കപ്പെട്ട കേസിൽ പോലീസുകാരൻ പ്രതി

തിരുവനന്തപുരം: ബാലരാമപുരത്ത് കിണറ്റിൽ മരിച്ചനിലയിൽ കാണപ്പെട്ട രണ്ടുവയസുകാരിയുടെ അമ്മയെ ബലാത്സംഗം ചെയ്ത കേസിൽ പോലീസുകാരൻ പ്രതി. കുട്ടിയെ കൊലപ്പെടുത്തിയ കേസിൽ മാതൃസഹോദരൻ അറസ്റ്റിലായിരുന്നു. ഈ കേസിന്റെ അന്വേഷണത്തിനിടെ, ദേവസ്വം ബോർഡിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് കുട്ടിയുടെ അമ്മയും അറസ്റ്റിലായി. ഇരുകേസുകളിലുമായി ചോദ്യംചെയ്തപ്പോഴാണു യുവതി ബലാത്സംഗവിവരം വെളിപ്പെടുത്തിയത്.

റൂറൽ ജില്ലാ സ്പെഷൽ ബ്രാഞ്ചിലെ സീനിയർ സി.പി.ഒ: ഗിരീഷ്കുമാറിനെതിരേയാണു ബാലരാമപുരം പോലീസ് ബലാത്സംഗക്കേസ് രജിസ്റ്റർ ചെയ്തത്. അതിജീവിതയുടെ അടുത്തബന്ധുവുമാണ് ഇയാൾ. ബലാത്സംഗം, അതിക്രമിച്ചുകടക്കൽ, വ്യാജപ്രചാരണം, പണാപഹരണം എന്നീ കുറ്റങ്ങളാണു ചുമത്തിയിട്ടുള്ളത്. 45 ദിവസം അവധിയെടുത്ത ഗിരീഷ്കുമാർ ഒളിവിലാണെന്നു പോലീസ് പറയുന്നു.

വീട്ടിൽ അതിക്രമിച്ച് കയറിയ ഗിരീഷ്കുമാർ ബലാത്സംഗം ചെയ്ത് നഗ്നദൃശ്യങ്ങൾ പകർത്തിയെന്നും അവ പ്രചരിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തി 39 ലക്ഷം രൂപ തട്ടിയെടുത്തെന്നുമാണു യുവതിയുടെ മൊഴി. ഗിരീഷ്കുമാറിന് ഉന്നത ഉദ്യോഗസ്ഥരുമായുള്ള അടുപ്പമറിയാവുന്ന ബാലരാമപുരം പോലീസ് ആദ്യം കേസെടുക്കാൻ മടിച്ചു. തുടർന്ന്, റൂറൽ ജില്ലാ പോലീസ് മേധാവി കെ.എസ്. സുദർശന്റെ കർശന ഇടപെടലിനേത്തുടർന്നാണ് കേസ് രജിസ്റ്റർ ചെയ്തത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഡ്രൈവർ ജോലി വാഗ്ദാനം ചെയ്ത് ഷിജുവെന്ന ആളിൽനിന്ന് 10 ലക്ഷം രൂപ തട്ടിയെടുത്തെന്ന പരാതിയിലാണ് കൊല്ലപ്പെട്ട കുട്ടിയുടെ അമ്മ അറസ്റ്റിലായത്. ഷിജുവിന് വ്യാജനിയമന ഉത്തരവ് നൽകിയതായും അന്വേഷണത്തിൽ കണ്ടെത്തി. കഴിഞ്ഞ 30-നാണ് മാതാപിതാക്കൾക്കൊപ്പം ഉറങ്ങിക്കിടന്ന രണ്ടുവയസുകാരിയെ വീടിനടുത്തുള്ള കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

## അയോധ്യ രാമക്ഷേത്രത്തിലെ മുഖ്യ പൂജാരി ആചാര്യ സത്യേന്ദ്രദാസ് അന്തരിച്ചു



ലഖ്നൗ: അയോധ്യ രാമക്ഷേത്രത്തിലെ മുഖ്യ പൂജാരി ആചാര്യ മഹന്ത് സത്യേന്ദ്രദാസ് (85) അന്തരിച്ചു.

ലഖ്നൗ സഞ്ജയ് ഗാന്ധി പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലായിരുന്നു അന്ത്യം. ഈ മാസം മൂന്നിനാണ് പക്ഷാഘാതത്തെ തുടർന്ന് ആചാര്യ സത്യേന്ദ്രദാസിനെ ന്യൂറോളജി ഐ.സി.യുവിൽ പ്രവേശിപ്പിച്ചത്. അദ്ദേഹത്തിന്റെ ഭൗതിക ശരീരം സത്യ ധാം ഗോപാൽ മന്ദിറിലെത്തിച്ചു. സംസ്കാരം ഇന്നു നടത്തും.

പ്രമേഹം, ഉയർന്ന രക്തസമ്മർദം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു.

ഇരുപതാം വയസിൽ നിർവാണി അഘാഡയിൽ ചേർന്നാണ് സത്യേന്ദ്രദാസ് സന്യാസം സ്വീകരിച്ചത്. 1992ൽ അയോധ്യക്ഷേത്രത്തിന്റെ മുഖ്യപൂജാരി സ്ഥാനം ഏറ്റെടുത്തു. ജനുവരി 11ന് അയോധ്യ ക്ഷേത്രത്തിൽ പ്രാണ പ്രതിഷ്ഠ ചടങ്ങിന്റെ ഒന്നാം വാർഷിക ആഘോഷത്തിലും ആചാര്യ സത്യേന്ദ്ര ദാസ് പങ്കെടുത്തിരുന്നു.

## വയനാട്ടിൽ ഒരു യുവാവ് കൂടി കാട്ടാനക്കലിക്ക് ഇരയായി

# 'കരി'ദിനങ്ങൾ



● സംസ്ഥാനത്ത് ഒരാഴ്ചയ്ക്കിടെ കാട്ടാന കവർന്നത് 4 ജീവൻ

● വയനാട്ടിൽ ദിവസങ്ങൾക്കിടെ രണ്ടാമത്തെ കാട്ടാനക്കൊല

കൽപ്പറ്റ: വന്യമൃഗശല്യത്തിൽ വിറങ്ങലിക്കുന്ന കേരളത്തിൽ ഒരാഴ്ചയ്ക്കിടെ കാട്ടാനയാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം നാലായി. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തബാധിതമേഖലയായ അട്ടമലയിൽ ഒരു യുവാവിന്റെ ജീവൻകൂടി കാട്ടാന കവർന്നതോടെയാണിത്. അട്ടമല, എറട്ടാറക്കുണ്ട് ഉന്നതിയിൽ ബാലകൃഷ്ണനാ(27)ണ് കൊല്ലപ്പെട്ടത്. കഴിഞ്ഞദിവസം വയനാട് നൂൽപ്പുഴയിലും കാട്ടാന ഒരാളുടെ ജീവനെടുത്തിരുന്നു.

ഇന്നലെ രാവിലെയാണു തേയില എസ്റ്റേറ്റിനുള്ളിലെ വഴിയിൽ ബാലകൃഷ്ണന്റെ മൃതദേഹം കണ്ടെത്തിയത്. കഴിഞ്ഞ ചൊവ്വാഴ്ച സന്ധ്യയ്ക്ക് കടയിൽനിന്നു സാധനങ്ങൾ വാങ്ങി മടങ്ങുമ്പോഴാണ് ആന ആക്രമിച്ചതെന്നു കരുതുന്നു. പ്രദേശത്ത് ആനശല്യമുള്ളതിനാൽ ഇന്നലെ രാവിലെയാണു തെരച്ചിൽ സാധ്യമായത്.


■ ബാലകൃഷ്ണൻ

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ബാധിതമേഖലയോടു ചേർന്ന പ്രദേശമാണ് അട്ടമല. ഉരുൾപൊട്ടൽ ദുരന്തത്തേത്തുടർന്ന് സൈന്യം നിർമിച്ച ബെയ്‌ലി പാലം മാത്രമാണ് ഇവിടെ എത്തിച്ചേരാനുള്ള ഏകമാർഗം. നിലവിൽ പ്രദേശത്ത് ജനവാസം തീരെക്കുറവാണ്. ഉരുൾപൊട്ടലിനുശേഷം കാട്ടാനശല്യം രൂക്ഷമാണെന്നറിയിച്ചിട്ടും അധികൃതർ അനങ്ങിയില്ലെന്നു നാട്ടുകാർ ആരോപിക്കുന്നു.

ബാലകൃഷ്ണന്റെ മരണവിവരമറിഞ്ഞെത്തിയ നാട്ടുകാർ വനം, റവന്യൂ ഉദ്യോഗസ്ഥരെ പ്രതിഷേധമറിയിക്കുകയും മൃതദേഹം പോസ്റ്റ്മോർട്ടത്തിനു കൊണ്ടുപോകുന്നത് തടയുകയും ചെയ്തു. ജില്ലാ കലക്ടർ സ്ഥലത്തെത്തണമെന്നായിരുന്നു ആവശ്യം. പിന്നീട് സ്ഥലത്തെത്തിയ തഹസിൽദാരുമായി ചർച്ചനടത്തിയശേഷമാണു മൃതദേഹം ബത്തേരിയിലേക്കു പോസ്റ്റുമോർട്ടത്തിനു കൊണ്ടുപോയത്. വൈകിട്ട് ഉന്നതിയിൽ എത്തിച്ച മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു.


● തൃശൂർ അത്താണി കുറ്റിയങ്കാവ് പൂരത്തോടനുബന്ധിച്ച് നടന്ന കൂട്ടിയെഴുന്നള്ളിപ്പ്.

രഞ്ജി ട്രോഫി:

## കേരളം ഒരു റണ്ണിന് സെമിയിൽ

പുനെ: ഏറെനാളത്തെ കാത്തിരിപ്പിനുശേഷം കേരളം രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ കടന്നു.

ജമ്മു കശ്മീരിനെതിരേ നടന്ന ക്വാർട്ടർ ഫൈനൽ മത്സരം സമനിലയിൽ അവസാനിച്ചെങ്കിലും ഒന്നാം ഇന്നിങ്സിൽ നേടിയ ഒരു റണ്ണിന്റെ ലീഡാണു കേരളത്തെ സെമിയിലെത്തിച്ചത്. 17 നു തുടങ്ങുന്ന സെമി ഫൈനൽ മത്സരങ്ങളിൽ കേരളം മുൻ ചാമ്പ്യൻ ഗുജറാത്തിനെയും വിദർഭ നിലവിലെ ചാമ്പ്യൻ മുംബൈയെയും നേരിടും.

2018–19 സീസണിലാണു കേരളം അവസാനം രഞ്ജി സെമിയിൽ കളിച്ചത്. വയനാട്ടിൽ നടന്ന സെമിയിൽ വിദർഭ കേരളത്തെ ഒരു ഇന്നിങ്സിനും 11 റണ്ണിനും തോൽപ്പിച്ചു. ഫൈനലിൽ കടന്ന വിദർഭ ജേതാക്കളുമായി.

ഇത്തവണ കർണാടക, മധ്യപ്രദേശ്,ഉത്തർപ്രദേശ്, ബംഗാൾ തുടങ്ങിയ കരുത്തരായ ടീമുകളെ മറികടന്നാണു കേരളം നോക്കൗട്ടിൽ കടന്നത്. നിലവിലെ ചാമ്പ്യനായ മുംബൈയെയും ബറോഡയെയും മറികടന്നാണു ജമ്മു കശ്മീർ ക്വാർട്ടറിലെത്തിയത്.

ദുഷ്കരമായ സാഹചര്യങ്ങളിൽനിന്നു പൊരുതിക്കയറാനുള്ള ആത്മവിശ്വാസമാണ് ഇത്തവണത്തെ ടീമിനെ വേറിട്ട് നിർത്തിയത്. ഇന്ത്യയുടെ വിക്കറ്റ് കീപ്പർ ബാറ്റർ സഞ്ജു സാംസണിന്റെ അഭാവവും കേരളം മറികടന്നു. മുൻനിര ബാറ്റർമാർക്കൊപ്പം

വാലറ്റവും തകർത്തതോടെ കേരളം മുന്നേറി. അവസാന വിക്കറ്റുകളിൽ നേടിയ കൂട്ടുകെട്ടുകളായിരുന്നു കഴിഞ്ഞ മത്സരങ്ങളിൽ കേരളത്തിന് അനുകൂലമായത്.

# അമ്മ മരിച്ചത് പിതാവിന്റെ മർദനമേറ്റെന്നു മകൾ; കല്ലറ തുറന്ന് മൃതദേഹം പുറത്തെടുത്തു

ചേർത്തല: തലയ്ക്കു പരുക്കേറ്റു യുവതി മരിച്ച സംഭവത്തിൽ ഭർത്താവ് കസ്റ്റഡിയിൽ. പിതാവ് ആക്രമിച്ചതിനെത്തുടർന്നാണ് മാതാവ് മരിച്ചതെന്ന മകളുടെ മൊഴിയുടെ അടിസ്ഥാനത്തിലാണു നടപടി. ചേർത്തല നഗരസഭ 29-ാം വാർഡിൽ പണ്ടക ശാലാപറമ്പിൽ സോണി (48)യുടെ ഭാര്യ സജി(46)യാണു മരിച്ചത്. സംഭവത്തിൽ സോണിയെ ചേർത്തല പോലീസ് കസ്റ്റഡിയിലെടുത്തു. പരാതിയെത്തുടർന്നു കൂടുതൽ പരിശോധനയ്ക്കായി മൃതദേഹം കല്ലറ തുറന്നു പുറത്തെടുത്തു.


■ സജി


■ സോണി

ജനുവരി എട്ടിനു രാത്രിയാണു സജിയെ തലയ്ക്കു പരുക്കേറ്റ നിലയിൽ ചേർത്തലയിലെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളജിലും പ്രവേശിപ്പിച്ചത്. ഒരു മാസത്തോളം മെഡിക്കൽ കോളജ് ആശുപത്രിയിൽ വെന്റിലേറ്ററിലായിരുന്ന സജി കഴിഞ്ഞ ഒൻപതിനു രാവിലെ 7.30നാണ് മരിച്ചത്. തുടർന്ന വൈകിട്ട് മുട്ടം സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

വീട്ടിലെ സ്റ്റെയർ കെയ്സിൽ നിന്നും വീണതായാണ് ആശുപത്രിയിൽ അറിയിച്ചിരുന്നത്. എന്നാൽ, പിതാവ് ആക്രമിച്ചതാണെന്നു കാട്ടി മകൾ മീഷ്മ 11 നു രാത്രി ചേർത്തല പോലീസിൽ പരാതി നൽകി. നിരന്തരം ഭാര്യയെ അക്രമിച്ചിരുന്ന സോണി ജനുവരി എട്ടിനു രാത്രി സജിയെ അക്രമിച്ചെന്നും തല ഭിത്തിയിലിടിപ്പിച്ചപ്പോഴാണു പരുക്കേറ്റതെന്നും മകളുടെ മൊഴിയിൽ പറയുന്നതായാണു വിവരം.


■ സജിയുടെ മൃതദേഹം കല്ലറയിൽ നിന്ന് പുറത്തെടുക്കുന്നു.

മകൾക്കു നേരെയും കത്തികാട്ടി ഭീഷണി മുഴക്കിയതിനാലാണു അന്നു സംഭവം പുറത്തുപറയാതിരുന്നത്. എന്നാൽ, ചൊവ്വാഴ്ച രാത്രി ഇയാൾ വീണ്ടും ഭീഷണി മുഴക്കിയതോടെ മകൾ പോലീസ് സ്റ്റേഷനിലെത്തുകയായിരുന്നു.

ഇന്നലെ വൈകിട്ട് മൂന്നരയോടെയാണു കല്ലറ തുറന്ന് മൃതദേഹം പുറത്തെടുത്തത്. സബ് കലക്ടർ സമീർ കിഷൻ, എ.എസ്.പി: ഹരീഷ് ജയിൻ, തഹസിൽദാർ കെ.ആർ. മനോജ് എന്നിവരുടെ നേതൃത്വത്തിൽ മൃതദേഹം പുറത്തെടുത്ത് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി. പോസ്റ്റ്മോർട്ടത്തിനായി ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി. നിലവിൽ അസ്വാഭാവിക മരണത്തിനാണ് പോലീസ് കേസെടുത്തിരിക്കുന്നത്. പോസ്റ്റ്മോർട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്നു പോലീസ് പറഞ്ഞു.

## 'നിലം' ഇനത്തിലെ ഭൂമിയിൽ കെട്ടിടം പണിയാൻ തരംമാറ്റ അനുമതി വേണ്ട

കൊച്ചി: നെൽവയൽ നീർത്തട സംരക്ഷണ ചട്ടപ്രകാരം വിജ്ഞാപനം ചെയ്യാത്ത 'നിലം' ഇനത്തിൽപ്പെട്ട ഭൂമിയിൽ കെട്ടിടം പണിയാൻ ഭൂമി തരംമാറ്റ അനുമതി വേണ്ടെന്നു സർക്കാർ.

നിലം ഇനത്തിൽ വരുന്ന 4.04 ആർ. വിസ്തൃതിയുള്ള ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള വീട് നിർമിക്കാം. പരമാവധി 2.02 ആർ. വിസ്തൃതിയുള്ള ഭൂമിയിൽ 40 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വാണിജ്യ കെട്ടിടവും നിർമിക്കാം. ഇക്കാര്യത്തിനു ഭൂമി തരംമാറ്റ അനുമതി വേണ്ട. എന്നാൽ, ഈ ഒഴിവാക്കൽ ഒരിക്കൽമാത്രമേ അനുവദിക്കുകയുള്ളൂവെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു. ഇത്തരം ഇളവു ലഭിക്കുന്ന ഭൂമിക്ക് റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തണമെങ്കിൽ അപേക്ഷകർ ഫീസ് നൽകണം. അപേക്ഷകരുടെ കൈവശം എത്ര ഭൂമിയുണ്ടെങ്കിലും പരമാവധി 4.04 ആറിനു മാത്രമേ നിയമം ബാധകമാകുന്നുള്ളൂ. ഈ ആനുകൂല്യത്തിന് അപേക്ഷിച്ചിട്ടും ഉദ്യോഗസ്ഥർ അനുവദിക്കാത്ത കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ലൈഫ് ഗുണഭോക്താക്കൾ അടക്കം നിരവധി പേരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. ഇതു ഉദ്യോഗസ്ഥ വീഴ്ചയായി കണക്കാക്കുമെന്നും സർക്കാർ ഉത്തരവിലുണ്ട്.

തദ്ദേശ സ്ഥാപനങ്ങൾ കെട്ടിട നിർമാണ പെർമിറ്റിനായി ഇത്തരം ഭൂമിക്ക് തരംമാറ്റ അനുമതി അപേക്ഷ വാങ്ങിക്കാൻ പാടില്ല. കാലതാമസമില്ലാതെ അപേക്ഷകൾ തീർപ്പാക്കാണമെന്ന് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും സർക്കാർ നിർദേശവും നൽകി. ഇത്തരം ആനുകൂല്യത്തിന് അർഹരായവരുടെ അപേക്ഷകൾ ഈമാസം 28 നു മുമ്പ് തീർപ്പാക്കണം. വേണ്ടിവന്നാൽ 27, 28 തീയതികളിൽ തദ്ദേശ സ്ഥാപനങ്ങൾ അദാലത്തുകൾ നടത്തി വിഷയം തീർപ്പാക്കണമെന്നും സ്പെഷൽ സെക്രട്ടറിയുടെ ഉത്തരവിൽ വ്യക്തമാക്കുന്നു. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരേ കർശന നടപടിയും ശിപാർശ ചെയ്യുന്നു.

## എലപ്പുള്ളി പഞ്ചായത്തിൽ പ്രമേയം

പാലക്കാട്: മദ്യനിർമാണ കമ്പനിക്ക് അനുമതി നൽകിയ സർക്കാർ നടപടിക്കെതിരെ എലപ്പുള്ളി പഞ്ചായത്തിൽ കോൺഗ്രസും ബി.ജെ.പിയും അടിയന്തര പ്രമേയം അവതരിപ്പിച്ചു.

സർക്കാർ നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാണ് പ്രമേയം അവതരിപ്പിച്ചത്. അതേസമയം കമ്പനി വരുന്നതിൽ വിയോജിപ്പില്ലെന്നും ജനങ്ങൾക്ക് തൊഴിൽ ലഭിക്കുമെന്നും വ്യക്തമാക്കി സി.പി.എം. അംഗങ്ങൾ പ്രമേയത്തെ എതിർത്തു.

പഞ്ചായത്ത് ഭരണസമിതിയിൽ ആദ്യം കോൺഗ്രസും പിന്നാലെ ബി.ജെ.പിയുമാണ് പ്രമേയം അവതരിപ്പിച്ചത്. കോൺഗ്രസ് അംഗം ഡി. രമേശൻ പ്രമേയം അവതരിപ്പിച്ചപ്പോൾ മൂർത്തി പിന്തുണച്ചു. ബി.ജെ.പിയുടെ സന്തോഷ് അവതരിപ്പിച്ച പ്രമേയം സുബ്രഹ്മണ്യൻ പിന്താങ്ങി. എലപ്പുള്ളിയിൽ മദ്യനിർമ്മാണ കമ്പനിക്ക് അനുമതി നൽകിയ നടപടി സർക്കാർ പിൻവലിക്കണമെന്നായിരുന്നു ആവശ്യം. മദ്യ നിർമ്മാണ കമ്പനി വന്നാൽ പ്രദേശത്ത് വലിയ രീതിയിൽ ജലചൂഷണം നടക്കുമെന്നായിരുന്നു ഇരു പ്രമേയങ്ങളിലും ചൂണ്ടിക്കാട്ടിയത്.

ജലദൗർലഭ്യം നേരിടുന്ന പ്രദേശത്ത് ഡിസ്റ്റലറി സ്ഥാപിച്ചാൽ ജനം ബുദ്ധിമുട്ടുമെന്ന് കോൺഗ്രസ് അംഗങ്ങൾ ചൂണ്ടിക്കാട്ടി. കുടിവെള്ളത്തിനും കൃഷിയ്ക്കും വെള്ളം ലഭിക്കാതെ നെട്ടോട്ടമോടും. നിലവിൽ ജലക്ഷാമം കൊണ്ട് വീർപ്പുമുട്ടുകയാണ് എലപ്പുള്ളി പ്രദേശം. മഴക്കാലത്ത് പോലും കുടിവെള്ളത്തിന് വേണ്ടി ജനം നട്ടം തിരിയുകയാണ്. കഴിഞ്ഞ വേനലിൽ കൃഷിക്ക് വെള്ളം ലഭിക്കാതെ നെൽകർഷകർ നെൽകൃഷി കത്തിച്ചു കളയുന്ന സ്ഥിതി വരെയുണ്ടായി. മദ്യ കമ്പനി വരാൻ യാതൊരു കാരണവശാലും അനുവദിക്കില്ലെന്ന് കോൺഗ്രസ്, ബി.ജെ.പി അംഗങ്ങൾ പറഞ്ഞു. എന്നാൽ തങ്ങൾ അടിയന്തര പ്രമേയത്തെ പിന്തുണയ്ക്കുന്നില്ലെന്നും. മദ്യ കമ്പനി വരുന്നതിനോട് തങ്ങൾ യോജിക്കുന്നുവെന്നും മദ്യ കമ്പനി വരുന്നത് ജലചൂഷണം ഉണ്ടാക്കില്ല പകരം തൊഴിൽ നൽകുമെന്നുമെന്നായിരുന്ന സി.പി.എം മെമ്പർമാരുടെ വാദം.

## എൻ.ജി.ഒ. യൂണിയൻ ഏരിയാസമ്മേളനം

ചിറ്റൂർ: കേരള എൻ.ജി.ഒ യൂണിയൻ ചിറ്റൂർ ഏരിയാ സമ്മേളനം സംസ്ഥാന പ്രസിഡന്റ് എം.വി. ശശിധരൻ ഉദ്ഘാടനം ചെയ്തു.

ഏരിയാ പ്രസിഡന്റ് എസ്. ശിവദാസ് പതാക ഉയർത്തി. ജില്ലാ ജോയിന്റ് സെക്രട്ടറി ബി. രാജേഷ് മുഖ്യപ്രഭാഷണം നടത്തി. ഭാരവാഹികൾ: എസ്. ശിവദാസ് (പ്രസിഡന്റ്), എം. ബിന്ദു, എം. ഷൈജു (വൈസ് പ്രസിഡന്റ്), കെ.വി. ജയകുമാരൻ (സെക്രട്ടറി), എസ്. സുധിൻ (ജോയിന്റ് സെക്രട്ടറി), ആർ. രതീഷ് (ജോയിന്റ് സെക്രട്ടറി), തോമസ് മാത്യു (ഖജാൻജി).

## കുത്തിയിരിപ്പ് സമരം

പാലക്കാട്: നഗരസഭ ഒരു മുന്നറിയിപ്പും നല്കാതെ ജി.ബി റോഡിലുള്ള എസ്കലേറ്ററിന്റെ പ്രവേശന കവാടത്തിന്റെ രണ്ട് വശവും പൂട്ടി കൊണ്ട് സഞ്ചാര സ്വാതന്ത്ര്യം നിഷേധിച്ചതിനെതിരേ പാലക്കാട് ബ്ലോക്ക് കാൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവേശന കവാടത്തിനു മുന്നിൽ നടത്തിയ കുത്തിയിരിപ്പ് സമരം നടത്തി.

പ്രസിഡന്റ് സി.വി സതീഷ്, നഗരസഭാ അംഗം എ.കൃഷ്ണൻ, ഹരിദാസ് മച്ചിങ്ങൽ, കെ.എൻ സഹീർ, രമേശ് പുത്തൂർ, എസ്.സേവ്യർ, എസ്.എം താഹ, എം.ബാബു, എ മൂർത്തി എന്നിവർ നേതൃത്വം നൽകി.

## മാർച്ചും ധർണയും

പാലക്കാട്: മുതലമടയിലെ അനധികൃത കരിങ്കൽ ക്വാറികൾ അടച്ചുപൂട്ടണമെന്നും ക്വാറി ഉടമകൾക്കെതിരെ ക്രിമിനൽ കേസ് എടുക്കണമെന്നും ആവശ്യപ്പെട്ട് 25ന് തിരുവനന്തപുരം മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറേറ്റിലേക്ക് മാർച്ചും ധർണയും നടത്തുമെന്ന് ഹരിതഭൂമി പരിസ്ഥിതി സാമൂഹിക സമിതി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് പിരായിരി സെയ്ത് മുഹമ്മദ്, വി.എസ്. രാധാകൃഷ്ണൻ, പത്മമോഹൻ തെക്കേമഠം, ടി.പി. കനകദാസ് എന്നിവർ പങ്കെടുത്തു.

## ചിത്രരചനാ മത്സരം

പാലക്കാട്: കോസ്മോപൊളിറ്റൻ ക്ലബ് പമ്പ ഹാളിൽ ഈ മാസം 28 മുതൽ പാലക്കാട് പ്രസ്ക്ലബ്ബ് സംഘടിപ്പിക്കുന്ന പാംലാൻഡ് ഫിൻഡുറാസ് ആർട് ഫെസ്റ്റിനോടനുബന്ധിച്ച് മാർച്ച് 1ന് രാവിലെ 10.30ന് എന്റെ പാലക്കാട് ചിത്രരചനാ മത്സരം നടത്തുന്നു. എല്ലാ വിഭാഗം സ്കൂൾ വിദ്യാർഥികൾക്കും മുതിർന്നവർക്കും പങ്കെടുക്കാം. റജിസ്ട്രേഷൻ സൗജന്യം. പേരും മറ്റു വിവരങ്ങളും 25ന് മുൻപായി 9495121479 എന്ന നമ്പരിലേക്ക് വാട്സപ് ചെയ്യുക.



● ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർഥികളുടെ കൃഷിയിടത്തിലെ പച്ചക്കറി കൃഷി വിളവെടുപ്പ്

# ജില്ലാ ആശുപത്രിയിൽ രോഗികൾക്ക് പരിചരണം ഉറപ്പു വരുത്തണം: മനുഷ്യാവകാശ കമ്മിഷൻ

പാലക്കാട്: ജില്ലാ ആശുപത്രിയിൽ രോഗികൾക്ക് പരമാവധി പരിചരണം ഉറപ്പു വരുത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നിർദ്ദേശിച്ചു.

ചികിത്സയിലായിരുന്ന കേശവൻ (67) എന്ന രോഗി 2023 ഒക്ടോബർ 30ന് ചികിത്സ കിട്ടാതെ മരിച്ചുവെന്ന പരാതിയിലാണ് ഉത്തരവ്. ജില്ലാ ആശുപത്രി സൂപ്രണ്ടിൽ നിന്നും കമ്മിഷൻ റിപ്പോർട്ട് വാങ്ങിയിരുന്നു. കൂട്ടിരിപ്പുകാരില്ലാതെ ആശുപത്രിയിലെത്തിയ രോഗി ചികിത്സ സ്വീകരിക്കാൻ തയ്യാറായില്ലെന്നും ഭക്ഷണം മാത്രം മതിയെന്ന് ആവശ്യപ്പെട്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

വയറുവേദനയാണെന്ന് പറഞ്ഞ രോഗിക്ക് മരുന്നും ഭക്ഷണവും വസ്ത്രങ്ങളും നൽകി. പരിശോധനകൾക്ക് നിർദ്ദേശിച്ചപ്പോൾ രക്തം നൽകാനോ ലാബ് പരിശോധനകൾക്ക് വിധേയനാകാനോ തയ്യാറായില്ല. എങ്കിലും ചികിത്സ തുടർന്നു. ഒക്ടോബർ 28,29 ദിവസങ്ങളിൽ രോഗിയുടെ നില മെച്ചപ്പെട്ടു. എന്നാൽ ഒക്ടോബർ 30ന് രോഗം വഷളാവുകയും മരണത്തിന് കീഴടങ്ങുകയും ചെയ്തു. രോഗിയെ ആശുപത്രിയിലെത്തിച്ചവരോ പരാതി നൽകിയവരോ രോഗിയെ ശ്രദ്ധിക്കാനോ പരിചരിക്കാനോ തയ്യാറായില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

വർഷങ്ങൾക്ക് മുമ്പ് അനാഥരായവരെ ചികിത്സിക്കാൻ ജില്ലാ ആശുപത്രിയിൽ വാർഡും മറ്റു സൗകര്യങ്ങളും ഉണ്ടായിരുന്നുവെന്നും ഇത് പൊളിച്ചുമാറ്റിയശേഷം ഇത്തരം സൗകര്യങ്ങൾ പുനഃസ്ഥാപിച്ചിട്ടില്ലെന്നും പരാതിക്കാരനായ റഹീം ഒലവക്കോട് കമ്മിഷനെ അറിയിച്ചു. പരാതി വിഷയത്തിൽ ആശുപത്രി അധികൃതർ സ്വീകരിച്ച നടപടിയിൽ അപാകതകളില്ലെന്നും ഉത്തരവിൽ പറഞ്ഞു.

# കൃഷിപാഠം പകർന്ന വിദ്യാർഥികൾക്ക് സമ്മാനമായി പുസ്തകങ്ങൾ

ചിറ്റൂർ: ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂൾ വളപ്പിൽ കൃഷി ചെയ്യുന്നതിനൊപ്പം തൊട്ടടുത്ത പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികൾക്ക് കൃഷിയിൽ അവബോധവും നൽകി മാതൃകയാവുകയാണ് ഇവിടത്തെ വിദ്യാർഥികൾ.

ഇവർ ഉത്പാദിപ്പിച്ച വെണ്ട, വഴുതിന, തക്കാളി, കാബേജ്, ചീര തുടങ്ങി 19 ഇനം പച്ചക്കറികളുടെ വിളവെടുപ്പ് തുടങ്ങി. കുട്ടികൾ ഉത്പാദിപ്പിക്കുന്ന പച്ചക്കറി സ്കൂളിലെ ഉച്ചഭക്ഷണത്തിനു സൗജന്യമായി നൽകുന്നതോടൊപ്പം കുട്ടികളുടെ രക്ഷിതാക്കൾക്കും മറ്റ് ആവശ്യക്കാർക്കും ചെറിയ വിലയ്ക്ക് നൽകുന്നുമുണ്ട്. കൃഷിയിൽനിന്നുള്ള വരുമാനം ജനോപകാരപ്രദമായ കാര്യങ്ങൾക്ക് വിനിയോഗിക്കുന്ന പദ്ധതിക്ക് രൂപം നൽകും. ഇവിടത്തെ പൂർവവിദ്യാർഥികൾ തുടങ്ങിവെച്ച പ്രവർത്തനം പിൻതലമുറക്കാർ ഏറ്റെടുക്കുകയാണ്.ചിറ്റൂർ വിക്ടോറിയ ഗേൾസ് സ്കൂൾ ഹയർസെക്കൻഡറി വിഭാഗം, ചിറ്റൂർ ഗവ. യുപി. സ്കൂൾ തുടങ്ങിയയിടങ്ങളിലെ പച്ചക്കറിക്കൃഷിക്കും ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർഥികൾ സഹായം നൽകിയിരുന്നു. ഇവരെ കൃഷി ചെയ്യാൻ പഠിപ്പിച്ചതും ടി.എച്ച്.എസിലെ വിദ്യാർഥികളാണ്. വിദ്യാർഥികളുടെ സേവനം കണക്കിലെടുത്ത് പാരിതോഷികമായി വിക്ടോറിയ ഗവ. ഹൈസ്കൂളിലെ എൻ.എസ്.എസ്. വിദ്യാർഥികൾ സമാഹരിച്ച 5000 രൂപയുടെ പുസ്തകങ്ങൾ ടി.എച്ച്.എസിലെ വിദ്യാർഥികൾക്ക് കൈമാറി.

# പെരുമാട്ടി കമ്പാലത്തറയിൽ ഒമ്പതുപേർക്ക് തേനീച്ചക്കുത്തേറ്റു

ചിറ്റൂർ: പെരുമാട്ടി പഞ്ചായത്തിലെ കമ്പാലത്തറയിൽ തേനീച്ചകളുടെ കുത്തേറ്റ് ഒൻപതുപേർക്ക് പരുക്ക്.

കമ്പാലത്തറ സ്വദേശികളായ മണി (65), കല (50), സുമേഷ് (30), പൊന്നുചാമി (52), കൃഷ്ണൻ (62), സന്ധ്യ (28), ഷിജു (23), സുകേഷ് (23), ശശി (40) എന്നിവർക്കാണ് തേനീച്ചയുടെ കുത്തേറ്റത്. പരുക്കേറ്റവർ വിളയോടിയിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിലും. കന്നിമാരി നെല്ലിമേട്ടിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിലും ചികിത്സതേടി. കമ്പാലത്തറ പാൽ സൊസൈറ്റിക്ക് സമീപത്താണ് സംഭവം. തേനീച്ച കൂട്ടത്തോടെയെത്തി കുത്തുകയായിരുന്നു. പാൽ സൊസൈറ്റിക്കു സമീപത്തെ മരത്തിൽനിന്ന് തേനീച്ചകൾ ഇളകി വന്നതാണെന്നാണ് പ്രാഥമിക നിഗമനം. ജോലിക്കു പോവുകയായിരുന്ന കലയ്ക്കാണ് ആദ്യം കുത്തേറ്റത്. പിന്നീട് അതുവഴിവന്ന സന്ധ്യയ്ക്കും സുമേഷിനും പൊന്നുച്ചാമിക്കും കുത്തേറ്റു. ഇതേസമയം പാൽ സൊസൈറ്റിയിലേക്ക് പോവുകയായിരുന്ന മണിക്കും കുത്തേറ്റു. മണി നേരേ പാൽ സൊസൈറ്റിയിലേക്ക് ഓടിക്കയറിയെങ്കിലും പിന്തുടർന്നുവന്ന തേനീച്ചകൾ സൊസൈറ്റിക്കകത്തുണ്ടായിരുന്ന ജീവനക്കാരായ ഷിജുവിനെയും സുകേഷിനെയും ശശിയെയും കുത്തി.

ഓടിയെത്തിയ നാട്ടുകാർ തേനീച്ചകളെ തീയിട്ട് അകറ്റിയാണ് പരുക്കേറ്റവരെ ആശുപത്രിയിലെത്തിച്ചത്. പ്രദേശത്തെ കൂടുതൽ പേർക്ക് കുത്തേറ്റിട്ടുണ്ടെങ്കിലും നിസാര പരുക്കുകളായതിനാൽ ചികിത്സ തേടിയിട്ടില്ല. ഇതിനും മുൻപും ഈ പ്രദേശത്ത് നിരവധി പേർക്ക് തേനീച്ചകളുടെ അക്രമണത്തിൽ പരുക്കേറ്റിട്ടുണ്ട്.

ഏതാനും ദിവസം മുൻപാണ് തേനീച്ചകളുടെ കൂട്ടത്തോടെയുള്ള അക്രമണത്തിൽ നല്ലേപ്പിള്ളി പഞ്ചായത്തിലെ വാക്കിനിച്ചള്ളയിൽ കർഷകൻ സത്യരാജൻ (72) മരണപ്പെട്ടത്.



● പെരുമാട്ടി കൃഷിഭവനു മുന്നിൽ കൊയ്ത്ത് യന്ത്രം തുരുമ്പെടുത്ത നിലയിൽ

# കൊയ്ത്തുയന്ത്രം തുരുമ്പെടുത്തു നശിക്കുന്നു

വണ്ടിത്താവളം: പെരുമാട്ടി കൃഷിഭവൻ കാര്യാലയത്തിനു മുന്നിൽ നിർത്തിയിട്ട കൊയ്ത്തു മെഷീൻ നാശത്തിന്റെ വക്കിൽ.

യന്ത്രത്തകരാറുണ്ടെന്ന് കണ്ട് അഞ്ചു വർഷം മുമ്പാണ് പാടശേഖര സമിതികൾ നൽകിയ കൊയ്ത്തു മിഷൻ കൃഷിഭവനിൽ തിരിച്ചേൽപ്പിച്ചത്. ആദ്യഘട്ടത്തിൽ വന്ന യന്ത്രങ്ങൾ വയലുകളിൽ ഇറക്കുന്നതും കയറ്റുന്നതും വിഷമകരമായതിനാലാണ് ഉപേക്ഷിച്ചതെന്നും കരുതപ്പെടുന്നു. യന്ത്രഭാഗങ്ങൾ പൂർണമായും തുരുമ്പെടുത്തതിനാൽ ഇനി ശരിപ്പെടുത്താൻ കഴിയുകയില്ലെന്ന് വിദഗ്ധർ കരുതുന്നു. യന്ത്രം പൊളിച്ചു നിക്കണമെങ്കിലും കടമ്പകളേറെയാണ്. നിലവിൽ കൃഷിഭവൻ അധികൃതരുടെ പക്കൽ വണ്ടിയുടെ രേഖകളിലില്ലാത്തതും തലവേദനയായി മാറുന്നു.

# സർക്കാർ കുത്തക കമ്പനികൾക്ക് വേണ്ടി നിലകൊള്ളുന്നു: കുമ്മനം

പാലക്കാട്: മദ്യ നിർമാണ കമ്പനിക്ക് കുടിവെള്ളം നൽകാനായി വാദിക്കുന്നവർ എന്തുകൊണ്ട് തമിഴ്നാട്ടിൽ നിന്ന് കേരളത്തിലെ കർഷകർക്ക് അർഹതപ്പെട്ട പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം നേടിയെടുക്കാൻ പരിശ്രമിക്കുന്നില്ലെന്ന് മുൻ മിസോറാം ഗവർണറും ബി.ജെ.പി ദേശീയ നിർവാഹക സമിതി അംഗവുമായ കുമ്മനം രാജശേഖരൻ.

മദ്യനിർമാണ കമ്പനിക്ക് നൽകിയ അനുമതി റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി എലപ്പുള്ളി പഞ്ചായത്തിന് മുന്നിൽ നടത്തി വരുന്ന ഉപവാസ സമരത്തിന്റെ പതിനാറാംദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മന്ത്രി എം.ബി. രാജേഷും കർഷകൻകൂടിയായ മന്ത്രി കെ. കൃഷ്ണൻകുട്ടിയും മദ്യ കമ്പനിക്ക് വെള്ളം കൊടുക്കുന്നതിന് വേണ്ടി ഓരോ വാദങ്ങൾ നിരത്തുന്നു. ഇരുവരും ഇവിടെയുള്ള കർഷകർക്ക് പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടു. പിണറായി സർക്കാർ വൻകിട കുത്തക കമ്പനികൾക്ക് വേണ്ടിയാണ് നിലകൊള്ളുന്നതെന്നും കുമ്മനം പറഞ്ഞു.

മദ്യനിർമാണ കമ്പനി വരുന്ന എലപ്പുള്ളി മണ്ണുക്കാട് സന്ദർശിച്ച കുമ്മനം പ്രദേശവാസികളുടെ ആശങ്ക ചോദിച്ചറിഞ്ഞു. മണ്ണുക്കാട് ജനകീയ കൂട്ടായ്മ ഭാരവാഹികൾ അദ്ദേഹത്തിന് നിവേദനം നൽകി. ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി സി. കൃഷ്ണകുമാർ, പാലക്കാട് ഈസ്റ്റ് ജില്ലാ പ്രസിഡന്റ് പ്രശാന്ത് ശിവൻ, പുതുശ്ശേരി മണ്ഡലം പ്രസിഡന്റ് കെ. ഗിരീഷ് ബാബു, ജില്ലാ വൈസ് പ്രസി: സി. മധു, ഒ.ബി.സി മോർച്ച ജില്ലാ അധ്യക്ഷൻ എൻ. ഷണ്മുഖൻ തുടങ്ങിയവർ പങ്കെടുത്തു.



● ബ്രൂവറി സ്ഥാപിക്കുന്ന എലപ്പുള്ളിയിലെത്തിയ കുമ്മനം രാജശേഖരൻ നാട്ടുകാരോട് കാര്യങ്ങൾ തിരക്കുന്നു.

## സൗജന്യ മാതൃക പരീക്ഷ

ആലത്തൂർ: ദേശീയ അധ്യാപക പരിഷത്ത് (എൻ.ടി.യു) ആലത്തൂർ ഉപജില്ല സമിതിയുടെ നേതൃത്വത്തിൽ എൽ.എസ്.എസ്, യു.എസ്.എസ് മാതൃക പരീക്ഷ നടത്തും.

16 ന് രാവിലെ 9 മുതൽ പഴമ്പാലക്കോട് എസ്.എം.എം ഹൈസ്കൂളിലാണ് പരീക്ഷ. സൗജന്യമായി നടത്തുന്ന പരീക്ഷയിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് മുമ്പായി 9446061664, 9947093735 എന്നീ നമ്പരുകളിൽ വിളിച്ച് കുട്ടികളുടെ വിവരങ്ങൾ നൽകണമെന്ന് എൻ.ടി.യു പാലക്കാട് വിദ്യാഭ്യാസ ജില്ലാ പ്രസിഡന്റ് ഡോ. സംഗീത് രവീന്ദ്രൻ അറിയിച്ചു.

# ജില്ലയിൽ 7402 കെ ഫോൺ കണക്ഷനുകൾ

പാലക്കാട്: ജില്ലയിൽ കെ ഫോൺ പദ്ധതി വഴി ഇതിനകം നൽകിയത് 7402 കണക്ഷനുകൾ. ജില്ലയിൽ ഇതുവരെ 2465.2 കിലോമീറ്റർ കേബിളുകളാണ് സ്ഥാപിച്ചത്. കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ ടവറുകളിലൂടെ 275.25 കിലോ മീറ്റർ ഒ.പി.ജി.ഡബ്ല്യു കേബിളുകളും, 2189.96 കിലോമീറ്റർ എ.ഡി.എസ്.എസ് കേബിളുകൾ കെ.എസ്.ഇ.ബി പോസ്റ്റുകൾ വഴിയുമാണ് സ്ഥാപിച്ചിട്ടുള്ളത്.

ജില്ലയിൽ 2445 സർക്കാർ ഓഫീസുകൾ ഇപ്പോൾ കെ ഫോൺ നെറ്റ്‌വർക്കാണ് ഉപയോഗിക്കുന്നത്. മിനി ഹൈഡ്രോ ഇലക്ട്രിക് പവർ പ്ലാന്റ് മലമ്പുഴ, കേരള സ്റ്റാർട്ട് അപ്പ് മിഷൻ പാലക്കാട് തുടങ്ങിയ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ കെഫോൺ കണക്ഷൻ നൽകി. ജില്ലയിലെ മലയോര മേഖലകളായ അട്ടപ്പാടി, മലമ്പുഴ, കവ, ആനക്കൽ, ധോണി തുടങ്ങിയ സ്ഥലങ്ങളിലടക്കം കെഫോൺ 300 ഓളം കണക്ഷനുകൾ നൽകി. കേരളത്തിലെ ആദിവാസി മേഖലകളെ മുഴുവൻ ഡിജിറ്റലൈസ് ചെയ്യാൻ ലക്ഷ്യമിട്ട് കെ ഫോൺ നടത്തുന്ന കണക്ടിങ്ങ് ദി അൺ കണക്റ്റഡ് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ 190 ആദിവാസി ഊരുകളിൽ 142 ഊരുകളിലെ 287 വീടുകളിലും കെഫോൺ കണക്ഷനെത്തി.

ജില്ലയിൽ ആകെ 413 ബി.പി.എൽ വീടുകളിലാണ് കെ ഫോൺ കണക്ഷനുള്ളത്. 4944 വാണിജ്യ കണക്ഷനുകളും ജില്ലയിൽ നൽകി. റീട്ടെയിൽ കണക്ഷനുകളുടെ എണ്ണം 3488 ആണ്. പ്രാദേശിക ഓപ്പറേറ്റർമാർ വഴിയാണ് വാണിജ്യ കണക്ഷനുകൾ നൽകുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 250 ലോക്കൽ നെറ്റ്‌വർക്ക് ഓപ്പറേറ്റർമാർ ഇതിനായി കെഫോണുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

## ബ്രൂവറി വേണ്ട: രൂപത കൂട്ടായ്മ

പാലക്കാട്: എലപ്പുള്ളിയിൽ സ്പിരിറ്റും അനുബന്ധ ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ ഒയാസിസ് കമ്പനിക്ക് സംസ്ഥാന സർക്കാർ നൽകിയ അനുമതി പിൻവലിക്കണമെന്ന് പാലക്കാട് രൂപതയിലെ സംഘടനാ കൂട്ടായ്മ ആവശ്യപ്പെട്ടു.

പലക്കാട് രൂപതയുടെ നേതൃത്വത്തിൽ കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി, കത്തോലിക്കാ കോൺഗ്രസ്, കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്, മാതൃവേദി, സെന്റ് വിൻസന്റ് ഡി പോൾ എന്നീ സംഘടനകൾ ചേർന്ന് ഇക്കാര്യമാവശ്യപ്പെട്ട് ജില്ലാ കളക്ടർ ജി പ്രിയങ്കയ്ക്ക് നിവേദനം നൽകി. പാലക്കാട് രൂപത പി.ആർ.ഒ. ഫാ: ജോബി കാച്ചപ്പിള്ളി, മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ഡോ: മാത്യു കല്ലടിക്കോട്, .ലിയാ റോസ് സി.എച്ച്.എഫ്, പ്രയ്സ് സെബസ്റ്റ്യൻ, അഭിഷേക് പുന്നാംതടത്തിൽ, ജയിംസ് പാറയിൽ, എൻ.ടി. ബാബു, എൻ.ജെ. ജോൺസൺ എന്നിവർ നേതൃത്വം നൽകി.



● എലപ്പുള്ളിയിൽ ബ്രൂവറി തുടങ്ങാൻ നൽകിയ അനുമതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് പാലക്കാട് രൂപതയിലെ സംഘടനാ കൂട്ടായ്മ ജില്ലാ കളക്ടർ ജി. പ്രിയങ്കയ്ക്ക് നിവേദനം നൽകുന്നു.

## റോഡിൽ മരം ഭീഷണിയാകുന്നു

വണ്ടിത്താവളം: കാലപ്പഴക്കം മൂലം ദുർബലമായ വൃക്ഷം മുറിച്ചു നീക്കണമെന്ന യാത്രക്കാരുടെ ആവശ്യം ശക്തമാകുന്നു.

നെല്ലിമേട്– മൂലക്കട പാതയിലാണ് മരം റോഡിലേക്ക് ചരിഞ്ഞു നിൽക്കുന്നത്. ഉണങ്ങിയ മരത്തിൽ നിന്ന് ഇടയ്ക്കിടെ മരിച്ചില്ലകൾ റോഡിലേക്ക് പൊട്ടി വീഴാറുണ്ടെന്ന് സമീപവാസികൾ അറിയിച്ചു. നൂറുക്കണക്കിനു വാഹനങ്ങൾ പതിവായി സഞ്ചരിക്കുന്ന പൊള്ളാച്ചി– കൊടുവായൂർ അന്തർ സംസ്ഥാന പാതയാണിത്.

കാലവർഷം ആരംഭിച്ചാലോ ശക്തമായ കാറ്റു വീശിയാലോ വൃക്ഷം നിലം പതിക്കാവുന്ന വിധം അപകടാവസ്ഥയിലാണുള്ളത്.



● നെല്ലിമേട്– മൂലക്കട റോഡിൽ അപകടാവസ്ഥയിലുള്ള മരം.

# പെൻഷണേഴ്സ് കൂട്ടായ്മ

പാലക്കാട്: കെ.എസ്.ഇ.ബി പെൻഷണഴ്േസ് കൂട്ടായ്മ മണ്ണാർക്കാട് ഡിവിഷൻ കമ്മിറ്റി രൂപീകരണം ജില്ലാ പ്രസിഡന്റ് കെ.ബി. സ്വാമിനാഥൻ ഉദ്ഘാടനം ചെയ്തു.

സെക്രട്ടറി അബു ജോൺ അധ്യക്ഷത വഹിച്ചു. പി.കെ. രാജൻ, പി. രാമകൃഷ്ണൻ, കെ. .ഷൺമുഖൻ, കെ.വി. ശിവദാസ് എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: പസിഡന്റ് സി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി പി.ജി. പ്രസാദ്, ട്രഷറർ സാബു തോമസ്, ജോ. സെക്രട്ടറി എൻ. രാമകൃഷ്ണൻ, എ.പി.ജയന്തി, വൈസ് പ്രസിഡന്റ് കെ.പി. അഷ്റഫ്.



● കെ.എസ്.ഇ.ബി പെൻഷണേഴ്സ് കൂട്ടായ്മ മണ്ണാർക്കാട് ഡിവിഷൻ കമ്മിറ്റി രൂപീകരണയോഗം ജില്ലാ പ്രസിഡന്റ് കെ.ബി. സ്വാമിനാഥൻ ഉദ്ഘാടനം ചെയ്യുന്നു.

# മണപ്പുള്ളിക്കാവ് വേലയ്ക്ക്ഒരുങ്ങി നഗരം

പാലക്കാട്: കിഴക്കേയാക്കര–പടിഞ്ഞാറേ യാക്കര ദേശങ്ങളുടെ നേതൃത്വത്തിൽ നഗരത്തിൽ അരങ്ങേറുന്ന മണപ്പുള്ളിക്കാവ് വേലയ്ക്ക് ഒരുക്കങ്ങളാവുന്നു. 27നാണ് വേല ആഘോഷം. കിഴക്കേയാക്കര ദേശം മണപ്പുള്ളിക്കാവ് ഭഗവതി ക്ഷേത്രത്തിൽ വെള്ളിയാഴ്ച വൈകീട്ട് 6.30ന് കൊടിയേറും. 23ന് വൈകീട്ട് 6.30ന് ദീപാലങ്കാര പന്തൽ ഉദ്ഘാടനം ചെയ്യും. വേല ദിവസമായ 27ന് രാവിലെ ഒമ്പതിന് പഞ്ചാരിമേളത്തോടെ കാഴ്ചശീവേലി നടക്കും. 10ന് പ്രസാദ ഊട്ട് ആരംഭിക്കും. 11.30ന് പടിഞ്ഞാറെ യാക്കര ശ്രീമൂലസ്ഥാനത്തുനിന്നും വാളും പീഠവും സ്വീകരിച്ച് ക്ഷേത്രത്തിലേക്ക് ആനയിക്കും.

വൈകീട്ട് 3.45ന് നഗരപ്രദക്ഷിണം ആരംഭിക്കും. 15 ഗജവീരന്മാർ, പാണ്ടിമേളം, നാദസ്വരം, തട്ടിന്മേൽ കൂത്ത്, തംബോലം എന്നിവയുടെ അകമ്പടിയോടെ എഴുന്നള്ളത്ത് കോട്ടമൈതാനത്ത് എത്തിച്ചേരും. തുടർന്ന് പഞ്ചവാദ്യം അരങ്ങേറും. രാത്രി ഒമ്പതിന് വേല കാവുകയറും. ചെറിയതോതിൽ വെടിക്കെട്ടുണ്ടാകും. 28ന് രാവിലെ 6.30ന് കൊടിയിറക്കത്തോടെ ആഘോഷങ്ങൾക്ക് സമാപനമാകും. ആഘോഷത്തിന്റെ ഭാഗമായി വെള്ളിയാഴ്ച മുതൽ ഫെബ്രുവരി 26 വരെ ക്ഷേത്ര മൈതാനത്ത് വിവിധ കലാപരിപാടികൾ നടക്കും.

വേലയോടനുബന്ധിച്ച് വെള്ളിയാഴ്ച മുതൽ വേല ദിവസം വരെ ചൊവ്വ, വെള്ളി, ഞായർ ദിവസങ്ങളിൽ രാവിലെ അഞ്ചുമണി മുതൽ ഉച്ചക്ക് 12 വരെയും വൈകീട്ട് അഞ്ചുമണി മുതൽ രാത്രി എട്ടുമണിവരെയും ദർശനം ഉണ്ടാകുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. മറ്റുദിവസങ്ങളിൽ രാവിലെ 10.30 വരെയും വൈകീട്ട് 5.30 മുതൽ 7.30 വരെയും ദർശനമുണ്ടാകും. നവീകരണ പ്രവർത്തനം നടക്കുന്നതിനാൽ ഇത്തവണ വേല ദിവസം പൂർണചാന്താഭിഷേകം ഉണ്ടാവില്ല. വാർത്താസമ്മേളനത്തിൽ വേലക്കമ്മിറ്റി പ്രസിഡന്റ് രക്കണ്ടത്ത് ബാലകൃഷ്ണൻ, സെക്രട്ടറി പിലാക്കാട്ട് ജയശങ്കർ, ട്രഷറർ കെ. മനോജ് കുമാർ, വൈസ് പ്രസിഡന്റ് എ. മണികണ്ഠൻ എന്നിവർ പങ്കെടുത്തു.

പടിഞ്ഞാറേ യാക്കര ദേശം മണപ്പുള്ളി ക്ഷേത്രത്തിൽ വെള്ളിയാഴ്ച വൈകീട്ട് 7.10ന് യാക്കര ശ്രീ വിശേശ്വര ക്ഷേത്ര സന്നിധിയിൽ കൊടിയേറ്റം നടക്കും. . വേല ദിവസം രാവിലെ 11.20ന് കാഴ്ചശീവേലി. വൈകീട്ട് 3.30ന് നഗരപ്രദക്ഷിണം ആരംഭിക്കും. ഗജവീരന്മാരും തട്ടിന്മേൽ കൂത്ത്, പ്രാചീന കലാവിരുന്ന്, ദൃശ്യവിരുന്ന് തുടങ്ങിയവ അകമ്പടിയാകും. ആറുമണിക്ക് മുട്ടിക്കുളങ്ങര, വടക്കന്തറ, കൊപ്പം എന്നീ സഹദേശങ്ങളുടെ വേലകളുമായി സംഗമിക്കും. രാത്രി എട്ടുമണിയോടെ വടക്കന്തറ, മുട്ടിക്കുളങ്ങര എന്നീ സഹദേശങ്ങളുമായി യാക്കര ശ്രീ വിശേശ്വര ക്ഷേത്ര സന്നിധിയിലേക്ക് തിരിച്ചെഴുന്നള്ളത്ത് നടക്കും. 28ന് രാവിലെ 7.10ന് കൊടിയറക്കത്തോടെ ഉത്സവം സമാപിക്കും. വാർത്താസമ്മേളനത്തിൽ വേലക്കമ്മിറ്റി പ്രസിഡന്റ് എം.ജെ. അനീഷ്, കൺവീനർ ടി.എം.ടി. രാജൻ, ട്രഷറർ ടി. അനന്തകൃഷ്ണൻ, ജോ. ട്രഷറർ പ്രവീൺ കലാധരൻ, കോഓർഡിനേറ്റർ സുനീഷ് സുന്ദരൻ എന്നിവർ പങ്കെടുത്തു.

# തെരുവത്ത് പള്ളി നേർച്ച

കുഴൽമന്ദം: മതസൗഹാർദ്ദത്തിന്റെ സ്നേഹ സന്ദേശം വിളിച്ചോതി പല്ലഞ്ചാത്തനൂർ തെരുവത്ത് പള്ളിനേർച്ചയിൽ ആയിരങ്ങൾ പങ്കാളികളായി.

നാടിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി വർണ്ണ ശംബളമായ കാഴ്ചവട്ടങ്ങളോടെ നേർച്ചകൾ പള്ളിയിലേയ്ക്ക് ആനയിച്ചു. കുഴൽമന്ദത്തു നിന്നുള്ള നേർച്ച ചന്തപുരയിൽ നിന്ന് സാംസ്കാരിക ഘോഷയാത്രയോടെ തുടക്കം കുറച്ചു. അപ്പപ്പെട്ടിയുമായുള്ള ഘോഷയാത്രയിൽ നാലു ഗജവീരന്മാർ അണിനിരന്നു. മതമൈത്രിയുടെ വിളനിലമായ പല്ലഞ്ചാത്തന്നൂർ തെരുവത്ത് പള്ളിയിൽ മകരമാസത്തിലെ പൗർണമി നാളിനെ അവിസ്മരണീയമാക്കിയാണ് ആണ്ട് നേർച്ച ആഘോഷിച്ചത്.

വ്രതം ഇരുന്ന് വീട്ടമ്മമാരാണ് പ്രധാനമായും അപ്പപ്പെട്ടിയിൽ സമർപ്പിക്കുന്ന മധുര പലഹാരങ്ങൾ തയ്യാറാക്കുന്നത്. കുടുംബത്തിന്റെ ഐശ്വര്യത്തിനും കാർഷിക വിളകൾ സമൃദ്ധമായി വിളയുന്നതിനും വളർത്തു മൃഗങ്ങളുടെ ക്ഷേമത്തിനും പ്രത്യേകം വഴിപാടുകൾ നടത്തുന്നത് ഇവിടെത്തെ പ്രത്യേകതയാണ്.

പള്ളിയിൽ കന്നുകാലികളെ പ്രദക്ഷിണം നടത്തുന്നതാണ് മറ്റൊരു പ്രത്യേകത. അപ്പപ്പെട്ടിയിലൂടെ എത്തുന്ന പലഹാരങ്ങൾക്കൊപ്പം പൂജിച്ച പൂമണ്ണാണ് പ്രസാദമായി നൽകുന്നത്.



● തെരുവത്ത് പള്ളിയിലേക്ക് കുഴൽമന്ദത്തു നിന്നുള്ള അപ്പപ്പെട്ടി എഴുന്നള്ളിക്കുന്നു.

## ബ്രഹ്മ വെള്ളാട്ടും തിറ മഹോത്സവവും 14, 15, 16,17 തീയതികളിൽ

**തൃപ്രയാർ:** വലപ്പാട് ബീച്ച് പുളിയമ്പുള്ളി നമ്പൂതിരി ക്ഷേത്രത്തിലെ ബ്രഹ്മ വെള്ളാട്ടും തിറ മഹോത്സവവും 14, 15, 16,17 തീയതികളിൽ ആഘോഷിക്കും. 14ന് രാവിലെ പുളിയം പുള്ളി നമ്പൂതിരിക്കും ദുർഗാ ഭഗവതിക്കും അമൃത കുംഭ ജ്യോതി കൊളുത്തി ഉത്സവം ആരംഭിക്കും. തുടർന്ന് കളവും തോറ്റംപാട്ടും. 15ന് കാളി ദേവിക്ക് ഉത്സവം ഉച്ചതിരിഞ്ഞ് 3.30ന് കൂട്ടി എഴുന്നള്ളിപ്പ് രാത്രി 7.30ന് നൃത്താഞ്ജലി. 16ന് വിഷ്ണുമായ ചാത്തൻ സ്വാമിയുടെ ബ്രഹ്മ വെള്ളാട്ട് തിറ മഹോത്സവം. സന്ധ്യയ്ക്ക് തിരുവാതിരക്കളി കൈകൊട്ടിക്കളി, രാത്രി 10ന് വിഷ്ണുമായ സ്വാമിയുടെ പുറത്തേക്ക് ഉള്ള എഴുന്നുള്ളിപ്പ് തിറയാട്ടം, കാവടിയാട്ടം, പാനചാട്ടം, തെയ്യം രാമായണ വേഷങ്ങൾ എന്നിവ എഴുന്നള്ളിപ്പിന് മാറ്റുകൂട്ടും. 17ന് രാവിലെ മലങ്കുറവനും, കുറത്തിക്കും കളവും തോറ്റംപാട്ടും. ഉച്ചയ്ക്ക് ഒരുമണിക്ക് മലനായാടി മുത്തപ്പന് രൂപ കളത്തോടെ ഉത്സവം സമാപിക്കും.

## സിനിമാക്കൊട്ടക ഉദ്ഘാടനം ചെയ്തു

**പുതുക്കാട്:** തലോർ ലിറ്റിൽ ഫ്ലവർ ലോവർ പ്രൈമറി സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ച സിനിമ കൊട്ടക സംഗീത സംവിധായകൻ ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. ഒരു നാട്ടിലും മുഴുവൻ മനുഷ്യർക്കും ഒരുമിച്ചിരുന്ന് സിനിമകൾ കാണാനാവുന്ന കൊട്ടകകൾക്ക് മനുഷ്യരെ ഒരുമിച്ചു നിർത്തുന്നതിൽ വലിയ പങ്കുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സ്കൂൾ പ്രധാന അധ്യാപിക ലിയാ റാഫേൽ, ശതാബ്ദി ആഘോഷ കമ്മിറ്റി ചെയർമാൻ ജോസഫ് ടാജറ്റ്, ടി.ഡി. ജോൺസൺ, പി.എൽ. ജോമി തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഉദ്ഘാടനത്തിനുശേഷം തകഴിയുടെ വിഖ്യാത നോവലിനെ ആസ്പദമാക്കി രാമു കാര്യാട്ട് സംവിധാനം ചെയ്ത, ദേശീയ പുരസ്കാരം നേടിയ ചെമ്മീൻ പ്രദർശിപ്പിച്ചു.

## സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു

**പുതുക്കാട്:** പുതുക്കാട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവർക്കുള്ള സഹായ ഉപകരണങ്ങളുടെ വിതരണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കെ.എം. ബാബുരാജ് നിർവഹിച്ചു. ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ രതി ബാബു അധ്യക്ഷയായിരുന്നു. വൈസ് പ്രസിഡന്റ് ഷൈനി ജോജു, പഞ്ചായത്തംഗങ്ങളായ ഷാജു കാളിയേങ്കര, സുമ ഷാജു, രശ്മി ശ്രീഷോബ്, ഫിലോമിന ഫ്രാൻസീസ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ പി.കെ. വിനോദിനി, അസി. സെക്രട്ടറി എം.എ. അനൂപ്, പ്ലാൻ ക്ലാർക്ക് പി.യു. സജിമോൾ എന്നിവർ പ്രസംഗിച്ചു.

## അന്നനാട് വേലുപ്പിള്ളി ഉത്രം വിളക്ക്

**ചാലക്കുടി:** അന്നനാട് വേലുപ്പിള്ളി ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ ഉത്രം വിളക്ക് മഹോത്സവം ശനിയാഴ്ച ആഘോഷിക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വെള്ളി വൈകീട്ട് ആറിന് കുടുങ്ങാപ്പുഴ ശ്രീമഹാദേവ സന്നിധിയിൽ ആഘോഷങ്ങൾക്ക് തിരിതെളിയും. 6.30ന് ശ്രീബാല ശാസ്താ ഓഡിറ്റോറിയത്തിൽ ആനച്ചമയങ്ങളുടെ പ്രദർശനം നടക്കും. ഏഴിന് നടക്കുന്ന സാംസ്കാരിക സന്ധ്യ മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. ഈ വർഷത്തെ ശ്രീബാലശാസ്താ പുരസ്ക്കാരം വാവ സുരേഷിന് സമ്മാനിക്കും. മാധ്യമ പ്രവർത്തകൻ ലാലുമോൻ ചാലക്കുടിയെ ചടങ്ങിൽ ആദരിക്കും. മഹോത്സവദിനമായ ശനിയാഴ്ച അഞ്ചിന് ക്ഷേത്രചടങ്ങുകൾ ആരംഭിക്കും. 11ന് ആനയൂട്ട്. തുടർന്ന് പിറന്നാൾ സദ്യ, പകൽ മൂന്നിന് കാഴ്ചശീവേലി, 3.30ന് മേളം, ഏഴിന് സാമ്പിൾ വെടിക്കെട്ട്, എട്ടിന് തായമ്പക, 9.30ന് നൃത്തനാടകം, 12.30ന് ഉത്രംവിളക്ക് എഴുന്നള്ളിപ്പ് എന്നിങ്ങനെയാണ് ചടങ്ങുകൾ. വാർത്താസമ്മേളനത്തിൽ ക്ഷേത്രം ഭാരവാഹികളായ ഐ.കെ. ഗോവിന്ദ്, പ്രദീപ് കുമാർ, കെ.വി. രാജേഷ്, വിശ്വനാഥൻ കടമ്പാട്ട്, കെ. കൃഷ്ണകുമാർ, പി.എസ്. ശ്രീജിത്ത് എന്നിവർ പരിപാടികൾ വിശദീകരിച്ചു.

## രക്തസാക്ഷിത്വദിനം ആചരിച്ചു

**തൃപ്രയാർ:** യൂത്ത് കോൺഗ്രസ് നേതാവായിരുന്ന ഷുഹൈബിന്റെ രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് നാട്ടിക മണ്ഡലം യൂത്ത് കോൺഗ്രസ് കമ്മിറ്റി അനുസ്മരണവും പുഷ്പാർച്ചനയും നടത്തി. നാട്ടിക മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് പി.എം. സിദ്ധിക് ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് റാനിഷ് കെ. രാമൻ അധ്യക്ഷത വഹിച്ചു. നിയോജക മണ്ഡലം വൈസ് പ്രസിഡന്റ് കിരൺ തോമസ് അനുസ്മരണ പ്രഭാഷണം നടത്തി. യൂത്ത് നേതാക്കളായ വൈഭവ് പ്രവീൺ, വരുൺ, നാട്ടിക ബ്ലോക്ക് കോൺഗ്രസ് ഭാരവാഹികളായ ഷൈൻ നാട്ടിക, പ്രവീൺ വലപ്പാട്, നാട്ടിക മണ്ഡലം കോൺഗ്രസ് വൈസ് പ്രസിഡന്റ് മധു അന്തിക്കാട്ട്, സേവാദൾ ജില്ലാ സെക്രട്ടറി ഉല്ലാസ് വലപ്പാട് എന്നിവർ പ്രസംഗിച്ചു.



■ പാർളിക്കാട് നൈമിഷാരണ്യത്തിൽ ആവാസിയ ദർശന തത്ത്വസമീക്ഷസമാപനത്തിൽ സ്വാമി ഹരി ബ്രഹ്മേന്ദ്രാനന്ദതീർത്ഥ പ്രഭാഷണം നടത്തുന്നു.

## ദർശന തത്ത്വസമീക്ഷ സമാപിച്ചു

**വടക്കാഞ്ചേരി:** ഭാരതീയ ശാസ്ത്ര വിജ്ഞാനങ്ങളുടെ ആധാര ശിലയായ ദർശന ശാസ്ത്രങ്ങളുടെ സംവാദശാലയായി മാറിയ പാർളിക്കാട് നൈമിഷാരണ്യത്തിലെ സഭാ നികേതനിലെ ആവാസിയ ദർശന തത്ത്വസമീക്ഷസമാപിച്ചു. ഉത്തരകാശി ആദി ശങ്കര ബ്രഹ്മവിദ്യാപീഠം ആചാര്യൻ സ്വാമി ഹരി ബ്രഹ്മേന്ദ്രാനന്ദതീർത്ഥ മുഖ്യ പ്രഭാഷണം നടത്തി. സർവവിധ ചിന്താധാരകളേയും സ്വീകരിക്കുകയും പ്രതിപക്ഷ ആശയങ്ങളെ ബഹുമാനിക്കുകയും ചെയ്യുന്നതാണ് ഭാരതീയ ദർശന ശാസ്ത്രങ്ങളുടെ വൈശിഷ്ട്യമെന്ന് സ്വാമി പറഞ്ഞു. സമാപന സമ്മേളനം സ്വാമി ഭൂമാനന്ദതീർഥ ഉദ്ഘാടനം ചെയ്തു. വ്യാസതപോവനം അധ്യക്ഷൻ പ്രഫ: സാധു പദ്മനാഭൻ സ്വാമി, നിഗമാനന്ദതീർത്ഥ, സ്വാമി നിഖിലാനന്ദ സരസ്വതി, കെ. വിജയൻ മേനോൻ, രമേഷ് കേച്ചേരി എന്നിവർ പ്രസംഗിച്ചു.

## വീൽചെയർ വിതരണം ചെയ്തു

**തൃശൂർ:** യൂത്ത് കോൺഗ്രസ് നേതാവ് ശുഹൈബ് കൊല്ലപ്പെട്ടതിന്റെ ഏഴാം വാർഷികത്തിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പുഷ്പാർച്ചനയും അനുസ്മരണയോഗവും നടത്തി. ജില്ലാ ആശുപത്രിയിലേക്ക് ജില്ലാ യൂത്ത് കോൺഗ്രസ് കമ്മിറ്റി വീൽ ചെയറുകൾ വിതരണം ചെയ്തു. യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ഹരീഷ് മോഹൻ അധ്യക്ഷത വഹിച്ചു. അഡ്വ. സി. പ്രമോദ് ഉദ്ഘാടനം ചെയ്തു. അഡ്വ. സുഷിൽ ഗോപാൽ മുഖ്യപ്രഭാഷണം നടത്തി. ഷെറിൻ തേർമഠം, ജിനേഷ് വി.എസ്, അൽജോ ചാണ്ടി, മഹേഷ് കാർത്തികേയൻ, ഓം ശ്രീകൃഷ്ണൻ, ഫൈസൽ ഇബ്രാഹിം, ഹുസൈൻ പാറക്കൽ നേതൃത്വം നൽകി. വീൽ ചെയറുകൾ തൃശൂർ ജനറൽ ആശുപത്രിക്ക് വേണ്ടി സൂപ്രണ്ട് ഡോ. താജ് പോൾ പനക്കൽ, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ടി.കെ. അനൂപ്, ചീഫ് നഴ്സിങ് ഓഫീസർ കെ.പി. ആനി, നഴ്സിങ് സൂപ്രണ്ട് എം. ജ്യോതി എന്നിവർ ഏറ്റുവാങ്ങി.

## ശില്പശാല സംഘടിപ്പിച്ചു

**തൃശൂർ:** വിമല കോളജിൽ വിവരാവകാശ നിയമത്തെ കുറിച്ചും നിയമത്തിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചും ശില്പശാല സംഘടിപ്പിച്ചു. സോഷ്യൽ വർക്ക് വിഭാഗം മേധാവി ഡോ. ജയാ ചെറിയാൻ അധ്യക്ഷത വഹിച്ച ശില്പശാലയിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മിഷണർ പ്രഫ. ടി.കെ. രാമകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. വിവരാവകാശ നിയമത്തെ കുറിച്ച് അറിയേണ്ടതിന്റെയും അത് കൃത്യമായി സർക്കാർ സംവിധാനങ്ങളിൽ ഉപയോഗിക്കേണ്ടതിന്റെയും ആവശ്യകതയെ കുറിച്ച് അദ്ദേഹം ക്ലാസെടുത്തു. ഡോ. ജെറിൻ പോൾ, ലിംസ് തോമസ് പ്രസംഗിച്ചു.

## പഴനിയിലേക്ക് യാത്ര ആരംഭിച്ചു

**തിരുവില്വാമല:** ആക്കപറമ്പിൽനിന്ന് ഭക്തജനസംഘം കാൽനടയായി പഴനിയിലേക്ക് യാത്ര ആരംഭിച്ചു. ബുധനാഴ്ച കാലത്ത് ആക്കപ്പറമ്പ് ബാലസുബ്രഹ്മണ്യ കോവിലിലെ പൂജാ ചടങ്ങിനു ശേഷമാണ് യാത്ര തുടങ്ങിയത്. കോവിലിലെ പൂജാരി മുരുകേശ സ്വാമിയുടെ നേതൃത്വത്തിലാണ് സംഘം പുറപ്പെടുന്നത്. അദ്ദേഹത്തിന്റെ അച്ഛൻ കന്തസ്വാമി തുടങ്ങിവച്ച യാത്ര 50 വർഷമായി തുടരുന്നു. അഞ്ചാം ദിവസം പഴനിയിൽ എത്തിച്ചേരും.



■ തിരുവില്വാമല ഗ്രാമപഞ്ചായത്ത് വികസന സെമിനാർ ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് വിഭാഗം സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ദീപ എസ്. നായർ ഉദ്ഘാടനം ചെയ്യുന്നു.

## വികസന സെമിനാർ

**തിരുവില്വാമല:** ഗ്രാമപഞ്ചായത്തിൽ വികസന സെമിനാർ നടന്നു. സെമിനാർ ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി പൊതുമരാമത്ത് വിഭാഗം ചെയർ പേഴ്സൺ ദീപ എസ്. നായർ ഉദ്ഘാടനം ചെയ്തു. കുടിവെള്ളം, ശുചിത്വം, ടൂറിസം, ആരോഗ്യ ഗ്രാമം, ബാല സൗഹൃദ പഞ്ചായത്ത് എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിയാണ് പഞ്ചായത്ത് വികസന സെമിനാർ നടത്തിയത്. പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട 740 ഓളം വരുന്ന മുഴുവൻ ഗുണ ഭോക്താക്കൾക്കും ഭവന പദ്ധതിക്ക് ആവശ്യമായ ഫണ്ട് ഈ വർഷത്തെ പദ്ധതിയിൽ അനുവദിക്കുമെന്ന് അധ്യക്ഷ പ്രസംഗത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. പത്മജ അറിയിച്ചു. വൈസ് പ്രസിഡന്റ് എം. ഉദയൻ, വി. രാമചന്ദ്രൻ, സ്മിത സുകുമാരൻ, കെ.പി. ഉമാശങ്കർ, ബേബി രജിത സന്നിഹിതരായിരുന്നു.

# നെല്ലുവായ്–പട്ടാമ്പി റോഡ് നിർമാണം പാതിവഴിയിൽ, പരാതി നൽകി

**എരുമപ്പെട്ടി:** നെല്ലുവായ് –പട്ടാമ്പി റോഡ് വീതി കൂട്ടിയുള്ള നിർമാണം ആഴ്ചകൾക്ക് മുന്നേ പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലായതിനാൽ ജനങ്ങൾ പരാതി നൽകി. വടക്കാഞ്ചേരി പൊതുമരാമത്ത് റോഡ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്കാണ് പരിസരവാസികൾ പരാതി നൽകിയത്.

റോഡ് നിർമാണത്തിന്റെ ഭാഗമായി ചാല് കോൺക്രീറ്റ് നിർമാണം പൂർത്തിയാവാത്തതുമൂലം ജനങ്ങൾക്ക് കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ പുന:സ്ഥാപിക്കാൻ പറ്റാത്ത സ്ഥിതിയും റോഡരികിൽ താമസിക്കുന്നവർക്ക് റോഡിലേക്ക് ഇറങ്ങാൻ പറ്റാത്ത അവസ്ഥയുമാണ്. റോഡ് നിർമാണത്തിന്റെ ഭാഗമായി കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ ഭൂരിഭാഗവും തകർന്നിരിക്കുകയാണ്. റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി പൊളിച്ചു നീക്കിയ കോൺക്രീറ്റ് മിശ്രിതം, മണ്ണ് എന്നിവ റോഡിന്റെ ഇരുസൈഡുകളിലും കൂട്ടിയിട്ട നിലയിലാണ്. ഇത് ഇരുചക്രവാഹനങ്ങൾ അടക്കുള്ള വാഹനങ്ങൾക്ക് ഗതാഗത തടസ്സവും കാൽനട യാത്രക്കാർക്ക് ഏറെ ബുദ്ധിമുട്ടുമായി മാറിയിരിക്കുകയാണ്. അടിയന്തരമായി റോഡിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് നാട്ടുകാർ പരാതിയിൽ ആവശ്യപ്പെട്ടു.




■ നെല്ലുവായ് – പട്ടാമ്പി റോഡിൽ വീതി കൂട്ടിയുള്ള റോഡ് നിർമാണം പാതിവഴിയിൽ നിലച്ചപ്പോൾ.

## മത്സ്യ ഭവനിലേക്ക് തൊഴിലാളി മാർച്ച്

**തൃപ്രയാർ:** രാത്രികാല ട്രോളിങ്ങിലൂടെ തീരക്കടലിലെ മത്സ്യസമ്പത്ത് കൊള്ളയടിച്ചു നശിപ്പിക്കുന്നതിനെതിരേ മത്സ്യത്തൊഴിലാളി സംയുക്ത സമിതിയുടെ നേതൃത്വത്തിൽ നാട്ടിക മത്സ്യ ഭവനിലേക്ക് പ്രതിഷേധ മാർച്ചും ധർണയും നടത്തി. പ്രതിഷേധ ധർണ നാട്ടിക പഞ്ചായത്ത് പ്രസിഡന്റ് എം. ആർ. ദിനേശൻ ഉദ്ഘാടനം ചെയ്തു. സംയുക്ത മത്സ്യത്തൊഴിലാളി സമരസമിതി പ്രസിഡന്റ് പി.ആർ. നാരായണൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി വി.കെ . സുരേഷ്, നാട്ടിക ഗ്രാമപഞ്ചായത്തംഗങ്ങളായ കെ.ആർ. ദാസൻ, പി.വി. സെന്തിൽകുമാർ എന്നിവർ പ്രസംഗിച്ചു.

## എൻഡോവ്മെന്റ് വിതരണം

**വാടാനപ്പള്ളി:** തളിക്കുളം ഗവ. വി.എച്ച്.എസ്. സ്കൂൾ വാർഷികവും എൻഡോവ്മെന്റ് വിതരണവും നാളെ നടക്കും. രാവിലെ 9.30 ന് സി.സി. മുകുന്ദൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. പഞ്ചായത്ത് പ്രസിഡന്റ് പി.ഐ. സജിത അധ്യക്ഷയാകും.

## ബോധവൽക്കരണ ക്ലാസ് നടത്തി

**വടക്കാഞ്ചേരി:** മുണ്ടത്തിക്കോട് എൻ.എസ്.എസ്. വി.എച്ച്.എസ്.എസ്. സ്കൂളിൽ കൗമാരക്ലബിന്റെ ആഭിമുഖ്യത്തിൽ വൈദ്യരത്നം ഔഷധശാലയിലെ ഡോ. രാധിക പെൺകുട്ടികൾക്കായി ക്ലാസെടുത്തു. കൗമാര കാലഘട്ടത്തിൽ പെൺകുട്ടികൾ നേരിടുന്ന ശാരീരിക പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും അവതരിപ്പിച്ചു.

സ്കൂൾ ഹെഡ്മിസ്ട്രസ് കെ. ഗിരിജ സ്വാഗതം പറഞ്ഞു. ടീൻസ് ക്ലബ് കോഡിനേറ്റർ ടി. ശുഭ നന്ദി പറഞ്ഞു.

## ഗീതാമൃതം 15ന്

**ഗുരുവായൂർ:** ഗീതാസത്സംഗ സമിതിയുടെ പതിനൊന്നാമത് ഗീതാ യജ്ഞത്തിന്റെ ഭാഗമായ ഗീതാമൃതം 15ന് ഗുരുവായൂർ ശ്രീഗുരുവായൂരപ്പൻ ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് സംഘാടകർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. രാവിലെ ഏഴിന് ക്ഷേത്രം ഊരാളൻ മല്ലിശേരി പരമേശ്വരൻ നമ്പൂതിരിപ്പാട് ദീപം തെളിയിക്കും.

തൃപ്പൂണിത്തുറ രാമസ്വാമിയാണ് ആചാര്യൻ. ഡോ. ഉണ്ണികൃഷ്ണൻ നമ്പൂതിരി, ഡോ. ലക്ഷ്മി ശങ്കർ, ടി.എസ്. രാധാകൃഷ്ണൻ, നാരായണ സ്വാമി, ബദരിനാഥ് മുൻ റാവൽജി ഈശ്വര പ്രസാദ് എന്നിവർ പ്രഭാഷണം നടത്തും.

അഡ്മിനിസ്ട്രേറ്റർ കെ.പി. വിനയൻ , ശ്രീഹരി തിരുപ്പതി, വിശ്വനാഥൻ കാലടി എന്നിവരെ ആദരിക്കും. കണ്ണൻ സ്വാമി, ആർ. നാരായണൻ, മോഹൻദാസ് ചേലനാട്ട്, ശ്രീകുമാർ പി. നായർ, ഡോ. സന്തോഷ് കൊല്ലങ്കോട് എന്നിവർ വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.

## വികസന സെമിനാർ

**തിരുവില്വാമല:** ഗ്രാമപഞ്ചായത്തിന്റെ 2025 - 26 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസന സെമിനാർ ഇന്ന് രാവിലെ 10.30ന് ആനമല ഹോം സ്റ്റേയിൽ നടക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം. അഷറഫ് ഉദ്ഘാടനം ചെയ്യും.

## പുല്ലിന് തീ പിടിച്ചത് പരിഭ്രാന്തി സൃഷ്ടിച്ചു

**തൃപ്രയാർ:** മേൽ തൃക്കോവിൽ ക്ഷേത്രത്തിന് പടിഞ്ഞാറ് കൊച്ചിൻ ദേവസ്വം ബോർഡിന്റെ സ്റ്റോക്ക്പുരപ്പറമ്പിൽ പുല്ലിന്, തീപിടിച്ചത് പരിഭ്രാന്തി സൃഷ്ടിച്ചു. ഇന്നലെ രാവിലെ പതിനൊന്നരയോടെ വടക്കുഭാഗത്തുനിന്ന് പടർന്ന തീ ക്ഷേത്രക്കുളത്തിന് ചുറ്റും ആളിക്കത്തുകയായിരുന്നു.

സമീപം ട്രാൻസ്ഫോർമറും കോളജ് കെട്ടിടവുമുള്ളതാണ് ആശങ്ക പരത്തിയത്. തുടർന്ന് നാട്ടിക അഗ്നി രക്ഷാസേനയെത്തി ഉച്ചയ്ക്ക് പന്ത്രണ്ടോടെ തീ അണച്ചു.

വലപ്പാട് ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക്കിലെ വിദ്യാർഥികളിൽ ആരോ പടക്കം പൊട്ടിച്ചതാണ് തീ പടരാൻ കാരണമായതെന്ന് അറിയുന്നു.



■ തൃപ്രയാറിൽ സ്റ്റോക്ക്പുരപ്പറമ്പിൽ തീ പടർന്നപ്പോൾ.

## നവീകരിച്ച രണ്ട് ബസ് സ്റ്റോപ്പുകളുടെ ഉദ്ഘാടനം

**ചാലക്കുടി:** കാർമ്മൽ വിദ്യാലയത്തിന്റെ മുൻവശത്തുള്ള രണ്ട് ബസ് സ്റ്റോപ്പുകളുടെ നവീകരണം കാർമ്മൽ വിദ്യാലയത്തിന്റേയും വിദ്യാർഥികളുടെയും നേതൃത്വത്തിൽ നടത്തി. വിദ്യാലയത്തിന്റെ മുൻവശത്തുള്ള രണ്ട് ബസ് സ്റ്റോപ്പുകൾ വളരെ ശോചനീയമായ അവസ്ഥയിലായിരുന്നു. നവീകരിക്കേണ്ടതിന്റെ ആവശ്യകത അധികാരികളെ ബോധ്യപ്പെടുത്തിയതും ധനസമാഹരണത്തിന് മുൻകൈ എടുത്തതും വിദ്യാർത്ഥികൾ തന്നെയാണ്. ഒന്നര മാസം കൊണ്ട് നവീകരണം പൂർത്തീകരിച്ചു. വിദ്യാർഥികൾക്കും മറ്റു യാത്രക്കാർക്കും ഉപകാര പ്രദമായ രീതിയിൽ നവീകരിച്ച ബസ് സ്റ്റോപ്പ് സമർപ്പിച്ചു. മുനിസിപ്പൽ ചെയർമാൻ ഷിബു വാലപ്പൻ ബസ് സ്റ്റോപ്പുകളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു.

മാനേജർ ഫാ. അനൂപ് പുതുശേരി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഫാ. ജോസ് താണിക്കൽ, വാർഡ് കൗൺസിലർ ബിന്ദു ശശികുമാർ എന്നിവർ പ്രസംഗിച്ചു.




■ ചാലക്കുടി മുനിസിപ്പൽ ചെയർമാൻ ഷിബു വാലപ്പൻ ബസ് സ്റ്റോപ്പുകളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുന്നു.

## തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന് ഏഴുകോടിയുടെ പദ്ധതി

**തളിക്കുളം:** പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2025-26 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാർ നടത്തി. പ്രസിഡന്റ് കെ.സി. പ്രസാദ് ഉദ്ഘാടനം ചെയ്തു. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിമിഷ അജീഷ് അധ്യക്ഷത വഹിച്ചു. 7,3406000/ (ഏഴ് കോടി മുപ്പത്തി നാല് ലക്ഷത്തി ആറായിരം) രൂപയുടെ കരട് പദ്ധതിയാണ് തയ്യാറാക്കിയത്. പാർപ്പിട മേഖലക്കാണ് പ്രാമുഖ്യം. ഒരു കോടി അമ്പതി മൂന്നു ലക്ഷത്തി എൺപതി എട്ടായിരം രൂപ ഇതിനായി വകയിരുത്തി. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മല്ലിക ദേവൻ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.ബി. സുരേഷ്, പഞ്ചായത്ത് പ്രസിഡന്റുമാരായ ബിന്ദു സുരേഷ്, ശാന്തി ഭാസി, പി.ഐ. സജിത, എം. ആർ. ദിനേശൻ, ഷിനിത ആഷിഖ്, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ വി. കല, വസന്ത ദേവലാൽ, ജൂബി പ്രദീപ്, സി.ആർ. ഷൈൻ, ഭഗീഷ് പൂരാടാൻ ആസൂത്രണ സമിതി ഉപാധ്യക്ഷ ജോളി വിജയൻ എന്നിവർ പ്രസംഗിച്ചു.



■ തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാർ പ്രസിഡന്റ് കെ.സി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

## ഉത്സവാഘോഷം

**ചാലക്കുടി:** കൊച്ചിൻ ദേവസ്വം ബോർഡ് ശ്രീധരമംഗലം ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഉത്സവാഘോഷം വെള്ളിയാഴ്ച സമാപിക്കും. ഉത്സവത്തിന്റെ നാലാം ദിനമായ ബുധനാഴ്ച വൈകീട്ട് കഥക് നൃത്തസന്ധ്യ അരങ്ങേറി. തുടർന്ന് വിളക്കിനെഴുന്നള്ളിപ്പ്, മേളം എന്നിവ നടന്നു. വ്യാഴം രാവിലെ അഞ്ചിന് ക്ഷേത്രചടങ്ങുകൾ ആരംഭിക്കും. രാത്രി എട്ടിന് പള്ളിവേട്ടക്ക് എഴുന്നള്ളിപ്പ്, 8.30ന് പാണ്ടിമേളം. വെള്ളിയാഴ്ച വൈകീട്ട് 6.30ന് ആറാട്ടെഴുന്നള്ളിപ്പ്, 7.30ന് തിരിച്ചെഴുന്നള്ളിപ്പ്, എട്ടിന് മേജർ സെറ്റ് പഞ്ചവാദ്യം തുടർന്ന് കൊടിയിറക്കം.

## നിവേദനം നൽകി

**ഇരിങ്ങാലക്കുട :** ഇരിങ്ങാലക്കുടയിൽ നിന്നും കല്ലേറ്റുംകര, കേരള ഫീഡ്സ്, പഞ്ഞപ്പിള്ളി, പാറക്കാട്ടുക്കര, കൊപ്രക്കളം, കൊടകര വഴി തൃശ്ശൂർക്ക് കെ.എസ്.ആർ.ടി.സി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കല്ലേറ്റുംകര പഞ്ഞപ്പിള്ളി നിവാസികൾ ഒപ്പിട്ട നിവേദനം അധികാരികൾക്ക് നൽകി.

## പടിയൂരിൽ പൊലീസ് പെട്രോളിങ്ങും എക്സൈസ് നിരീക്ഷണവും ശക്തമാക്കണം : എ.ഐ.വൈ.എഫ്.

**ഇരിങ്ങാലക്കുട :** പടിയൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സംഘം ചേർന്നും അല്ലാതെയും ലഹരി മാഫിയ സംഘങ്ങൾ ശക്തിയാർജ്ജിക്കുന്നതായി എ.ഐ.വൈ.എഫ് മേഖലാ കമ്മിറ്റി. അതുകൊണ്ട് തന്നെ ഈ പ്രദേശങ്ങളിൽ പൊലീസ് പെട്രോളിങ്ങും എക്സൈസ് നിരീക്ഷണവും ശക്തമാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. പൊതു ഇടങ്ങളിലും ആളൊഴിഞ്ഞ പാടശേഖരങ്ങളിലും മറ്റും ഇത്തരം സംഘങ്ങൾ രാത്രികാലങ്ങളിൽ വിലസി നടക്കുന്നതിനാൽ പൊതുജനത്തിന് സ്വൈര്യമായി ജീവിക്കാൻ കഴിയാത്ത അവസ്ഥയിലേക്കാണ് പോകുന്നതെന്ന് എ.ഐ.വൈ.എഫ് ചൂണ്ടിക്കാട്ടി. ഇത്തരം ലഹരി മാഫിയയുടെ അഴിഞ്ഞാട്ടം പൊലീസ്, എക്സൈസ് സംവിധാനത്തിന്റെ ജാഗ്രതക്കുറവായി കാണുന്നുവെന്നും മേഖലാ കമ്മിറ്റി ആരോപിച്ചു. പ്രാദേശിക ഉത്സവകാലങ്ങളിൽ കൂടുതൽ ജാഗ്രത വേണമെന്ന് മേഖല കമ്മിറ്റി പ്രസിഡന്റ് എ.ബി ഫിറോസ്, സെക്രട്ടറി മിഥുൻ പോട്ടക്കാരൻ എന്നിവർ ആവശ്യപ്പെട്ടു.

## ഇരിങ്ങാലക്കുട നഗരസഭയിൽ ഡ്രോൺ സർവേ തുടങ്ങി

**ഇരിങ്ങാലക്കുട :** അമൃത് 2.0 പദ്ധതിയുടെ ഉപപദ്ധതിയായി നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട നഗരസഭയിൽ ഡ്രോൺ ഉപയോഗിച്ചുള്ള സർവേ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഡ്രോൺ ഉപയോഗിച്ച് സർവെ നടത്തി ലഭിക്കുന്ന ഡാറ്റ ഉപയോഗിക്കാൻ കഴിയും എന്നതാണ് ഈ സർവെയുടെ പ്രത്യേകത. ഏകദ്ദേശം 30 ദിവസം വരെ നടക്കുന്ന സർവെ നടത്തുന്നത് ഡൽഹി ആസ്ഥാനമായുള്ള സപ്തർഷി കൺസൾട്ടന്റ്സാണ്. ദേശീയതലത്തിൽ ഇതിന്റെ മേൽനോട്ട ചുമതല സർവെ ഓഫ് ഇന്ത്യയ്ക്കാണ്. ജില്ലാ തലത്തിൽ ജില്ലാ ടൗൺ പ്ലാനിങ് വിഭാഗത്തിനാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്. ഏകദേശം 71 ചതുരശ്ര കിലോ.മീറ്റർ വിസ്തീർണ്ണം വരുന്ന പ്രദേശത്താണ് സർവെ നടത്തുന്നത്. നഗരസഭ മൈതാനിയിൽ വച്ച് നഗരസഭ അധ്യക്ഷ മേരിക്കുട്ടി ജോയ് ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ അധ്യക്ഷത വഹിച്ചു. നഗരസഭ സെക്രട്ടറി ഷാജിക്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജെയ്സൺ പാറേക്കാടൻ, ജില്ല ഡെപ്യൂട്ടി ടൗൺ പ്ലാനർ മനോജ് എന്നിവർ സംസാരിച്ചു.




■ ഗ്രാമപഞ്ചായത്തിന്റെയും കുത്താമ്പുള്ളി ഫാമിലി ഹെൽത്ത് കെയർ ഹോസ്പിറ്റൽ, പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ തിരുവില്വാമലയിലെയും കൊണ്ടാഴിയിലെയും കിഡ്നി രോഗികൾക്ക് കിറ്റ് വിതരണം നടത്തിയപ്പോൾ.

## കിഡ്നി രോഗികൾക്ക് ഡയാലിസിസ് കിറ്റ് വിതരണം ചെയ്തു

**തിരുവില്വാമല:** ഗ്രാമപഞ്ചായത്തിന്റെയും കുത്താമ്പുള്ളി ഫാമിലി ഹെൽത്ത് കെയർ ഹോസ്പിറ്റൽ, പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ തിരുവില്വാമലയിലെയും കൊണ്ടാഴിയിലെയും കിഡ്നി രോഗികൾക്ക് കിറ്റ് വിതരണം നടത്തി. ജോയ് ആലുക്കാസ് ഫൗണ്ടേഷനാണ് രോഗികൾക്കുള്ള ഡയാലിസിസ് കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തത്. ഒരു വർഷത്തേക്കുള്ള കിറ്റാണ് ഫൗണ്ടേഷൻ സൗജന്യമായി നൽകുന്നത്. തിരുവില്വാമല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. ഉദയൻ അധ്യക്ഷത വഹിച്ചു.

ജോയ് ആലുക്കാസ് പാലക്കാട് മാനേജർ അനീഷ് കുമാർ എ. ഉദ്ഘാടനം ചെയ്തു. പാലക്കാട് സി.ആർ.ഒ. ഉണ്ണിക്കൃഷ്ണൻ, ജോയ് ആലുക്കാസ് ബാംഗ്ലൂർ മരാത്തഹള്ളി മാനേജർ ജ്യോതിഷ് പി. ആർ, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ രാമചന്ദ്രൻ വെട്ടുകാട്ടിൽ, ഉണ്ണിക്കൃഷ്ണൻ, ഹെൽത്ത് ഇൻസ്പെക്ടർ രാജി, സിസ്റ്റർമാരായ കദീജ, ജസ്റ്റിൻ മരീന തുടങ്ങിയവർ പങ്കെടുത്തു.



■ സെന്റ് ജോസഫ്സ് (ഓട്ടോണമസ്) കോളജിന്റെ 61–ാമത് കോളജ് ദിനാഘോഷവും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പും സല്യൂട്ടോ വിറ്റേ 2025 കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.പി.രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

## നവോത്ഥാന വിദ്യാഭ്യാസ രംഗത്ത് സെന്റ് ജോസഫ്സ് കോളജ് മുമ്പിൽ

**ഇരിങ്ങാലക്കുട :** കേരള നവോത്ഥാന പ്രസ്ഥാനങ്ങൾ സംസ്ഥാനത്തിന്റെ സാംസ്കാരിക–സാമൂഹിക പുരോഗതിയിൽ നിർണായക സംഭാവന നൽകിയിട്ടുണ്ടെന്നും സെന്റ് ജോസഫ്സ് കോളജ് അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണെന്നും കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.പി.രവീന്ദ്രൻ പറഞ്ഞു. സെന്റ് ജോസഫ്സ് (ഓട്ടോണമസ്) കോളജിന്റെ 61–ാമത് കോളജ് ദിനാഘോഷവും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പുംസല്യൂട്ടോ വിറ്റേ 2025 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷത വഹിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും ശാക്തീകരണത്തിനും പ്രയത്നിച്ച ഈ കോളജ് സമൂഹപരിവർത്തനത്തിന് പ്രധാന പങ്ക് വഹിച്ചിട്ടുണ്ട് എന്ന് ബിഷപ്പ് പറഞ്ഞു. വിരമിക്കുന്ന അധ്യാപകരായ രസതന്ത്ര വിഭാഗം മേധാവി ഡോ. ഡീന ആന്റണി സി, അസോസിയേറ്റ് പ്രഫ. ഡോ. ബിൻസി വർഗീസ് വി, സെൽഫ് ഫിനാൻസിങ് ഇംഗ്ലീഷ് വിഭാഗം മേധാവി ശാന്തി മേനോൻ പി എന്നിവരെ ആദരിച്ചു. ഹോളി ഫാമിലി കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ മദർ ഡോ. സിസ്റ്റർ ആനി കുര്യാക്കോസ് വിരമിക്കുന്ന അധ്യാപകരുടെ ഫോട്ടോ അനാച്ഛാദനം നിർവഹിച്ചു .കോളജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസ്സി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ചടങ്ങിൽ പാവനാത്മ പ്രൊവിൻസ് സുപ്പീരിയർ ജനറലും മാനേജറുമായ ഡോ. സിസ്റ്റർ ട്രീസ്സ ജോസഫ്, കൗൺസിലർ മിനി സണ്ണി, പി.ടി.എ വൈസ് പ്രസിഡന്റ് പി. എൻ. ഗോപകുമാർ, ജന്തുശാസ്ത്ര വിഭാഗം മേധാവി വിദ്യ ജി, രസതന്ത്ര വിഭാഗം അസിസ്റ്റന്റ് പ്രഫ. ഡോ. മനോജ് എ.എൽ, കോളജ് യൂണിയൻ ചെയർപേഴ്സൺ ഗായത്രി മനോജ് തുടങ്ങിയവർ സംസാരിച്ചു.

## രക്തസാക്ഷി അനുസ്മരണം

**ഇരിങ്ങാലക്കുട :** യൂത്ത് കോൺഗ്രസ്സ് ഇരിങ്ങാലക്കുട ടൗൺ മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഷുഹൈബ് രക്തസാക്ഷി ദിനത്തിൽ അനുസ്മരണവും പുഷ്പാർച്ചനയും നടത്തി. ടൗൺ മണ്ഡലം പ്രസിഡന്റ് ജോമോൻ മണാത്തി അധ്യക്ഷത വഹിച്ചു. നിയോജക മണ്ഡലം പ്രസിഡന്റ് സനൽ കല്ലൂക്കാരൻ, നഗരസഭ കൗൺസിലർ അവിനാശ് ഓ.എസ്, മുൻ മണ്ഡലം പ്രസിഡന്റ് ശ്രീറാം ജയബാലൻ, നിയോജക മണ്ഡലം ഭാരവാഹികളായ വിനു ആന്റണി, ഡേവിസ് ഷാജു, ഗോപികൃഷ്ണൻ, മണ്ഡലം വൈസ് പ്രസിഡന്റ് അസ്കർ സുലൈമാൻ, ശ്രീജിത്ത് എസ്.പിള്ള, സന്തോഷ് ആലുക്ക, മനു വി. രാജു എന്നിവർ പങ്കെടുത്തു.

Where to stay @ Thrissur
Casino Hotels Limited
T.B.Road | Thrissur 680021 | 0487-2424699

# സിനിമ എങ്ങനെ സ്വാധീനിക്കപ്പെടുന്നുവെന്ന് ആലോചിക്കണം: ശ്യാമപ്രസാദ്



തൃശൂർ: ശ്രീകേരളവർമ കോളജ് ഇംഗ്ലീഷ് വിഭാഗത്തിന്റെയും സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന അന്താരാഷ്ട്ര കോൺഫറൻസിന്റെ ഉദ്ഘാടനം സിനിമാ സംവിധായകൻ ശ്യാമപ്രസാദ് നിർവഹിച്ചു. ജനത്തെ സ്വാധീനിക്കുന്ന മാധ്യമം എന്ന നിലയിൽ സിനിമ ഏത് രീതിയിൽ സ്വാധീനിക്കപ്പെടുന്നു എന്നത് ആലോചിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഒരു സിനിമ കണ്ട് അന്നത്തെ ലോകം അതാണ് എന്ന് അടയാളപ്പെടുത്തുന്നതിൽ വൈരുധ്യമുണ്ടെന്നും ശ്യാമപ്രസാദ് അഭിപ്രായപ്പെട്ടു. ഫിലിം മേക്കിങ്ങിനെക്കുറിച്ച് അദ്ദേഹം വിദ്യാർഥികളുമായി സംവദിച്ചു. ഇംഗ്ലീഷ് വകുപ്പ് മേധാവി ടി.ജി. സന്ദീപ് അധ്യക്ഷത വഹിച്ചു. ഡോ. അനു ടി. അശോകൻ, ഡോ. വി. അർച്ചന, പി.എം. പ്രസീദ പ്രസംഗിച്ചു. ജെൻഡർ ആൻഡ് സിനിമ എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ഡോ. സി.എസ്. വെങ്കിടേശ്വരൻ, ഡോ. ജാനകി ശ്രീധരൻ, ഡോ. എം.ആർ. രാജേഷ് പങ്കെടുത്തു. രണ്ടാം ദിനമായ ഇന്ന് ട്രോയ് യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് അധ്യാപിക ഡോ. പ്രിയ മേനോൻ പ്രഭാഷണം നിർവഹിക്കും.

## പൂജാരിക്കു പാമ്പുകടിയേറ്റു

വടക്കാഞ്ചേരി: കൊച്ചിൻ ദേവസ്വം ബോർഡിന്റെ വടക്കാഞ്ചേരി ശിവക്ഷേത്രത്തിലെ മേൽശാന്തി വിനോദിനു പാമ്പുകടിയേറ്റു. മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തിങ്കളാഴ്ച രാത്രി പൂജ കഴിഞ്ഞു ക്ഷേത്രം അടയ്ക്കുമ്പോഴായിരുന്നു സംഭവം. ആദ്യമായാണ് ഇവിടെ ഇങ്ങനെ ഒരു അനിഷ്ട സംഭവം ഉണ്ടാകുന്നത് എന്നതിനാൽ ദേവപ്രശ്നം നടത്തണമെന്നു ഭക്തർ ആവശ്യപ്പെട്ടു. ദേവസ്വം ഓഫീസറും ചിലരും ചേർന്നു നടത്തിവരുന്ന പ്രവർത്തികളോട് തേവർക്കു അപ്രീതിയാണ് ഇതിനു കാരണമെന്നു ഭക്തർ കരുതുന്നു. ദേവസ്വം ബോർഡ് അടിയന്തര നടപടി കൈക്കൊള്ളണമെന്നു ദേശക്കാർ ആവശ്യപ്പെട്ടു.



■ വിയ്യൂർ മണലാറുകാവ് ക്ഷേത്രത്തിലെ വേല മഹോത്സവത്തോടനുബന്ധിച്ച് നടന്ന കാവടി.

## മാതാവിന്റെ ഊട്ടുതിരുനാൾ

തൃശൂർ: ലൂർദ് കത്തീഡ്രലിൽ മാതാവിന്റെ ഊട്ട് തിരുനാളിന് ആഘോഷമായ പാട്ടു കുർബാനയ്ക്ക് മുൻ വികാരി ഫാ. ഡേവിസ് പുലിക്കോട്ടിൽ മുഖ്യ കാർമികത്വം വഹിച്ചു.

ഫാ. അനു ചാലിൽ, ഫാ. ജിജോ എടക്കളത്തൂർ എന്നിവർ സഹ കാർമികരായി. ലൂർദ് മാതാവിന്റെ തിരുനാൾ ദിനത്തെ രോഗീദിനാചരണമായാണ് ആചരിക്കുന്നത്. രോഗികളായവരെ പ്രാർഥനയിൽ പ്രത്യേകം ഓർക്കാനും അവർക്ക് ശുശ്രൂഷ നൽകുന്നവരെ ശക്തിപ്പെടുത്തലുമാണ് ഈ ദിനത്തിന്റെ പ്രത്യേകതയെന്ന് മുൻ വികാരി പ്രസംഗിച്ചു.

വിശുദ്ധ കുർബാനയ്ക്ക് ശേഷം മാതാവിന്റെ തിരുസ്വരൂപം വഹിച്ചുള്ള പ്രദക്ഷിണത്തിന് കത്തീഡ്രൽ വികാരി ഫാ. ജോസ് വല്ലൂരാൻ നേതൃത്വം നൽകി. സഹ വികാരിമാരായ ഫാ. പ്രജോവ് വടക്കേത്തല, ഫാ. ജീസ്മോൻ ചെമ്മണ്ണൂർ, കൈക്കാരന്മാരായ തോമസ് കോനിക്കര, ലൂവി കണ്ണാത്ത്, ജോസ് ചിറ്റാട്ടുകര, ജോജു മഞ്ഞില നേതൃത്വം നൽകി.

## കേരള ശാസ്ത്ര കോൺഗ്രസ് മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള അവാർഡ് ഡോ. എ.കെ. ശിവദാസന്



മണ്ണുത്തി: കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര കാമ്പസിൽ നടന്ന 37-ാമത് കേരള സയൻസ് കോൺഗ്രസിൽ മികച്ച ഗവേഷണ പ്രബന്ധാവതരണത്തിനുള്ള അവാർഡ് ഡോ. എ.കെ. ശിവദാസന് ലഭിച്ചു. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയ അദ്ദേഹം, കേന്ദ്രസർക്കാരിന്റെ ശാസ്ത്രഗവേഷണ സ്ഥാപനമായ അത്താണി സി.മെറ്റ്-ലെ ചീഫ് സയന്റിസ്റ്റ് ഡോ.എസ്.എൻ. പോറ്റിയുടെ ഗവേഷകസംഘത്തിലെ അംഗമാണ്. ഭൗതികശാസ്ത്ര വിഭാഗത്തിലാണ് അവാർഡ് ലഭിച്ചത്. ജലത്തിലും വായുവിലുമുള്ള മാലിന്യം സംസ്കരിക്കുന്നതിന് വികസിപ്പിച്ചെടുത്ത ചെലവ് കുറഞ്ഞ സാങ്കേതികവിദ്യയെപ്പറ്റിയാണ് പ്രബന്ധം പറയുന്നത്.

ഫോട്ടോകാറ്റലിറ്റിക് പദാർഥമായ ലാന്ഥനം വനേഡിയം ഓക്സൈഡ് വളരെ എളുപ്പത്തിലും കുറഞ്ഞ ഊഷ്മാവിലും ഉണ്ടാക്കാനുള്ള പ്രക്രിയയാണ് അദ്ദേഹം വികസിപ്പിച്ചത്. ഇതുപയോഗിച്ച് മാലിന്യസംസ്കരണം നടത്താമെന്നാണ് അദ്ദേഹം തന്റെ പ്രബന്ധത്തിൽ വിശദീകരിച്ചത്. പ്രസ്തുത പദാർഥം, പ്രകാശത്തിന്റെ സാന്നിധ്യത്തിൽ ഒരു രാസത്വരകമായി പ്രവർത്തിച്ച് മാലിന്യ സംസ്കരണം എളുപ്പത്തിലാക്കും. സൗത്ത് കൊണ്ടാഴി അൽപ്പെട്ടിയിൽ കൃഷ്ണൻകുട്ടിയുടെയും രാധയുടെയും മകനാണ്. ഭാര്യ: ആതിര എസ് ബാബു, മക്കൾ: ദേവപ്രഭ, ദേവദത്ത്.

■ 16 നും 17 നും മത്സരങ്ങൾ

# മുടങ്ങിയ ഡി സോൺ പുനരാരംഭിക്കാൻ ഹൈക്കോടതി ഉത്തരവ്

തൃശൂർ: വിദ്യാർഥി സംഘർഷത്തെ തുടർന്ന് മാറ്റിവച്ച കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡി-സോൺ കലോത്സവം 16നും 17 നും നടത്താൻ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. തൃശൂർ റൂറൽ പോലീസ് മേധാവി ബി. കൃഷ്ണകുമാറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിധി. മാള ഹോളി ഗ്രേസ് കോളജിൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ചുവരെയാണ് മുടങ്ങിപ്പോയ മത്സരങ്ങൾ പുനരാരംഭിക്കുക. നാലു സ്റ്റേജുകളിലായി പരിപാടികൾ അരങ്ങേറും. കലോത്സവ വേദികളിലേക്കുള്ള പ്രവേശന നിയന്ത്രണം, ക്രോസ്-ചെക്കിങ്, ഫ്രിസ്കിങ് എന്നിവ പോലീസ് നേരിട്ട് നിയന്ത്രിക്കും. കാണികളുടെ എണ്ണം പരിമിതപ്പെടുത്തും. മേക്കപ്പ് ആർട്ടിസ്റ്റുകളും പങ്കെടുക്കുന്നവരുടെ രക്ഷിതാക്കളും യൂണിയൻ അഡ്വൈസർ (അധ്യാപകർ) എന്നിവർക്ക് അനുയോജ്യമായ പാസ്/ഐ.ഡി. കാർഡ് അധികൃതർക്ക് നല്കും. ജഡ്ജസിനെ സംബന്ധിച്ച് ആരോപണങ്ങൾ പാടില്ല. മുതിർന്ന ജഡ്ജ് ഫലങ്ങൾ പ്രഖ്യാപിക്കും. പരിപാടിയിലുള്ള ജഡ്ജിമാരുടെ പട്ടിക ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, ഇരിങ്ങാലക്കുടയ്ക്ക് മൂന്നു ദിവസത്തിന് മുൻപ് കൈമാറണം. ഇതിനായി രൂപീകരിക്കുന്ന സംയുക്ത കമ്മിറ്റിയിൽ കെ.എസ്.യു, എം.എസ്.എഫ്, എസ്.എഫ്.ഐയിൽനിന്നും അഞ്ചു വിദ്യാർഥികളും ബന്ധപ്പെട്ട കോളജുകളിൽനിന്നുള്ള 10 അധ്യാപകരും പങ്കെടുക്കും. കമ്മിറ്റിയുടെ ഇടപെടലിന് ശേഷം ഡിസോണിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതിരുന്നാൽ പോലീസ് വകുപ്പിലേക്ക് റഫർ ചെയ്യണം. ക്രമസമാധാന ലംഘനത്തിന്റെ സാധ്യത ഉണ്ടായാൽ പോലീസ് ഉടനെ ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. കമ്മിറ്റിക്കുള്ള അംഗങ്ങളുടെ പട്ടിക 14ന് മുൻപായി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, ഇരിങ്ങാലക്കുടയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഡി സോൺ കലോത്സവത്തിൽ കുറ്റകൃത്യങ്ങളിലും കേസുകളിലും ഉൾപ്പെട്ടവരുടെ പേരുകൾ ഒഴിവാക്കും. ഓർഗനൈസിങ് കമ്മിറ്റികൾ സി.സി.ടിവി കാമറകൾ എല്ലാ സ്റ്റേജുകളിലും പ്രവേശന വഴിയിലും പുറത്തേക്കുള്ള വഴികളിലും മറ്റ് പ്രധാനമായ പ്രദേശങ്ങളും പരിഗണിച്ച് ഇൻസ്റ്റാൾ ചെയ്യും. കാമറകളുടെ പ്രവർത്തനം പോലീസ് നിയന്ത്രിക്കും.

പ്രോഗ്രാം കമ്മിറ്റി/ഓർഗനൈസിങ് കമ്മിറ്റി, വൈകുന്നേരം അഞ്ചിന് പ്രോഗ്രാം സമാപിക്കുന്ന വിധത്തിൽ പ്രോഗ്രാം പുനഃക്രമീകരിക്കുകയും പരിപാടി കൃത്യസമയത്ത് രാവിലെ ഒമ്പതിന് ആരംഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യും.

ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസറും മെഡിക്കൽ ടീമും (ഡോക്ടർ ഉൾപ്പെടെ) പരിപാടി സ്ഥലത്ത് ഉണ്ടായിരിക്കും. പരിപാടിയുടെ മുഴുവൻ സമയത്തും അപ്പീൽ കമ്മിറ്റി അംഗങ്ങൾ അവരുടെ നിയുക്ത സ്ഥലങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. വേദിയിൽ പ്രോഗ്രാം പൂർത്തിയാകുന്നതുവരെ ഡീൻ, റെപ്രസെന്റേറ്റീവ് ഓഫ് ഡീൻ ഉണ്ടായിരിക്കണം. കോളജ് കോമ്പൗണ്ടിലും പരിസരത്തും അനധികൃത കടകളും വഴിയോര കച്ചവടം അനുവദിക്കില്ല. പ്രോഗ്രാം കമ്മിറ്റിയും സബ്കമ്മിറ്റികളും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഓർഗനൈസിങ് കമ്മിറ്റികൾ ഉറപ്പാക്കണം. ഡിസോൺ കലോത്സവം ജനുവരി 24 മുതൽ 28 മാള വലിയപറമ്പിലുള്ള ഹോളിഗ്രേസ് കോളേജിലാണ് നടത്തിയത്. 27ന് രാത്രിയിൽ വിദ്യാർഥി സംഘർഷത്തെ തുടർന്ന് മത്സരം നിർത്തി വക്കുകയായിരുന്നു. തുടർന്നാണ് ഹൈക്കോടതി ഉത്തരവ് പ്രകാരം ഡിസോൺ പൂർത്തിയാക്കുന്നത്.

## ദർശന കൾച്ചറൽ ഫോറത്തിന്റെ സംഗീത ശ്രേഷ്ഠ അവാർഡ് വിദ്യാധരന്

പുതുക്കാട്: ദർശന കൾച്ചറൽ ഫോറത്തിന്റെ മൂന്നാമത് സംഗീത ശ്രേഷ്ഠ അവാർഡ് സമർപ്പണവും കലാസന്ധ്യയും ഞായറാഴ്ച നടക്കും.

വൈകിട്ട് ആറിന് വരന്തരപ്പിള്ളി സെന്റ് ജോൺ ബോസ്കോ സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് കലാപ്രിയ സുരേഷ് ഉദ്ഘാടനം ചെയ്യും. സംഗീത സംവിധായകൻ വിദ്യാധരനെ ഈ വർഷത്തെ ദർശന സംഗീത ശ്രേഷ്ഠ അവാർഡ് നൽകി ആദരിക്കും.

ടി.ഐ. വർഗീസ്, സി.എ. ബഷീർ, പി.ജെ. നിജോ എന്നിവരെ ചടങ്ങിൽ ആദരിക്കും. സിനിമാ താരം ജയരാജ് വാര്യർ, ഡോ. ഫാ. പോൾ പൂവത്തിങ്കൽ, ഷൈജു പട്ടിക്കാട്ടുക്കാരൻ തുടങ്ങിയവർ പങ്കെടുക്കും.

സംഘാടക സമിതി ഭാരവാഹികളായ ആന്റോ പയ്യപ്പിള്ളി, ടോണി തോമസ്, സെബി മഞ്ഞളി, ബാസ്റ്റിൻ പയ്യപ്പിള്ളി തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഇറ്റ്ഫോക്ക് ഓൺലൈൻ ടിക്കറ്റ് ബുക്കിങ് 15 മുതൽ

തൃശൂർ: 23 മുതൽ മാർച്ച് രണ്ടു വരെ എട്ട് ദിവസങ്ങളിലായി തൃശൂരിൽ നടക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ഓൺലൈൻ ടിക്കറ്റ് ബുക്കിങ് 15ന് ആരംഭിക്കും. ലോക നാടകങ്ങൾ, ഇന്ത്യൻ നാടകങ്ങൾ, തിയേറ്റർ വർക്ക്ഷോപ്പുകൾ, പാനൽ ചർച്ചകൾ, പൊതുപ്രഭാഷണങ്ങൾ, സംഗീത പരിപാടികൾ, ആർട്ടിസ്റ്റുകളുമായുള്ള സംവാദ സദസ് തുടങ്ങി വിവിധ പരിപാടികളോടെയാണ് നാടകോത്സവം തയാറെടുക്കുന്നത്. ദേശീയ - അന്തർദേശീയ തലങ്ങളിലെ 15 നാടകങ്ങളുടേതായി 34 ഷോകളുടെ ടിക്കറ്റുകളാണ് ലഭ്യമാകുക. അനുബന്ധ പരിപാടികൾ കാണാൻ ടിക്കറ്റെടുക്കേണ്ടതില്ല. നാടകത്തിന്റെ ടിക്കറ്റ് നിരക്ക് 80 രൂപയാണ്. ഒരാൾക്ക് ഒരു ഷോയുടെ രണ്ട് ടിക്കറ്റുകൾ വരെ ബുക്ക് ചെയ്യാനാകും.

വിവിധങ്ങളായ സംസ്കാരിക പരിസരങ്ങളിൽ ജീവിക്കുന്ന മനുഷ്യരുടെ പ്രത്യാശയും പ്രതീക്ഷയും അതിജീവനവും പ്രമേയമാക്കുന്ന 'പ്രതിരോധത്തിന്റെ സംസ്കാരങ്ങൾ' എന്ന ആശയമാണ് ഇത്തവണത്തെ ഇറ്റ്ഫോക്ക് മുന്നോട്ട് വക്കുന്നത്. വെബ്സൈറ്റിൽ ഈ മാസം 15 ന് ഉച്ചയ്ക്ക് 12 മുതൽ മുൻകൂട്ടി ബുക്ക് ചെയ്യാൻ കഴിയും. കൂടാതെ അക്കാദമിയിൽ സജ്ജമാക്കിയ കൗണ്ടറുകളിൽനിന്ന് ഫെസ്റ്റിവൽ ദിനങ്ങളിൽ ടിക്കറ്റുകൾ നേരിട്ടു ലഭിക്കുകയും ചെയ്യുമെന്ന് അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി പത്രക്കുറിപ്പിലൂടെ അറിയിച്ചു.



■ മെഗാ കാമ്പസ് ക്വിസിൽ ഒന്നാംസ്ഥാനം നേടിയ ശബരിനാഥും ആതിരയും സമ്മാനം ഏറ്റുവാങ്ങുന്നു.

## മെഗാ കാമ്പസ് ക്വിസ്: ശബരിനാഥ് ജയനും ബി. ആതിരയും വിജയികൾ

തൃശൂർ: സെന്റ് തോമസ് കോളജ് (ഓട്ടോണമസ്) ക്വിസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കാറ്റലിസ്റ്റ് എജുക്കേഷനും കാമ്പസ് ന്യൂസും സംഘടിപ്പിച്ച മെഗാ കാമ്പസ് ക്വിസിൽ 1200ത്തിലധികം വിദ്യാർഥികൾ പങ്കെടുത്തു. വിജയികളായി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ ശബരിനാഥ് ജയനും ബി. ആതിരയും തെരഞ്ഞെടുക്കപ്പെട്ടു. ആകെ 60,000 സമ്മാനത്തുകയുള്ള ക്വിസിൽ ഒന്നാം സമ്മാനമായി 10,000, രണ്ടാം സ്ഥാനക്കാർക്കായി 2,500, മൂന്നാംസ്ഥാനം 40 ടീമുകൾക്ക് 1,000 വീതം ലഭിച്ചു.

## മന്ത്രി ശിവൻകുട്ടിയുടെ പ്രസ്താവന അടിസ്ഥാന രഹിതം: കെ.എസ്.ഡബ്ല്യു.എ.

തൃശൂർ: സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ പണമില്ലെന്ന മന്ത്രി ശിവൻകുട്ടിയുടെ പ്രസ്താവന അടിസ്ഥാന രഹിതമാണെന്ന് കേരള സ്കൂൾ വർക്കേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി.

സ്കൂൾ പാചക തൊഴിലാളികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന ഓണറേറിയവും കൂലിയും തമ്മിൽ ബന്ധമില്ല. അതത് സർക്കാരുകളാണ് തൊഴിലാളികൾക്ക് ദിവസക്കൂലി നിശ്ചയിക്കുന്നത്. ഏഴുവർഷമായി ഇവർക്ക് ശമ്പളം വർധിപ്പിച്ചിട്ടില്ല.

പൊള്ളലേറ്റ് മരിച്ച തൊഴിലാളികൾക്ക് ആകെ ഒരു ലക്ഷം രൂപയാണ് സർക്കാർ നൽകിയത്. തൊഴിലാളികളുടെ പ്രശ്നങ്ങൾ നിയമസഭയിൽ ഉന്നയിക്കുമ്പോൾ ഫണ്ട് കുറവാണെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുകയാണ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയ്തതെന്നും സംസ്ഥാന കമ്മിറ്റി വിമർശിച്ചു.

പദ്ധതിയുടെ ഫണ്ട് സ്വന്തം അക്കൗണ്ടിൽ നിക്ഷേപിച്ച ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുത്തിട്ടില്ലെന്നും സംഘടന ചൂണ്ടിക്കാട്ടി. 250 കുട്ടികൾക്ക് ഒരു തൊഴിലാളിയെന്ന ക്രമം അംഗീകരിക്കാതെ നീട്ടിക്കൊണ്ടുപോകുകയാണ്. ഉച്ചഭക്ഷണ നടത്തിപ്പുമായി ബന്ധപ്പെട്ട് കൃത്യമായ കണക്കും രേഖകളും രേഖപ്പെടുത്താതെ കേന്ദ്രത്തിൽ നിന്നും കൂടുതൽ തുക ആവശ്യപ്പെടാൻ സംസ്ഥാന സർക്കാരിന് ഭയമാണെന്നും കുറ്റപ്പെടുത്തി.

ഇവർക്ക് ഇ.എസ്.ഐ. നടപ്പിലാക്കാനുള്ള കേന്ദ്രസർക്കാർ നീക്കത്തെ എതിർത്തത് കേരളമാണെന്നും പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടി.

# മധ്യമേഖല അമേച്വർ നാടക മത്സരം: നാടകങ്ങൾ യോഗ്യത നേടി

തൃശൂർ: കേരള സംഗീത നാടക അക്കാദമി സംഘടിപ്പിച്ച മധ്യമേഖല അമേച്വർ നാടക മത്സരത്തിൽ അരിമ്പൂരിലെ മാജിക്കൽ തിയേറ്റർ ഫോറം ഫോർ ആർട്സ് അവതരിപ്പിച്ച ജെനുസ്, തൃശൂർ അടാട്ടിലെ പഞ്ചമി തിയേറ്റേഴ്സ് അവതരിപ്പിച്ച പൊറാട്ട് എന്നീ നാടകങ്ങൾ സംസ്ഥാന അമേച്വർ നാടക മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത നേടി.

എറണാകുളം കേരള ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ എറണാകുളം ജില്ലാ കേന്ദ്ര കലാസമിതിയുടെയും പി.ജെ. ആന്റണി ഫൗണ്ടേഷന്റെയും സഹകരണത്തോടെയാണ് ആറു ദിവസം നീണ്ട നാടക മത്സരം വൻ ജനകീയ പങ്കാളിത്തത്തോടുകൂടി അക്കാദമി സംഘടിപ്പിച്ചത്.

അഞ്ചുമുതൽ 11 വരെ ആറു ദിവസങ്ങളിലായി സംഘടിപ്പിച്ചഅമേച്വർ നാടകമത്സരത്തിൽ ആറ് വ്യത്യസ്ത നാടകങ്ങൾ അക്കാദമി ജനങ്ങളിലേക്ക് എത്തിച്ചു.

നാടകം കാണുന്നതിന് വേണ്ടി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നിരവധി നാടക - സിനിമ പ്രവർത്തകർ ഉൾപ്പെടെയുള്ള വൻ ജനാവലി കൊച്ചിയിലെത്തി. പ്രശാന്ത് നാരായണൻ രചനയും സംവിധാനവും നിർവഹിച്ച നാടകമാണ് ജെനുസ്. നിഖിൽദാസ് രചനയും സംവിധാനവും നിർവഹിച്ച നാടകമാണ് പൊറാട്ട്. നാടകകൃത്തും എഴുത്തുകാരനും സംവിധായകനുമായ ജോൺ ഫെർണാണ്ടസ് ചെയർമാനും വിഖ്യാത നാടകസംവിധായകനും നടനുമായ മഞ്ജുളൻ, പ്രമുഖ നാടക പ്രവർത്തകൻ അഡ്വ. സുജിത്ത് ദാസ് എന്നിവർ അംഗങ്ങളായ ജൂറിയാണ് വിധിനിർണയം നടത്തിയത്.

മൂന്ന് മേഖലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ആറ് നാടകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന അമേച്വർ നാടക മത്സരം 16 മുതൽ 21 വരെ മുരളി തിയേറ്ററിൽ സംഘടിപ്പിക്കുമെന്ന് കേരള സംഗീത നാടക അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി അറിയിച്ചു.

## ലഹരിമുക്ത പ്രതിജ്ഞയുമായി വിദ്യാർഥികൾ

തൃശൂർ: മയക്കുമരുന്നിനെതിരേ ദേവമാതയിലെ വിദ്യാർഥികൾ രംഗത്ത്. പ്രൗഡ് ഓഫ് കേരളയും സ്റ്റുഡന്റ് പോലീസ് കേഡറ്റും ചേർന്ന് സംഘടിപ്പിക്കുന്ന ലഹരി വിമുക്ത കേരളം പദ്ധതി ഇന്ന് രാവിലെ 11 ന് ദേവമാത സ്കൂളിൽ നടത്തും. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. ജേതാവ് ഐ.എം. വിജയനെ ചടങ്ങിൽ ആദരിക്കും. പ്രൗഡ് കേരള ചെയർമാൻ മലയിൻകീഴ് വേണുഗോപാൽ അധ്യക്ഷനാകും. സി.എം.ഐ. ദേവമാത സോഷ്യൽ അപ്പസ്തലേറ്റ് കൗൺസിലർ ഫാ. ജോർജ് തോട്ടാൻ തുടങ്ങിയവർ പ്രസംഗിക്കും.



■ മച്ചാട് മാമാങ്കത്തിനു കൂറയിടുന്നു..

## മച്ചാട് മാമാങ്കം കാവ് കൂറയിട്ടു

വടക്കാഞ്ചേരി: തെക്കുംകര തിരുവാണിക്കാവിലെ മച്ചാട് മാമാങ്കത്തിനു കാവ് കൂറയിട്ടു. ദേശത്തെ തച്ചൻ പച്ചമുള അലകുകൾ കൊണ്ട് ഉണ്ടാക്കിയ തട്ടുകൾ ക്ഷേത്രത്തിന്റെ വടക്കേ നടയിൽ സ്ഥാപിച്ചു. മാമാങ്കത്തിനു നേതൃത്വം നൽകുന്ന പുന്നംപറമ്പ് ദേശം പ്രസിഡന്റ് കെ. രാമചന്ദ്രൻ, സെക്രട്ടറി ടി.എസ്. ജയൻ, ട്രഷറർ സി.എ. നന്ദകുമാർ സന്നിഹിതരായിരുന്നു. 14ന് രാത്രിയാണ് പറപ്പുറപ്പാട്. 18നാണ് മാമാങ്കം ആഘോഷിക്കുന്നത്.

## ഉത്രാളി പൂരം അഖിലേന്ത്യ എക്സിബിഷൻ 14 മുതൽ

വടക്കാഞ്ചേരി: നഗരസഭയുടെ ആഭിമുഖ്യത്തിൽ ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ചു ഓട്ടുപാറയിൽ അഖിലേന്ത്യ പ്രദർശനം 14 മുതൽ ആരംഭിക്കുമെന്ന് നഗരസഭ ചെയർമാൻ പി.എൻ. സുരേന്ദ്രൻ, വൈസ് ചെയർപേഴ്സൺ ഒ.ആർ. ഷീല എന്നിവർ അറിയിച്ചു. വൈകീട്ട് അഞ്ചിന് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ. അധ്യക്ഷനാകും. കെ. രാധാകൃഷ്ണൻ എം.പി, എ.സി. മൊയ്തീൻ എം.എൽ.എ, കലക്ടർ അർജ്ജുൻ പാണ്ഡ്യൻ പങ്കെടുക്കും.

വിവിധ വ്യവസായ, ആരോഗ്യ, കാർഷിക സ്റ്റാളുകളും അമ്യൂസ്മെന്റും, വിദേശ രാജ്യങ്ങളിൽ നിന്നുള്ള പക്ഷികളുടെ തുറന്ന ഐവറി, വാണിജ്യ സ്റ്റാളുകൾ, അമ്യൂസ്മെന്റ് റെയ്ഡുകൾ, കലാപരിപാടികൾ മുതലായവ എക്സിബിഷനോടനുബന്ധിച്ച് സംഘടിപ്പിക്കുന്നുണ്ട്.

നഗരസഭ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാന്മാരായ പി.ആർ. അരവിന്ദാക്ഷൻ, ജമീലാബി, സ്വപ്ന, നഗരസഭ സെക്രട്ടറി കെ.കെ. മനോജ്, എക്സിബിഷൻ കമ്മിറ്റി സെക്രട്ടറി എ.കെ. സതീഷ് കുമാർ, കൺവീനർ അജിത് മല്ലയ്യ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു. 28 വരെ പ്രദർശനം ഉണ്ടാകും.

## തച്ചനാത്തുകാവ് പൂരം ഇന്ന്

വടക്കാഞ്ചേരി: പാർളിക്കാട് തച്ചനാത്തുകാവ് ഭഗവതി ക്ഷേത്രത്തിൽ പൂരം ഇന്ന് ആഘോഷിക്കും. രാവിലെ വിശേഷാൽ പൂജകൾ, ഉച്ചക്ക് ഒന്നിന് ആന, പഞ്ചവാദ്യത്തോടെ എഴുന്നള്ളിപ്പ്, വൈകിട്ട് മേളം, ദീപാരാധന, തായമ്പക, രാത്രി ഗാനമേള എന്നിവ ഉണ്ടാകും.

## അനുസ്മരിച്ചു

തൃശൂർ: അന്തരിച്ച മാധ്യമ പ്രവർത്തകനും പാട്ട് ക്ലബ്ബ് അംഗവുമായ എം. സക്കീർ ഹുസൈനെ തൃശൂർ പ്രസ് ക്ലബ്ബ് പാട്ട് ക്ലബ്ബ് അനുസ്മരിച്ചു. പ്രസ് ക്ലബ്ബ് വൈസ് പ്രസിഡന്റ് അക്ഷിതാ രാജ് അധ്യക്ഷത വഹിച്ചു. സിനിമാ- നാടക താരം സുനിൽ സുഖദ, നാടക പ്രവർത്തകൻ കെ.വി. ഗണേശ്, എ.വി. ശ്രീകുമാർ, വിനീഷ് വിശ്വം സംസാരിച്ചു. പ്രസ് ക്ലബ്ബ് സെക്രട്ടറി രഞ്ജിത്ത് ബാലൻ സ്വാഗതവും എക്സിക്യൂട്ടീവ് അംഗം കെ.എ. മുരളീധരൻ നന്ദിയും പറഞ്ഞു.




■ തൃശൂർ പ്രസ് ക്ലബ്ബിൽ നടന്ന എം. സക്കീർ ഹുസൈൻ അനുസ്മരണ സമ്മേളനത്തിൽ സിനിമാ- നാടക താരം സുനിൽ സുഖദ പ്രസംഗിക്കുന്നു.



● 2023-25 ബാച്ചിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പാസിങ് ഔട്ട് പരേഡിൽനിന്ന്.

## പാസിങ്ങ് ഔട്ട് പരേഡ് നടത്തി

തൃശൂർ: 2023-25 ബാച്ചിലെ പരിശീലനം പൂർത്തിയാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പാസിങ്ങ് ഔട്ട് പരേഡ് നടത്തി.

പി. ഭാസ്കരൻ മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, കുഞ്ഞികുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, വി.കെ. രാജൻ മെമ്മോറിയൽ ഗവ. ഹൈസ്കൂൾ എന്നീ സ്കൂളുകളിലെ സീനിയർ കേഡറ്റുകളുടെ പാസിങ് ഔട്ട് പരേഡാണ് കൊടുങ്ങല്ലൂർ പി. ഭാസ്കരൻ മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടത്തിയത്. കൊടുങ്ങല്ലൂർ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് വി.കെ. രാജു ഉദ്ഘാടനം നിർവഹിച്ചു.

കൊടുങ്ങല്ലൂർ മുനിസിപ്പൽ ചെയർ പേഴ്സൺ ടി.കെ. ഗീത, കൊടുങ്ങല്ലൂർ സബ് ഇൻസ്പെക്ടർ സാലിം, വാർഡ് മെമ്പർ അനിതാ ഷാജി പങ്കെടുത്തു.

## ഹോട്ടലുടമകളുടെ സമ്മേളനത്തിനു വാക്കത്തോൺ; പ്രചാരണ ജാഥ

തൃശൂർ: കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ വിളംബരവുമായി ഹോട്ടലുടമകൾ തൃശൂർ നഗരത്തിൽ വാക്കത്തോൺ നടത്തി.

തെക്കേഗോപുരനടയിൽ തൃശൂർ അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് ടി. മുരളി ഫ്ളാഗ് ഓഫ് ചെയ്തു. ലുലു കൺവൻഷൻ സെന്ററിൽ വെള്ളിയാഴ്ച ആരംഭിക്കുന്ന സമ്മേളനത്തിനു വിളംബരവുമായി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാഹന പ്രചാരണജാഥ നടത്തി. സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഉദ്ഘാടനം ചെയ്തു.



■ കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിനു വിളംബരവുമായി തൃശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ വാഹന പ്രചാരണജാഥ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് സി. ബിജുലാൽ, വൈസ് പ്രസിഡന്റ് എൻ. ഹരിഹരൻ, സെക്രട്ടറി ഉണ്ണികൃഷ്ണൻ ഈച്ചരത്ത്, ജില്ലാ പ്രസിഡന്റ് അമ്പാടി ഉണ്ണികൃഷ്ണൻ, സെക്രട്ടറി വി.ആർ. സുകുമാരൻ, കെ.ആർ. മണികണ്ഠൻ തുടങ്ങിയവർ പ്രസംഗിച്ചു.

വാക്കത്തോണിനും വാഹന പ്രചാരണജാഥയ്ക്കും വി.ജി. ശേഷാദ്രി, എൻ.കെ. അശോക് കുമാർ, പ്രേംരാജ് ചൂണ്ടലാത്ത്, പി.എസ്. ബാബുരാജൻ, സി.ജെ. ബെന്നി, പി.വി. സദാനന്ദൻ തുടങ്ങിയവർ നേതൃത്വം നൽകി.

## കരുത്തില്ലാത്ത ലഹരിവേട്ട

വർധിച്ചുവരുന്ന ലഹരി ഉപയോഗത്തിലും അതുമൂലമുണ്ടാകുന്ന അതിക്രമങ്ങളിലും കടുത്ത ആശങ്കയിലാണ് സംസ്ഥാനം. ഈ വിഷയത്തിൽ കഴിഞ്ഞ ദിവസം നിയമസഭയിൽ പി.സി.വിഷ്ണുനാഥ് അവതരിപ്പിച്ച അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചവരെല്ലാം പൊതുവികാരമാണ് പ്രകടിപ്പിച്ചത്. നാടു നേരിടുന്ന കടുത്ത വിപത്തിനെതിരേ ശക്തമായ നടപടികളുണ്ടാകണമെന്ന അഭിപ്രായത്തിൽ ഐക്യമുണ്ടായി. എന്നാൽ , മയക്കുമരുന്നിന്റെ ഉപയോഗമെന്നത് ഒരു ആഗോളപ്രശ്നമെന്നനിലയിൽ ലഘൂകരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ നീക്കം ഒട്ടും ന്യായീകരിക്കാൻ കഴിയുന്നതല്ല. നാടിന്റെ ഭാവിയെതന്നെ അപകടത്തിലാക്കുന്ന നിലയിൽ ലഹരി മാഫിയ പിടിമുറുക്കിയിട്ടുണ്ടെന്ന തിരിച്ചറിവും അതിനെതിരേ ശക്തമായ നടപടികളുമാണ് ഇന്നിന്റെ ആവശ്യം.

ഈയൊരു വിഷയം സംസ്ഥാനത്തെ സംബന്ധിച്ച് എത്ര മാത്രം പ്രാധാന്യമുള്ളതാണെന്നു വ്യക്തമാക്കുന്നതായിരുന്നു അടിയന്തരപ്രമേയം. കേരളം ലഹരിയുടെ കേന്ദ്രമാകുന്നുവെന്നും നിയമനടപടികൾക്കു സാധിക്കുന്നില്ലെന്നുമുള്ള പ്രതിപക്ഷനേതാവ് വി.ഡി. സതീശന്റെ വിമർശനം പക്ഷേ മന്ത്രി എം.ബി. രാജേഷിനു ഉൾക്കൊള്ളാനായില്ല. മയക്കുമരുന്ന് ഒരു ആഗോള പ്രശ്നമാണെന്നു ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച സി.പി.എം പ്രതിനിധി കെ.വി. സുമേഷാണു പറഞ്ഞത്. ഈയൊരു പരാമർശം രക്ഷപ്പെടാനുള്ള വഴി മാത്രമാണെന്നു പ്രതിപക്ഷ നേതാവ് മറുപടി നൽകുകയും ചെയ്തു. ഇക്കാര്യം ചൂണ്ടിക്കാട്ടി മന്ത്രി നൽകിയ മറുപടിയിൽ ഇത് കേരളത്തിന്റെ മാത്രം പ്രശ്നമല്ലെന്നു പറഞ്ഞതു വിഷയത്തിന്റെ ഗൗരവം കുറയ്ക്കാനേ ഇടയാക്കിയിട്ടുള്ളൂ. കേരളത്തിലെ ജനങ്ങളിൽ ലഹരി ഉപയോഗം ഏറെ വർധിച്ചിരിക്കുന്നു എന്നതാണ് കാതലായ കാര്യം. ദേശീയ റിപ്പോർട്ട് പ്രകാരം മയക്കുമരുന്ന് ഉപയോഗത്തിൽ കേരളം വളരെ പിന്നിലാണെന്നു കരുതി ആശ്വസിക്കാൻ വഴിയൊന്നുമില്ലെന്നു പറഞ്ഞ മന്ത്രി , ഇന്ത്യയിൽ ലഹരി ഉപയോഗം കൂടുന്നുതിന് ആനുപാതികമായാണ് കേരളത്തിലും കൂടുന്നതെന്ന് വിലയിരുത്തി ആശ്വസിക്കാനും ശ്രമം നടത്തി.

കഴിഞ്ഞ ഒരു വർഷത്തിനിടെ പിടികൂടിയ മയക്കുമരുന്നിന്റെ അളവിൽ രാജ്യത്ത് 55 ശതമാനത്തിന്റെ വർധനയുണ്ടെന്നാണ് റിപ്പോർട്ട്. 24,000 കോടി രൂപയുടെ മയക്കുമരുന്ന് ഇന്ത്യയിലാകെ പിടികൂടിയപ്പോൾ കേരളത്തിലെ മൂല്യം 60 കോടി മാത്രമെന്നാണ് മന്ത്രി നിയമസഭയിൽ പറഞ്ഞത്. മയക്കുമരുന്നിനുവേണ്ടി യുവാക്കൾ വീടിന്റെ വാതിലുകൾ പോലും പൊളിച്ചുവിൽക്കുന്ന അപകടകരമായ അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടുള്ള , ഇന്ത്യയുടെ ഡ്രഗ് തലസ്ഥാനം എന്ന് അറിയപ്പെടുന്ന പഞ്ചാബിൽ കഴിഞ്ഞവർഷം 9,241 പേരെയാണ് അറസ്റ്റുചെയതത്. എന്നാൽ , ശക്തമായ നടപടികൾ എടുക്കുന്ന കാര്യത്തിൽ കേരളമാണ് മുന്നിലെന്നു കണക്കുകൾ നിരത്തി സമർത്ഥിക്കാൻ മന്ത്രി ശ്രമിച്ചു. 24,517 പേരുടെ അറസ്റ്റ് കേരളത്തിലുണ്ടായി. സ്കൂൾ തലത്തിലെ പരിശോധന മൂന്നിരട്ടിയായി വർധിച്ചതും മയക്കുമരുന്നു വ്യാപനത്തിനെതിരേ സർക്കാർ സ്വീകരിക്കുന്ന ശക്തമായ നടപടികൾക്ക് ഉദാഹരണമായി മന്ത്രി പറഞ്ഞു.

കേസുകളിലും ശിക്ഷാ നടപടികളിലും ഉണ്ടായ വർധന ചൂണ്ടിക്കാട്ടി നാട് നേരിടുന്ന വിപത്തിനെതിരേ ശക്തമായ പ്രതിരോധത്തിനു കേരളത്തിനു സാധിച്ചിട്ടുണ്ടെന്നു പറയുന്നതിൽ കാര്യമില്ല. വാദത്തിനുവേണ്ടി പറയാമെന്നുമാത്രം.

അയൽ സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമടക്കം അപകടകരമായ രാസലഹരികൾ കേരളത്തിലേക്കു ഒഴുകുന്നതിന്റെ ഞെട്ടിക്കുന്ന റിപ്പോർട്ടുകൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഇത് തടയാൻ കഴിയുമ്പോൾ മാത്രമാണ് കേരളത്തിനു ആശ്വസിക്കാൻ കഴിയുക.

മയക്കുമരുന്നിന് അടിമയായി രക്തബന്ധംപോലും മറന്നുള്ള ചോരമരവിപ്പിക്കുന്ന ക്രൂരതകൾ നിത്യേനെ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ലഹരിയുടെ പ്രധാന ഉപഭോക്താക്കളും ഇടനിലക്കാരും യുവാക്കളാണെന്നതു വെല്ലുവിളിയേറ്റുന്നു. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം പ്രതിപക്ഷനേതാവ് നിയമസഭയിൽ പറയുകയുണ്ടായി. പോലീസോ , എൻഫോഴ്സ്മെന്റോ മാത്രം ശ്രമിച്ചതുകൊണ്ട് ഈയൊരു വിപത്തിനെ അതിജീവിക്കാൻ കഴിഞ്ഞെന്നുവരില്ല. നിരന്തര ബോധവത്ക്കരണത്തിനു പുറമേ പോലീസിനും എക്സൈസിനുമൊപ്പം വിദ്യാഭ്യാസം , യുവജനക്ഷേമം , ആരോഗ്യം തുടങ്ങി ഒട്ടുമിക്ക വകുപ്പുകളുടേയും ഏകോപനത്തോടെയുള്ള പ്രവർത്തനം ഉണ്ടാകണം. നാടിന്റെ മുക്കും മൂലയും നിരീക്ഷിച്ച് മയക്കുമരുന്നിന്റെ കണ്ണികളെ മുറിക്കാൻ കഴിയുമ്പോൾ മാത്രമാണ് ലഹരിവേട്ട ഫലപ്രദമായെന്നു പറയാൻ കഴിയൂ.

## യു.ഡി.എഫിൽ മുഖ്യമന്ത്രിയാകാൻ അടിയെന്ന് ശൈലജ; പി.ആർ. ഏജൻസിയെവച്ചിട്ട് എന്തായെന്ന് സതീശൻ

തിരുവനന്തപുരം: നിയമസഭയിൽ കൊണ്ടും കൊടുത്തും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും മട്ടന്നൂർ എം.എൽ.എ. കെ.കെ.ശൈലജയും. 2025 –26 സാമ്പത്തിക വർഷത്തെ ബജറ്റ് സംബന്ധിച്ച് നിയമസഭയിൽ നടന്ന പൊതുചർച്ചയിലാണ് ഇരുവരും ഏറ്റുമുട്ടിയത്.

കേരളം ഇപ്പോൾ സാക്ഷ്യം വഹിക്കുന്ന വികസനത്തുടർച്ചയാണ് ജനങ്ങൾ ആഗ്രഹിക്കുന്നതെന്നും അതുകൊണ്ടുതന്നെ എൽ.ഡി.എഫ്. സർക്കാരിന് തുടർച്ചയുണ്ടാകുമെന്നുമാണ് കെ.കെ. ശൈലജ പറഞ്ഞത്. ഇനി അഥവാ നിങ്ങൾക്കു ഭരണം കിട്ടിയാൽ തന്നെ എങ്ങനെ ഭരിക്കും. നിങ്ങൾക്ക് എല്ലാവർക്കും മുഖ്യമന്ത്രിയാകേണ്ടേയെന്നും ശൈലജ പരിഹസിച്ചു. എത്രയാളുകളാണ് നിങ്ങളുടെ കൂടെ നിന്ന് മുഖ്യമന്ത്രിയാകാൻ കാത്തിരിക്കുന്നതെന്നും എം.എൽ.എ. പറഞ്ഞു.

കോൺഗ്രസ് പോലെ ഇന്ത്യ ഭരിച്ചിരുന്ന ഒരു പാർട്ടിയുടെ അപചയമാണിതെന്ന് കെ.കെ.ശൈലജ കുറ്റപ്പെടുത്തി. മുഖ്യമന്ത്രിയാകുകയെന്നതൊക്കെ പിന്നീടുള്ള കാര്യമല്ലേ, ഇപ്പോൾ നിങ്ങൾ ചർച്ചചെയ്യേണ്ടതു ജനങ്ങളുടെ ജീവിതപ്രശ്നങ്ങളല്ലേയെന്നും ശൈലജ ചോദിച്ചു. ഒരാൾ പറഞ്ഞത് മുഖ്യമന്ത്രിയാകാൻ ഞാൻ ഡൽഹിയിൽ നിന്ന് പറന്നിറങ്ങേണ്ട കാര്യമില്ലെന്നാണ്. അപ്പോഴാണ് മുസ്ലിം ലീഗിന് തോന്നിയത് ഞങ്ങൾക്ക് മുഖ്യമന്ത്രിയായാൽ എന്താണു കുഴപ്പമെന്നത്. ഞങ്ങൾ ഇതൊന്നുമല്ല കാണുന്നതെന്നും ശൈലജ പറഞ്ഞു.

ഇത്തരത്തിൽ ഒരു ആരോപണം ഉയർന്ന നിലയ്ക്ക് പാർലമെന്ററി പാർട്ടി നേതാവ് എന്ന നിലയിൽ അതിനു താൻ മറുപടി പറയണ്ടേയെന്നാണ് വി.ഡി. സതീശൻ ചോദിച്ചത്. കോൺഗ്രസിൽ അഞ്ചാറ് മുഖ്യമന്ത്രിമാർ ഉണ്ടെന്നും പാർട്ടി നശിച്ചുപോയിയെന്നുമാണ് ശൈലജ ടീച്ചർ പറയുന്നത്. എന്നാൽ, തങ്ങൾക്കിടയിൽ യാതൊരു പ്രശ്നവുമില്ലെന്ന് വി.ഡി. സതീശൻ മറുപടി നൽകി.

ശൈലജ ടീച്ചർക്ക് വലിയ വിഷമം ഉണ്ടാകും. കാരണം ടീച്ചർ ഒരു പി.ആർ.ഏജൻസിയൊക്കെവച്ച് മുഖ്യമന്ത്രിയാകാൻ ഇറങ്ങിയതുകൊണ്ടാണ് ട്രഷറി ബെഞ്ചിൽ ഇരിക്കേണ്ട ടീച്ചർ ഇപ്പോൾ ഇവിടെ ഇരിക്കുന്നത്. അതിനുവെറുതേ ഞങ്ങളുടെ മീതെ കയറരുതെന്നും വി.ഡി.സതീശൻ പറഞ്ഞു. ഞങ്ങൾ തമ്മിൽ ഒരു തർക്കവുമില്ല. കുറച്ചു പുറത്തുള്ളആളുകളും മീഡിയയും ചേർന്നു നൽകുന്ന നരേറ്റീവുകളാണ് ഇവയെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

## ശബരിമല വികസന അതോറിറ്റി രൂപീകരിക്കും

**തിരുവനന്തപുരം:** ശബരിമലയുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾക്കും വികസന മേൽനോട്ടത്തിനുമായി ശബരിമല വികസന അതോറിറ്റി രൂപീകരിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ. വികസനമേൽനോട്ടത്തിനൊപ്പം വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

മുഖ്യമന്ത്രി ചെയർമാനും വകുപ്പുമന്ത്രി വൈസ് ചെയർമാനുമായിട്ടായിരിക്കും അതോറിറ്റി രൂപവത്കരിക്കുക. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെ പ്രതിനിധികളും ഇതിൽ ഉൾപ്പെടും. ശബരിമലയിലെ റോപ്പ്വേ നിർമ്മാണത്തിന് റവന്യൂപങ്കിടൽ മാതൃകയുടെ അടിസ്ഥാനത്തിൽ കരാർ ആയിട്ടുണ്ട്. റോപ്പവേയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ ചരക്ക്നീക്കം പൂർണമായും ഇതിലൂടെണയാക്കും. ശബരിമലയുടെ ആത്മീയ സാംസ്ക്കാരിക പ്രാധാന്യവും പരിസ്ഥിതിയും സംരക്ഷിച്ചുകൊണ്ടുള്ള വികസനമായിരിക്കും നടപ്പാക്കുകയെന്നും മന്ത്രി വിശദീകരിച്ചു.

# മത്സ്യ സമ്പത്തിനെ തകർക്കുന്ന കടൽ മണൽ ഖനന നീക്കം

● ചാൾസ് ജോർജ്ജ്



കേരളത്തിലെ മത്സ്യബന്ധന മേഖലയ്ക്ക് അപരിഹാര്യമായ ദോഷങ്ങളുണ്ടാക്കുന്ന കടൽ മണൽ ഖനനത്തിന് കേന്ദ്ര സർക്കാർ പച്ചക്കൊടി കാട്ടിയിരിക്കുകയാണ്. കഴിഞ്ഞ ജനുവരി 11, 12 തീയതികളിലായി എറണാകുളം റിനൈ ഹോട്ടലിൽ നടന്ന ശിൽപശാലയിലും റോഡ് ഷോയിലും വച്ച് ഇതു സംബന്ധമായ തീരുമാനമെടുത്തു കഴിഞ്ഞു. ഇതു പ്രകാരം ഫെബ്രുവരി 17 വരെ കടൽ മണൽ ഖനനത്തിന് താൽപര്യമുള്ള കമ്പനികളുടെ ടെൻഡർ ക്ഷണിച്ചുകഴിഞ്ഞു. വേദാന്ത അടക്കമുള്ള കുത്തക കമ്പനികളും ചില സിമെന്റു കമ്പനികളും ഇപ്പോഴേ താൽപര്യം അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. ഫെബ്രുവരി 27ന് ഇലക്ട്രോണിക് സംവിധാനം വഴി ടെൻഡർ നടപടികൾ പൂർത്തീകരിക്കും. 17ന് ഇതുമായി ബന്ധപ്പെട്ട് കൊല്ലത്ത് മേഖലയിലെ എല്ലാ വിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് കൺവൻഷൻ നടത്താനും ടെൻഡർ ഉറപ്പിക്കുന്ന ഫെബ്രുവരി 27ന് സംസ്ഥാന വ്യാപകമായി തീരദേശ ഹർത്താൽ നടത്താനും കോ–ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരിക്കുകയാണ്.

ഗുജറാത്തിലെ പോർബന്തറിൽ മൂന്നു ബ്ലോക്കുകളിൽ നിന്ന് ചുണ്ണാമ്പു ചെളിയും കേരളത്തിൽ കൊല്ലത്തെ മൂന്നു ബ്ലോക്കുകളിൽ നിന്ന് നിർമ്മാണ ആവശ്യങ്ങൾക്കുള്ള കടൽമണലും, ആൻഡമാനിലെ ഏഴു ബ്ലോക്കുകളിൽ നിന്ന് പോളിമെറ്റാലിക് നൊഡ്യൂൾസ് എന്നറിയപ്പെടുന്ന ധാതു വിഭവങ്ങളും, കൊബാൾട്ടും ഖനനം ചെയ്തെടുക്കാനാണ് കേന്ദ്ര പദ്ധതി. ഖനനത്തിന്റെ പൊതു അവകാശം പൊതുമേഖലയ്ക്കായിരിക്കണമെന്ന 2002–ലെ ഖനന നിയമം 2023ൽ കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തു. മണിപ്പൂർ സംഭവത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം സഭ ബഹിഷ്കരിച്ച സന്ദർഭത്തിലാണ് വിപൽക്കരമായ ഈ തീരുമാനവും സർക്കാർ എടുത്തത്. തീരദേശത്തുള്ള കരിമണൽ ഖനനത്തിന് സംസ്ഥാന സർക്കാരിനും പൊതുമേഖലയ്ക്കുമുള്ള അവകാശവും കേന്ദ്രം നിയമ ഭേദഗതി വഴി ഏറ്റെടുത്തിട്ടുണ്ട്. ഇനിയങ്ങോട്ട് ഖനനത്തിനും, സംസ്കരണത്തിനും, വിപണനത്തിനും സ്വകാര്യ മേഖലയ്ക്കുകൂടി അവകാശം ഉറപ്പിച്ചുകൊണ്ടാണ് നിയമ ഭേദഗതി. ഇതേത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട് മൂന്ന് ചട്ടങ്ങൾ കൂടി കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷം കൊണ്ടുവന്നു. പോർബന്തറിലേയും കൊച്ചിയിലേയും ശിൽപശാലയും തീരുമാനങ്ങളും ഇതിന്റെ തുടർച്ചയായിട്ട് വരുന്നതാണ്.

കേരളത്തിൽ അഞ്ചു സെക്ടറുകളിലായി 745 ദശലക്ഷം കടൽ മണൽ നിക്ഷേപമുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തിയ ശൈലേഷ് നായിക് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതി ഇതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ ബ്ലൂ ഇക്കോണമി പുസ്തകത്തിലാണ് ഇവയുടെ സ്വകാര്യവൽക്കരണ നയം പ്രഖ്യാപിച്ചത്. പ്രതിഷേധങ്ങൾക്ക് കൂച്ചുവിലങ്ങുകളുള്ള കോവിഡ് കാലത്താണ് ഇത് പ്രഖ്യാപിക്കപ്പെട്ടതും. കേരളത്തിൽ ചാവക്കാട്, പൊന്നാനി, ആലപ്പുഴ, കൊല്ലം തെക്ക്, കൊല്ലം വടക്ക് എന്നീ മേഖലകളിലാണ് വെള്ള മണൽ നിക്ഷേപമുള്ളത്. ഇതിൽ കൊല്ലം സെക്ടറിൽ നിന്നാണ് ഇപ്പോൾ ഖനനം നടത്തുക. തീരത്തുനിന്നും 33 കിലോമീറ്റർ അകലെയുള്ള ഒന്നാം ബ്ലോക്കിൽ 23 മിനറൽ ബ്ലോക്കുകളുണ്ട്. ഇവിടെനിന്നും 100.33 ദശലക്ഷം ടൺമണലാണ് ഊറ്റുക. രണ്ടാം സെക്ടർ 30 കിലോമീറ്റർ അകലെയാണ് അവിടെനിന്നും 100.64 ദശലക്ഷം ടൺ മണലും 27 കിലോമീറ്റർ അകലെയുള്ള മൂന്നാം സെക്ടറിൽ നിന്നും 101.45 ദശലക്ഷം ടൺ മണലും ഖനനം ചെയ്യും. മൊത്തത്തിൽ 242 ചതുരശ്ര കിലോമീറ്ററിലായി 302.5 ദശലക്ഷം ടൺ മണലൂറ്റുന്നതിനാണ് ടെൻഡർ ക്ഷണിച്ചിരിക്കുന്നത്. ഗൗതം അദാനിയുടെ കമ്പനികളുടെ സക്ഷൻ ഹോപ്പർ, റോട്ടറികട്ടർ, ബക്കറ്റ് ഡ്രഡ്ജർ തുടങ്ങിയ സംവിധാനങ്ങളും കപ്പലുകളും ഉപയോഗിച്ചാണ് ഡ്രഡ്ജിങ് നടത്തുക.

വർക്കല മുതൽ അമ്പലപ്പുഴ വരെ 85 കിലോമീറ്ററിലായും 3300 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലും പരന്നുകിടക്കുന്ന കൊല്ലം പരപ്പ് എന്ന ക്വയിലോൺ ബാങ്കിൽ നിന്നാണ് ഇപ്പോൾ ഖനനം നടക്കുക. 1961 മുതൽ 1965 വരെ ഇന്ത്യയിൽ പര്യവേഷണം നടത്തിയ ഇൻഡോ–നോർവീജിയൻ സംഘത്തിലെ കെയർലാർസണാണ് കൊല്ലം പരപ്പിന്റെ സവിശേഷത ലോകശ്രദ്ധയിൽ കൊണ്ടുവന്നത്. ഇന്ത്യയിലെ 22 മത്സ്യ സങ്കേതങ്ങളിൽ ഏറ്റവും ഉൽപാദനക്ഷമതയുള്ള പ്രദേശമാണ് കൊല്ലം പരപ്പ്. സാൻഡ്ലോബ്സ്റ്റർ, കരിക്കാടി, പൂവാലൻ, കലവ, പല്ലിക്കോര, കിളിമീൻ, ചാള, അയില, നത്തോലി, വേളപ്പാര – തുടങ്ങി കേരളത്തിലെ കയറ്റുമതി പ്രധാനവും, ആഭ്യന്തര ഉപഭോഗത്തിൽ പ്രധാനവുമായ മത്സ്യങ്ങൾ ധാരാളമായി ഇവിടെ നിന്നും ലഭിക്കുന്നു. ആയിരത്തോളം ട്രോൾ ബോട്ടുകളും, അഞ്ഞൂറോളം ഫൈബർ വള്ളങ്ങളും നൂറോളം ഇൻ–ബോർഡ് വള്ളങ്ങളും ഇവിടെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. കേരളത്തിലെ രണ്ട് ലക്ഷത്തോളം സജീവ മത്സ്യത്തൊഴിലാളികളിൽ നാലിലൊന്നും ഇവിടെയാണ് കേന്ദ്രീകരിക്കുന്നത്. വാടി, ശക്തികുളങ്ങര, ചെറിയഴീക്കൽ, വലിയഴീക്കൽ, തോട്ടപ്പള്ളി, പുന്നപ്ര തുടങ്ങിയ മത്സ്യബന്ധന കേന്ദ്രങ്ങളുടെ

വരുമാനത്തിന്റെ പ്രധാന ഉറവിടവും കൊല്ലം ബാങ്ക് തന്നെയാണ്.

വെളുത്ത മണലിന്റെ മുകളിലായി 1–2 മീറ്റർ കനത്തിലുള്ള ചെളിയും, അവശിഷ്ടങ്ങളുമടങ്ങുന്ന മേൽമണ്ണു നീക്കിയാണ് വെളുത്ത മണൽ പുറത്തെടുക്കുക. ഇതു സൃഷ്ടിക്കുന്ന കലക്കൽ, പുറത്തുവരുന്ന വിഷവാതകങ്ങൾ, ഖനലോഹങ്ങൾ ഇതെല്ലാം മത്സ്യമേഖലയെയാണ് പ്രതികൂലമായി ബാധിക്കുക.

ഇവിടെ ജീവിക്കുന്ന നങ്ക്, കരിക്കാടി, തിരണ്ടി കരിക്കാടി ചെമ്മീൻ തുടങ്ങിയ മത്സ്യങ്ങളുടെ സങ്കേതങ്ങൾ തകർക്കപ്പെടും. കണവ – കൂന്തൽ തുടങ്ങിയ മത്സ്യങ്ങൾ മുട്ടയിട്ട് പാർക്കുന്ന ഇടങ്ങളും നഷ്ടപ്പെടും. പന്ത്രണ്ടുവർഷത്തിനു ശേഷം തിരിച്ചുവരുന്ന മത്തി വളർച്ച മുരടിച്ചുപോയതിന്റെ പ്രധാന പ്രശ്നം അതിന്റെ ഭക്ഷണത്തിന്റെ അഭാവമാണ്. ഈ ഭക്ഷണം രൂപപ്പെടുന്ന പ്രക്രിയ കലക്കൽ മൂലം പൂർണമായും തകർക്കപ്പെടും. കരയിൽ കൊണ്ടുപോയി ഇടുന്ന മണ്ണ് കഴുകുമ്പോഴുണ്ടാകുന്ന ലവണങ്ങൾ തീരദേശത്തേയും തകർക്കും. ഇതു കഴുകുന്നതിന് ശുദ്ധജലവും ലഭ്യമാക്കണം. കടലിലെ മത്സ്യങ്ങളുടെ പ്രജനനവും വളർച്ചയും തടസ്സപ്പെടും. മത്സ്യത്തൊഴിലാളികൾ മാത്രമല്ല, കേരളത്തിലെ ഗണ്യമായ വിഭാഗം ഗവേഷകരും, സ്ഥാപനങ്ങളും ഇതുകൊണ്ടുതന്നെയാണ് ഈ നടപടിക്കെതിരേ രംഗത്തുവന്നിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി കടൽ നിരപ്പുയർന്നുകൊണ്ടിരിക്കുകയാണ്. ഓഖിക്കുശേഷം കേരളത്തിൽ ആറു കൊടുങ്കാറ്റുകളും അവ സൃഷ്ടിക്കുന്ന തീരശോഷണവും ഗുരുതരമാണ്. ഈ ദുരന്ത പ്രക്രിയകൾ വേഗത്തിലാകും.

സമ്പദ്ഘടനയെ വെറും വിഭവമായി മാത്രം കാണുന്ന ഭരണാധികാരികൾ ഇതൊക്കെ അവഗണിക്കുകയാണ്. ലോകത്ത് പല രാജ്യങ്ങളും മണ്ണെടുപ്പിന്റെ ഭാഗമായി തീരം തകർന്ന്, ബീച്ചുകൾ നഷ്ടപ്പെട്ട് ദുരിതം അനുഭവിക്കുന്നുണ്ട്. വിവിധ കാലാവസ്ഥാ സമ്മേളനങ്ങളിൽ അവർ ഒറ്റക്കെട്ടായി ഈ വിഷയങ്ങളുന്നയിക്കുന്നുമുണ്ട്. കേരള തീരത്തെ കരിമണലും ഖനനം ചെയ്യാനുള്ള അവകാശം കേന്ദ്രം കവർന്നെടുത്തിരിക്കുകയാണ്. കരിമണലിന്റെ ആസ്തി 120 ബില്യൺ ഡോളറാണെന്നും കേന്ദ്രം വിലയിരുത്തുന്നുണ്ട്. പ്രാദേശിക ജനതയുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് പൊതുമേഖലയാണ് ഇപ്പോൾ ഖനനം നടത്തുന്നത്. സ്വകാര്യ കുത്തകകളെ ഇതേൽപിച്ചാൽ പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലുന്ന അനുഭവമായിരിക്കും.

ലോകത്തെ പ്രധാനപ്പെട്ട ഫിഷിങ് ഗ്രൗണ്ട്(മത്സ്യസങ്കേതം)കളൊക്കെത്തന്നെ തകർന്നിരിക്കുകയാണെന്ന് ഐക്യരാഷ്ട്ര സംഘടന വിലയിരുത്തുന്നു. കുറച്ചെന്തെങ്കിലും മത്സ്യങ്ങൾ അവശേഷിക്കുന്ന അറബിക്കടലിനേയും, ബംഗാൾ ഉൾക്കടലിനേയും തകർക്കുന്ന നടപടികളാണ് കേന്ദ്രം എടുക്കുന്നത്. ഇപ്പോൾ തന്നെ കടലാമയുടെ പേരിലും, സസ്തനികളുടെ പേരിലും കയറ്റുമതിക്ക് നിരോധനം നേരിടുന്ന മേഖലയാണിത്. മത്തിയുടെ തകർച്ചയിൽ നിന്നും ഇതുവരേയായിട്ടും മോചനം ലഭിച്ചിട്ടുമില്ല. ഇങ്ങനെ പ്രതിസന്ധി ഗ്രസ്ഥമായ മേഖലയെ പൂർണമായും തകർക്കുന്ന നടപടിയാണ് ഡ്രഡ്ജിങ്. ഒരു ശരാശരി മലയാളി പ്രതിവർഷം 32 കിലോഗ്രാം മത്സ്യം കഴിക്കുന്നുവെന്നാണ് കണക്ക്. ആരോഗ്യരംഗത്തും സമ്പദ് ഘടനയിലും, തൊഴിൽ മേഖലയിലും സുപ്രധാന പങ്ക് വഹിക്കുന്ന മത്സ്യമേഖലയെ സംരക്ഷിക്കാൻ ഒറ്റക്കെട്ടായ പരിശ്രമം ആവശ്യമാണ്.

(കേരള മത്സ്യത്തൊഴിലാളി ഐക്യവേദിയുടെ (ടി.യു.സി.ഐ.) സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ)

# കുതിച്ചുയർന്ന് ടെക്സ്റ്റൈൽസ് മേഖല

● ഗിരിരാജ് സിങ്
(കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി)



ഏകദേശം 176 ശതകോടി യു.എസ്. ഡോളർ വിറ്റുവരവുള്ള ഇന്ത്യയുടെ വസ്ത്ര തുണിത്തര വ്യവസായം, രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ രണ്ടുശതമാനത്തോളം സംഭാവന ചെയ്യുന്നുണ്ട്;ഒപ്പം, നിർമാണമേഖലയിലെ ഉത്പാദനത്തിന്റെ ഏകദേശം 11 ശതമാനവും വഹിക്കുന്നു. 45 ദശലക്ഷത്തിലധികം തൊഴിലാളികൾക്കു നേരിട്ടു തൊഴിൽ നൽകുന്ന, രാജ്യത്തെ ഏറ്റവും വലിയ തൊഴിൽസ്രോതസ്സുകളിൽ ഒന്നാണു ടെക്സ്റ്റൈൽസ് വ്യവസായം. തുണിത്തര വസ്ത്ര കയറ്റുമതിയിൽ ഏറ്റവും വലിയ ആറാമത്തെ രാജ്യമാണ് ഇന്ത്യ. ഈ വിഭാഗത്തിലെ ആഗോള വ്യാപാരത്തിന്റെ ഏകദേശം നാലുശതമാനവും ഇന്ത്യക്കാണ്. ഇന്ത്യയുടെ മൊത്തം വ്യാപാര കയറ്റുമതിയിൽ കരകൗശല വസ്തുക്കൾ ഉൾപ്പെടെയുള്ള തുണിത്തര വസ്ത്ര വിഹിതം നിലവിൽ ഏകദേശം എട്ടുശതമാനമാണ്. ഗവൺമെന്റിന്റെ മേക്ക് ഇൻ ഇന്ത്യ , സ്കിൽ ഇന്ത്യ , സ്ത്രീ ശാക്തീകരണം, ഗ്രാമീണ യുവജന തൊഴിൽ തുടങ്ങിയ പ്രധാന സംരംഭങ്ങളുമായി ഈ മേഖല പൂർണതോതിൽ ചേർന്നുപോകുന്നു.

ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് 2025 –26ൽ 5272 കോടി രൂപയാണു ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2024 –25ലെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ (4417.03 കോടി രൂപ) ഏകദേശം 19 ശതമാനം വർധനയാണിത്. മാത്രമല്ല, സമീപവർഷങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കുകൂടിയാണിത്. ടെക്സ്റ്റൈൽസിനായുള്ള ഉത്പാദനബന്ധിത നിക്ഷേപപദ്ധതിയുടെ ബജറ്റ് 2024 25ലെ 45 കോടി രൂപയിൽനിന്ന് ഈ വർഷം 1148 കോടി രൂപയായി വർധിപ്പിച്ചു. ഇന്ത്യയുടെ ഉൽപാദനശേഷി വർധിപ്പിക്കുന്നതിനും അഞ്ചുവർഷക്കാലയളവിൽ 10,683 കോടി രൂപയുടെ അംഗീകൃത സാമ്പത്തിക വിഹിതത്തോടെ കയറ്റുമതി വർധിപ്പിക്കുന്നതിനുമായി തുണിത്തരങ്ങൾക്കായുള്ള ഉത്പാദന ബന്ധിത ആനുകൂല്യ പദ്ധതി നടപ്പാക്കുന്നു. മനുഷ്യനിർമിത ഫൈബർ ( എം.എം.എഫ്.), എം.എം.എഫ്. വസ്ത്രങ്ങൾ, ടെക്നിക്കൽ ടെക്സ്റ്റൈൽസ് തുടങ്ങിയ വളർന്നുവരുന്ന മേഖലകളെ ഇത് ഉൾക്കൊള്ളുന്നു. ആഴവും പരപ്പും കൈവരിക്കുന്നതിനു പുറമേ, ഈ മേഖലകൾക്ക് ആഗോളതലത്തിൽ മത്സരക്ഷമമാകാനും ഇതിലൂടെ കഴിയുന്നു.

2025– 26ലെ കേന്ദ്ര ബജറ്റ് പരുത്തി ഉത്പാദനക്ഷമതയ്ക്കുള്ള ദൗത്യം പ്രഖ്യാപിച്ചിട്ടുണ്ട്. പരുത്തിക്കൃഷിയുടെ ഉത്പാദനക്ഷമതയിലും സുസ്ഥിരതയിലും ഗണ്യമായ പുരോഗതി കൈവരിക്കുന്നതിനും അധികകാലം ഉപയോഗിക്കാവുന്ന പ്രധാന പരുത്തി ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അഞ്ചുവർഷത്തെ ഈ ദൗത്യം സഹായിക്കും. കേന്ദ്ര കൃഷി കർഷകക്ഷേമ മന്ത്രാലയവും ടെക്സ്റ്റൈൽസ് മന്ത്രാലയവും സംയുക്തമായാണ് ഈ ദൗത്യം നടപ്പാക്കുക.

മന്ത്രാലയത്തിന്റെ ദേശീയ ടെക്നിക്കൽ ടെക്സ്റ്റൈൽസ് ദൗത്യം ഗവേഷണവും നവീകരണവും വികസനവും, പ്രോത്സാഹനവും വിപണിവികസനവും, വിദ്യാഭ്യാസവും വൈദഗ്ധ്യവും, ടെക്നിക്കൽ ടെക്സ്റ്റൈൽസിലെ കയറ്റുമതി പ്രോത്സാഹനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. തീരുവകളിൽനിന്നു പൂർണ ഇളവുകൾ നൽകിയിട്ടുള്ള വസ്ത്രനിർമാണയന്ത്രങ്ങളുടെ പട്ടികയിൽ രണ്ടുതരം ഷട്ടിൽ



ലെസ് തറികൾ കൂടി ഇത്തവണ ബജറ്റ് കൂട്ടിച്ചേർത്തു. തുണിവ്യവസായത്തിൽ ഉപയോഗിക്കുന്നതിനുള്ള ഷട്ടിൽ ലെസ് റാപ്പിയർ തറികൾ (മിനിറ്റിൽ 650 മീറ്ററിൽ താഴെ), ഷട്ടിൽ ലെസ് ലൂം എയർ ജെറ്റ് തറികൾ (മിനിറ്റിൽ 1000 മീറ്ററിൽ താഴെ) എന്നിവയ്ക്കു നിലവിലുണ്ടായിരുന്ന 7.5% തീരുവ പൂർണമായും ഇല്ലാതാക്കി.

ഒമ്പതു താരിഫ് ലൈനുകളിൽ ഉൾപ്പെടുന്ന നെയ്ത തുണിത്തരങ്ങളുടെ അടിസ്ഥാന കസ്റ്റം തീരുവ '' 10% അല്ലെങ്കിൽ 20% '' എന്നതിൽനിന്ന് '' കിലോയ്ക്ക് 20% അല്ലെങ്കിൽ 115 രൂപ'', ഇതിൽ ഏതാണ് ഉയർന്നത് എന്ന നിലയിൽ വർധിപ്പിക്കാനുള്ള ബജറ്റ് പ്രഖ്യാപനം, കുറഞ്ഞ വിലയ്ക്ക് നെയ്ത തുണിത്തരങ്ങളുടെ ഇറക്കുമതി തടയുന്നതിലൂടെ ആഭ്യന്തര തുണിവ്യവസായത്തിനു കരുത്തേകും. ഈ നടപടി തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ശേഷീവിനിയോഗം വർധിപ്പിക്കുകയും പ്രാദേശിക ഉത്പാദനത്തിൽ നിക്ഷേപം ഉത്തേജിപ്പിക്കുകയും ചെയ്യും.

സമ്പദ്വ്യവസ്ഥയിൽ പരിവർത്തനാത്മക പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനുള്ള സങ്കേതങ്ങളിലൊന്നായി എം.എസ്.എം.ഇകളെ ബജറ്റ് വിലയിരുത്തിയിട്ടുണ്ട്. ഇന്ത്യയുടെ ടെക്സ്റ്റൈൽ വസ്ത്ര ഉൽപ്പാദന ശേഷിയുടെ ഭൂരിഭാഗവും പ്രതിനിധാനം ചെയ്യുന്നത് എം.എസ്.എം.ഇകളാണ് എന്നതിനാൽ ഇതു ടെക്സ്റ്റൈൽ മേഖലയെ സംബന്ധിച്ചു പ്രാധാന്യമർഹിക്കുന്നു. കാരണം മേഖലയുടെ 80 ശതമാനത്തിലധികവും ഉൾക്കൊള്ളുന്നതാണിവ. ഈടുപരിരക്ഷയോടുകൂടിയ വായ്പാലഭ്യതയിലെ ഗണ്യമായ വർധനയോടെ എം.എസ്.എം.ഇകൾക്കുള്ള വർഗീകരണ മാനദണ്ഡങ്ങളിലെ പരിഷ്കരണം പോലുള്ള വ്യവസ്ഥകൾ ഉയർന്ന കാര്യക്ഷമത, സാങ്കേതിക നവീകരണം, മൂലധനത്തിലേക്കുള്ള മികച്ച പ്രവേശനം എന്നിവ കൈവരിക്കാൻ അവയെ സഹായിക്കും. പുതുക്കിയ വർഗീകരണത്തോടെ, ഇപ്പോൾ കൂടുതൽ യൂണിറ്റുകൾ എം.എസ്.എം.ഇക്കു കീഴിൽ വരും.

മേൽപ്പറഞ്ഞ കാര്യപരിപാടി മുന്നോട്ടുകൊണ്ടുപോകുന്നതിനും ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായത്തിന് ഉത്തേജനം പകരുന്നതിനുമായി, 11 പ്രമുഖ വ്യവസായ സ്ഥാപനങ്ങൾചേർന്ന് ഭാരത് ടെക്സ് 2025 എന്ന ബൃഹദ് പരിപാടി സംഘടിപ്പിക്കുകയാണ്. അസംസ്കൃതവസ്തുക്കൾമുതൽ പൂർത്തിയായ ഉൽപ്പന്നങ്ങൾവരെയും, അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെ വ്യവസായ മൂല്യശൃംഖലയെ ആകെയും, ഒരൊറ്റ മേൽക്കൂരയ്ക്കു കീഴിൽ കൊണ്ടുവരുന്നതിനാൽ, വ്യാപ്തിയിലും സാധ്യതയിലും ലോകത്തിലെ ഇത്തരത്തിലുള്ള ഏറ്റവും വലിയ പരിപാടികളിൽ ഒന്നായിരിക്കും ഭാരത് ടെക്സ് 2025 . സുസ്ഥിരത, നവീകരണം, ആഗോള സഹകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ പരിപാടി പുനരുജ്ജീവനശേഷിയുള്ള ആഗോള മൂല്യശൃംഖലകൾ, തുണിത്തരങ്ങളുടെ സുസ്ഥിരത എന്നീ രണ്ടു പ്രമേയങ്ങളെ അധികരിച്ചാണു സജ്ജമാക്കിയിട്ടുള്ളത്. പ്രധാന പരിപാടി നാളെ മുതൽ 17 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. അസംസ്കൃതവസ്തുക്കൾമുതൽ പൂർത്തിയായ ഉൽപ്പന്നങ്ങൾവരെയുള്ള തുണിത്തരങ്ങളുടെ മുഴുവൻ മൂല്യശൃംഖലയും ഇതിൽ ഉൾപ്പെടും.

അതേസമയം അനുബന്ധ ഉപകരണങ്ങൾ, വസ്ത്രയന്ത്രങ്ങൾ, ചായങ്ങൾ, രാസവസ്തുക്കൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ പ്രദർശനങ്ങൾ 15 വരെ ഇന്ത്യ എക്സ്പോ സെന്ററിലും മാർട്ട് ഗ്രേറ്റർ നോയിഡയിലും നടക്കും. നയപരമായ പിന്തുണ നിലവിൽ വരുന്നതോടെ, അസംസ്കൃതവസ്തുക്കളുടെ മൂല്യശൃംഖലയിലാകെ ഇന്ത്യയെ സ്വയംപര്യാപ്തമാക്കുന്നതിനും, കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും, ആഭ്യന്തര വിപണി വലിപ്പവും കയറ്റുമതിയും വർധിപ്പിക്കുന്നതിനും, വലിയ തോതിലുള്ള ഉപജീവന അവസരങ്ങൾ ഉറപ്പാക്കുന്നതിനുള്ള സാധ്യതകൾ വിപുലീകരിക്കുന്നതിനുമുള്ള ശ്രമങ്ങൾ കൂടുതൽ ഊർജസ്വലമാക്കേണ്ടതുണ്ട്.

### നെന്മാറ ഇരട്ടക്കൊലയും ഒറ്റപ്പെട്ട സംഭവം!

## കേരളം ക്രമസമാധാനത്തിൽ ഒന്നാമതെന്നു മുഖ്യമന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ ക്രമസമാധാനം തകർന്നെന്നും പോലീസ് ക്രിമിനൽവത്കരിക്കപ്പെട്ടെന്നും നിയമസഭയിൽ പ്രതിപക്ഷാരോപണം. രാജ്യത്ത് ക്രമസമാധാനം ഏറ്റവും ഭദ്രമായ സംസ്ഥാനമാണു കേരളമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. പാലക്കാട്, നെന്മാറയിൽ ജാമ്യവ്യവസ്ഥ ലംഘിച്ച കൊലക്കേസ് പ്രതി വീണ്ടും കൊലപാതകം നടത്തിയതു സംബന്ധിച്ച് എൻ. ഷംസുദ്ദീന്റെ അടിയന്തരപ്രമേയാനുമതി നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽനിന്ന് ഇറങ്ങിപ്പോയി.

കൊല്ലപ്പെട്ട സ്ത്രീയുടെ മക്കൾ പരാതിപ്പെട്ടിട്ടും പോലീസ് നിഷ്ക്രിയരായിരുന്നതാണു നെന്മാറയിൽ വീണ്ടുമൊരു കൊലപാതകത്തിനു കാരണമായതെന്നു നോട്ടീസ് നൽകിയ ഷംസുദ്ദീനും പ്രതിപക്ഷനേതാവ് വി.ഡി. സതീശനും കുറ്റപ്പെടുത്തി. ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാട്ടി പോലീസിനെ ആകെ അപമാനിക്കാനാണ് പ്രതിപക്ഷശ്രമമെന്നു നോട്ടീസിന് മറുപടി നൽകിയ മുഖ്യമന്ത്രി പിണറായി വിജയൻ ആരോപിച്ചു. നെന്മാറയിലെ പ്രതി ജാമ്യവ്യവസ്ഥ ലംഘിച്ചിട്ടും പോലീസ് ഒന്നും ചെയ്തില്ലെന്ന പ്രതിപക്ഷാരോപണത്തിന്, കോടതിയാണു ജാമ്യവ്യവസ്ഥയിൽ ഇളവുനൽകിയതെന്നായിരുന്നു മറുപടി. ജാമ്യവ്യവസ്ഥ ലംഘിച്ചാൽ കോടതിയെ അറിയിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ നിലവിൽ പോലീസിനു കഴിയില്ല. ഇക്കാര്യത്തിൽ എന്ത് ചെയ്യാനാകുമെന്നതു പരിശോധിക്കപ്പെടണം. ജാമ്യവ്യവസ്ഥ ലംഘിച്ചാൽ അറസ്റ്റ് ചെയ്യാനുള്ള അധികാരം പോലീസിന് നൽകണോയെന്ന് എല്ലാവരും ആലോചിക്കണം. നെന്മാറ സംഭവം മാത്രം പരിഗണിച്ച് അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതു ശരിയല്ല. പ്രതി ചെന്താമര അങ്ങേയറ്റം ക്രിമിനലാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല. അയാളെ ന്യായീകരിക്കാനല്ല സർക്കാർ നിൽക്കുന്നത്. പരാതി ഗൗരവത്തോടെ കൈകാര്യം ചെയ്യാതിരുന്നതു പോലീസിന്റെ വീഴ്ചയാണ്. ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥനെതിരേ നടപടിയെടുത്തു, ഇനി എന്തൊക്കെയെന്ന് അന്വേഷണത്തിനുശേഷമേ അറിയാനാകൂ. പരമാവധി ശിക്ഷ ഉറപ്പാക്കുന്ന നടപടികളുണ്ടാകും.

പത്തനംതിട്ടയിൽ വിവാഹ പാർട്ടി ആക്രമിക്കപ്പെട്ടതും സംഭവിക്കാൻ പാടില്ലാത്തതാണ്. അതിലും അന്വേഷണം നടക്കുന്നു. ഉത്തരവാദികളെ സസ്പെൻഡ് ചെയ്തു. സർക്കാർ എന്നും ഇരകൾക്കൊപ്പമാണ്. പോലീസിനു തെറ്റ് പറ്റിയാൽ ന്യായീകരിക്കാൻ ശ്രമിച്ചിട്ടില്ല. പോലീസ് ഗുണ്ടകളെ സംരക്ഷിക്കുന്ന കാലം കഴിഞ്ഞു. ഗുണ്ടകൾക്കെതിരേ ഫലപ്രദമായ നടപടി സ്വീകരിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി അവകാശപ്പെട്ടു.

### സ്വൈരവിഹാരം നടത്തുന്ന ഗുണ്ടകൾ 2000: സതീശൻ

ക്രമസമാധാനം ഇത്രയും തകർന്ന കാലം മുമ്പുണ്ടായിട്ടില്ലെന്നു ഷംസുദ്ദീൻ ആരോപിച്ചു. കൊലക്കത്തികളിൽനിന്ന് സംരക്ഷണം നൽകാൻ കഴിയാത്ത വിധത്തിൽ പോലീസ് നിസ്സഹായരായി. നെന്മാറയിൽ രണ്ട് ജീവൻ പൊലിഞ്ഞതു പോലീസിന്റെ അനാസ്ഥ മൂലമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. 2000 ഗുണ്ടകൾ കേരളത്തിൽ സ്വൈരവിഹാരം നടത്തുന്നുവെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ഇറങ്ങിപ്പോക്ക് പ്രസംഗത്തിൽ ആരോപിച്ചു. ഗുണ്ടകൾ സമ്മേളനം നടത്തുന്നു. സി.പി.എം. മാലയിട്ട് സ്വീകരിച്ച കാപ്പാ കേസ് പ്രതി നഗരഹൃദയത്തിൽ വാഹനം കൊണ്ടിട്ട് കേക്ക് മുറിക്കുന്നു. എസ്.എഫ്.ഐ. പ്രവർത്തകനെ കൊല്ലാൻ ശ്രമിച്ച കേസിലും പ്രതിയാണയാൾ. ഗുണ്ടാവിരുന്നിനു പോലീസ് സംരക്ഷണമൊരുക്കുന്നു. ക്രിമിനൽ ബന്ധമുള്ള പോലീസുകാരുടെ എണ്ണം വർധിക്കുന്നതായും സതീശൻ ആരോപിച്ചു.

## ജൽജീവൻ മിഷൻ വഴി വെള്ളമെത്തിക്കും: മന്ത്രി റോഷി

തിരുവനന്തപുരം: സംസ്ഥാനത്ത് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനു സുസ്ഥിര വികസന സ്രോതസുകളെ ആശ്രയിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ നിയമസഭയിൽ അറിയിച്ചു. ജലജീവൻ മിഷന്റെ ഭാഗമായി അടുത്ത ഒരുവർഷത്തിനുള്ളിൽ 85–90% പ്രദേശങ്ങളിലും വെള്ളം എത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കി. തിരുവഞ്ചൂരിന്റെ ഉപക്ഷേപത്തിനു മറുപടി നൽകുകയായിരുന്നു മന്ത്രി.

നിലവിലുള്ള പദ്ധതികളിൽ നിന്ന് വെള്ളം കൊടുത്ത് ശുദ്ധജല വിതരണം സാധ്യമല്ലെന്ന് മന്ത്രി പറഞ്ഞു. അതുകൊണ്ട് സുസ്ഥിര സ്രോതസുകളിലാണ് ശ്രദ്ധിക്കുന്നത്. അതിന്റെ ഭാഗമായാണ് മീനച്ചിൽ വാലി പദ്ധതി നടപ്പാക്കുന്നത്. മൂവാറ്റുപുഴയ്ക്കും മറ്റും ഒരു തുള്ളി വെള്ളം നഷ്ടം ഇല്ലാതെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് –മന്ത്രി പറഞ്ഞു.



● കുട്ടനെല്ലൂർ പൂരത്തിന്റെ ഭാഗമായി ക്ഷേത്രക്കുളത്തിൽ നടന്ന കുട്ടനെല്ലൂർ - വളർക്കാവ് ഭഗവതിമാരുടെ കൂടിയാറാട്ട്.

## കുട്ടനെല്ലൂർ പൂരം നാളെ

തൃശൂർ: മധ്യകേരളത്തിലെ പൂരങ്ങളിൽ പ്രധാനപ്പെട്ട കുട്ടനെല്ലൂർ പൂരം 14ന് ആഘോഷിക്കും. വ്യാഴം രാവിലെ ഒമ്പതിന് കൊടിക്കൽ പറ നടക്കും. 14ന് ഉച്ചതിരിഞ്ഞ് മൂന്നിന് ഏഴ് ആനകളുടെ അകമ്പടിയോടെ നടക്കുന്ന ആറാട്ടിനെഴുന്നള്ളിപ്പിന് പെരുവനം കുട്ടൻ മാരാരുടെ പാണ്ടിമേളം അകമ്പടിയാകും. ആറാട്ടിനുശേഷം ക്ഷേത്രത്തിൽ വിശേഷാൽ പൂജകളും ശ്രീഭൂതബലി അടക്കമുള്ള ചടങ്ങുകളും നടക്കും. വൈകിട്ട് 7.30ന് കുമരപുരം വിനോദ് മാരാരുടെ മേള അകമ്പടിയിൽ വീമ്പിൽ ശാസ്താവിന്റെ എഴുന്നള്ളിപ്പ്, 8.30ന് സദനം കൃഷ്ണപ്രസാദിന്റെ മേളത്തോടെ ചേമ്പൂര് ശാസ്താവിന്റെ എഴുന്നള്ളിപ്പ്, തുടർന്ന് മേലേടത്ത് മനക്കൽ ഇറക്കി പൂജയ്ക്ക് ശേഷം അയിലൂർ അനന്തനാരായണന്റെ പഞ്ചവാദ്യ അകമ്പടിയോടെ മുളയം പനങ്ങാട്ടുകര ശാസ്താവിന്റെ എഴുന്നള്ളിപ്പ് എന്നിവയുണ്ടാവും.

രാത്രി 12.30ന് കുട്ടനെല്ലൂർ ഭഗവതി ക്ഷേത്രത്തിനകത്ത് മൂന്ന് ആനകളുടെ അകമ്പടിയോടെ എഴുന്നള്ളും. വിസ്തരിച്ച് കേളി, കുഴൽപറ്റ്, കൊമ്പ് പറ്റ് എന്നിവയ്ക്ക് ശേഷം ശനിയാഴ്ച വെളുപ്പിന് മൂന്നിന് പുറത്തേക്കെഴുന്നള്ളും. തുടർന്നുള്ള പത്തുനാഴിക പഞ്ചാരിമേളത്തിന് പെരുവനം കുട്ടൻ മാരാർ നേതൃത്വം നൽകും. കുറുംകുഴലിൽ വെളപ്പായ നന്ദനനും ഇലത്താളത്തിൽ ഏഷ്യാഡ് ശശിമാരാരും വലംതലയിൽ പെരുവനം ഗോപാലകൃഷ്ണനും കൊമ്പിന് കുമ്മത്ത് രാമൻകുട്ടി നായരും പ്രമാണിമാരാകും. തിരുവാണിക്കാവ് രാജഗോപാലൻ തിടമ്പേറ്റും. മേളത്തിന് ശേഷം മണ്ഡപത്തിൽ എഴുന്നള്ളിയിരിക്കുന്ന ഭഗവതിയെ ശനി വൈകിട്ട് നടക്കുന്ന ഉത്രം പാട്ടിന് ശേഷം അകത്തേക്ക് എഴുന്നള്ളിക്കുന്നതോടെ പൂര ചടങ്ങുകൾക്ക് സമാപനമാകും.

# യുവാവ് വലിച്ചെറിഞ്ഞ മാലിന്യം നഗരസഭ വീട്ടിലെത്തിച്ച് നൽകി

● ഡെലിവറി ചാർജിനു പകരം 5000 രൂപ പിഴ

കുന്നംകുളം: നഗരസഭയുടെ പട്ടാമ്പി മെയിൻ റോഡിൽ മൃഗാശുപത്രിക്ക് സമീപം ഐ.ടി.ഐ. ഉദ്യോഗസ്ഥനായ യുവാവ് വലിച്ചെറിഞ്ഞ മാലിന്യം നഗരസഭ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ തിരിച്ച് വീട്ടിലെത്തിച്ച് നൽകി പിഴ ഈടാക്കി. ഇന്നലെ രാവിലെ ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ കുന്നംകുളം നഗരസഭാ ശുചീകരണ വിഭാഗം ജീവനക്കാരനായ പ്രസാദിനാണ് റോഡരികിൽനിന്ന് പ്രത്യേക പെട്ടിയിലാക്കി പാക്ക് ചെയ്ത നിലയിൽ മാലിന്യം ലഭിച്ചത്. ആരോഗ്യ വിഭാഗത്തെ വിവരം അറിയിച്ചതിനെ തുടർന്ന് പൊതുജനാരോഗ്യ പരിസ്ഥിതി പരിപാലന വിഭാഗം ക്ലീൻ സിറ്റി മാനേജർ ആറ്റ്ലി പി. ജോൺ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ എം.എസ്. ഷീബ, പി.പി. വിഷ്ണു എന്നിവർ സ്ഥലത്തെത്തി പരിശോധന നടത്തി.

ഭക്ഷണ- ശീതളപാനീയ അവശിഷ്ടങ്ങളാണ് ഭംഗിയായി പൊതിഞ്ഞ് പാക്ക് ചെയ്ത് റോഡിൽ തള്ളിയ നിലയിൽ കണ്ടെത്തിയത്. മാലിന്യത്തിൽനിന്ന് ലഭിച്ച മേൽവിലാസം ഉൾപ്പെടെയുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ മാലിന്യം നിക്ഷേപിച്ച വ്യക്തിയെ ഫോണിൽ ബന്ധപ്പെട്ടു. കൊറിയർ ഉണ്ടെന്ന് പറഞ്ഞാണ് നഗരസഭ ആരോഗ്യ വിഭാഗം വ്യക്തിയെ ബന്ധപ്പെട്ടത്. ലൊക്കേഷൻ അയച്ചു തന്നതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ വ്യക്തിയുടെ വീട് കണ്ടെത്തി. വീട്ടിലെത്തിയപ്പോൾ അൽസേഷ്യൻ നായയാണ് ഉദ്യോഗസ്ഥരെ വരവേറ്റത്. പിന്നീട് പ്രായമുള്ള സ്ത്രീ ഇറങ്ങിവന്ന് നായയെ കൂട്ടിലാക്കി. കൊറിയർ ഉണ്ടെന്ന് പറഞ്ഞ് ഉദ്യോഗസ്ഥർ ചെറുമകനെ വിളിച്ചുവരുത്തി.

അപ്പോഴാണ് ബാംഗ്ലൂർ ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന കുന്നംകുളം കണിയാമ്പൽ സ്വദേശിയാണ് മാലിന്യം റോഡരികിൽ തള്ളിയതെന്ന് കണ്ടെത്തിയത്. ഉദ്യോഗസ്ഥർ സ്നേഹപൂർവം യുവാവ് റോഡിൽ വലിച്ചെറിഞ്ഞ മാലിന്യ പാക്കറ്റ് തിരികെ നൽകിയപ്പോഴാണ് യുവാവിന് കാര്യം പിടികിട്ടിയത്. തുടർന്ന് നിക്ഷേപിച്ച മാലിന്യം തിരികെ വീട്ടിൽ ഏൽപ്പിച്ചു. നോട്ടീസ് നൽകിയതോടെ പലതരം ന്യായവാദങ്ങളും പറഞ്ഞ് രക്ഷപ്പെടാനാണ് യുവാവ് ശ്രമിച്ചത്.

പിന്നീട് 5000 രൂപ പിഴ ഈടാക്കിയപ്പോഴാണ് മാലിന്യം വലിച്ചെറിഞ്ഞാൽ ഇങ്ങനെയും പണി കിട്ടുമെന്ന് യുവാവിന് മനസിലായത്. നായയെ മൃഗാശുപത്രിയിൽ ഡോക്ടറെ കാണിക്കാൻ കൊണ്ടുവന്നപ്പോഴാണ് ആരുമറിയാതെ മാലിന്യ പാക്കറ്റ് റോഡിൽ നിക്ഷേപിച്ചത്. സംഭവത്തിൽ കുറ്റബോധം അനുഭവപ്പെട്ട യുവാവിന്റെ അഭ്യർഥന മാനിച്ച് നഗരസഭ ആരോഗ്യ വിഭാഗം ബംഗ്ലൂർ ഐ.ടിക്കാരനായ യുവാവിന്റെ പേര് പുറത്ത് വിട്ടില്ല.



● കുന്നംകുളത്ത് വലിച്ചെറിഞ്ഞ മാലിന്യം നഗരസഭ ക്ലീൻ സിറ്റി മാനേജർ ആറ്റ്ലി പി. ജോണിന്റെ നേതൃത്വത്തിൽ സ്വകാര്യ വ്യക്തിക്ക് വീട്ടിലെത്തി കൈമാറുന്നു.

# കാടു നീക്കാൻ എസ്റ്റേറ്റുകളുടെ ഉടമകൾക്ക് നോട്ടീസ്; മൃഗങ്ങൾക്ക് കാട്ടിൽ ഭക്ഷണവും വെള്ളവും

● 10 മിഷനുകൾക്കു രൂപംനൽകി വനംവകുപ്പ്

തിരുവനന്തപുരം: കാടു പിടിച്ചുകിടക്കുന്ന എസ്റ്റേറ്റുകളുടെ ഉടമകൾക്ക് അടിയന്തരമായി കാടു നീക്കം ചെയ്യാൻ നോട്ടീസ് നൽകുന്നതിനു വനം വകുപ്പ് തീരുമാനിച്ചു. മനുഷ്യ-വന്യജീവി സംഘർഷം ഏറിവരുന്ന സാഹചര്യത്തിൽ നടന്ന ഉന്നതതല യോഗത്തിലാണു തീരുമാനം. 10 മിഷനുകൾക്കും യോഗം രൂപം നൽകി.

മറ്റു തീരുമാനങ്ങൾ:

-വനത്തിലൂടെ കടന്നുപോകുന്ന റോഡുകൾക്കിരുവശവും അടിക്കാടുകൾ വെട്ടിത്തെളിച്ചു വസ്തു ക്ലിയറൻസ് നടത്തുന്നതിനു നിർദേശം നൽകും. വേനൽകാലത്തു വനമേഖലയിലൂടെ യാത്ര ചെയ്യുന്നവരും വനത്തിനടുത്തു താമസിക്കുന്നവരും ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങളെക്കുറിച്ചു ബോധവത്കരണം നടത്തും.

-ജനവാസ മേഖലകൾക്കരികിൽ വന്യമൃഗങ്ങളുടെ സാന്നിധ്യം നിരീക്ഷിക്കുന്നതിനു റിയൽ ടൈം മോണിറ്ററിങ് സംവിധാനം ഏർപ്പെടുത്തും.

-സംസ്ഥാനത്തു പ്രവർത്തിക്കുന്ന 28 റാപ്പിഡ് റെസ്പോൺസ് ടീമുകൾക്ക് ആധുനിക ഉപകാരങ്ങളും സംവിധാനങ്ങളും ലഭ്യമാക്കാൻ എസ്.ഡി.എം.എയ്ക്കു സമർപ്പിച്ച പ്രൊപ്പോസലിൽ തുടർ നടപടി ത്വരിതപ്പെടുത്തും.

-വനപാതകളിൽ രാത്രിയാത്ര നടത്തുന്നവർക്കു ജാഗ്രതാ നിർദേശം.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനാണ് 10 മിഷനുകൾക്കു രൂപം നൽകുന്നത്.

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ ഉറപ്പുവരുത്തുന്നതിനുമായി മിഷൻ ഫുഡ്, ഫോഡർ, വാട്ടർ പദ്ധതി ആരംഭിക്കും.

വനാന്തരങ്ങളിലെ കുളങ്ങളും ചെക്ക് ഡാമുകളും മറ്റു ജലസംഭരണികളും സംഭരണശേഷി വർധിപ്പിക്കുന്നതിനുള്ള പണികൾ നടത്തി വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കും. വനമേഖലകളിൽ പടർന്നുപിടിച്ചിട്ടുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്തും. തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും ഭക്ഷണലഭ്യത ഉറപ്പുവരുത്തി വന്യമൃഗങ്ങളെ വനാന്തരങ്ങളിൽതന്നെ നിലനിർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ നോഡൽ ഓഫീസറായി ഫോറസ്റ്റ് കൺസർവേറ്റർ ഡി.കെ. വിനോദ്കുമാറിനെ നിയമിച്ചു.


■ ജീവ


■ റിജിൽജിത്ത്


■ രാഹുൽ രാജ്


■ വിവേക്


■ സാമുവൽ

# നഴ്സിങ് കോളജ് റാഗിങ് : 5 വിദ്യാർഥികൾ അറസ്റ്റിൽ

കോട്ടയം: സ്കൂൾ ഓഫ് നഴ്സിങ് കോളജിലെ ഒന്നാം വർഷ ജനറൽ നഴ്സിങ് വിദ്യാർഥികളെ റാഗിങ്ങിനു വിധേയരാക്കിയ അഞ്ചു സീനിയർ വിദ്യാർഥികൾ അറസ്റ്റിൽ. മൂന്നിലവ് കീരിപ്ലാക്കൽ സാമുവൽ (20), വയനാട് നടവയൽ പുൽപ്പള്ളി ഞാവലത്ത് ജീവ (19), മലപ്പുറം മഞ്ചേരി കച്ചേരിപ്പടി റിജിൽജിത്ത് (20), വണ്ടൂർ കരുമാരപ്പറ്റ രാഹുൽ രാജ് (22), കോരുത്തോട് മടുക്ക നെടുങ്ങാട് വിവേക് (21) എന്നിവരെയാണ് ഗാന്ധിനഗർ പോലീസ് അറസ്റ്റ് ചെയ്തത്.

മെഡിക്കൽ കോളജിനു കീഴിലുള്ള ഗവ. നഴ്സിങ് കോളജിലെ ആൺകുട്ടികളുടെ ഹോസ്റ്റലിൽ 90 ദിവസങ്ങളായി നടന്ന കടുത്ത പീഡന വിവരങ്ങൾ കഴിഞ്ഞ ദിവസം പുറത്തുവന്നതിനു പിന്നാലെ അഞ്ചു വിദ്യാർഥികളെയും കസ്റ്റഡിയിലെടുത്തിരുന്നു. ആറ് ഒന്നാം വർഷ വിദ്യാർഥികളാണ് റാഗിങ്ങിന് വിധേയരായത്. ഇരകളായവരിൽ മൂന്നുപേരുടെ പരാതിയിലാണ് നടപടി. റാഗിങ്ങിന് ഇരയായ വിദ്യാർഥികളിലൊരാളുടെ പിതാവാണ് വിവരം ആദ്യം കോളജിൽ അറിയിക്കുന്നത്.

പ്രതികളായ വിദ്യാർഥികളെ സംഭവത്തിനു പിന്നാലെ സസ്പെൻഡ് ചെയ്തു. ഒന്നാം വർഷ ക്ലാസ് ആരംഭിച്ച നവംബർ നാലു മുതൽ വിദ്യാർഥികൾ റാഗിങ്ങിനു വിധേയരായരുന്നു. നഗ്നരാക്കി കട്ടിലിൽ കെട്ടിയിട്ട് കോമ്പസ് ഉപയോഗിച്ച് ശരീരത്തിൽ മുറിവുകളുണ്ടാക്കി അതിൽ ലോഷൻ ഒഴിച്ചും വേദനകൊണ്ടു പുളയുമ്പോൾ വായിലും ദേഹത്തും ക്രീം തേച്ചു പിടിപ്പിച്ചുമായിരുന്നു പീഡനം. സ്വകാര്യ ഭാഗങ്ങളിൽ ഡമ്പൽ തൂക്കിയിടുക, കഴുത്തിൽ കത്തിവച്ച് ഭീഷണിപ്പെടുത്തുക തുടങ്ങിയ പീഡനങ്ങൾക്കും ഇവർ വിധേയരായി. ഒന്നാം വർഷ വിദ്യാർഥികളിൽ നിന്നു പണം വാങ്ങി മദ്യപിക്കുന്നതും പതിവായിരുന്നു.

കഴിഞ്ഞ ദിവസം റാഗിങ്ങിന് വിധേയനായ ഒരു വിദ്യാർഥിയോട് പ്രതികൾ പണം ആവശ്യപ്പെടുകയും നൽകാൻ കഴിയാതെ വന്നതോടെ ക്രൂരമായി മർദിക്കുകയും ചെയ്തു. പരുക്കേറ്റ വിദ്യാർഥി മാതാപിതാക്കളെ വിവരമറിയിച്ചതോടെയാണ് സംഭവം പുറത്തുവരുന്നത്.

തുടർന്നാണ് രക്ഷിതാക്കളുടെ നിർദേശപ്രകാരം മൂന്നുപേർ ഗാന്ധിനഗർ പൊലിസിൽ പരാതി നൽകിയത്. ഗാന്ധിനഗർ എസ്.എച്ച്.ഒ. ടി. ശ്രീജിത്തിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പ്രാഥമിക അന്വേഷണത്തിൽത്തന്നെ റാഗിങ്ങിന്റെ നടുക്കുന്ന ദൃശ്യങ്ങൾ പൊലിസിന് ലഭിച്ചു. തുടർന്നാണ് അടിയന്തര നടപടികളുമായി മുമ്പോട്ട് പോയതെന്ന് ഗാന്ധിനഗർ എസ്.എച്ച്.ഒ. പറഞ്ഞു. പ്രതികളുടെ ഫോണിൽ നിന്നാണ് ദൃശ്യങ്ങൾ ലഭിച്ചത്. കോടതിയിൽ ഹാജരാക്കേണ്ടതിനാൽ ഇവ പുറത്തുവിട്ടിട്ടില്ല. സംഭവത്തിൽ പഴുതടച്ച അന്വേഷണം നടത്തുമെന്ന് എസ്.എച്ച്.ഒ. പറഞ്ഞു. പ്രതികളെ കോടതിയിൽ ഹാജരാക്കി.

# പള്ളിയിൽ പ്രാർഥിക്കാൻ പോയി: കാറിന്റെ ചില്ല് തകർത്ത് ഏഴ് ലക്ഷത്തോളം രൂപ കവർന്നു

കേച്ചേരി: പേരാമംഗലത്ത് കാറിന്റെ ചില്ല് തകർത്ത് ഏഴ് ലക്ഷത്തോളം രൂപ കവർന്നു. ചൊവ്വാഴ്ച രാത്രി 9.30നാണ് സംഭവം. തൃശൂരിലെ എ.എസ്. ട്രേഡേഴ്സ് സ്ഥാപനത്തിലെ ജീവനക്കാരൻ പേരാമംഗലം സ്വദേശി കടവി ജോർജിന്റെ വാഹനത്തിൽനിന്നാണ് പണം കവർന്നത്. രാത്രി കടയടച്ചതിനുശേഷം വീട്ടിലേക്ക് വരുന്നതിനിടെ ഒമ്പതരയോടെ കാർ നിർത്തി പേരാമംഗലം പള്ളിയിൽ പ്രാർഥിക്കാനായി പോയി തിരികെ വന്നപ്പോഴാണ് കാറിന്റെ ചില്ല് തകർത്ത് പണം മോഷ്ടിച്ച വിവരം അറിയുന്നത്. എ.എസ്. ട്രേഡേഴ്സ് സ്ഥാപനം ഉടമ സ്ഥലത്ത് ഇല്ലാത്തതിനെ തുടർന്നാണ് ജീവനക്കാരൻ ജോർജ് അന്നത്തെ കളക്ഷൻ വീട്ടിലേക്ക് കൊണ്ടുവന്നത്. കാറിന്റെ ഇടതുവശത്തെ ചില്ല് തകർത്താണ് മോഷ്ടാവ് പണം കവർന്നത്. സംഭവത്തിൽ പേരമംഗലം പോലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് മേഖലയിലെ സി.സി.ടിവി കാമറകൾ ഉൾപ്പെടെ കേന്ദ്രീകരിച്ച് മോഷ്ടാവിനായി അന്വേഷണം ആരംഭിച്ചു.



● ഏഴ് ലക്ഷം രൂപ കവർന്ന കാറിന്റെ ചില്ല് തകർത്ത നിലയിൽ.

## ടി.വി. ചന്ദ്രമോഹൻ യു.ഡി.എഫ്. തൃശൂർ ജില്ലാ ചെയർമാൻ

തൃശൂർ: യു.ഡി.എഫ്. തൃശൂർ ജില്ലാ ചെയർമാനായി ടി.വി. ചന്ദ്രമോഹനനെ ചുമതലപ്പെടുത്തി. മുൻ കുന്നംകുളം എം.എൽ.എയായ ടി.വി. ചന്ദ്രമോഹൻ ഗുരുവായൂർ ദേവസ്വം ചെയർമാനുമായിട്ടുണ്ട്. കോൺഗ്രസിന്റെ ജില്ലയിലെ പ്രമുഖ നേതാക്കളിലൊരാളായ ടി.വി. ചന്ദ്രമോഹൻ രാഷ്ട്രീയ എതിരാളികൾക്കുപോലും പൊതുസ്വീകാര്യനായ സൗമ്യതയുള്ള നേതാവാണ്.

ലോക്സഭാ തെരഞ്ഞെടുപ്പിലെ പരാജയത്തിന് ശേഷം കോൺഗ്രസിൽ പരസ്യ വിഴുപ്പലുക്കൽ തുടരുകയും പൊട്ടിത്തെറിയിൽ കലാശിക്കുകയും ചെയ്തു. ഇതോടെ അന്നത്തെ ഡി.സി.സി. പ്രസിഡന്റ്, യു.ഡി.എഫ്. ചെയർമാൻ എന്നിവർ രാജി വെച്ചു. അതിനു ശേഷം ഒഴിച്ചിട്ട യു.ഡി.എഫ്. ചെയർമാൻ സ്ഥാനത്തേക്കാണ് ടി.വി. ചന്ദ്രമോഹനെ ചുമതലപ്പെടുത്തിയത്.

## മാണിസം യൂത്ത് കോൺക്ലേവ് നാളെ മുതൽ 16 വരെ

കോട്ടയം: യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മാണിസം യൂത്ത് കോൺക്ലേവ് നാളെ മുതൽ 16 വരെ മാമ്മൻ മാപ്പിള ഹാളിൽ നടക്കും. 15നു വൈകിട്ടു മുൻകാല സംസ്ഥാന ഭാരവാഹികൾ, ജില്ലാ പ്രസിഡന്റുമാർ എന്നിവരെ ആദരിക്കും. സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴികാടൻ അധ്യക്ഷത വഹിക്കും. കേരളാ കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്യും. കെ.എം. മാണി യൂത്ത് ബ്രിഗേഡ് പ്രവർത്തകർക്കായി സംഘടിപ്പിക്കുന്ന 30 മണിക്കൂർ നീളുന്ന പ്രത്യേക പരിശീലന പരിപാടിയുടെ ഉദ്ഘാടനം കോൺക്ലേവിൽ നിർവഹിക്കും. പത്രസമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴികാടൻ, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ഷേയ്ഖ് അബ്ദുള്ള, ദീപക് മാമ്മൻ മത്തായി, ബിറ്റു വൃന്ദാവൻ എന്നിവർ പരിപാടികൾ വിശദീകരിച്ചു.



■ കുംഭമാസ പൂജകൾക്കായി ശബരിമല നട തന്ത്രി കണ്ഠരര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി തുറക്കുന്നു.

## കുംഭമാസ പൂജ: ശബരിമല നട തുറന്നു

ശബരിമല: കുംഭമാസ പൂജകൾക്കായി ശബരിമല നട തുറന്നു. തന്ത്രി കണ്ഠരര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്നു ദീപം തെളിയിച്ചു. ഇന്നു പുലർച്ചെ അഞ്ചിനു നട തുറക്കും. പൂജകൾ പൂർത്തിയാക്കി 17 നു രാത്രി 10 നു നടയടയ്ക്കും.

## സജ്ജൻകുമാർ കുറ്റക്കാരനെന്ന് കോടതി

ന്യൂഡൽഹി: 1984-ലെ സിഖ്വിരുദ്ധ കലാപത്തിനിടെ രണ്ടുപേരെ കൊലപ്പെടുത്തിയ കേസിൽ മുൻകോൺഗ്രസ് എം.പി. സജ്ജൻകുമാർ കുറ്റക്കാരനെന്നു കോടതി. പ്രത്യേക കോടതി ജഡ്ജി കാവേരി ബാവെജ ഈ മാസം 18-ന് ശിക്ഷ പ്രഖ്യാപിക്കും. 1984 നവംബർ ഒന്നിന് ഡൽഹിയിലെ സരസ്വതി വിഹാറിൽ വച്ച് ജസ്വന്ത് സിങ്, മകൻ തരുൺദീപ് സിങ് എന്നിവരെ കൊലപ്പെടുത്തിയ സംഭവത്തിലാണു സജ്ജൻകുമാർ കുറ്റക്കാരനാണെന്നു കോടതി കണ്ടെത്തിയത്.

## ഹാർവാഡിലെ സമ്മേളനത്തിൽ നിതാ അംബാനി

മുംബൈ: അമേരിക്കയിലെ പ്രശസ്തമായ ഹാർവാഡ് സർവകലശാലയിലെ ഈവർഷത്തെ ഇന്ത്യാ കോൺഫറൻസിൽ റിലയൻസ് ഫൗണ്ടേഷൻ ചെയർപേഴ്സൺ നിതാ അംബാനി മുഖ്യപ്രഭാഷണം നടത്തും. ഹാർവാഡ് ബിസിനസ് സ്കൂളിന്റെ മുൻ ഡീൻ നിതിൻ നോഹ്റിയയുമായി നടത്തുന്ന ചർച്ചയിൽ ഇന്ത്യയുടെ കല, സംസ്കാരം എന്നിവയ്ക്ക് എങ്ങനെ ഇന്ത്യയെ പുറംലോകത്ത് ശക്തമായ നിലയിലെത്തിക്കാൻ സാധിക്കുമെന്നു വിശദീകരിക്കും. 15, 16 തീയതികളിൽ നടക്കുന്ന സമ്മേളനത്തിൽ ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുക്കും.

## പ്രോജക്ട് ഫെലോ ഒഴിവ്

തൃശൂർ: പീച്ചി വന ഗവേഷണ കേന്ദ്രത്തിൽ പ്രോജക്ട് ഫെലോയുടെ ഒഴിവുണ്ട്. ജീവശാസ്ത്ര (ബയോളജി, സുവോളജി, ബോട്ടണി, പരിസ്ഥിതി പഠനം, വൈൽഡ് ലൈഫ് സയൻസ്) വിഷയങ്ങളിൽ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദവും വന്യജീവികളുമായി ബന്ധപ്പെട്ട ഫീൽഡ് ഗവേഷണത്തിൽ ഒരു വർഷത്തെ പരിചയവുമാണ് അടിസ്ഥാന യോഗ്യത. കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുള്ള അറിവ്, വനം തദ്ദേശ വകുപ്പുകൾ, മനുഷ്യ- വന്യ ജീവി സംഘർഷം ഇവയുമായി ബന്ധപ്പെട്ട ഫീൽഡ് ഗവേഷണ പരിചയം എന്നിവ അഭിലഷണീയ യോഗ്യതയായി കണക്കാക്കും. പ്രതിമാസ വേതനം 22000 രൂപ. പ്രായ പരിധി 36 വയസ്. യോഗ്യതയുള്ള ഉദ്യോഗാർഥികൾ ഇന്ന് രാവിലെ പത്തിന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം പീച്ചി വന ഗവേഷണ കേന്ദ്രത്തിലെ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

## സർക്കാർ തീരുമാനം സ്വാഗതം ചെയ്ത് കേരള വേലൻ മഹാസഭ

വൈക്കം: പട്ടികജാതി വിഭാഗങ്ങളെ ഉപവിഭാഗങ്ങളായി തിരിച്ച് ക്രീമിലെയർ ഏർപ്പെടുത്താനുള്ള സുപ്രീം കോടതി ഭരണഘടനാ ബെഞ്ചിന്റെ വിധി തല്കാലം നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന സംസ്ഥാനസർക്കാർ തീരുമാനം സ്വാഗതാർഹകവുമാണെന്ന് കേരള വേലൻ മഹാസഭ സംസ്ഥാന കമ്മിറ്റി. ഈ വിഷയവുമായി ബന്ധപ്പെട്ട് പട്ടികജാതി സംഘടനകൾ തുടർസമരങ്ങൾ സംഘടിപ്പിക്കുകയും നിയമപരമായി വഴികളിലേക്ക് കടക്കുകയും ചെയ്തിരുന്നു. പ്രധാനമന്ത്രി, ഗവർണർ, മുഖ്യമന്ത്രി, പട്ടികജാതി മന്ത്രി ഉൾപ്പെടെ നിവേദനങ്ങൾ നൽകിയും എം.പി, എം.എൽ.എമാരെ നേരിൽ കണ്ടും പ്രതിഷേധം അറിയിക്കുകയും സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തതിരുന്നു.

കേരള വേലൻ മഹാസഭ സംസ്ഥാന പ്രസിഡന്റ് ആർ. മുരളി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എം.എസ്. ബാഹുലേയൻ, വൈസ് പ്രസിഡന്റുമാരായ എ. മനോജ്, ജോഷി പരമേശ്വരൻ, കെ.വി.ഇ.എസ്. ജനറൽ സെക്രട്ടറി വി.വി. സത്യരാജൻ, ട്രഷറർ വി.കെ.ശ്രീധരൻ, ജോ:സെക്രട്ടറി വി.എം. പുഷ്പാംഗധൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ കെ.കെ. ഹരിദാസൻ, വി.എച്ച്. പ്രമോദ്, സരസ്വതി മോഹൻ, ശാലിനി വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു


## ബി.പി.എൽ. ലിമിറ്റഡ്

രജി. ഓഫീസ്: ബി.പി.എൽ, വർക്സ്, പാലക്കാട് – 678 007, കേരളം, CIN: L28997KL1963PLC002015
E-mail: invester@bpl.in, URL: www.bpl.in, Tel. No: +918025589109

2024 ഡിസംബർ 31 ന് അവസാനിച്ച പാദവാർഷികത്തിലെ ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങളുടെ സ്റ്റാൻഡ്എലോൺ / കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ്

രൂപ ലക്ഷത്തിൽ

| | വിവരങ്ങൾ | സ്റ്റാൻഡ്എലോൺ | | | കൺസോളിഡേറ്റഡ് | | |
|---|---|---|---|---|---|---|---|
| | | പാദവാർഷികം അവസാനിച്ച | | 9-ാം മാസം അവസാനിച്ച | പാദവാർഷികം അവസാനിച്ച | | 9-ാം മാസം അവസാനിച്ച |
| | | 31.12.2024 ഓഡിറ്റ് ചെയ്യാത്ത | 31.12.2023 ഓഡിറ്റ് ചെയ്യാത്ത | 31.12.2024 ഓഡിറ്റ് ചെയ്യാത്ത | 31.12.2024 ഓഡിറ്റ് ചെയ്യാത്ത | 31.12.2023 ഓഡിറ്റ് ചെയ്യാത്ത | 31.12.2024 ഓഡിറ്റ് ചെയ്യാത്ത |
| 1. | ആകെ പ്രവർത്തന വരുമാനം | 1,945.36 | 1,457.79 | 6,919.93 | 1,951.51 | 1,442.35 | 6,935.62 |
| 2. | കാലാവധി സമയത്ത് അറ്റലാഭം/നഷ്ടം (നികുതിക്ക് മുമ്പ്/അല്ലെങ്കിൽ അസാധാര ഇനങ്ങൾക്ക് മുമ്പ്) | 30.76 | 167.73 | 1,782.62 | 31.29 | 145.76 | 1,775.55 |
| 3. | നികുതിക്ക് മുമ്പുള്ള സമയത്ത് അറ്റലാഭം / നഷ്ടം (നികുതി ഒഴിവുകൾ കൂടാതെ/അല്ലെങ്കിൽ അസാധാരണ ഇനങ്ങൾക്ക് ശേഷം) | 30.76 | 167.73 | 1,782.62 | 31.29 | 145.76 | 1,775.55 |
| 4. | നികുതിക്ക് ശേഷമുള്ള കാലയളവിലെ അറ്റലാഭം/നഷ്ടം (ഒഴിവുകൾ കൂടാതെ / അല്ലെങ്കിൽ അസാധാരണ ഇനങ്ങൾക്ക് ശേഷം) | 30.76 | 167.73 | 1,782.62 | 31.29 | 145.76 | 1,775.55 |
| 5. | നികുതിക്ക് ശേഷം ലാഭം/നഷ്ടം കണക്കിൽ ഉൾപ്പെടുത്തിയ ആകെ സമഗ്ര വരുമാനം | 30.76 | 167.73 | 1,782.62 | 31.29 | 145.76 | 1,775.55 |
| 6. | പണമടച്ച ഇക്വിറ്റി ഓഹരി മൂലധനം | 4,897.67 | 4,897.67 | 4,897.67 | 4,897.67 | 4,897.67 | 4,897.67 |
| 7. | റിസർവ്വ് (റീവാല്യേഷൻ റിസർവ് ഒഴിച്ച്) | 21,838.35 | 20,081.55 | 21,838.35 | 21,819.08 | 20,080.39 | 21,819.08 |
| 8. | പ്രതി ഓഹരി വരുമാനം (തുടർച്ചയായ അല്ലെങ്കിൽ തുടർച്ചയല്ലാത്ത പ്രവർത്തനത്തിന്) 10 രൂപ നിരക്കിൽ | | | | | | |
| | 1. ബേസിക് | 0.06 | 0.34 | 3.64 | 0.06 | 0.30 | 3.63 |
| | 2. ഡൈല്യൂട്ടഡ് | 0.06 | 0.34 | 3.64 | 0.06 | 0.30 | 3.63 |

# ബാധകമായ Ind AS നിയമങ്ങൾക്കനുസൃതമായി ലാഭ നഷ്ടപ്രസ്താവനയിൽ ക്രമീകരിച്ചിട്ടുള്ള അസാധാരണമായ കൂടാതെ / അല്ലെങ്കിൽ അസാധാരണമായ ഇനങ്ങൾ.

കുറിപ്പ്: a) മേൽപറഞ്ഞ സാമ്പത്തികഫലങ്ങൾ പാദവാർഷികം അവസാനിച്ച ഓഡിറ്റ് ചെയ്യാത്ത LODR റെഗുലേഷനുകളുടെ റെഗുലേഷൻ 52 പ്രകാരം സ്റ്റോക്ക് എക്സ്റ്റേഞ്ചുകളിൽ ഫയൽ ചെയ്ത സാമ്പത്തിക ഫലങ്ങളുടെ വിശദമായ ഫോർമാറ്റിന്റെ ഒരു സംക്ഷിപ്തമാണ് നൽകിയിരിക്കുന്നത്. സാമ്പത്തിക ഫലങ്ങളുടെ പൂർണ ഫോർമാറ്റ് സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെയും ലീസ്റ്റ് ചെയ്ത സ്ഥാപനത്തിന്റെയും വെബ്സൈറ്റുകളിൽ ലഭ്യമാണ്. b) LODR റെഗുലേഷനുകളുടെ 52(4) ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന മറ്റു ലൈൻ ഇനങ്ങൾക്ക്, സ്റ്റോക്ക് എക്സചേഞ്ചുകളിൽ പ്രസക്തമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. അവ യു.ആർ.എൽ (www.bseindia.com, www.nseindia.com) ൽ ലഭ്യമാണ്. c) എക്കൗണ്ടിങ് പോളിസികളിലെ മാറ്റങ്ങൾ കാരണം അറ്റാദായം / നഷ്ടം, മൊത്തം സമഗ്ര വരുമാനം അല്ലെങ്കിൽ മറ്റേതെങ്കിലും പ്രസക്തമായ സാമ്പത്തിക ഇനങ്ങളിൽ യാതൊരു സ്വാധീനവും ഇല്ല.

ബാഗ്ലൂർ
ഫെബ്രവരി 12, 2025

ബി.പി.എൽ. ലിമിറ്റഡിന് വേണ്ടി (ഒപ്പ്)
അജിത് ജി നമ്പ്യാർ, ചെയർമാൻ / മാനേജിംഗ് ഡയറക്ടർ

# കേരള ബജറ്റിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വർധിപ്പിക്കാത്തത് അപലപനീയം : സാമൂഹ്യ സുരക്ഷാ പെൻഷനേഴ്‌സ് ജനത

ഇരിങ്ങാലക്കുട : കേരള ബജറ്റിൽ സാമൂഹ്യ സുരക്ഷ പെൻഷൻ മിനിമം 3000 രൂപയാക്കിയും 80 വയസ്സ് കഴിഞ്ഞവർക്കുള്ള 5000 രൂപയാക്കിയും ഉയർത്താത്തത് അപലപനീയം ആണെന്ന് സാമൂഹ്യ സുരക്ഷാ പെൻഷനേഴ്‌സ് ജനത സംസ്ഥാന കമ്മിറ്റി യോഗം കുറ്റപ്പെടുത്തി.

ഭക്ഷ്യവിഭവങ്ങളുടെയും മരുന്നുകളുടെയും സേവനങ്ങളുടെയും വില വർദ്ധിച്ച സാഹചര്യത്തിൽ 1600 രൂപ പെൻഷൻ കാലഹരണപ്പെട്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻകാർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താനും ഭൂരഹിതർ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ വീടുകൾ നിർമ്മിച്ചു നൽകുന്നതിനും കേരള ബജറ്റിൽ പദ്ധതികൾ ഇല്ലാത്തതും പ്രതിഷേധാർഹമാണ്. ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. യോഗം സംസ്ഥാന രക്ഷാധികാരി അഡ്വ.ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് അഡ്വ.ജോക്കിൻ എ. പെരേര അധ്യക്ഷത വഹിച്ചു. സംസ്ഥാന കോർഡിനേറ്റർ അഡ്വ.ടി.എം സേവിയർ, ജില്ലാ പ്രസിഡന്റ് എൻ.കെ രവീന്ദ്രൻ, ജനറൽ സെക്രട്ടറി ഐ.പി കുട്ടൻ, ഹരിദാസ് വയനാട്, എം.എ ഇഗ്നേഷ്യസ്, മേരിക്കുട്ടി ഇഗ്നേഷ്യസ്, പി.വി അനിൽകുമാർ, ഐ.വി വേലുക്കുട്ടി, എ.എൽ പോൾ, അബ്ദുൽ മനാഫ്, ടി.എ കുര്യൻ തുടങ്ങിയവർ സംസാരിച്ചു.

# ക്രൈസ്റ്റ് കോളജിൽ മെറിറ്റ് ഡേ 2025 ആഘോഷിച്ചു

ഇരിങ്ങാലക്കുട : ക്രൈസ്റ്റ് കോളജ് (ഓട്ടോണോമസ്) കോമേഴ്‌സ് സ്വാശ്രയ വിഭാഗം സംഘടിപ്പിച്ച മെറിറ്റ് ഡേ 2025 കോളജിന്റെ പൂർവ്വ വിദ്യാർഥിയും മണപ്പുറം ഫിനാൻസ് ലിമിറ്റഡ് സി.ഇ.ഒ യുമായ വി.പി നന്ദകുമാർ ഉദ്ഘാടനം ചെയ്തു. അഭിമാനകരമായ നേട്ടം സ്വന്തമാക്കിയ അവാർഡ് ജേതാക്കളെ അദ്ദേഹം അഭിനന്ദിക്കുകയും, കോളജിൽ ഉണ്ടായിരുന്ന കാലത്തെ ഓർമ്മകൾ പങ്കുവെയ്ക്കുകയും ചെയ്തു.

ക്രൈസ്റ്റ് കോളജ് പ്രിൻസിപ്പൽ ഫാ.ഡോ. ജോളി ആൻഡ്രൂസ് അധ്യക്ഷത വഹിച്ചു, ബി.കോം ഫിനാൻസ് പ്രോഗ്രാം കോർഡിനേറ്റർ പ്രഫ. കെ.ജെ ജോസഫ്, കോളജ് മാനേജർ ഫാ. ജോയ് പീണിക്കപറമ്പിൽ, സ്വാശ്രയ വിഭാഗം കോഡിനേറ്റർ ഡോ.ടി. വിവേകാനന്ദൻ, പ്രഫ. ടീന തോമസ് എന്നിവർ സംസാരിച്ചു. ക്രൈസ്റ്റ് കോളജിന്റെ അക്കാദമിക് മികവിനോടുള്ള പ്രതിബദ്ധതയുടെയും വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടിന്റെയും നേർചിത്രമായി മെറിറ്റ് ഡേ 2025 മാറി. മണപ്പുറം ഫിനാൻസിന്റെ സഹകരണത്തോടെ കോളജിൽ പുതുതായി പണികഴിപ്പിച്ച ആംഫി തിയ്യേറ്റർ വി.പി നന്ദകുമാർ കോളജിന് സമർപ്പിച്ചു.

# ഏദൻ പാർക്കൊരുങ്ങി

ഇരിങ്ങാലക്കുട : കുട്ടികളുടെ മാനസിക ഉല്ലാസത്തിനൊപ്പം വിജ്ഞാനവും വർദ്ധിപ്പിക്കുന്ന രീതിയിൽ രൂപകൽപന ചെയ്ത ലിറ്റിൽ ഫ്ളവർ എൽ.പി സ്കൂളിലെ നവീകരിച്ച ഏദൻ പാർക്കിന്റെ ഉദ്ഘാടനം കെ.എസ്.ഇ ജനറൽ മാനേജർ അനിൽ നിർവഹിച്ചു.

പി.ടി.എ പ്രസിഡന്റ് തോംസൺ ചിരിയങ്കണ്ടത്ത് അധ്യക്ഷത വഹിച്ചു. ഉദയ എഡ്യൂക്കേഷൻ കൗൺസിലർ സിസ്റ്റർ മരിയറ്റ്, മുൻ എഡ്യൂക്കേഷൻ കൗൺസിലർ സിസ്റ്റർ ടെസ്‌ലിൻ, കെ.എസ്.ഇ സെക്രട്ടറി ശ്രീവിദ്യ, ഹെഡ്മിസ്ട്രസ് സിസ്റ്റർ റിനറ്റ്, ഐ.കെ ആലീസ് എന്നിവർ സംസാരിച്ചു.

# ഷാജി നായരമ്പലത്തിന് മുല്ലൂർ അവാർഡ്

പത്തനംതിട്ട: 39-ാമത് മുല്ലൂർ അവാർഡ് ഷാജി നായരമ്പലത്തിന്റെ ഗുരുദേവ ഗീത എന്ന കാവ്യസമാഹാരത്തിന്.

25001 രൂപയും പ്രശസ്തി ഫലകവുമടങ്ങുന്ന അവാർഡ് 26 ന് ഇലവുംതിട്ട മുല്ലൂർ സ്മാരകത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വീണാ ജോർജ് സമ്മാനിക്കും.

**LOST**

I have lost original share certificate of SALZER ELECTRONICS LTD in my name VINU P GEORGE. (Folio No. SA019196, Certificate No.47012, Dist No from 3447594 Dist No to 3447618, Share count 25, if anyone found kindly contact me on 9387642249.

VINU P GEORGE
Ward 20, Pulikkottil House,
Mission Road, Kunnamkulam,
Thrissur - 680 503

**നഷ്ടപ്പെട്ടു**

KL 71 8382 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്നറിയിപ്പ്. ടി വാഹനത്തിന്റെ ഉടമസ്ഥനായ ശ്രീ. SIBI THOMAS, KANNAMPUZHA (H), ANNAMANADA, KALLUR, THEKKUMMURI P.O. എന്നയാൾ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യതീയതി മുതൽ 15 ദിവസത്തിനകം ആയത് ഈ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.
ജോയിന്റ് റീജിയണൽ ട്രാൻപോർട്ട് ഓഫീസർ, ചാലക്കുടി

**സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, റീജിയണൽ ഓഫീസ്, കൊച്ചി. Ph: 82206 46644**
**Email: gadcochro@centralbank.co.in**

**സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊച്ചി റീജിയണൽ ഓഫീസ് നിർദ്ദിഷ്ട കൈപ്പറമ്പ് ശാഖ ഫർണീഷിംഗ് ജോലികൾക്കായുള്ള ബിഡ്ഡുകൾ/ഓഫറുകളുടെ ടെണ്ടറുകൾ ക്ഷണിക്കുന്നു**

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ **തൃശ്ശൂർ കൈപ്പറമ്പ് ശാഖ (04950)** യുടെ ഫർണീഷിംഗ് ജോലികൾക്കായി യോഗ്യരായ കരാറുകാരിൽ നിന്ന് ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെൻഡർ ഡോക്യുമെന്റുകൾക്കായി ദയവായി എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷന് എതിർവശമുള്ള മെട്രോ പാലസ് കെട്ടിടത്തിലെ ഒന്നാം നിലയിലുള്ള ഞങ്ങളുടെ റീജിയണൽ ഓഫീസ് അല്ലെങ്കിൽ സെൻട്രൽ ബാങ്കിന്റെ വെബ്സൈറ്റ് www.centralbank.co.in സന്ദർശിക്കുക. ബിഡ്ഡുകൾ കൊച്ചി റീജിയണൽ ഓഫീസിൽ മാത്രമാണ് സമർപ്പിക്കേണ്ടത്. ദർഘാസുകൾ സമർപ്പിക്കേണ്ട അവസാന തീയതി **2025 മാർച്ച് 5** വൈകുന്നേരം **5.00** മണിവരെ.

റീജിയണൽ ഹെഡ്, കൊച്ചി

**പാലക്കാട് മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രബ്യൂണൽ മുമ്പാകെ (ചിറ്റൂർ ക്യാമ്പ്)**
**OPMV 1147/2021**

Raghuraghavan.M - ഹരിജി
Vs
Pradeep.S. S/o.Selvan, 7/43, Thekkedesom (PO), Nallepilly, Chittur, Palakkad. - 2-ാം എതൃകക്ഷി

താങ്കൾ എതൃകക്ഷിയായിട്ടുള്ള മേൽ നമ്പർ കേസ് 05/03/2025ന് വിചാരണയ്ക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം കാലത്ത് 11 മണിക്ക് കോടതിയിൽ ഹാജരാവാത്ത പക്ഷം താങ്കളെ എക്സ്പാർട്ടി യാക്കി വിധി കൽപ്പിക്കുന്നതാണ്.

എന്ന് 11/02/2025
അഭിലാഷ്.എൻ അഡ്വക്കേറ്റ്,
തേങ്കുറിശ്ശി പാലക്കാട്.

**കേരള വാട്ടർ അതോറിറ്റി — ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്**

ദർഘാസ് :50/2024-25/EE/PHDN/PNV – സംസ്ഥാനപദ്ധതി 2022-2023-വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് - CARWSS ഇടുക്കി - കഞ്ഞിക്കുഴി - വാഴത്തോപ്പ്- ലക്ഷംകവല, ഭൂമിയംകുളം എന്നിവിടങ്ങളിൽ 80mm, 65mm & 50mm GI വിതരണ പൈപ്പ് ലൈൻ പുനസ്ഥാപിക്കൽ നിരതദ്രവ്യം : 50000/-, ടെണ്ടർ ഫീസ്: 2760/-, ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 20-02-2025 02:30:pm, ഫോൺ :8547638511

എക്സിക്യൂട്ടീവ് എഞ്ചിനീയർ
പി എച്ച് ഡിവിഷൻ, ഇടുക്കി

വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in
KWA-JB-GL-6-1130-2024-25

**ഇന്ത്യൻ ബാങ്ക് — Indian Bank — ALLAHABAD**
**സോണൽ ഓഫീസ്, കോഴിക്കോട്**
ഡോ. എസ്.ബി. ഡൻഡിസ്ട്രി & ഓർത്തോഡോൺടിക്സ് ബിൽഡിംഗ്, താഴത്തെ നില, കണ്ണൂർ റോഡ്, വെസ്റ്റ് നടക്കാവ്, കോഴിക്കോട്-673011, ഫോൺ: +91-0495-2366551.
ഇ–മെയിൽ: zokozhikode@indianbank.co.in

**[റൂൾ 8(1)] കൈവശ നോട്ടീസ് (സ്ഥാവര വസ്തുവിന് വേണ്ടി)**

സർഫേസി ആക്ട് 2002 ന്റെ സെക്ഷൻ 13(12) (ചട്ടം 8 ഉം 9 ഉം) ഓഫ് ദി സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 പ്രകാരം വായ്പക്കാരായ (1) **ശ്രീ. കെ. ബി. മോഹൻദാസ്**, S/o കെ. ഭാസ്കരൻ (2) **ശ്രീമതി. സുജാത**, W/o കെ.ബി. മോഹൻദാസ് (3) **ശ്രീ. റെനിൻദാസ് കെ. എം**, S/o കെ.ബി. മോഹൻദാസ്, എല്ലാവരും താമസം: കരുമാംപറമ്പിൽ ഹൗസ്, അക്കരപ്പുറം, കുറിച്ചിക്കര, തൃശൂർ- 680028 എന്നിവരിൽ നിന്നും **ഇൻഡ്യൻ ബാങ്ക്, കൂർക്കഞ്ചേരി ശാഖയ്ക്ക്** ലഭിക്കാനുള്ള IND മോർട്ടുഗേജ് ലോൺ A/c No.6956149882 അക്കൗണ്ടിലെ 25/09/2024ലെ തുകയായ **രൂപ 6,13,230/- (ആറ് ലക്ഷത്തി പതിമൂവായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ)** യും 25/09/2024 മുതലുള്ള പലിശയും മറ്റു ചെലവുകളും നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം ബാങ്കിൽ അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യൻ ബാങ്കിന്റെ നിയമാനുസരണമുള്ള ഔദ്യോഗിക അധികാരി **25/09/2024**-ാം തീയതി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാണ്.
വായ്പക്കാർ വായ്പാ കുടിശ്ശികയും തുടർന്നുള്ള പലിശയും നോട്ടീസിൽ പ്രതിപാദിച്ച സമയത്തിനുള്ളിൽ ബാങ്കിലടയ്ക്കാതെ വീഴ്ച വരുത്തിയിട്ടുള്ളതിനാൽ താഴെ വിവരിക്കുന്ന വസ്തു ടി ആക്ടിന്റെ വകുപ്പ് 13(4) (ചട്ടം 8 ഉം 9 ഉം) പ്രകാരം ടി ബാങ്ക് **07/02/2025**ന് കൈവശം എടുത്ത വിവരം ടി വായ്പക്കാരെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനാൽ തെര്യപ്പെടുത്തുന്നു.
വായ്പക്കാരോ//ജാമ്യക്കാരോ മറ്റ് ആരെങ്കിലുമോ ബാങ്കിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ നടത്തുന്ന ഏത് നടപടികളും കരണങ്ങളും അസാധുവായിരിക്കുമെന്നും, ടി വസ്തുവിനെ സംബന്ധിച്ച് ഏത് ഇടപാടുകൾക്കും വായ്പക്കാരിൽ നിന്നും **ഇന്ത്യൻ ബാങ്ക്, കൂർക്കഞ്ചേരി ശാഖയ്ക്ക്** ലഭിക്കാനുള്ള 25/09/2024ലെ തുകയായ **രൂപ 6,13,230/- (ആറ് ലക്ഷത്തി പതിമൂവായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ)**യും പലിശയും ഇൻഡ്യൻ ബാങ്കിന്റെ പ്രഥമ ചാർജ്ജായി നിലനിൽക്കുന്നതും ബാധകവുമാണെന്നും വായ്പക്കാരെ വിശേഷിച്ചും ജനങ്ങളെ പൊതുവായും ഇതിനടിയിൽ ഒപ്പിട്ടിരിക്കുന്ന ടി ബാങ്കിന്റെ അധികാരി എന്ന നിലയിൽ തെര്യപ്പെടുത്തുന്നു.
**സബ് സെക്ഷൻ (8) സെക്ഷൻ 13 വകുപ്പ് പ്രകാരം വായ്പക്കാർക്ക് ഈടുവസ്തു തിരിച്ചെടുക്കുന്നതിനുള്ള സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.**

**ഈടുനൽകിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ വിവരണം**
തൃശൂർ ജില്ലയിൽ, തൃശൂർ താലൂക്കിൽ, മാടക്കത്തറ വില്ലേജിൽ സർവേ നം.489/2ൽ പെട്ട ശ്രീ. കെ.ബി. മോഹൻദാസ് & ശ്രീമതി. സുജാത എന്നിവരുടെ പേരിലുള്ള 12.95 ആർ സ്ഥലവും കെട്ടിടവും മറ്റു സകല വകകളും. **അതിരുകൾ (ആധാരപ്രകാരം)**: **കിഴക്ക്**: വെള്ളച്ചാൽ, **വടക്ക്**: PWD റോഡ്, **പടിഞ്ഞാറ്**: കനുമംപറമ്പിൽ മുരളീധരൻ വക വസ്തു, **തെക്ക്**: വെള്ളച്ചാൽ.

**തീയതി: 07/02/2025**
**സ്ഥലം: കൂർക്കഞ്ചേരി**
(ഒപ്പ്) അധികാരപ്പെടുത്തപ്പെട്ട ഓഫീസർ, ഇന്ത്യൻ ബാങ്ക്

**ഇന്ത്യൻ ബാങ്ക് — Indian Bank — ALLAHABAD**
**എം. ജി. റോഡ് ശാഖ, എറണാകുളം**
മലങ്കര സെന്റർ, ഷേണായിസ് തീയറ്ററിന് എതിർവശം, എം. ജി. റോഡ്, എറണാകുളം - 682035. ഫോൺ: 0484-2355073.
ഇ–മെയിൽ: mgroadekm@indianbank.co.in

(അനുബന്ധം IV-A പ്രൊവിസോ റൂൾ 8 (6) പ്രകാരം) **സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്**

**സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 6(2) & 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ–ലേല വിൽപ്പന നോട്ടീസ്.**
ഇൻഡ്യൻ ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ഇൻഡ്യൻ ബാങ്കിന്റെ **എം. ജി. റോഡ്, എറണാകുളം ശാഖയുടെ** അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, താഴെ കൊടുത്തിരിക്കുന്ന വായ്പക്കാർ/ജാമ്യക്കാർ കുടിശ്ശിക തുക തിരിച്ചടയ്ക്കാത്തതിനാൽ താഴെ കൊടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ കൈവശമെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ ജാമ്യക്കാരിൽ നിന്നും ഇൻഡ്യൻ ബാങ്കിന്റെ **എം. ജി. റോഡ്, എറണാകുളം ശാഖയ്ക്ക്** ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റു ചിലവുകളും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **"ഇപ്പോൾ എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന തീയതിയിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിൽപ്പന വസ്തുവിന്റെ വിശദ വിവരങ്ങൾ താഴെ വിവരിക്കുന്നു.

**1** വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1) **ശ്രീ.സുരേഷ് കുമാർ ബാലകൃഷ്ണൻ**, S/o ബാലകൃഷ്ണൻ, ഇനാരൻ ഹൗസ്, വെങ്ങോല പി.ഒ, എറണാകുളം-683556 (2) **ശ്രീമതി. ശ്രീലക്ഷ്മി പി.എസ്**, W/o സുരേഷ് കുമാർ ബാലകൃഷ്ണൻ, പുളിക്കൽ ഹൗസ്, വലപ്പാട് ബീച്ച്, തൃശൂർ-680567.
**കുടിശ്ശിക തുക**: 10.02.2025ലെ തുകയായ **രൂപ 59,75,400/- (അൻപത്തി ഒൻപത് ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാനൂറ് രൂപ)** (ലോൺ അക്കൗണ്ട്: HLNRI-CRE-ELITE-CBL >=800: 7380333149) യും 11.02.2025 മുതലുള്ള പലിശയും മറ്റ് ചെലവുകളും.
**സ്ഥാവര വസ്തുവിന്റെ വിശദ വിവരണം**: മലപ്പുറം ജില്ലയിൽ, പെരിന്തൽമണ്ണ താലൂക്കിൽ, അറക്കുംപറമ്പ് വില്ലേജിൽ സർവേ നം. 8/19-2ൽ പെട്ട 5.36 ആർസ് സ്ഥലവും അതിലിരിപ്പ് കെട്ടിടവും (D No. 9/170E) മറ്റു സകല വകകളും. **അതിരുകൾ**: **വടക്ക്**: കുഞ്ഞാത്തുമ്മ വക വസ്തു; **തെക്ക്**: 12 അടി വീതിയുള്ള സ്വകാര്യ റോഡ്; **കിഴക്ക്**: 10 അടി വീതിയുള്ള സ്വകാര്യ റോഡ്; **പടിഞ്ഞാറ്**: കാജിരത്തിൽ ബാപ്പുട്ടി വക വസ്തു.

| കരുതൽ വില | നിരതദ്രവ്യം | Property ID No |
|---|---|---|
| രൂപ 59.50 ലക്ഷം | രൂപ 5.95 ലക്ഷം | IDIBMGSURESHKB01 |

**2** വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1) **ശ്രീ.സുരേഷ് കുമാർ ബാലകൃഷ്ണൻ**, S/o ബാലകൃഷ്ണൻ, ഇനാരൻ ഹൗസ്, വെങ്ങോല പി.ഒ, എറണാകുളം-683556 (2) **ശ്രീമതി. ശ്രീലക്ഷ്മി പി.എസ്**, W/o സുരേഷ് കുമാർ ബാലകൃഷ്ണൻ, പുളിക്കൽ ഹൗസ്, വലപ്പാട് ബീച്ച്, തൃശൂർ-680567.
**കുടിശ്ശിക തുക**: 10.02.2025ലെ തുകയായ **രൂപ 77,42,759/- (എഴുപത്തി ഏഴ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി അൻപത്തി ഒൻപത് രൂപ)** (HL NRI-FO21-CBL UPTO 700: 7281573231 അക്കൗണ്ടിലെ രൂപ 66,82,291/- & HL NRI-FO21-CBL UPTO 700: 7316900072 അക്കൗണ്ടിലെ രൂപ 10,60,468/-) യും 11.02.2025 മുതലുള്ള പലിശയും മറ്റ് ചെലവുകളും.
**സ്ഥാവര വസ്തുവിന്റെ വിശദ വിവരണം**: എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, കാക്കനാട് വില്ലേജിൽ റീസർവേ നം. 365/1/14, ബ്ലോക്ക് നം. 9ൽ പെട്ട 1.76 ആർസ് സ്ഥലവും അതിലിരിപ്പ് കെട്ടിടവും മറ്റു സകല വകകളും. **അതിരുകൾ**: **വടക്ക്**: മുനിസിപ്പൽ റോഡ്; **തെക്ക്**: കൊച്ചുതൊമ്മൻ വക വസ്തു; **കിഴക്ക്**: ദീപാകുമാരി വക വസ്തു; **പടിഞ്ഞാറ്**: ബൈജു വക വസ്തു.

| കരുതൽ വില | നിരതദ്രവ്യം | Property ID No |
|---|---|---|
| രൂപ 110.66 ലക്ഷം | രൂപ 11.06 ലക്ഷം | IDIBMGSURESHKB03 |

**3** വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1) **ശ്രീ.സുരേഷ് കുമാർ ബാലകൃഷ്ണൻ**, S/o ബാലകൃഷ്ണൻ, ഇനാരൻ ഹൗസ്, വെങ്ങോല പി.ഒ, എറണാകുളം-683556 (2) **ശ്രീമതി. ശ്രീലക്ഷ്മി പി.എസ്**, W/o സുരേഷ് കുമാർ ബാലകൃഷ്ണൻ, പുളിക്കൽ ഹൗസ്, വലപ്പാട് ബീച്ച്, തൃശൂർ-680567.
**കുടിശ്ശിക തുക**: 10.02.2025ലെ തുകയായ **രൂപ 86,57,431/- (എൺപത്തി ആറ് ലക്ഷത്തി അൻപത്തി ഏഴായിരത്തി നാനൂറ്റി മുപ്പത്തി ഒന്ന് രൂപ)** (ലോൺ അക്കൗണ്ട്: HLNRI-CRE-ELITE-CBL >=800: 7355966515) യും 11.02.2025 മുതലുള്ള പലിശയും മറ്റ് ചെലവുകളും.
**സ്ഥാവര വസ്തുവിന്റെ വിശദ വിവരണം**: തൃശൂർ ജില്ലയിൽ, തൃശൂർ താലൂക്കിൽ, വിയ്യൂർ വില്ലേജിൽ ബ്ലോക്ക് നം. 51, റീസർവേ നം. 63/117ൽ പെട്ട 3.53 ആർസ് & റീസർവേ നം. 63/116ൽ പെട്ട 0.94 ആർസ് സ്ഥലവും അതിലിരിപ്പ് കെട്ടിടവും മറ്റു സകല വകകളും. **അതിരുകൾ**: **വടക്ക്**:കറുകയിൽതാഴത്ത് മാധവൻ & വൽസ വക വസ്തു; **തെക്ക്**: അരങ്ങത്ത് മാധവൻ നായർ വക വസ്തു; **കിഴക്ക്**: കോർപ്പറേഷൻ റോഡ് & പടിഞ്ഞാറേത്തല മോഹനൻ വക വസ്തു; **പടിഞ്ഞാറ്**: കുന്നുമ്മേൽ സുനിത വാസു & തറയിൽ ശോഭ വക വസ്തു.

| കരുതൽ വില | നിരതദ്രവ്യം | Property ID No |
|---|---|---|
| രൂപ 91.56 ലക്ഷം | രൂപ 9.15 ലക്ഷം | IDIBMGSURESHKB02 |

(വസ്തുവിലുള്ള ബാധ്യത: ബാധ്യത ഇല്ല

**ഇ–ലേല തീയതിയും സമയവും: 26-03-2025ന് രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണി വരെ**

**ലേലത്തിൽ പങ്കെടുക്കുവാൻ ലേലാർത്ഥികൾ ഇ–ലേലം നടത്തുന്ന സേവന ദാതാവായ** PSB Alliance Pvt. Ltd **ന്റെ വെബ്സൈറ്റായ (https://www.ebkray.in) സന്ദർശിക്കുക.**
**ലേല സംബന്ധമായ സഹായങ്ങൾക്ക്** PSB Alliance Pvt. Ltd, **ഹെൽപ്പ്ലൈൻ നം**: 8291220220. **രജിസ്ട്രേഷൻ സ്റ്റാറ്റസ് & ഇ.എം.ഡി. സ്റ്റാറ്റസ് അറിയുന്നതിനായി support. ebkray@psballiance.com സന്ദർശിക്കേണ്ടതാണ്. വസ്തുവിന്റെ വിവരണവും ഫോട്ടോയും & ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി അറിയുന്നതിനായി https://www.ebkray.in സന്ദർശിക്കുക & പോർട്ടലിന്റെ ക്ലാരിഫിക്കേഷൻ അറിയുന്നതിനായി** PSB Alliance Pvt. Ltd. **ന്റെ 8291220220 എന്ന ഹെൽപ്പ്ലൈൻ നമ്പരിൽ ബന്ധപ്പെടുക.**
**വസ്തു സന്ദർശിക്കുന്നതിനായി ലേലാർത്ഥികൾ https://www.ebkray.in എന്ന വെബ്സൈറ്റിൽ മേൽപറഞ്ഞ പ്രോപ്പർട്ടി ഐ.ഡി.നമ്പർ ഉപയോഗിക്കേണ്ടതാണ്.**
**സ്ഥലം: എറണാകുളം, തീയതി: 12-02-2025**
**(ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, ഇൻഡ്യൻ ബാങ്ക്**

# അനുസ്മരണം

ഇരിങ്ങാലക്കുട : മഹാത്മാ ഗാന്ധി റീഡിംഗ് റൂം ആൻഡ് ലൈബ്രറിയുടെ 136–ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനവും എം.ടി വാസുദേവൻ നായർ, പി. ജയചന്ദ്രൻ അനുസ്മരണവും പുസ്തക പ്രദർശനവും നടന്നു. ലൈബ്രറി കൗൺസിൽ സംസ്ഥാന കമ്മിറ്റിയംഗം തങ്കം ടീച്ചർ 136–ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.

ലൈബ്രറി പ്രസിഡന്റ് ആശ പി.സി അധ്യക്ഷത വഹിച്ചു. ലൈബ്രറി കൗൺസിൽ ജില്ലാ കമ്മിറ്റിയംഗം ഖാദർ പട്ടേപ്പാടം, എം.ടി വാസുദേവൻ നായരെയും പി.ജയചന്ദ്രനേയും അനുസ്മരിച്ചു.

2024–25 വർഷത്തെ ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ പുസ്തകങ്ങളുടെ പ്രദർശനം ലൈബ്രറി കൗൺസിൽ ഇരിങ്ങാലക്കുട നഗരസഭ നേതൃസമിതി കൺവീനർ രാജു മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ലൈബ്രറി സെക്രട്ടറി അഡ്വ.കെ.ജി. അജയ്കുമാർ, ലൈബ്രറി എക്സി.കമ്മിറ്റിയംഗങ്ങളായ ഇന്ദുകല രാമനാഥ്, റെനി ബേബി എന്നിവർ സംസാരിച്ചു.

**നഷ്ടപ്പെട്ടു**

**KL 13 T 1517** നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്നറിയിപ്പ്. ടി വാഹനത്തിന്റെ ഉടമസ്ഥനായ ശ്രീ. **SHILJO ESIDOOR, CHEMBAKASSERY (H), MELOOR.** എന്നയാൾ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യതീയതി മുതൽ 15 ദിവസത്തിനകം ആയത് ഈ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.
ജോയിന്റ് റീജിയണൽ ട്രാൻപോർട്ട് ഓഫീസർ, ചാലക്കുടി

**പാലക്കാട് EFL ട്രിബ്യൂണൽ (1st Addl. ജില്ല കോടതി മുമ്പാകെ)**
OA 6/2018, IA 1/2024, IA 75/2024
സത്യഭാമ മുതലായവർ — ഹരിജിക്കാർ
Vs.
പാലക്കാട് താലൂക്ക്, പുത്തൂരംശം പുത്തൂർ ബൈപാസ്സ് റോഡിൽ, നെക്സക്ക് സമീപം 6B Star Bay Appartmet -ൽ മരിച്ച ജയകൃഷ്ണൻ ഭാര്യ 1. സുശീല ജയകൃഷ്ണൻ, 2. ടിയിൽ താമസം മക്കൾ സുജിത ജയകൃഷ്ണൻ, 3 സജിത ജയകൃഷ്ണൻ
Suppl. 6 മുതൽ 8 കൂടി എതിർകക്ഷികൾ

മേൽനമ്പർ OA 6/2018, 21.1. 2021-ന് ഉപേക്ഷക്ക് നീക്കിപ്പോയത് പുനർവിചാരണക്കെടുത്തു കിട്ടുവാനും ടി ഹരിജി ബോധിപ്പിക്കുവാൻ വന്ന 1146 ദിവസത്തെ കാലതാമസം മാപ്പാക്കി കിട്ടുവാനും, അപേക്ഷിച്ച് ബോധിപ്പിച്ച IA 75/2024, IA 1/2024 എന്നീ ഹരിജികളിൽ Suppl. 6 മുതൽ 8 കൂടി എതിർകക്ഷികൾക്കുള്ള Notice പതിച്ചുനടത്തുവാൻ അനുവദിച്ച് 27.2.2025ന് വിചാരണക്കിരിക്കുന്നു. ആയതിൽ Suppl. 6 മുതൽ 8 കൂടി എതിർകക്ഷികൾക്ക് വല്ല ആക്ഷേപവുമുണ്ടെങ്കിൽ അവർ 27.2. 2025ന് കാലത്ത് 11 മണിക്ക് നേരിട്ടോ അധികാരപ്പെടുത്തിയ വക്കീൽ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.
എന്ന് 2025 ജനുവരി മാസം 30ന്
എം. പ്രഭാശങ്കർ
ഹരിജി ഭാഗം അഡ്വക്കെറ്റ്

**അറിയിപ്പ്**

എന്റെ മാതാവ് റോസ എന്നവർ മുണ്ടൂർ സബ് രജിസ്ട്രി 1977 ലെ 10-ാം നമ്പ്രായി രജിസ്ട്രാക്കിയ മരണപത്രപ്രകാരം വേലൂർ വില്ലേജിൽ സർവ്വെ 902/2 ൽ 17 ആർ 00 ച.മീറ്റർ പറമ്പും, സർവ്വെ 902/3ൽ 27 ആർ 11 ച.മീറ്റർ പറമ്പും, സർവ്വെ 911/2ൽ 10 ആർ 87 ച.മീറ്റർ പറമ്പ് വഹകൾ എനിക്ക് സിദ്ധിച്ചിട്ടുള്ളതാണ്. എന്നാൽ മാതാവ് റോസക്ക് സിദ്ധിച്ച ടി രജിസ്ത്ര് 1977ലെ 402-ാം നമ്പർ ഒഴിമുറി ആധാരം അസ്സൽ തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ട് പോയിട്ടുള്ളതാണ്. ആയതിനാൽ മേൽനമ്പ്രാധാരപ്രകാരമുള്ള വഹകളിന്മേൽ ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളോ തേർച്ചകളോ ഉണ്ടെങ്കിൽ ഇന്ന് മുതൽ 7 ദിവസക്കാലത്തിനുള്ളിൽ താഴെ പറയുന്ന വിലാസത്തിൽ അറിയിച്ചിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽനമ്പ്ര് ഒഴിമുറി ആധാരത്തിന്റെ സർട്ടിഫൈഡ്കോപ്പി ടി വഹകളുടെ ഒറിജിനൽ രേഖയായി കണക്കാക്കി ടി വഹകൾ വിക്രയം ചെയ്യുന്നതാണെന്ന് ഇതിനാൽ ഞാൻ അറിയിച്ചുകൊള്ളുന്നു. എന്ന്
പുത്തൂർ തറയിൽ ലാസർ മകൻ തോബിയാസ്., പി ഒ വേലൂർ 680 601,
Mob. 9846446919

**ധനആകർഷണഭൈരവയന്ത്രം**



സാമ്പത്തിക വിഷമങ്ങൾ, കടം, ശത്രുദോഷം, ശാരീരിക അസുഖങ്ങൾ, ഇവ മാറി ഐശ്വര്യ വർദ്ധനവും, ശത്രുജയവും, ധനവും, വശീകരണവും ലഭിക്കുന്നതിന് ലോക പ്രശസ്ത ജ്യോതിശാസ്ത്ര പണ്ഡിതൻ **ഡോ. ആറ്റുകാൽ രാധാകൃഷ്ണൻ** ശത്രുസംഹാരപൂജ നടത്തി ധനആകർഷണ ഭൈരവയന്ത്രം ശാസ്ത്രീയമായി തയ്യാർ ചെയ്യുന്നു. **Mob : 9447471711**
**ജാതകം, പ്രശ്നം, മുഹൂർത്തം, ഭാവിഫലം, വാസ്തു ദോഷ പരിഹാരങ്ങൾ, അപൂർവ്വ ശക്തിയുള്ള മാന്ത്രീക ഏലസ്സുകൾ ഇവയ്ക്ക് ഉടൻ ഫോൺ ചെയ്യുക.**
**രമാ ജ്യോതിഷാലയം, ആറ്റുകാൽ**
**മണക്കാട് പി.ഒ., തിരുവനന്തപുരം-695 009, കേരളം**
**ഫോൺ: 0471 2458888, 2458484 www.attukalradhakrishnan.org**

**Change of name**
It is hereby notified for the information of all authorities concerned and the public that I,Salma Thasni Niyas holder of Passport No. L9919896 and residing at Payyavalappil house, Chirakkal, Kattakampal P.O 680544 have changed my name as Salma Thasni Vakkayil Mohamedali. This change will take effect in all records related to me.

**നഷ്ടപ്പെട്ടു**
എന്റെ **SSC BOOK നമ്പർ 95148** വെമ്പല്ലൂർ To CHITTUR യാത്രക്കിടയിൽ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ താഴെ പറയുന്ന അഡ്രസ്സിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു. എന്ന്,
**K.N. BOBY**
S/o Narayanan Kutty, Sreepadam
Vemballur, Palakkad, Pin - 678502

**ക്വട്ടേഷൻ ക്ഷണിച്ചു**

പാലക്കാട് : ചിറ്റൂർ അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിന്കീഴിലുള്ള അങ്കണവാടികളിൽ (1) കണ്ടിൻജൻസി സാധനങ്ങൾ വാങ്ങൽ (2) പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് (3) ഫർണിച്ചർ ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് മത്സരസവഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയ്യതി 2025 ഫെബ്രുവരി 20 ന് ഉച്ചക്ക് 2.00 മണി. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം വൈകിട്ട് മൂന്ന് മണിക്ക് തുറക്കുന്ന തായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04923221292 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Sd/-
CHILD DEVELOPMENT PROJECT OFFICER
LCD.S. PROJECT CHITTUR ADDITIONAL

**നം. ഇ1 –194406/24**
കുന്നംകുളം നഗരസഭ
12/02/2025

**വിന്റോ പരസ്യം**
കുന്നംകുളം നഗരസഭ 2024-25 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന 23 പ്രവൃത്തികൾക്ക് ഇ-ടെണ്ടറും, 11 പ്രവൃത്തികൾക്ക് റീ-ടെണ്ടറും ക്ഷണിക്കുന്നു. വിശദ വിവരങ്ങൾ http://etenderskerala.gov.inom സൈറ്റിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നഗരസഭാ പൊതുമരാമത്ത് വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്. വിന്റോ നമ്പർ (M 243580/2025)
അസി. എഞ്ചിനീയർ
കുന്നംകുളം നഗരസഭ

**കേരള വാട്ടർ അതോറിറ്റി — ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്**
ദർഘാസ് : WRD/KWA-CE(SR)/TR/26943/2024_26_1_1/1, 7925/2024_261_1_1/1 – 1).സ്റ്റേറ്റ് പ്ലാൻ 2024 - 25 - അമ്പലമുക്ക് മുതൽ സാന്ത്വന ജംക്ഷൻ വരെയുള്ള കേടുപാടുള്ള 400 mm പ്രെമോ പൈപ്പ് മാറ്റി 400 mm DI പൈപ്പ്സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർ കണക്ഷനും (2) സ്റ്റേറ്റ് പ്ലാൻ 2024 - 25 പട്ടം മരപ്പാലം മുതൽ പട്ടം ജംക്ഷൻ വരെയുള്ള കേടുപാടുള്ള 400 mm പ്രെമോ പൈപ്പ് മാറ്റി 400 mm DI പൈപ്പ്സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർ കണക്ഷനും, നിരതദ്രവ്യം : 50000/-, 50000/ ടെണ്ടർ ഫീസ്: 2760/-, 2760/-, ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 20-02-2025 03:00:pm, ഫോൺ :04712322798
എക്സിക്യൂട്ടീവ് എഞ്ചിനീയർ
നോർത്ത് PH ഡിവിഷൻ, തിരുവനന്തപുരം
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in
KWA-JB-GL-6-1135-2024-25

**എൽ.ഐ.സി.ഹൗസിംഗ് ഫൈനാൻസ് ലിമിറ്റഡ്**
LIC HFL — LIC HOUSING FINANCE LTD
2 -ാം നില, ചാമ്പർ കൊമേഴ്സ് ബിൽഡിംഗ്, പാലസ് റോഡ്, തൃശ്ശൂർ, കേരള – 680020, Ph : (0487) 232580
Email: am_thrissur@licchousing.com

**To,** (1) **ശ്രീ. രതീഷ് എൻ ടി** (2) **ശ്രീമതി നീതു രതീഷ്** (മുക്തിയാർ അവകാശി) ഇരുവരും താമസം: നരിക്കുഴിയിൽ ഹൗസ്, വിലങ്ങന്നൂർ, പീച്ചി പി ഒ, തൃശ്ശൂർ - 680653

**സെക്യൂരിറ്റൈസേഷൻ ആന്റ് റി കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ന്റെ സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ്**
സർ,
നിങ്ങൾക്ക് എൽ.ഐ.സി. ഹൗസിംഗ് ഫൈനാൻസ് ലിമിറ്റഡിൽ നിന്നും താഴെ പറയുന്ന പ്രകാരം ഭവന വായ്പ നൽകിയിട്ടുള്ളതാണ്.

| | | |
|---|---|---|
| 1. ലോൺ നമ്പർ | : | 520400004893 |
| 2. ലോൺ തുക | : | രൂപ 27,00,000/- |
| 3. നിലവിലുള്ള പലിശ നിരക്ക് | : | 9.55 % p a (Floating) |
| 4. ലോൺ കാലാവധി | : | 23 വർഷം |
| 5. ലോൺ അനുവദിച്ച തീയതി & തുക | : | 09.04.2021 - **രൂപ** 27,00,000/- |

മേൽ പറഞ്ഞ പ്രകാരമുള്ള ലോണിന് വേണ്ടി താങ്കൾ 09-04-2021 ന് എൽ.ഐ.സി. ഹൗസിങ്ങ് ഫൈനാൻസുമായി ഒരു കരാറിലേർപ്പെട്ടിട്ടുള്ളതും ടി ലോണിന്റെ തിരിച്ചടവിന്റെ ഉറപ്പിലേക്കായി താഴെ പറയുന്ന സ്ഥാവര വസ്തുവിന്റെ പ്രമാണങ്ങൾ ഈട് വെച്ചിട്ടുള്ളതാണ്. സ്ഥാവര വസ്തുവിന്റെ വിശദവിവരണം താഴെ കൊടുക്കുന്നു.
**ഒല്ലൂക്കര സബ് രജിസ്ട്രാർ ഓഫീസിൽ 151/1/2021 –ാം നമ്പർ വിലയാധാരപ്രകാരം തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിൽ, പീച്ചി വില്ലേജിൽ, സർവേ നം.3626/6-2 ൽ പെട്ട .40 ആർസ്, സർവേ നം.3624/3 ൽ പെട്ട 2.17 ആർസ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും മറ്റ് സകലവിധ അവകാശങ്ങളുമാകുന്നു.**
താങ്കൾ എടുത്തിട്ടുള്ള ഹൗസിംഗ് ലോൺ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ പ്രതിമാസ വാർഷിക പലിശ സഹിതം തുല്യ മാസത്തവണകളായി തിരിച്ചടക്കേണ്ടതാണ്. കൂടാതെ തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം കരാർ പ്രകാരം പിഴ അടക്കം അടക്കാൻ താങ്കൾ ബാധ്യസ്ഥരാണ്. എന്നാൽ നിങ്ങളുടെ ലോണിൽ തിരിച്ചടവിൽ വീഴ്ച വന്നിട്ടുള്ളതും ആയതിനാൽ പിഴയിനത്തിലും നിങ്ങൾ തുക അടക്കേണ്ടതുമാണ്.
നിങ്ങൾ ലോണിന്റെ തിരിച്ചടവിൽ ഗുരുതരമായ വീഴ്ച വരുത്തിയ വിവരം ഖേദപൂർവ്വം നിങ്ങളെ അറിയിച്ചിട്ടുള്ളതും എന്നാൽ കുടിശ്ശിക അടച്ചുതീർക്കാൻ നിങ്ങൾ തയ്യാറാകാത്തതുമാണ്. അപ്രകാരം കുടിശ്ശിക നിലവിലുള്ളതിനാൽ, നിങ്ങളുടെ അക്കൗണ്ട് **13-04-2023** ന് നിഷ്ക്രിയ ആസ്തിയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. 28-01-2025 പ്രകാരം നിങ്ങൾ അടച്ചു തീർക്കേണ്ട തുകകളുടെ വിവരം താഴെ ചേർക്കുന്നു. അടക്കുന്ന തീയതിക്കനുസരിച്ച് പലിശ, അധിക പലിശ, മറ്റു ചാർജ്ജുകൾ എന്നിവയിൽ മാറ്റം വരാവുന്നതാകുന്നു.

**വായ്പ നമ്പർ: 520400004893**

| | | |
|---|---|---|
| 1. ഇ.എം.ഐ തുക | : | രൂപ 3,73,931/- |
| 2. മുതൽ തുക | : | രൂപ 26,02,238.08 |
| 3. പലിശ | : | രൂപ 12,426/- |
| 4. അധിക പലിശ | : | രൂപ 54,566/- |
| 5. മറ്റ് ചാർജ്ജുകൾ | : | രൂപ 78,356/- |
| **ആകെ** | | **രൂപ 31,21,517.08** |

**(മുപ്പത്തി ഒന്ന് ലക്ഷത്തി ഇരുപത്തി ഓരായിരത്തി അഞ്ഞൂറ്റി പതിനേഴ് രൂപ എട്ട് പൈസ)**
ടി ലോണിന്റെ ഈടിലേക്കായി താങ്കൾ താഴെ പറയുന്ന വസ്തു എൽ.ഐ.സി ഹൗസിംഗ് ഫൈനാൻസ് ലിമിറ്റഡിലേക്ക് പണയപ്പെടുത്തിയിരിക്കുന്നു.

| പ്രമാണത്തിന്റെ ഇനം | ചെയ്തു കൊടുത്തയാൾ | കിട്ടിയ ആൾ | പ്രമാണത്തിന്റെ നമ്പറും മറ്റ് വിവരങ്ങളും |
|---|---|---|---|
| വിലയാധാരം | സുകുമാരൻ | രതീഷ് എൻ.ടി. | ഒല്ലൂക്കര സബ് രജിസ്ട്രാർ ഓഫീസിലെ 18-01-2021ലെ 151/1/2021 –ാം നമ്പർ ആധാരപ്രാകരം |

എന്നാൽ മേൽപ്പറഞ്ഞ വ്യക്തികൾക്ക് അയച്ചിട്ടുള്ള നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വന്നിട്ടുള്ളതാണ്. പ്രസ്തുത നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനകം തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം അനുബന്ധമായി 10-11-2003ലെ ഭാരത സർക്കാരിന്റെ വിശേഷാൽ ഗസറ്റ് പ്രകാരവും എൽ.ഐ.സി. ഹൗസിംഗ് ഫൈനാൻസ് ലിമിറ്റഡിന് സിദ്ധിച്ചിട്ടുള്ള അധികാരമുപയോഗിച്ച് ജാമ്യ വസ്തുവകകൾ കൈവശമെടുക്കുന്നതിനും ക്രയവിക്രയങ്ങൾ നടത്തുന്നതിനുമുള്ള പൂർണ്ണ അവകാശം എൽ.ഐ.സി. ഹൗസിംഗ് ഫൈനാൻസ് ലിമിറ്റഡിൽ നിക്ഷിപ്തമാണ്. മേൽ പറഞ്ഞ നിയമത്തിന്റെ വകുപ്പ് 13(13) പ്രകാരം ഈ വസ്തുവകകളിന്മേൽ എൽ.ഐ.സി. ഹൗസിംഗ് ഫൈനാൻസിന്റെ മുൻകൂർ അനുവാദമില്ലാതെ യാതൊരുവിധ ഇടപാടുകളും നടത്തുവാൻ പാടില്ലാത്തതുമാകുന്നു. ജാമ്യ വസ്തുവിന്റെ വിൽപ്പനയിൽ നിന്നും കിട്ടുന്ന തുക എൽ.ഐ.സി. ഹൗസിംഗ് ഫൈനാൻസിന് കിട്ടേണ്ട തുകയിൽ കുറവാണെങ്കിൽ വായ്പക്കാരന്റേയും ജാമ്യക്കാരന്റേയും മേൽ മറ്റു നിയമ നടപടികൾ സ്വീകരിച്ച് ഈടാക്കിയെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്. വസ്തുവകകൾ കൈവശമെടുക്കുന്നതിനും വിൽക്കുന്നതിനും ഉണ്ടായേക്കാവുന്ന എല്ലാ ചെലവുകളും വായ്പക്കാരൻ/ജാമ്യക്കാരൻ വഹിക്കേണ്ടതുമാണ്.
സെക്ഷൻ 13(8) വകുപ്പ് പ്രകാരം വായ്പക്കാർക്ക് ഈടുവസ്തു തിരിച്ചെടുക്കുന്നതിനുള്ള സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.
ഇപ്രകാരം താങ്കളിൽനിന്നും എൽ.ഐ.സി.ഹൗസിങ്ങ് ഫൈനാൻസിനു വരേണ്ടതായ തുകകൾ വസൂൽ ചെയ്യുന്നതിനു വേണ്ടി വരുന്ന എല്ലാ ചെലവുകളും താങ്കൾ വഹിക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. **എന്ന്**
**സ്ഥലം: എറണാകുളം**
**തീയതി**: 28-01-2025
**(ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, എൽ. ഐ. സി. ഹൗസിങ്ങ് ഫൈനാൻസ് ലിമിറ്റഡ്.**

**മറൈൻ ലിവിംഗ് റിസോഴ്സ് & പരിസ്ഥിതി കേന്ദ്രം**
മിനിസ്ട്രി ഓഫ് എർത്ത് സയൻസസ്, ഗവൺമെന്റ് ഓഫ് ഇന്ത്യ അടൽ ഭവൻ,
എൽ.എൻ.ജി. റോഡ്, പുതുവൈപ്പ്, കൊച്ചി–682508
ഫോൺ നമ്പർ 0484 2944004
सत्यमेव जयते

**അന്റാർട്ടിക് ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്താനുള്ള താൽപ്പര്യം പ്രകടിപ്പിക്കാൻ വിളിക്കുക**
ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ അറ്റാച്ച്ഡ് ഓഫീസായ സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (CMLRE), അന്റാർട്ടിക് കടലിൽ ക്രിൽ അല്ലെങ്കിൽ തേയില മത്സ്യം പിടിക്കാൻ ഉദ്ദേശിക്കുന്ന യോഗ്യതയുള്ള ഇന്ത്യൻ സ്ഥാപനങ്ങളിൽ നിന്ന് താൽപ്പര്യം പ്രകടിപ്പിക്കാൻ (EOI) ക്ഷണിക്കുന്നു. (2025-26).
ദക്ഷിണ സമുദ്രത്തിലെ സമുദ്ര ജീവജാലങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിര പരിപാലനത്തിനും ഉത്തരവാദിത്തമുള്ള ഒരു അന്തർ സർക്കാർ സ്ഥാപനമാണ് CCAMLR. ഈ കൺവെൻഷന്റെ സ്ഥിരാംഗം എന്ന നിലയിൽ, സ്ഥാപിതമായ സംരക്ഷണ നടപടികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് മത്സ്യബന്ധന ലൈസൻസുകൾ/പെർമിറ്റുകൾ നൽകാൻ ഇന്ത്യയ്ക്ക് അർഹതയുണ്ട്. ഉയർന്ന കടൽ മത്സ്യബന്ധനത്തിൽ പരിചയമുള്ള ഇന്ത്യൻ സ്ഥാപനങ്ങൾ, അന്റാർട്ടിക് കടലിൽ നിന്നുള്ള ക്രിൽ അല്ലെങ്കിൽ ടൂത്ത് ഫിഷുകൾ എന്നിവ മത്സ്യബന്ധനത്തിന് അനുയോജ്യമായ കപ്പലുകൾ, അവരുടെ EOI, director@emire.gay.in/sendhit.r@cmire.gov.in എന്ന ഇ-മെയിൽ വഴി CMLRE ലേക്ക് അവരുടെ ഒരു ഹ്രസ്വ കമ്പനി പ്രൊഫൈലും ഉദ്ദേശ്യ പ്രസ്താവനയും സഹിതം രജിസ്റ്റർ ചെയ്യാം.
ഉയർന്ന കടലിൽ മത്സ്യബന്ധനം നടത്താൻ ശേഷിയുള്ള ഐസ്-ക്ലാസ് ബലപ്പെടുത്തിയ കപ്പൽ കൈവശമുള്ള ഇന്ത്യൻ കമ്പനികൾ, അല്ലെങ്കിൽ ഒരു ബെയർ ബോട്ട് ചാർട്ടർ ഉടമ്പടിയിലൂടെ അത്തരം കപ്പലുകളെയും ജീവനക്കാരെയും വാടകയ്ക്കെടുക്കാൻ കഴിവുള്ളതും CCAMLR മേഖലയിലെ മത്സ്യബന്ധനത്തിന്റെ സങ്കീർണതകളെക്കുറിച്ച് ധാരണയുള്ളതും അവരുടെ EOI രജിസ്റ്റർ ചെയ്യാൻ യോഗ്യരാണ്.
ഈ പരസ്യം റിലീസ് ചെയ്ത തീയതി മുതൽ 10 ദിവസത്തിനുള്ളിൽ, അനുബന്ധ രേഖകൾ സഹിതം EOI സമർപ്പിക്കുക.
അണ്ടർ സെക്രട്ടറി, ഗവൺമെന്റ് ഓഫ് ഇന്ത്യാ
സി.എം.എൽ.ആർ.ഇ, കൊച്ചി
CBC 12110/11/0003/2425
തീയതി : 12.02.2025

**നഷ്ടപ്പെട്ടു**
പാലക്കാട് ജില്ല, പാലക്കാട് താലൂക്ക്, പുത്തൂർ അംശം ദേശത്ത്, പാലക്കാട് 2 വില്ലേജിലെ സർവ്വേ നമ്പർ 1071/pt, 1072/pt, 1073/pt ഉൾപ്പെട്ട 21¾ സെന്റ് വസ്തുവഹകളുടെ ഒലവക്കോട് SROവിലെ അസ്സൽ ജന്മം തീരാധാരം നമ്പർ 2837/1993, Book-I, Volume-113, Page - 99 to 105ഉം, ടി ജില്ല, ടി താലൂക്ക്, ടി അംശം ദേശത്തിൽപ്പെട്ട പാലക്കാട് 2 വില്ലേജിൽ സർവ്വേ നമ്പർ 1071/pt, 1072/ptൽ ഉൾപ്പെട്ട 14¼ സെന്റ് വഹകളുടെ അസ്സൽ തീരാധാരമായ ഒലവക്കോട് SROവിലെ 2838/1993 നമ്പർ തീരാധാരവും (Book-I, Volume-113, Page-107 to 111) ചിതലരിച്ച് തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ടി ആധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പി ഉപയോഗിച്ച് ഞങ്ങൾ മേപ്പടി വസ്തുക്കൾ ഒന്നിച്ചോ, ഭാഗികമായോ തീരുവില്പന നടത്തുവാനോ, ബാങ്കിൽ പണയപ്പെടുത്തി വായ്പ എടുക്കുവാനോ ഉദ്ദേശിക്കുന്നുണ്ട്. ആയതിൽ ആർക്കെങ്കിലും വല്ല പരാതിയോ, ആക്ഷേപമോ ഉള്ളപക്ഷം ഈ പരസ്യ തിയ്യതി മുതൽ 14 ദിവസത്തിനകം ഞങ്ങളെ രേഖാമൂലം താഴെ കാണുന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആർക്കും ആക്ഷേപം ഇല്ലെന്ന് കണക്കാക്കി ഞങ്ങൾ ടി വഹകളെ തീരുവിൽക്കുകയോ, പണയപ്പെടുത്തുകയോ ചെയ്യുന്നതാണ്. എന്ന്,
1. **V.M. Ravindra** S/o. K.P.V. Menon
2. **Jayalakshmi,** W/o. V.M. Ravindra, Both residing at - Jaya Nivas, Velloli, Puthur, Palakkad - 678 001. Mob. 9349607443

**ആധാർ ഹൗസിങ്ങ് ഫിനാൻസ് ലിമിറ്റഡ്**
Aadhar Housing Finance Ltd
**Corporate Office :** 802, Natraj By Rustomjee, Western Express Highway, Sir M.V. Road, Andheri East, Mumbai - 400069, Maharashtra.
**Palakkad Branch :** 24/950-3/4, Spark, First Floor, Kunnathumedu,Palakkad, Kerala, 678013.

**ഇ-ലേല-വിൽപന അറിയിപ്പ്**
സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, അനുസരിച്ചും 2002 ലെ സെക്യൂരിറ്റി ഇൻറസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8 (6) പ്രകാരവും സ്ഥാവര സ്വത്തുക്കൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.
പൊതുജനങ്ങൾക്കു പൊതുവായും വായ്പക്കാർക്കും ജാമ്യക്കാർക്കും പ്രത്യേകിച്ചും നൽകുന്ന മുന്നറിയിപ്പ് എന്തെന്നാൽ തങ്ങൾക്കു പണയപ്പെടുത്തിയിരിക്കുന്നതും ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെപാലക്കാട്ബ്രാഞ്ചിലെ അംഗീകൃത ഓഫീസർ കൈവശപ്പെടുത്തിയയതുമായ താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്തുക്കൾ 'എവിടെയുണ്ടോ അതുപോലെ', 'എങ്ങനെയാണോ അതുപോലെ, എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ വിൽക്കുന്നതായിരിക്കും. അറിയപ്പെടുന്ന ബാധ്യതകളൊന്നും ഇല്ല. വസ്തുവിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:-

| സീരയൽ നം. | വായ്പക്കാർ/സഹ- വായ്പക്കാർ ജാമ്യക്കാർ | ഡിമാന്റ് നോട്ടീസ് തീയതിയും തുകയും | സ്ഥാവര വസ്തുവിന്റെ വിവരണം | റിസർവ് പ്രൈസ് (ആർപി) | നിരതദ്രവ്യം (ഇഎംഡി) (10% of RP) | പൊസഷന്റെ സ്വഭാവം |
|---|---|---|---|---|---|---|
| 1. | ലോൺ കോഡ്. 23510000130 പാലക്കാട് (ബ്രാഞ്ച്) ചെന്താമര എൻ (കടം വാങ്ങുന്നയാൾ) ബിന്ദു കെ (സഹ കടം വാങ്ങുന്നയാൾ) | 12-02-2024 ₹ 5,23,583.00 | 1.41 Ares in Re Sy No. 417/7-1 (Old Sy No. 1256) പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ നല്ലേപ്പിള്ളി ഗ്രാമം, മറ്റ് എല്ലാ മെച്ചപ്പെടുത്തലുകളും അവകാശങ്ങളും SRO ചിറ്റൂരിന്റെ സെറ്റിൽമെന്റ് ഡീഡ് നമ്പർ 2701/2022 പ്രകാരം കൂടുതൽ വിശദമായി വിവരിച്ചിരിക്കുന്നു ഇതിന്റെ അതിർത്തി കിഴക്ക് : രഘുനാഥിന്റെ സ്വത്ത്, പടിഞ്ഞാറ്: ശിവകുമാറിന്റെ സ്വത്തും 3 മീറ്റർ വീതിയുള്ള റോഡും, വടക്ക്: കുട്ടന്റെ സ്വത്തും തെക്ക് : ദൈവ സ്ഥലവും. | ₹ 9,68,260.00 (രൂപ ഒമ്പത് ലക്ഷത്തി അറുപത്തിയെ ണ്ണായിരത്തി ഇരുനൂറ്റി അറുപത് മാത്രം) | ₹ 96,826.00 (രൂപ തൊണ്ണൂറ്റി ആറായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) | ഫിസിക്കൽ |

1. കെവൈസി, ടെൻഡർ ഫോമും അംഗീകൃത നിബന്ധനകളും വ്യവസ്ഥകളും (ടെണ്ടർ ഡോക്യുമെന്റുകൾ) സഹിതം നിരതദ്രവ്യ നിക്ഷേപത്തിന്റെ ഡിഡി സമർപ്പിക്കേണ്ട അവസാന തീയതി 28-02-2025 വൈകുന്നേരം 5:00 മണിക്കുള്ളിൽ മുകളിൽ പറഞ്ഞിരിക്കുന്ന ബ്രാഞ്ച് ഓഫീസ് വിലാസത്തിൽ അല്ലെങ്കിൽ https:/ /bankeauctions.com. ടെണ്ടർ രേഖകൾ അവസാന തീയതിക്ക് ശേഷം ലഭിക്കുന്നത് അസാധുവായ ടെൻഡറായി കണക്കാക്കുകയും അതനുസരിച്ച് നിരസിക്കുകയും ചെയ്യും. നിരതദ്രവ്യത്തിന് പലിശ നൽകുന്നതല്ല.
2. വസ്തുവിനുള്ള ബിഡ്/ഓഫർ തുറക്കുന്ന തീയതി (ലേല തീയതി) 01-03-2025 -ൽ https://bankeauctions.comൽ 3:00 PM to 4:00 PM..
3. മുകളിൽ സൂചിപ്പിച്ചതുപോലെ വസ്തുവിൽ തീർപ്പുകൽപ്പിക്കാത്ത ഏതെങ്കിലും ബാധ്യതകൾക്ക് ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് ഉത്തരവാദിയല്ല. വസ്തു 'എവിടെയാണോ അവിടെ', എങ്ങനെയാണോ അങ്ങിനെ', എന്താണോ അത്' എന്ന അടിസ്ഥാനത്തിൽ ലേലം ചെയ്യും.
4. ഡിമാൻഡ് ഡ്രാഫ്റ്റ് ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന് മാത്രം അനുകൂലമാക്കണം.
5. https://bankeauctions.com എന്ന വെബ്സൈറ്റിലൂടെയുള്ള 'ഓൺലൈൻ ഇലക്രേ്ടാണിക് ബിഡ്ഡിംഗ് വഴി മാത്രമേ ലേലം/ബിഡ്ഡിംഗ് നടത്താവൂ. ഇ-ലേല വിൽപ്പന നടപടികളിൽ പങ്കെടുക്കുന്നതിന് മുമ്പ് വിശദമായ നിബന്ധനകൾക്കായി ലേലം വിളിക്കുന്നവർ വെബ്സൈറ്റ് സന്ദർശിക്കാൻ നിർദേശിക്കുന്നു.
6. ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർ https: //bankeauctions.com/registration/ signup, എന്ന ലിങ്ക് വഴി M/s C 1 INDIA PVT LTD എന്ന പോർട്ടലിൽ അവരുടെ പേര് രജിസ്റ്റർ ചെയ്യുകയും അവരുടെ യൂസർ ഐഡിയും പാസ്‌വേഡും സൗജന്യമായി നേടുകയും വേണം. ലേലക്കാരന് സേവന ദാതാവായ M/s C1-ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന്നിന്ന് ഇ-ലേലത്തെക്കുറിച്ചുള്ള ഓൺലൈൻ പരിശീലനം https://bankeauctions.com എന്ന വെബ്സൈറ്റിലൂടെ ലഭിക്കുന്നതാണ്.
7. കൂടുതൽ വിവരങ്ങൾക്ക് ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ, അറിവുചെൽവം എസ്, ബ്രാഞ്ച് (ബന്ധപ്പെടേണ്ട നമ്പർ. 9600599885) അല്ലെങ്കിൽ സേവന ദാതാവ് M/s C1 INDIA PVT LTD, ശ്രീ. പ്രഭാകരൻ (ബന്ധപ്പെടേണ്ട നമ്പർ +91 7418281709), ഇ-മെയിൽ:tn@c1india.com & support@ bankeauctions.com, മൊബൈൽ നമ്പർ:+917291981124 /25/26. മേൽപ്പറഞ്ഞ സ്ഥാവര സ്വത്തുക്കൾ/സുരക്ഷിത ആസ്തികളുടെ വിൽപനയെ അല്ലെങ്കിൽ വിനിയോഗിക്കുന്നതിൽ നിന്ന ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ ഉദ്യോഗസ്ഥനെ തടഞ്ഞുകൊണ്ടോ ഇന്നേ ദിവസം വരെ ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ അധികാരികതയെ തടഞ്ഞുകൊണ്ടോ ഉള്ള ഉത്തരവുകളോ കോടതി ഇൻജക്ഷനോ ഇല്ല.
8. വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിൽ (എഎച്ച്എഫ്എൽ) നൽകിയിരിക്കുന്ന സുരക്ഷിതവായ്പാദാതാവിന്റെ വെബ്സൈറ്റ് ലിങ്ക് പരിശോധിക്കുക, അതായത്. www.aadharhousing.com
9. ലേലത്തിനായുള്ള ബിഡ് വർദ്ധനവ് Rs.10,000/- രൂപയാണ്.

സ്ഥലം: പാലക്കാട്
തീയതി :13.02.2025
അധികാരപ്പെട്ട ഓഫീസർ
ആധാർ ഹൗസിങ്ങ് ഫിനാൻസ് ലിമിറ്റഡ്

**കേരള സംസ്ഥാന ഭാഗ്യക്കുറി FIFTY-FIFTY FF- 128 DRAW RESULT 12/02/2025**

ഒന്നാം സമ്മാനം ₹1 കോടി — FS 456282 (പുനലൂർ)

സമാശ്വാസ സമ്മാനം ₹ 8000 — FN 456282 FO 456282 FP 456282 FR 456282 FT 456282 FU 456282 FV 456282 FW 456282 FX 456282 FY 456282 FZ 456282

കേരള ഭാഗ്യക്കുറി

രണ്ടാം സമ്മാനം ₹10 ലക്ഷം — FS 597767 (പത്തനംതിട്ട)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

മൂന്നാം സമ്മാനം ₹5000 — 0184 0335 0396 0525 1292 1560 1984 2035 2254 2440 2754 3981 5563 6245 7059 7283 7347 7502 7693 7748 8313 9218 9917

നാലാം സമ്മാനം ₹2000 — 0054 2424 3279 3590 4092 4462 6845 7113 7290 8484 8618 9033

അഞ്ചാം സമ്മാനം ₹1000 — 0162 0785 1027 2024 2132 2435 3178 3787 4225 4671 4850 6271 6386 6393 6976 7416 7658 8103 8207 8358 8414 8973 9024 9727

ആറാം സമ്മാനം ₹500 — 0048 0102 0126 0166 0224 1086 1277 1347 1404 1410 1548 1842 1880 2110 2193 2219 2478 2772 2877 2929 3101 3281 3341 3526 3809 3859 4013 4060 4118 4209 4220 4379 4448 4532 4784 5074 5137 5280 5410 5467 5620 5729 5822 5876 5885 6061 6179 6180 6188 6253 6391 6430 6447 6499 6566 6831 6907 7006 7017 7033 7065 7079 7201 7255 7298 7613 7625 7712 7802 7943 7947 8137 8149 8177 8291 8357 8440 8523 8544 8766 8913 8928 8939 8969 9005 9190 9226 9268 9274 9337 9366 9506 9531 9534 9925 9948

ഏഴാം സമ്മാനം ₹100 — 0052 0296 0450 0528 0566 0777 0800 0860 1170 1219 1382 1432 1718 1723 1760 1870 1917 2054 2095 2115 2156 2210 2218 2321 2379 2523 2639 2673 2812 3091 3121 3154 3189 3192 3306 3312 3400 3443 3560 3610 3641 3722 3742 3796 3799 3819 3845 3892 3953 3998 4047 4049 4051 4063 4131 4242 4252 4367 4418 4555 4561 4756 4839 5245 5251 5260 5418 5470 5508 5547 5569 5610 5626 5789 5874 5884 6012 6016 6101 6155 6335 6342 6353 6405 6513 6669 6979 7038 7222 7227 7240 7267 7320 7338 7383 7466 7480 7499 7565 7756 7857 7953 7972 8048 8049 8130 8212 8224 8295 8321 8346 8548 8562 8768 8947 9072 9079 9099 9118 9171 9174 9369 9428 9536 9683 9709

ഒപ്പ്, **അജി ജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ**, ഡിറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം. വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.
നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

Email-aeekwagvr@gmail.com
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം പി എച്ച് സബ് ഡിവിഷൻ, ഗുരുവായൂർ
തിയ്യതി : 11.02.2025

**ലേലം നോട്ടീസ്**
നമ്പർ - DB1- 473/Auction/TMC/2025-26
ജല ജീവൻ മിഷൻ തിരുമിറ്റക്കോട് പഞ്ചായത്ത് പൈപ്പിടൽ പ്രവൃത്തി കഴിഞ്ഞതിനു ശേഷം അധികം വന്ന 343.64m³, 337.76m³ മണ്ണ് 20.02.2025 ന് 11.00 മണിക്ക് സീൽഡ് കവറിലും 12.00 മണിക്ക് പരസ്യമായി കേരള ജല അതോറിറ്റി, പി എച്ച് സബ് ഡിവിഷൻ, ഗുരുവായൂരിന്റെ ഓഫീസ് പരിസരത്തു വെച്ച് ഹാജരായിട്ടുള്ള പൊതുജനങ്ങളുടെ സാന്നിധ്യത്തിൽ വെവ്വേറെ ലേലം ചെയ്തു കൊടുക്കുന്നതായിരിക്കും. നിരത ദ്രവ്യം യഥാക്രമം 3500/, 3400/- രൂപ വീതം (ഫോൺ നമ്പർ 0487 2556461)
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
Sd/-

**BEFORE THE HON'BLE DEBTS RECOVERY TRIBUNAL-I AT ERNAKULAM**
5th Floor, Kerala Housing Board Building, Panampilly Nagar, Cochin-682036
**O.A No. 423 of 2024**
**Applicant:**
Balaji. S.N, aged 34 years, S/o Nagarajan working as Chief Manager/Authorized officer, Central processing cell, zonal office, Ernakulam, 2nd floor, G.K Arcade, Palarivattam Bypass Jn. Vennala P.O, Ernakulam PIN:682028.
**1st Defendant:**
Malabari Chicken Agro Ventures Represented by its proprieter Mr. Shakkeer Chakkalkunnam, 10/9, Malabari Building, Karimpuzha, Vakkadapuram, Mannarkkad, Palakkad PIN-678583.
**3rd Defendant:**
Mr. Veerankutty Chengananakattil,Chengananakattil House, Chemmalassery P.O, Pulamanthole, PIN-679323.
**PAPER PUBLICATION**
1. Whereas, the above OA was listed before the Tribunal on **23.01.2025.**
2. Whereas, this Hon'ble Tribunal is pleased to issue Paper Publication on the said application under Section 19(4) of the Act, (OA) filed against you for recovery of debts of **Rs. 97,48,497.46/-**
3. In accordance with sub-section (4) of section 19 of the Act, you the 1st and 3rd defendants are directed as under:-
(i) to show within thirty days of the service of summons as to why relief prayed for should not be granted;
(ii) to disclose particulars of properties or assets other than properties and assets specified by the applicant under serial No. 3A of the Original application;
(iii) you are restrained from dealing with or disposing of secured assets or such other assets and properties disclosed under Serial No. 3A of the Original Application, pending hearing and disposal of the application for attachment of properties;
(iv) you shall not transfer by way of sale, lease or otherwise, except in the ordinary course of business any of the assets over which security interest is created and/or other assets and properties specified or disclosed under serial number 3A of the Original application without the prior approval of the Tribunal.
(v) you shall be liable to account for sale proceeds realized by sale of secured asset or other assets and properties in the ordinary course of business and deposit such sale proceeds in the account maintained with the bank or financial institution holding security interest over such assets.
You are also directed to appear before the Registrar of this Tribunal on **24.03.2025** at **11.00 AM** failing which the application shall be heard and decided in your absence.
Given under my hand and seal of the Tribunal on this the **11th day of February 2025**
By order of the Tribunal (Sd/-) Registrar Debts Recovery Tribunal-1, Ernakulam

# മന്ത്രി മാലയിട്ടു സ്വീകരിച്ച പ്രതിയെ പോലീസ് നാടുകടത്തി



■ ശരൺ

പത്തനംതിട്ട: ആരോഗ്യമന്ത്രി വീണാ ജോർജ് മാലയിട്ടു സി.പി. എമ്മിലേക്കു സ്വീകരിച്ചതിലൂടെ വിവാദ നായകനായ കാപ്പ കേസ് പ്രതിയെ പോലീസ് വീണ്ടും കാപ്പ ചുമത്തി നാടുകടത്തി. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ മലയാലപ്പുഴ നല്ലൂർ വാഴവിളയിൽ വീട്ടിൽ ഇഡ്ഡലി എന്നു വിളിക്കുന്ന ശരൺ ചന്ദ്രനെ (25)യാണ് കാപ്പ നിയമപ്രകാരം ഒരു വർഷത്തേക്കു ജില്ലയിൽനിന്നു പുറത്താക്കിയത്. ജില്ലാ പോലീസ് മേധാവി വി.ജി. വിനോദ് കുമാറിന്റെ, കഴിഞ്ഞ ഡിസംബർ 17ലെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി: എസ്.അജിതാ ബേഗത്തിന്റെതാണ് ഉത്തരവ്.

കഴിഞ്ഞ വർഷം ജൂലൈയിലാണ് കുമ്പഴ ലിജോ ഓഡിറ്റോറിയത്തിൽ മന്ത്രി വീണാ ജോർജ്, അന്നത്തെ സി.പി.എം. ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു, പത്തനംതിട്ട ഏരിയാ സെക്രട്ടറി എം.വി. സഞ്ചു എന്നിവരുടെ നേതൃത്വത്തിൽ ശരൺ അടക്കം നിരവധി ബി.ജെ.പി, യുവമോർച്ച പ്രവർത്തകരെ പാർട്ടിയിലേക്കു സ്വീകരിച്ചത്. ഇതു വിവാദമായതോടെ, ശരണിനെതിരായ കേസുകൾ രാഷ്ട്രീയപ്രേരിതമാണെന്നും മാധ്യമങ്ങളല്ല കോടതിയാണു പ്രതിയെ തീരുമാനിക്കുന്നതെന്നും ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു പ്രതികരിച്ചിരുന്നു. പക്ഷേ, ശരണും ഒപ്പം വന്നവരും വീണ്ടും പല ക്രിമിനൽ കേസുകളിലും കഞ്ചാവ് കേസിലും പ്രതികളായി. അതിനിടെ പത്തനംതിട്ട പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചു. കോടതിയിൽ വിചാരണയിലിരിക്കുന്ന അഞ്ചു കേസുകളുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിലാണു കാപ്പ ചുമത്തി നാടുകടത്തിയത്.

പത്തനംതിട്ട, മലയാലപ്പുഴ പോലീസ് സ്റ്റേഷൻ പരിധികളിൽ 2016 മുതൽ നിരന്തരം സമാധാനലംഘനവും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയും സൃഷ്ടിച്ചുവരികയാണു പ്രതിയെന്നു പോലീസ് റിപ്പോർട്ടിൽ പറയുന്നു. കാപ്പാ നിയമപ്രകാരമുള്ള നടപടിക്കു പരിഗണിച്ച അഞ്ചു കേസുകൾ കൂടാതെ പത്തനംതിട്ടയിലെ മറ്റൊരു കേസ് അന്വേഷണത്തിലാണ്. 2016 മുതൽ പത്തനംതിട്ട, മലയാലപ്പുഴ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത ഏഴു കേസുകളിൽ ശരൺ പ്രതിയായിട്ടുണ്ട്.

അടൂർ എസ്.ഡി.എം. കോടതിക്കു മലയാലപ്പുഴ പോലീസ് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇയാൾക്കെതിരേ ഒരു വർഷത്തേക്കു നല്ലനടപ്പിന് 2023 ഓഗസ്റ്റ് 15 ന് ഉത്തരവായിരുന്നു. എന്നാൽ, തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ബോണ്ട് വ്യവസ്ഥ ലംഘിച്ചു. ഇക്കാര്യത്തിന് കോടതിയിൽ റിപ്പോർട്ട് പോലീസ് സമർപ്പിച്ചിരുന്നു. ഇയാൾക്കെതിരേ 2019 മുതൽ റൗഡി ഹിസ്റ്ററി ഷീറ്റ് നിലവിലുണ്ട്. ഒടുവിലെടുത്ത കേസ് കഴിഞ്ഞ വർഷം സെപ്റ്റംബർ നാലിനു പത്തനംതിട്ട പോലീസ് രജിസ്റ്റർ ചെയ്തതാണ്.



■ ഇഡ്ഡലി എന്നു വിളിക്കുന്ന ശരൺ ചന്ദ്രനെ മന്ത്രി വീണ ജോർജ് രക്തഹാരമണിയിച്ച് പാർട്ടിയിലേക്കു സ്വീകരിക്കുന്നു. (ഫയൽ ചിത്രം)

● ജോളി മധുവിന്റെ ശബ്ദ സന്ദേശം പുറത്ത്

# 'വേട്ടയാടലിനു പിന്നിൽ അഴിമതിക്ക് കൂട്ട് നിൽക്കാത്തത്'

കൊച്ചി: കയർ ബോർഡ് ജീവനക്കാരി ജോളി മധു നേരിട്ടതു കടുത്ത മാനസിക പീഡനം. അഴിമതിക്കു കൂട്ടു നിൽക്കാത്തതിനാലാണ് താൻ വേട്ടയാടപ്പെട്ടതെന്ന് ജോളിയുടെ ശബ്ദ സന്ദേശം പുറത്ത്. ഇന്നലെ പുറത്തുവന്ന ജോളിയുടെ ഡയറിക്കുറിപ്പിലും തൊഴിൽ ചൂഷണം സംബന്ധിച്ച വിവരങ്ങളാണുള്ളത്. തൊഴിൽ പീഡനത്തെ തുടർന്ന് മാനസിക സമ്മർദത്തിലായി സെറിബ്രൽ ഹെമറേജ് ബാധിച്ച് കഴിഞ്ഞ ദിവസമാണ് ജോളി മരണമടഞ്ഞത്.

ഉന്നത ഉദ്യോഗസ്ഥന്റെ അഴിമതി ചൂണ്ടിക്കാട്ടുന്ന ജോളിയുടെ ശബ്ദസന്ദേശമാണ് ഇന്നലെ പുറത്തുവന്നത്. 'കള്ളനായ ശുക്ലയ്ക്ക് സെക്ടറുടെ ചാർജ് കിട്ടി. മിനിസ്ട്രിയിലുള്ള വിപുൽ ഗോയൽ എന്നയാൾക്ക് ചെയർമാന്റെ ചുമതലയും നൽകി. ശുക്ല പണം നൽകി വിപുലിനെ പോക്കറ്റിലാക്കി വച്ചിരിക്കുകയാണ്. ഇയാൾ എഴുതുന്നതെന്തും വിപുൽ ഒപ്പുവച്ച് ഇങ്ങോട്ട് തരും. ശുക്ലയാണിപ്പോൾ കാര്യങ്ങൾ നിയന്ത്രിക്കുന്നത്. അയാൾക്കാണ് എന്നോട് ദേഷ്യവും. അയാൾ കക്കാനായി ഒത്തിരി ഫയലുകളിൽ എഴുതിയത് ഞാൻ ഉടക്കി. അതിന്റെ പ്രതികാരമാണ് തീർക്കുന്നത്'. ജോളിയുടെ ശബ്ദ സന്ദേശത്തിൽ ഇങ്ങനെ പറയുന്നു.



■ ജോളി മധു

ജോളി സത്യസന്ധയായ ഉദ്യോഗസ്ഥയായിരുന്നുവെന്ന് കയർബോർഡ് മുൻ ചെയർമാൻ കുപ്പുരാമ ദുരൈ പാണ്ടി പറഞ്ഞു. തനിക്കറിയാവുന്ന കാര്യങ്ങൾ അന്വേഷണ സംഘത്തോട് പറയുമെന്നും സ്വാമി പറഞ്ഞു.

കഴിഞ്ഞ 10ന് ആണ് ജോളി ചികിത്സയിലിരിക്കേ മരണമടഞ്ഞത്. ചെയർമാനോട് സംസാരിക്കാൻ ഭയമാണെന്നും തൊഴിലിടത്തിൽ സ്ത്രീകൾ സുരക്ഷിതരല്ലെന്നതിന്റെ തെളിവാണ് താനെന്നും ജോളി ഡയറിക്കുപ്പിൽ എഴുതിയിട്ടുണ്ട്. ഡയറിക്കുറിപ്പ് എഴുതിപൂർത്തിയാക്കും മുന്നേ ജോളി അബോധാവസ്ഥയിലായി. തുടർന്ന് ആശുപത്രിയിൽ എത്തിക്കുകയായിരുന്നു.അതേ സമയം കയർ ബോർഡിനെതിരേ മുൻ ചെയർമാന്റെ പി.എ. ആയിരുന്ന സി.ബി. സുനിൽകുമാറിന്റെ മകൻ രംഗത്തുവന്നു. സ്ട്രോക്ക് വന്ന വ്യക്തിയാണ് സുനിൽകുമാറെന്നും മെഡിക്കൽ റിപ്പോർട്ട് വന്നിട്ടും ശമ്പളമില്ലാതെജോലി ചെയ്യേണ്ടിവന്നുവെന്നും പിന്നീട് കൊൽക്കത്തിയിലേക്കു സ്ഥലംമാറ്റി പ്രതികാരം തീർക്കുകയായിരുന്നുവെന്നും മകൻ ആരോപിച്ചു. ജോളിയുടെ അവസ്ഥയും സമാനമായിരുന്നുവെന്നും അതുപോലെ തന്നെ തന്റെ അച്ഛനും തൊഴിൽ പീഡനം നേരിട്ടിരുന്നുവെന്നും മകൻ പറഞ്ഞു.

അഴിമതിക്കു കൂട്ടുനിൽക്കാത്തതിനാൽ ജോളിയുടെ ശമ്പളം പിടിച്ചുവച്ചും സ്ഥലം മാറ്റിയും പീഡിപ്പിക്കുകയായിരുന്നു. അഴിമതിയുടെ ആനുകൂല്യം തനിക്കുവേണ്ടെന്നും ശബ്ദ സന്ദേശത്തിൽ അടങ്ങിയിട്ടുണ്ട്.

● ട്രാൻസ്പരൻസി ഇന്റർനാഷണലിന്റെ സൂചിക

# ഏറ്റവും അഴിമതി കുറഞ്ഞ രാജ്യം ഡെൻമാർക്ക്; ഇന്ത്യ 96-ാം സ്ഥാനത്ത്

ലണ്ടൻ: ട്രാൻസ്പരൻസി ഇന്റർനാഷണൽ പുറത്തിറക്കിയ 2024 ലെ അഴിമതി സൂചിക (കറപ്ഷൻ പെർസെപ്ഷൻ ഇൻഡക്സ്-സി.പി.ഐ) പ്രകാരം ഡെൻമാർക്ക് തുടർച്ചയായ രണ്ടാം വർഷവും ലോകത്തിലെ ഏറ്റവും അഴിമതി കുറഞ്ഞ രാജ്യം. ഫിൻലൻഡ്, സിംഗപ്പൂർ, ന്യൂസിലൻഡ് എന്നിവയാണു തൊട്ടു പിന്നിലുള്ളത്. കഴിഞ്ഞവർഷം 93-ാം സ്ഥാനത്തായിരുന്ന ഇന്ത്യ 96-ാം സ്ഥാനത്തേക്കു പിൻതള്ളപ്പെട്ടു.

പൊതുമേഖലയിലെ അഴിമതിയുടെ തോത് അടിസ്ഥാനമാക്കി 180 രാജ്യങ്ങളെയും പ്രദേശങ്ങളെയുമാണു വർഷംതോറും സി.പി.ഐ. റാങ്ക് ചെയ്യുന്നത്. ഏറ്റവും അഴിമതി നിറഞ്ഞതിനു പൂജ്യവും ഏറ്റവും സംശുദ്ധമായതിനു നൂറും എന്ന നിലയിൽ ഇതിനിടയിൽ സ്കോർ നൽകിയാണു വിലയിരുത്തൽ. ഡെൻമാർക്ക് 90 സ്കോർ നേടിയപ്പോൾ ഇന്ത്യക്ക് 38 സ്കോർ നേടാനേ കഴിഞ്ഞുള്ളൂ. ഇത് രാജ്യം നേരിടുന്ന വെല്ലുവിളികളെ അടയാളപ്പെടുത്തുന്നതാണെന്ന് വിദഗ്ധർ പറയുന്നു. ഇന്ത്യയുടെ അയൽരാജ്യങ്ങളായ പാകിസ്താൻ, ശ്രീലങ്ക, ബംഗ്ലാദേശ്, ചൈന എന്നിവയും താഴ്ന്ന റാങ്കിങ്ങിലാണ്. പട്ടികയിൽ പാകിസ്താൻ 135-ാം സ്ഥാനത്തും ശ്രീലങ്ക 121-ാം സ്ഥാനത്തുമാണ്. ബംഗ്ലാദേശ് 149-ാം സ്ഥാനത്തു നിൽക്കുമ്പോൾ ചൈനക്ക് 76-ാം സ്ഥാനത്തെത്താൻ കഴിഞ്ഞു. ദക്ഷിണേഷ്യൻ മേഖലയിലുടനീളം അഴിമതി ഒരു പ്രധാന പ്രശ്നമായി തുടരുന്നെന്നും പല രാജ്യങ്ങളും ഇതു പരിഹരിക്കുന്നതിൽ പുരോഗതി കൈവരിച്ചിട്ടില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.





അഴിമതി സ്കോറിലെ ആഗോള ശരാശരി 43 ആയി തുടരുന്നുണ്ട്. എന്നാൽ മൂന്നിൽ രണ്ടു രാജ്യങ്ങളുടെയും സ്കോർ 50 ൽ താഴെയാണെന്നാണു റിപ്പോർട്ടിലെ കണ്ടെത്തൽ. യുക്രെൻ പോലെയുള്ള ചില രാജ്യങ്ങളിൽ അൽപ്പം പുരോഗതിയുണ്ടെങ്കിലും ലോകമെമ്പാടുമുള്ള അഴിമതിയുടെ തോത് ഭയാനകമായ വിധത്തിൽ ഉയർന്നതായി ട്രാൻസ്പേരൻസി ഇന്റർനാഷണൽ മുന്നറിയിപ്പ് നൽകുന്നു.

ഇതു കാലാവസ്ഥാ വ്യതിയാനം, മനുഷ്യാവകാശ ലംഘനം തുടങ്ങിയ വെല്ലുവിളികളെ നേരിടാനുള്ള ശ്രമങ്ങളെ ദുർബലപ്പെടുത്തുമെന്നാണ് ആശങ്ക.

പല പാശ്ചാത്യ രാജ്യങ്ങളുടെയും സ്കോറിലും സാരമായ ഇടിവുണ്ടായതായാണു റിപ്പോർട്ടിലെ സൂചന. അഴിമതിയുടെ വർധനയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. മുമ്പ് 69 പോയിന്റുണ്ടായിരുന്ന യു.എസിന് ഇത്തവണ 65 പോയിന്റേയുള്ളൂ.

ഇതോടെ അഴിമതിപ്പട്ടികയിൽ 24-ാം സ്ഥാനത്തുനിന്ന് അവർ 28-ാം സ്ഥാനത്തേക്കു താഴ്ന്നു. ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങൾക്കും കാര്യമായ ഇടിവാണുണ്ടായത്. ഫ്രാൻസിന് നാല് പോയിന്റ് കുറഞ്ഞ് മുമ്പത്തേക്കാൾ ആറ് സ്ഥാനങ്ങൾ പിന്നീലേക്കു പോയി. മൂന്നു പോയിന്റും ആറു സ്ഥാനവും കുറഞ്ഞ ജർമ്മനി കാനഡയ്ക്കൊപ്പം 15-ാം സ്ഥാനത്തേക്കു പതിച്ചു.

സ്വേച്ഛാധിപത്യ ഭരണകൂടങ്ങളിലെ വഷളായിക്കൊണ്ടിരിക്കുന്ന പ്രവണതകളും റിപ്പോർട്ട് എടുത്തുകാണിക്കുന്നുണ്ട്. നാല് പോയിന്റ് കുറഞ്ഞ് റഷ്യ പട്ടികയിൽ പിന്നോട്ടു പോകാൻ പ്രധാന കാരണം യുക്രെനിലേക്കുള്ള അധിനിവേശമാണെന്നാണു വിലയിരുത്തൽ. അതേസമയം യുക്രെൻ ചില നല്ല പ്രവണതകൾ കാട്ടിയതായും റിപ്പോർട്ട് പറയുന്നുണ്ട്. ജുഡീഷ്യൽ സ്വാതന്ത്ര്യത്തിലും അഴിമതിക്കെതിരേയുള്ള നടപടികളിലുമാണ് അവർ മുന്നേറ്റം നടത്തിയത്. എങ്കിലും സ്കോറിൽ ഒരു പോയിന്റിന്റെ കുറവ് യുക്രെനുമുണ്ടായി.

8, 9 സ്കോറുകളുമായി ദക്ഷിണ സുഡാനും സൊമാലിയയുമാണ് സൂചികയിൽ ഏറ്റവും പിന്നിലുള്ളത്. 10, 12 സ്കോറുകൾ മാത്രമുള്ള വെനസ്വേല, സിറിയ എന്നിവയും ഏറ്റവും അഴിമതിയുള്ള രാജ്യങ്ങളായി രേഖപ്പെടുത്തപ്പെട്ടു. അഴിമതി സാമ്പത്തിക വികസനത്തിനു തടസം സൃഷ്ടിക്കുക മാത്രമല്ല, ജനാധിപത്യം, സ്ഥിരത, മനുഷ്യാവകാശം എന്നിവയ്ക്കു വൻ ഭീഷണിയുമാണെന്ന് ട്രാൻസ്പേരൻസി ഇന്റർനാഷണൽ അടിവരയിടുന്നു. ആഗോളതലത്തിൽ വളരെ ഉയർന്ന നിലയിലായ അഴിമതിയുടെ തോത് കുറയ്ക്കാൻ അടിയന്തര നടപടി വേണമെന്നാണ് റിപ്പോർട്ടിന്റെ ഊന്നൽ.



■ ഫ്രഞ്ച് നഗരമായ മാഴ്സയിലെ ചരിത്രപ്രധാനമായ മസാർഗസ് സെമിത്തേരിയിൽ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിൽ വീരമൃത്യു വരിച്ച ഇന്ത്യൻ സൈനികർക്ക് പ്രധാനമന്ത്രി മോദി പുഷ്പചക്രം അർപ്പിച്ചപ്പോൾ. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ സമീപം.

# ഫ്രാൻസിൽ ഇന്ത്യൻ സൈനികർക്ക് ആദരമർപ്പിച്ച് മോദി

പാരിസ്: ഒന്നും രണ്ടും ലോക യുദ്ധങ്ങളിൽ വീരമൃത്യു വരിച്ച ഇന്ത്യൻ സൈനികർക്ക് ആദരമർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഫ്രഞ്ച് നഗരമായ മാഴ്സയിലെ ചരിത്രപ്രധാനമായ മസാർഗസ് സെമിത്തേരിയിലെത്തി മോദി പുഷ്പചക്രം അർപ്പിച്ചു.

ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും ഒപ്പമുണ്ടായിരുന്നു. 205 ഇന്ത്യൻ സൈനികർക്കാണ് ഇവിടെ സ്മാരകം. 1914-18 കാലത്തെ ഒന്നാം ലോകയുദ്ധവേളയിൽ ഫ്രാൻസിൽ ഇന്ത്യൻ സൈന്യത്തിന്റെ താവളമായിരുന്നു മാഴ്സ. ഒന്നാം ലോകയുദ്ധത്തിൽ വീരമൃത്യു വരിച്ച 205 ഇന്ത്യൻ സൈനികരെയാണ് മസാർഗസിൽ സംസ്കരിച്ചത്.

## കമൽഹാസൻ രാജ്യസഭയിലേക്ക്



ചെന്നൈ: മക്കൾ നീതി മയ്യം നേതാവ് കൂടിയായ നടൻ കമൽ ഹാസൻ രാജ്യസഭയിലേക്ക്. ജൂലൈയിൽ ഒഴിവു വരുന്ന രാജ്യസഭാ സീറ്റ് കമൽഹാസനു നൽകാൻ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ തീരുമാനിച്ചു. സ്റ്റാലിന്റെ നിർദേശപ്രകാരം മന്ത്രി ശേഖർ ബാബു ഇക്കാര്യം കമൽഹാസനെ അറിയിച്ചു. നിലവിലെ അംഗബലം അനുസരിച്ച് നാല് അംഗങ്ങളെവരെ ഡി.എം.കെയ്ക്കു രാജ്യസഭയിലേക്കു ജയിപ്പിച്ചെടുക്കാനാകും. ഡി.എം.കെയുമായുള്ള ധാരണ കണക്കിലെടുത്ത് 2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ കമൽഹാസന്റെ പാർട്ടിയായ മക്കൾ നീതി മയ്യം മത്സരത്തിനിറങ്ങിയിരുന്നില്ല. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ അണ്ണാമലൈയ്ക്കെതിരേ കോയമ്പത്തൂരിൽ മത്സരിക്കാൻ അദ്ദേഹം തീരുമാനിച്ചിരുന്നു. ഡി.എം.കെയുടെ അഭ്യർഥന പ്രകാരം മത്സരത്തിൽനിന്നു പിന്മാറുകയായിരുന്നു.

## 10 വർഷം ജയിൽശിക്ഷ അനുഭവിച്ചയാൾ കുറ്റവിമുക്തൻ !

ന്യൂഡൽഹി: കൊലപാതകത്തിനു 10 വർഷത്തിലധികം ജയിൽവാസം അനുഭവിച്ച വ്യക്തിയെ സുപ്രീം കോടതി കുറ്റവിമുക്തനാക്കി. രണ്ടാം ഭാര്യയുടെ സഹായത്തോടെ ആദ്യഭാര്യയെ കൊലപ്പെടുത്തി എന്നായിരുന്നു കേസ്. വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ നടന്ന കുറ്റകൃത്യം എന്നതുകൊണ്ട് മാത്രം ഒരാളെ കുറ്റക്കാരനാക്കാൻ കഴിയില്ലെന്നും കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷനു കഴിഞ്ഞില്ലെന്നും ജസ്റ്റിസുമാരായ പങ്കജ് മിത്തലും അഹ്സാനുദ്ദീൻ അമാനുല്ലയും അടങ്ങുന്ന സുപ്രീം കോടതി ബെഞ്ച് വ്യക്തമാക്കി.

## 'അന്തസോടെ മരിക്കാനുള്ള അവകാശ'ത്തിൽ ആദ്യം വിരമിച്ച അധ്യാപിക



■ എച്ച്.ബി. കരിബസമ്മ

ബെംഗളൂരു: കർണാടക അടുത്തിടെ നടപ്പിലാക്കിയ 'അന്തസോടെ മരിക്കാനുള്ള അവകാശ'ത്തിന്റെ ആദ്യ ഗുണഭോക്താവാകാനൊരുങ്ങി റിട്ട. സർക്കാർ സ്കൂൾ അധ്യാപിക.

വർഷങ്ങൾ നീണ്ട നിയമയുദ്ധത്തിനൊടുവിൽ എച്ച്.ബി. കരിബസമ്മ (85) എന്ന റിട്ട. അധ്യാപികയാണു മരിക്കാനുള്ള അവകാശം നേടിയത്. നട്ടെല്ലിനു ഗുരുതര പരുക്കേറ്റ് രോഗശയ്യയിലാണ് അവർ. മാരകമായ അസുഖമുള്ള രോഗികൾക്ക് അന്തസോടെ മരിക്കാനുള്ള അവകാശം അനുവദിച്ചുകൊണ്ട് ജനുവരി 30-നു സംസ്ഥാന സർക്കാർ സർക്കുലർ പുറപ്പെടുവിച്ചതോടെയാണു കരിബസമ്മ തന്റെ ആഗ്രഹം സാക്ഷാത്കരിക്കുന്നതിനുള്ള അവസരം ഒരുങ്ങിയത്. വഴുതി വീണതിനെ തുടർന്നു നട്ടെല്ലിനേറ്റ ഗുരുതര പരുക്കാണു കരിബസമ്മയുടെ ജീവിതം ദുരിതത്തിലാക്കിയത്. മൂന്നു പതിറ്റാണ്ടിലേറെയായി അവർ രോഗാവസ്ഥയോടു പോരാടുകയാണ്.

ആരോഗ്യം വഷളായിട്ടും, കഴിഞ്ഞ 24 വർഷമായി രാജ്യത്തു അന്തസോടെ മരിക്കാനുള്ള അവകാശത്തിനായി അവർ നിയമപ്പോരാട്ടം നടത്തി. മുഖ്യമന്ത്രി, പ്രധാനമന്ത്രി, രാഷ്ട്രപതി, സുപ്രീം കോടതി എന്നിവർക്ക് മരിക്കാൻ അനുവധിക്കണമെന്നാവശ്യപ്പെട്ട് കത്തുകൾ എഴുതി.2018-ൽ സുപ്രീം കോടതി നിഷ്ക്രിയ ദയാവധം നിയമവിധേയമാക്കിയിരുന്നു. കർണാടകയാണിപ്പോൾ 'അന്തസോടെ മരിക്കാനുള്ള അവകാശം' നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. എന്നിരുന്നാലും ഇതിനെ ദയാവധവുമായി താരതമ്യപ്പെടുത്തരുതെന്നും. ജീവൻ രക്ഷാ ഉപകരണങ്ങളുടെ സഹായത്തോടെ ജീവിക്കുന്നവരും ജീവൻ നിലനിർത്തുന്ന ചികിത്സയോട് പ്രതികരിക്കാത്തവർക്കും മാത്രമേ പുതിയ നിയമം ബാധകമാകൂ എന്നു സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ മന്ത്രി ദിനേശ് ഗുണ്ടു റാവു അറിയിച്ചു. കഴിഞ്ഞ 20 വർഷമായി നഴ്സിങ് ഹോമിൽ താമസിക്കുന്ന കരിബസമ്മ, എല്ലാ ഭൗതിക സ്വത്തുക്കളും ഉപേക്ഷിച്ച്, തന്റെ ബാക്കിസമ്പാദ്യത്തിന്റെ 6 ലക്ഷം രൂപ അതിർത്തി സുരക്ഷാ സേന (ബി.എസ്.എഫ്) ഉദ്യോഗസ്ഥരുടെ ക്ഷേമത്തിനായി സംഭാവന ചെയ്തു.

## ഫ്രാൻസിന്റെ സഹകരണത്തോടെ മൂന്ന് അന്തർവാഹിനികൾ കൂടി



ന്യൂഡൽഹി: ഫ്രാൻസുമായി ചേർന്ന് സ്കോർപീൻ ക്ലാസിലുള്ള മൂന്ന് അന്തർവാഹിനികൾ കൂടി നിർമിക്കാൻ ഇന്ത്യ. ഇതു സംബന്ധിച്ചുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും തമ്മിൽ നടന്ന ചർച്ചകൾക്കു പിന്നാലെ ഇന്ത്യയും ഫ്രാൻസും സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

ഫ്രഞ്ച് നേവൽ ഗ്രൂപ്പുമായി ചേർന്ന് മസഗോൺ ഡോക്സ് മുബൈയിലാകും ഫ്രഞ്ച് രൂപകല്പനയിലുള്ള സ്കോർപീൻ ക്ലാസ് 'ഹണ്ടർ-കില്ലർ' അന്തർവാഹിനികൾ നിർമിക്കുക. മന്ത്രിതല ചർച്ചകൾക്കുശേഷം 33,500 കോടി രൂപയുടെ കരാർ ഒപ്പിടുമെന്നാണു സൂചന. കഴിഞ്ഞ മാസം കമ്മിഷൻ ചെയ്ത ഐ.എൻ.എസ്. വാഗ്ഷീർ ഉൾപ്പെടെ ഇത്തരത്തിലുള്ള ആറ് അന്തർവാഹിനികൾ നിലവിൽ ഇന്ത്യ ഉപയോഗിക്കുന്നുണ്ട്. ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധസഹകരണത്തെ മോദിയും മാക്രോണും സ്വാഗതം ചെയ്തു. ഡി.ആർ.ഡി.ഒയുടെ എയർ ഇൻഡിപെൻഡന്റ് പ്രൊപൽഷൻ (എ.ഐ.പി.) സംവിധാനം ഉൾപ്പെടെ ഇന്ത്യ വികസിപ്പിച്ച സാങ്കേതികവിദ്യകളും അന്തർവാഹിനികളുടെ ഭാഗമാക്കുന്നുണ്ട്.

പരമ്പരാഗത സ്കോർപീൻ-ക്ലാസ് ഡീസൽ-ഇലക്ട്രിക് അന്തർവാഹിനികളെ കൂടുതൽ നേരം വെള്ളത്തിനടിയിൽ നിൽക്കാൻ അനുവദിക്കുന്ന സാങ്കേതികവിദ്യയാണ് എ.ഐ.പി. ദൗത്യത്തിനിടെ അന്തർവാഹിനികൾ എതിർപക്ഷം കണ്ടെത്താനുള്ള സാധ്യത കുറയ്ക്കുന്നതാണ് ഈ സാങ്കേതികവിദ്യ.

## ഡോ: കെ. മുഹമ്മദ് ഈസ അന്തരിച്ചു



ദോഹ: ഖത്തറിലെ പ്രമുഖ വ്യവസായിയും ജീവകാരുണ്യ, സാംസ്കാരിക പ്രവർത്തകനുമായ ഡോ. കെ.മുഹമ്മദ് ഈസ(69) അന്തരിച്ചു. അലി ഇന്റർനാഷണൽ ഉൾപ്പെടെ നിരവധി സംരംഭങ്ങളുടെ ഉടമയാണ്. ന്യൂമോണിയ ബാധിച്ചതിനെത്തുടർന്ന് മൂന്ന് ദിവസം മുമ്പാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പാലക്കാട് മേപ്പറമ്പ് സ്വദേശി നസീമയാണ് ഭാര്യ. മക്കൾ: നജ്‌ല, നൗഫൽ, നാദിർ, നമീർ. മിസൈമീർ അബുഹമൂർ ഖബർസ്ഥാനിൽ ഖബറടക്കം നടത്തി.

മലപ്പുറം വളാഞ്ചേരി മൂടാൽ സ്വദേശിയായ കെ.മുഹമ്മദ് ഈസ 1976 ലാണ് ഖത്തറിലെത്തിയത്. മുനിസിപ്പാലിറ്റി ജീവനക്കാരനായാണ് പ്രവാസ ജീവിതം ആരംഭിച്ചത്. ഖത്തർ കെ.എം.സി.സിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ അദ്ദേഹം നിലവിൽ സംസ്ഥാന കെ.എം.സി.സി വൈസ് പ്രസിഡന്റാണ്. ഇന്ത്യൻ എംബസി അനുബന്ധ സംഘടനയായ ഇന്ത്യൻ സ്പോർട്സ് സെന്റർ ഉപദേശകസമിതി ചെയർമാൻ, ഖത്തർ ഇന്ത്യൻ ഫുട്ബോൾ ഫോറം പ്രസിഡന്റ്, യൂണിറ്റിഖത്തർ ട്രഷറർ എന്നി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പ്രവാസ ലോകത്തെ നിരവധി കലാ കായിക പരിപാടികൾക്ക് നേതൃത്വം നൽകിയിട്ടുള്ള മുഹമ്മദ് ഈസ മികച്ച ഗായകൻ കൂടിയായിരുന്നു. 2017 ൽ വാഹനാപകടത്തിൽ മരിച്ച രണ്ടു ജീവനക്കാരുടെ കുടുബത്തിന് ഇപ്പോഴും ശമ്പളം അയച്ചു കൊടുക്കുന്ന മുഹമ്മദ് ഈസ ഖത്തറിലും നാട്ടിലും നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിട്ടുണ്ട്.

# ഭൂമിയെ ലക്ഷ്യമാക്കി ഛിന്നഗ്രഹം: വഴിതിരിച്ചുവിടാൻ വൈകി

ലണ്ടൻ: ഭൂമിക്കു ഭീഷണിയായി ഒരു ഛിന്നഗ്രഹം. കഴിഞ്ഞ വർഷം കണ്ടെത്തിയ 2024 YR 4 ആണു ഭൂമിയിൽ പതിക്കാൻ സാധ്യതയുള്ളത്. കണ്ടെത്തിയ ഘട്ടത്തിൽ YR 4 ഭൂമിയിൽ പതിക്കാനുള്ള സാധ്യത 2.3 ശതമാനം ആണെന്നായിരുന്നു വിലയിരുത്തൽ. എന്നാൽ, പതന സാധ്യത അവിടെനിൽക്കില്ലെന്നാണു ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞനും എഴുത്തുകാരനുമായ ഡോ.റോബിൻ ജോർജ് ആൻഡ്രൂസ് പറയുന്നത്. ഭൂമിയിൽ പതിക്കുന്നത് തടയാൻ എട്ട് വർഷത്തിൽ താഴെ മാത്രമേ സമയമുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ വർഷം അവസാനം മാത്രം കണ്ടെത്തിയ 2024 YR 4 ന് 130 മുതൽ 300 അടി വരെ വ്യാസമുണ്ട്. അത്രയും വലിപ്പമുള്ള ഛിന്നഗ്രഹത്തെ നശിപ്പിക്കാൻ 10 വർഷമോ അതിൽ കൂടുതലോ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

2021 നവംബറിൽ കാലിഫോർണിയയിൽനിന്ന് വിക്ഷേപിച്ച ഡാർട്ട് ബഹിരാകാശ പേടകം 2022 സെപ്റ്റംബർ 26 ന് ഛിന്നഗ്രഹമായ ഡൈമോർഫോസുമായി കൂട്ടിയിടിച്ച് അതിന്റെ ദിശ മാറ്റിയിരുന്നു. ഏകദേശം 560 അടി വ്യാസമാണു ഡൈമോർഫോസിന്. ഡിമോർഫോസോ അതിനെ ചുറ്റുന്ന ദിദിമോസോ ഭൂമിക്ക് ഭീഷണിയല്ല.

എങ്കിലും, 2024 YR 4നെ അത്ര വേഗത്തിൽ തകർക്കാൻ കഴിയില്ലെന്നാണു ശാസ്ത്രജ്ഞർ പറയുന്നത്. അതിവേഗം ചലിക്കുന്ന ആ ഛിന്നഗ്രഹത്തെക്കുറിച്ച് വേണ്ടത്ര വിവരങ്ങൾ ഇതുവരെ ലഭ്യമല്ലാത്തതാണു പ്രശ്നം.

YR 4 മരുഭൂമിയുടെ മധ്യത്തിലോ സമുദ്രത്തിലോ പതിച്ചാൽ കാര്യമായ പ്രശ്നമാകില്ല. എന്നാൽ, അത് ഒരു നഗരത്തിൽ പതിച്ചാൽ വലിയ ദുരന്തമാകും. അപകട സാധ്യതയുള്ള ഛിന്നഗ്രഹത്തെ കൂട്ടിയിടിക്ക് 14 വർഷം മുമ്പ് കണ്ടെത്തിയാൽ പോലും അതിനെ വഴിതിരിച്ചുവിടാൻ കഴിയണമെന്നില്ലെന്നു കഴിഞ്ഞ വർഷം നാസ വ്യക്തമാക്കിയിരുന്നു.

സമീപകാലത്ത് ഭൂമിയിൽ ഏറ്റവും നാശം വിതച്ച ഛിന്നഗ്രഹം തുങ്കുസ്കയാണ്.

1908 ൽ ആ ഛിന്നഗ്രഹം റഷ്യയിൽ പതിച്ചു. 2,150 ചതുരശ്ര കിലോമീറ്റർ വനപ്രദേശമാണ് അന്നു നശിച്ചത്. തുങ്കുസ്ക പതിച്ചതിന്റെ ആഘാതത്തിൽ മൂന്ന് പേർക്കു പരുക്കേറ്റു. നിരവധി പേർക്ക് ബോധം നഷ്ടമായി.



■ 1908 ൽ റഷ്യയിലെ തുങ്കുസ്കയിൽ ഛിന്നഗ്രഹം പതിച്ചതിനെ തുടർന്ന് വൃത്തമാതൃകയിൽ വൃക്ഷങ്ങളോ പുല്ലോ ഇല്ലാതെ കിടക്കുന്ന ഇടം.

● ബില്ലുകളിൽ തീരുമാനമെടുക്കാത്ത ഗവർണറുടെ നടപടി

# സർക്കാരിന്റെ ഹർജി ഇന്നലെ എടുത്തില്ല; ഉടൻ കേൾക്കണമെന്ന് കേരളം ആവശ്യപ്പെടും

കൊച്ചി: ബില്ലുകളിൽ തീരുമാനമെടുക്കാതെ കൈവശം വയ്ക്കുന്ന കേരള ഗവർണറുടെ നടപടി ചോദ്യംചെയ്തുള്ള ഹർജികൾ സുപ്രീം കോടതി ഡിവിഷൻ ബഞ്ച് ഇന്നലെ എടുത്തില്ല. ലിസ്റ്റ് പ്രകാരമുള്ള മറ്റു കേസുകളുടെ വാദം പൂർത്തിയാകാതെ വന്നതോടെയാണു പരിഗണനയിൽ വരാതിരുന്നത്.
മുതിർന്ന അഭിഭാഷകൻമുഖേന പ്രത്യേക പരാമർശം നടത്തി ഹർജി വേഗം പരിഗണനയ്ക്ക് എടുപ്പിക്കാനാണു കേരളത്തിന്റെ നീക്കം. ഇന്നു തന്നെ മെൻഷൻ ചെയ്യിക്കാനാണു ശ്രമിക്കുന്നത്. സുപ്രധാനമായ പല ബില്ലുകളും ഒപ്പിടാതെ ഗവർണറും രാഷ്ട്രപതിയും വൈകിപ്പിക്കുന്നതുമൂലം സർക്കാരിന്റെ പ്രവർത്തനങ്ങളെ തടസപ്പെടുത്തുകയാണെന്നാണു സംസ്ഥാന സർക്കാരിന്റെ വാദം. തിരിച്ചയക്കാതെ ബില്ലുകൾ തടഞ്ഞുവെക്കുന്നതു ഭരണഘടനയുടെ 200-ാം അനുച്ഛേദത്തെ അസ്വസ്ഥമാക്കുന്നതാണ്. ബില്ലുകൾ തടഞ്ഞുവെക്കുകയാണെന്നും പുനഃപരിശോധനയ്ക്കായി അയച്ചുതരില്ലെന്നും എങ്ങനെയാണു ഗവർണർക്കു പറയാനാവുകയെന്നു ഗവർണർ വ്യക്തമാക്കണം. ഇക്കാര്യത്തിൽ സ്വന്തമായുണ്ടാക്കിയ നടപടിക്രമമാണു ഗവർണർ പാലിക്കുന്നതെന്നുമാണു കേരളത്തിന്റെ വാദം. ബില്ലുകളിൽ തീരുമാനമെടുക്കാതെ മൂന്നുവർഷം വൈകിപ്പിച്ച തമിഴ്നാട് ഗവർണർ ആർ.എൻ. രവിയുടെ നടപടിയെ കഴിഞ്ഞ ദിവസം സുപ്രീംകോടതിയുടെ മറ്റൊരു ബഞ്ച് വിമർശിച്ചിരുന്നു.

## പ്രതിഷേധക്കാരെ അടിച്ചമർത്തി; ബംഗ്ലാദേശ് മുൻ സർക്കാർ കുറ്റക്കാരെന്ന് യു.എൻ.

ജനീവ: അധികാരം നിലനിർത്തുന്നതിനായി ഷേഖ് ഹസീനയുടെ നേതൃത്വത്തിലുള്ള ബംഗ്ലാദേശ് ഭരണകൂടം പ്രതിഷേധക്കാരെ ആസൂത്രിതമായി അടിച്ചമർത്തിയെന്ന് യു.എൻ. റിപ്പോർട്ട്. നൂറുകണക്കിന് നിയമവിരുദ്ധമായ കൊലപാതകങ്ങളാണ് ഷേഖ് ഹസീന സർക്കാർ ചെയ്തുകൂട്ടിയതെന്നും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു.

2024 ജൂലൈ മുതൽ ഓഗസ്റ്റ് 15 വരെ ബംഗ്ലാദേശിൽ നടന്ന ജനകീയപ്രക്ഷോഭങ്ങളെ അടിസ്ഥാനമാക്കിയാണ് യു.എൻ. റിപ്പോർട്ട് തയാറാക്കിയത്. ആയിരത്തിനാനൂറോളം പേരാണ് ഇക്കാലയളവിൽ സുരക്ഷാസേനയുടെ വെടിയേറ്റു മരിച്ചത്. ഇതിൽ 13 ശതമാനവും കുട്ടികളാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. സർക്കാർജോലികളിലെ വിവാദമായ ക്വാട്ട സംവിധാനം നിർത്താലക്കണമെന്ന് ആവശ്യപ്പെട്ട ആരംഭിച്ച വിദ്യാർഥിപ്രക്ഷോഭമാണു ഷേഖ് ഹസീനയുടെ ഭരണകൂടത്തെ അട്ടിമറിക്കുന്ന നിലയിലേക്കു വളർന്നത്. കൊലപാതകം, പീഡനം, തടവിലാക്കൽ, മറ്റ് മനുഷ്യത്വരഹിതമായ പ്രവൃത്തികൾ എന്നിങ്ങനെ മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾ ബംഗ്ലാദേശിൽ നടന്നിട്ടുണ്ടെന്ന് വിശ്വസിക്കാൻ ന്യായമായ കാരണങ്ങളുണ്ടെന്നും യു.എൻ. റിപ്പോർട്ടിൽ പറയുന്നു.

## വസ്തു നികുതി! പിഴപ്പലിശ ഒഴിവാക്കി

കൊച്ചി: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട വസ്തുനികുതി കുടിശികയുടെ പിഴപ്പലിശ അടുത്ത മാസം 31 വരെ ഒഴിവാക്കി. ഇതിനോടകം വസ്തുനികുതി അടച്ചവർക്ക്, പിഴപ്പലിശ അടുത്ത വർഷത്തെ നികുതിയിൽ വരവ് ചെയ്യുന്നതിനുള്ള ക്രമീകരണം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കണമെന്നു സർക്കാർ ഉത്തരവായി.



# സമ്പൂർണം

## പരമ്പരയിലെ താരമായി ഗിൽ

**അഹമ്മദാബാദ്:** ഇംഗ്ലണ്ടിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തേതും അവസാനത്തേതുമായ മത്സരത്തിലും ഇന്ത്യക്ക് ജയം. ഇന്നലെ നടന്ന മത്സരത്തിൽ 142 റണ്ണിനാണ് ഇന്ത്യ ജയിച്ചത്.

നരേന്ദ്ര മോദി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 356 റണ്ണെടുത്തു. മറുപടി ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 35–ാം ഓവറിൽ 214 റണ്ണിന് ഓൾ ഔട്ടായി. ഓപ്പണർ ശുഭ്മൻ ഗില്ലിന്റെ (102 പന്തിൽ മൂന്ന് സിക്സറും 14 ഫോറുമടക്കം 112) സെഞ്ചുറിയാണ് ഇന്ത്യയുടെ ജയത്തിന് അടിസ്ഥാനം. ടോസ് നേടിയ ഇംഗ്ലണ്ട് നായകൻ ജോസ് ബട്ട്ലർ ഇന്ത്യയെ ആദ്യം ബാറ്റ് ചെയ്യാൻ വിട്ടു. നായകൻ രോഹിത് ശർമയെ (ഒന്ന്) വേഗത്തിൽ നഷ്ടമായി. ഗില്ലും വിരാട് കോഹ്ലിയും (55 പന്തിൽ ഒരു സിക്സറും ഏഴ് ഫോറുമടക്കം 52) രണ്ടാം വിക്കറ്റിൽ മികച്ച കൂട്ടുകെട്ട് പടുത്തുയർത്തിയതോടെ ഇന്ത്യൻ സ്കോർ നൂറ് കടന്നു. ടീം സ്കോർ 122 ൽ നിൽക്കേ കോഹ്ലിയെ ആദിൽ റാഷിദ് മടക്കി. ഗില്ലും അർധസെഞ്ചുറിയുമായി ശ്രേയസ് അയ്യരും (64 പന്തിൽ രണ്ട് സിക്സറും എട്ട് ഫോറുമടക്കം 78) മൈതാനത്ത് നിലയുറപ്പിച്ചതോടെ ഇംഗ്ലണ്ട് പ്രതിരോധത്തിലായി. ഇരുവരെയും പുറത്താക്കി ആദിൽ റാഷിദ് ഇംഗ്ലണ്ടിനെ മത്സരത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു.

ഇംഗ്ലണ്ട് ഓപ്പണർമാരായ ഫിലിപ് സാൾട്ടും (21 പന്തിൽ 23) ബെൻ ഡക്കറ്റും (22 പന്തിൽ 34) വെടിക്കെട്ടോടെയാണ് ഇന്നിങ്സ് ആരംഭിച്ചത്. ടീം ആറോവറിൽ 60 റണ്ണിലെത്തി. ഡക്കറ്റിനെ അർഷദീപ് സിങ് പുറത്താക്കി. സാൾട്ടിനെയും അർഷ്ദീപ് വീഴ്ത്തി. ടോം ബാന്റൺ (38), ജോ റൂട്ട് (24), ഹാരി ബ്രൂക്ക്(19) എന്നിവർ ഭേദപ്പെട്ട പ്രകടനം പുറത്തെടുത്തു. പിന്നീടിറങ്ങിയവരെ ക്ഷണത്തിൽ പുറത്താക്കാൻ ഇന്ത്യക്കായി.

നായകൻ ജോസ് ബട്ട്ലർ (ആറ്), ലിയാം ലിവിങ്സ്റ്റൺ (ഒൻപത്) എന്നിവർ നിറംമങ്ങി. ഗുസ് ആറ്റ്കിൻസൺ (19 പന്തിൽ ഒരു സിക്സറും ആറ് ഫോറുമടക്കം 38) പൊരുതിയത് ഇന്ത്യയുടെ ജയം വൈകിച്ചു. ഇന്ത്യക്കായി അർഷ്ദീപ് സിങ്, ഹർഷിത് റാണ, അക്ഷർ പട്ടേൽ, ഹാർദിക് പാണ്ഡ്യ എന്നിവർ രണ്ട് വിക്കറ്റ് വീതമെടുത്തു. വാഷിങ്ടൺ സുന്ദറും കുൽദീപ് യാദവും ഒരു വിക്കറ്റ് വീതവുമെടുത്തു. ആദ്യ രണ്ട് മത്സരങ്ങളും ജയിച്ച ഇന്ത്യ നേരത്തേ പരമ്പര സ്വന്തമാക്കിയിരുന്നു.

ഗില്ലാണ് മത്സരത്തിലെയും പരമ്പരയിലെയും താരം. ഏകദിനത്തിൽ ഏറ്റവും വേഗത്തിൽ 2500 റണ്ണെടുക്കുന്ന താരമെന്ന നേട്ടവും ഗിൽ സ്വന്തമാക്കി. 50 ഇന്നിങ്സുകളിൽനിന്ന് 2500 റണ്ണെടുത്ത ഗിൽ ദക്ഷിണാഫ്രിക്കൻ ബാറ്റർ ഹാഷിം ആംലയുടെ റെക്കോഡ് മറികടന്നു. ആംല 51 ഇന്നിങ്സുകളിൽ നിന്നാണ് ഈ നേട്ടത്തിലെത്തിയത്. ഏകദിന ക്രിക്കറ്റിലെ ഏഴാം സെഞ്ചുറി തികച്ച ഗിൽ ഒരു വേദിയിൽ വെച്ച് മൂന്ന് ഫോർമാറ്റുകളിലും മൂന്നക്കം കടക്കുന്ന ആദ്യ ഇന്ത്യൻ താരവുമായി.

# കോമള കേരളം

**പുനെ:** സമനില പോലും സെമി ഫൈനലിലേക്ക് വഴിതുറക്കുമെന്നിരിക്കെ കരുതലോടെയായിരുന്നു കേരള താരങ്ങൾ ജമ്മു കശ്മീരിനെതിരേ നടന്ന രഞ്ജി ട്രോഫി ക്രിക്കറ്റ് ക്വാർട്ടർ ഫൈനലിന്റെ അവസാന ദിവസം ബാറ്റ് വീശിയത്.

**സ്കോർ: ജമ്മു കശ്മീർ ഒന്നാം ഇന്നിങ്സ് 280, രണ്ടാം ഇന്നിങ്സ് ഒൻപതിന് 399 ഡിക്ലയേഡ്. കേരളം ഒന്നാം ഇന്നിങ്സ് 281, രണ്ടാം ഇന്നിങ്സ് ആറിന് 295.**



അക്ഷയ് ചന്ദ്രനും സച്ചിൻ ബേബിയും ചേർന്ന് വളരെ ശ്രദ്ധയോടെയാണ് ഇന്നിങ്സ് മുന്നോട്ട് നീക്കിയത്. രണ്ട് വിക്കറ്റിന് 100 റണ്ണെന്ന നിലയിൽ ബാറ്റിങ് തുടങ്ങിയ കേരളത്തിന് 128 ൽ നിൽക്കേ മൂന്നാം വിക്കറ്റ് നഷ്ടപ്പെട്ടു. അതിനിടയിൽ 24 ഓവറുകൾ കടന്നു പോയി. 48 റണ്ണെടുത്ത അക്ഷയ് ചന്ദ്രനെ സാഹിൽ ലോത്ര പുറത്താക്കി. 52 റൺ കൂട്ടിച്ചേർക്കുന്നതിനിടെ മൂന്ന് വിക്കറ്റുകൾ കൂടി നഷ്ടമായതോടെ കേരളം ആറിന് 180 റണ്ണെന്ന നിലയിലായിരുന്നു. അവിടെ വീണ്ടുമൊരു കൂട്ടുകെട്ടുമായി സൽമാൻ നിസാറും മുഹമ്മദ് അസറുദ്ദീനും രക്ഷകരായി. പിരിയാത്ത ഏഴാം വിക്കറ്റ് കൂട്ടുകെട്ടിൽ 115 റൺ പിറന്നു. സൽമാൻ നിസാർ 162 പന്തുകളിൽ 44 റണ്ണും മുഹമ്മദ് അസറുദ്ദീൻ 118 പന്തുകളിൽ 67 റണ്ണുമെടുത്തു. അവർ 30 ഓവറുകൾ പിടിച്ചുനിന്നു. നായകൻ സച്ചിൻ ബേബി (162 പന്തിൽ 48), ജലജ് സക്സേന (18), ആദിത്യ സർവാതെ (എട്ട്) എന്നിവരും പുറത്തായി. കശ്മീരിന് വേണ്ടി യുദ്ധ്‌വീർ സിങ്, സാഹിൽ ലോത്ര, ആബിദ് മുഷ്താഖ് എന്നിവർ രണ്ട് വിക്കറ്റ് വീതമെടുത്തു. ഒന്നാം ഇന്നിങ്സിൽ സെഞ്ചുറിയുമായും രണ്ടാം ഇന്നിങ്സിൽ 44 റണ്ണുമായും കേരളത്തെ രക്ഷിച്ച സൽമാൻ നിസാറാണു മത്സരത്തിലെ താരം.

തലശേരിക്കാരനായ സൽമാന്റെ കരിയർ രൂപപ്പെടുത്തിയത് കേരളാ ക്രിക്കറ്റ് അസോസിയേഷന്റെ കൊച്ചിയിലെ ക്രിക്കറ്റ് അക്കാദമിയാണ്. 2015 ൽ കണ്ണൂരിൽ അസമിനെതിരേ നടന്ന രഞ്ജി മത്സരത്തിലൂടെയാണു കേരളത്തിനായി അരങ്ങേറിയത്. സെമി ഫൈനലിലെത്തി ചരിത്രമെഴുതിയ ടീമിലും നിസാർ അംഗമായിരുന്നു. അഞ്ച് വർഷം മുമ്പ് പുറത്തേക്കുള്ള വഴിയിലായിരുന്നു സൽമാൻ. 2018 ൽ അന്നത്തെ നായകൻ സച്ചിൻ ബേബിയോടുള്ള എതിർപ്പായിരുന്നു കാരണം. സച്ചിന്റെ നേതൃത്വത്തോടുള്ള വിയോജിപ്പ് മൂലം സൽമാനടക്കം 13 താരങ്ങൾ അസോസിയേഷന് കത്തെഴുതി. പിന്നാലെ അഞ്ച് താരങ്ങളെ മൂന്ന് മത്സരങ്ങളിൽനിന്ന് സസ്പെൻഡ് ചെയ്തു. എട്ട് താരങ്ങൾക്ക് മാച്ച് ഫീസിന്റെ മുഴുവൻ തുകയും പിഴ ശിക്ഷയായി ചുമത്തി. സഞ്ജു സാംസണും സൽമാനും ഈ പിഴ ശിക്ഷ നേരിട്ടു. ടീമിലെ സ്ഥാനം തന്നെ തുലാസിലായി. പിന്നീട് മികച്ച പ്രകടനത്തോടെ ടീമിലെ സ്ഥിരസാന്നിധ്യമായി. ജമ്മു കശ്മീരിനെതിരേ ഒന്നാം ഇന്നിങ്സിൽ അവസാന ബാറ്റർ ബേസിൽ തമ്പിയെ കൂട്ടുപിടിച്ച് നേടിയ ഒരു റൺ ലീഡ് കേരളത്തിനു ജീവവായുവായി. രണ്ടാം ഇന്നിങ്സിൽ അസറുദ്ദീനുമൊപ്പം നടത്തിയ രക്ഷാപ്രവർത്തനം ഇല്ലായിരുന്നെങ്കിൽ കേരളം മടക്കയാത്രയ്ക്കുള്ള ഒരുക്കങ്ങൾ നടത്തേണ്ടി വന്നേനെ.

രണ്ടാം ദിവസത്തെ കളി അവസാനിക്കുമ്പോൾ ഒമ്പത് വിക്കറ്റ് നഷ്ടമായ കേരളത്തിനായി ക്രീസിലുണ്ടായിരുന്നത് 75 പന്തിൽ 49 റൺസെടുത്ത് നിൽക്കുന്ന ഓൾറൗണ്ടർ സൽമാൻ നിസാർ. അവശേഷിക്കുന്ന മറ്റൊരു താരം ബൗളറായ ബേസിൽ തമ്പിയും. ലീഡ് നേടണമെങ്കിൽ 81 റൺ വേണം കൈയിലാണെങ്കിൽ ഒരു വിക്കറ്റും. കശ്മീർ ലീഡ് നേടുമെന്ന പ്രതീക്ഷി സൽമാൻ നിസാർ തകിടം മറിച്ചു. ബേസിൽ തമ്പിയെ കൂട്ടുപിടിച്ച് കേരളത്തിന് ഒരു റണ്ണിന്റെ നിർണായക ലീഡ് സൽമാൻ സമ്മാനിച്ചു. ഒപ്പം സെഞ്ചുറിയും പൂർത്തിയാക്കി. ഈ കൂട്ടുകെട്ടിൽ ഇരുവരും അടിച്ചെടുത്തത് 81 റൺസാണ്. 15 റൺ മാത്രമായിരുന്നു ബേസിലിന്റെ വക. രണ്ടാം ഇന്നിങ്സിലും സമാനമായിരുന്നു സൽമാന്റെ പ്രകടനം. അവസാനദിനം ജമ്മു ബൗളർമാർ മികച്ചുനിന്നപ്പോൾ കേരളം ആറിന് 180 റണ്ണെന്ന നിലയിലേക്ക് വീണു. നാല് വിക്കറ്റുകളെടുത്താൽ ജമ്മുവിന് സെമിയിലെത്തുമെന്ന സ്ഥിതി. ഏഴാം വിക്കറ്റിൽ മുഹമ്മദ് അസറുദ്ദീനും സൽമാനും ക്രീസിൽ നിലയുറപ്പിച്ചു. അവസാന ദിനം കളിയവസാനിക്കുന്നതുവരെ ഇരുവരും അപരാജിതരായി. സീസണിൽ ഇതാദ്യമായല്ല സൽമാൻ കേരളത്തിന്റെ രക്ഷകനാകുന്നത്. ബിഹാറിനെതിരായ അവസാന ലീഗ് മത്സരത്തിലും സൽമാൻ കേരളത്തെ കൈപിടിച്ചുയർത്തിയിരുന്നു. അന്നും വാലറ്റക്കാരെ കൂട്ടുപിടിച്ച് കേരളത്തിന് ഒന്നാം ഇന്നിങ്സിൽ കൂറ്റൻ സ്കോറാണ് സൽമാൻ സമ്മാനിച്ചത്. ഒമ്പതാമനായി എത്തിയ എം.ഡി നിധീഷിനേയും പത്താമനായി ഇറങ്ങിയ വൈശാഖ് ചന്ദ്രനേയും ചേർത്തുനിർത്തി സൽമാൻ കളിച്ചപ്പോൾ കേരളം നേടിയത് 351 എന്ന കൂറ്റൻ സ്കോറാണ്. ഇതിൽ 150 റൺസും പിറന്നത് സൽമാന്റെ ബാറ്റിൽ നിന്നാണ്. രഞ്ജി ട്രോഫിയിൽ സൽമാന്റെ ആദ്യ സെഞ്ചുറിയായിരുന്നു അത്. ബിഹാറിനെതിരെ ആറാമനായി സൽമാൻ ക്രീസിലെത്തുമ്പോൾ കേരളം അഞ്ചിന് 170 റൺ എന്ന നിലയിലായിരുന്നു. 32 റണ്ണെസെടുക്കുന്നതിനിടെ മൂന്ന് വിക്കറ്റ് കൂടി നഷ്ടമായി. ഒൻപതാം വിക്കറ്റിൽ നിധീഷിനെ കൂട്ടുപിടിച്ച് നിസാർ 79 റൺ ചേർത്തു. അവസാന വിക്കറ്റിൽ വൈശാഖ് ചന്ദ്രനൊപ്പം 70 റണ്ണുമെടുത്തു.

ബംഗാളിനെതിരായ മത്സരവും നിരാശമാക്കിയില്ല. ഏഴാമനായി ക്രീസിലെത്തിയ സൽമാൻ പുറത്താകാതെ 95 റണ്ണെടുത്തു. കേരളത്തിന് രണ്ട് പോയിന്റ് നേടിക്കൊടുക്കാൻ ഈ ഇന്നിങ്സിനായി. ഉത്തർപ്രദേശിനെതിരേയും സൽമാൻ കരുത്തനായി. ഉത്തർ പ്രദേശിനെതിരെ 93 റണ്ണെടുത്തു.

## ലങ്കയ്ക്ക് ജയം

**കൊളംബോ:** ചാമ്പ്യൻസ് ട്രോഫിക്കു മുന്നോടിയായി നടക്കുന്ന ദ്വിരാഷ്ട്ര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഓസ്ട്രേലിയയ്ക്കെതിരേ ശ്രീലങ്കയ്ക്ക് 49 റണ്ണിന്റെ ജയം.



റമോൺ പ്രേമദാസ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 214 റണ്ണിന് ഓൾഔട്ടായി. മറുപടി ബാറ്റ് ചെയ്ത ഓസ്ട്രേലിയ 34–ാം ഓവറിൽ 165 റണ്ണിന് ഓൾഔട്ടായി.

40 റൺ വഴങ്ങി നാല് വിക്കറ്റെടുത്ത മഹീഷ തീക്ഷ്ണയാണ് ഓസീസിനെ തകർത്തത്. അസിത ഫെർണാണ്ടോയും ദുനിത് വലലാഗെയും രണ്ട് വിക്കറ്റ് വീതവും വാനിന്ദു ഹസരങ്കയും നായകൻ ചരിത അസാലങ്കയും ഒരു വിക്കറ്റ് വീതവുമെടുത്തു. 38 പന്തിൽ ഒരു സിക്സറും അഞ്ച് ഫോറുമടക്കം 41 റണ്ണെടുത്ത അലക്സ് ക്യാരി, 37 പന്തിൽ 32 റണ്ണെടുത്ത ആരോൺ ഹാഡി എന്നിവർ മാത്രമാണു പൊരുതിയത്. 126 പന്തിൽ അഞ്ച് സിക്സറും 14 ഫോറുമടക്കം 127 റണ്ണെടുത്ത ചരിത അസാലങ്കയുടെ ഇന്നിങ്സാണു ലങ്കയെ 200 കടത്തിയത്. 34 പന്തിൽ ഒരു സിക്സറും രണ്ട് ഫോറുമടക്കം 30 റണ്ണെടുത്ത ദുനിത് വലലേഗ മാത്രമാണു മറ്റു ബാറ്റർമാരിൽ തിളങ്ങിയത്. ഓസീസിനായി സീൻ ആബട്ട് മൂന്ന് വിക്കറ്റും സ്പെൻസർ ജോൺസൺ, ആരോൺ ഹാഡി, നഥാൻ എലിസ് എന്നിവർ രണ്ട് വിക്കറ്റ് വീതവും മാത്യു ഷോട്ട് ഒരു വിക്കറ്റുമെടുത്തു.



● ജൂഡ് ബെല്ലിങാം.

# ഇഞ്ചുറിയിൽ ജയിച്ച് റയാൽ

**ലണ്ടൻ:** ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ പ്ലേ ഓഫ് ഒന്നാം പാദത്തിൽ മാഞ്ചസ്റ്റർ സിറ്റിക്കെതിരേ റയാൽ മാഡ്രിഡിന് 3–2 ന്റെ നാടകീയ ജയം. രണ്ടാം പകുതിയുടെ ഇഞ്ചുറി ടൈമിൽ ഗോളടിച്ച് ജൂഡ് ബെല്ലിങാമാണു റയാലിനെ ജയിപ്പിച്ചത്.

സിറ്റിയുടെ തട്ടകമായ എതിഹാദ് സ്റ്റേഡിയത്തിൽ മത്സരം 2–2 നു സമനിലയിലേക്കു നീങ്ങവേയാണു ജൂഡിന്റെ ഗോളെത്തിയത്. 19–ാം മിനിറ്റിൽ ഏർലിങ് ഹാളണ്ട് സിറ്റിയെ മുന്നിലെത്തിച്ചിരുന്നു. മത്സരത്തിന്റെ 19–ാം മിനിറ്റിൽ സ്ട്രൈക്കർ എർലിങ് ഹാളണ്ട് സിറ്റിയെ മുന്നിലെത്തിച്ചു.

ഒരു മണിക്കൂർ ലീഡ് നിലനിർത്താൻ അവർക്കായി. 60–ാം മിനിറ്റിൽ കിലിയൻ എംബാപ്പെയിലൂടെ റയാൽ ഒപ്പംപിടിച്ചു. 80–ാം മിനിറ്റിൽ ഹാളണ്ട് പെനാൽറ്റി ഗോളാക്കി സിറ്റിയെ വീണ്ടും മുന്നിലെത്തിച്ചു. റയാൽ 86 -ാം മിനിറ്റിൽ ബ്രാഹിം ഡയാസിലൂടെ സമനില ഗോളടിച്ചു.

20 ന് റയാലിന്റെ തട്ടകമായ സാന്റിയാഗോ ബെർണബ്യൂവിലാണ് രണ്ടാം പാദം. സമനില വഴങ്ങിയാലും എവേ മത്സരത്തിലെ ജയത്തിന്റെ അടിസ്ഥാനത്തിൽ റയാൽ മുന്നേറും. മറ്റു മത്സരങ്ങളിൽ യുവന്റസ് പി.എസ്.വി. ഐന്തോവനെയും ബൊറൂസിയ ഡോർട്ട്മുണ്ട് സ്പോട്ടിങ് സിപിയെയും തോൽപ്പിച്ചു. സ്വന്തം തട്ടകമായ അലിയൻസ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ യുവന്റസിനായി മക്കെന്നി, എംബാഗുല എന്നിവർ ഗോളടിച്ചു. ഇവാൻ പെരിസിച്ചാണ് ഐന്തോവനായി ഗോളടിച്ചത്. സ്പോർട്ടിങ്ങിന്റെ തട്ടകമായ ഹൊസെ അൽവാൽഡെ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഡോർട്ട്മുണ്ടിനായി സെർഹു ഗുയ്റാസി, പാസ്കൽ ഗ്രോസ്, കരിം അദെയെമി എന്നിവർ ഗോളടിച്ചു.

**ടിവി ലൈവ്**

**ദേശീയ ഗെയിംസ്**
ഡിഡി സ്പോർട്സിലും
ഡിഡി സ്പോർട്സ് ആപ്പിലും

**ഐ.എസ്.എല്ലിൽ**
ജംഷഡ്പൂർ – നോർത്ത് ഈസ്റ്റ്
രാത്രി 7.30 മുതൽ
സ്പോർട്സ് 18 1, സ്പോർട്സ് 18 2
സ്പോർട്സ് 18 3, ജിയോ സിനിമ,
ഏഷ്യാനെറ്റ് പ്ലസ് എന്നിവയിൽ

**ഐ ലീഗിൽ**
ബംഗളൂരു – രാജസ്ഥാൻ
ഉച്ചയ്ക്ക് രണ്ട് മുതൽ
ഡെംപോ – നാംധാരി
വൈകിട്ട് 4.30 മുതൽ
സോണി സ്പോർട്സിലും
സോണി ലിവിലും

## ഫുട്ബോൾ ടീം ജപ്പാനിലേക്ക്

**കൊച്ചി:** ജപ്പാനിലെ സൈറ്റമായിൽ വെച്ച് നടക്കുന്ന നോർമലൈസേഷൻ കപ്പിന് വേണ്ടിയുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. കടവന്ത്ര ഗാമ ഫുട്ബോൾ ഗ്രൗണ്ടിൽ വെച്ച് നടന്ന സെലക്ഷൻ ക്യാമ്പിന് ശേഷമാണ് ഒൻപതംഗ ടീമിനെ പ്രഖ്യാപിച്ചത്. അവസാന ഘട്ട പരിശീലന ക്യാമ്പിന് ശേഷം ഇന്ത്യൻ ടീം ഇന്നു ജപ്പാനിലേക്ക് തിരിക്കും. 14, 15, 16 തീയതികളിലാണു മത്സരങ്ങൾ.

ജപ്പാനിൽ നടക്കുന്ന വേൾഡ് ഗ്രാൻപ്രീയിലും ഒക്ടോബറിൽ ഇന്ത്യയിൽ നടക്കുന്ന വനിതാ ലോകകപ്പിനുമുള്ള മുന്നൊരുക്കം കൂടിയാണ് ഈ ടൂർണമെന്റ്. മലപ്പുറം വള്ളിക്കുന്ന് സ്വദേശിനിയായ ഗോൾ കീപ്പർ ഇ. അപർണയാണ് ടീമിൽ ഇടം നേടിയ മലയാളി.

## ഗോവയ്ക്ക് ജയം

**മുംബൈ:** ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ മത്സരത്തിൽ മുൻ ചാമ്പ്യൻ മുംബൈ സിറ്റിയെ 3–1 നു തോൽപ്പിച്ച് എഫ്.സി. ഗോവ. ഇകേർ ഗുറോക്സനയുടെ ഇരട്ട ഗോളുകളും ബോർജ ഹെരേരയുടെ ഒരു ഗോളുമാണു ഗോവയെ ജയിപ്പിച്ചത്.

ഇഞ്ചുറി ടൈമിൽ ലഭിച്ച പെനാൽറ്റി ഗോളാക്കി ലാൽലിയാൻസുല ചാങ്തെ മുംബൈക്ക് ആശ്വാസമായി.

# മിക്സഡിൽ സ്വർണത്തിളക്കം

**ഡെറാഡൂൺ:** ഉത്തരാഖണ്ഡിൽ നടക്കുന്ന 38–ാമത് ദേശീയ ഗെയിംസിലെ 4–400 മീറ്റർ മിക്സഡ് റിലേയിൽ കേരളത്തിനു സ്വർണം. സ്നേഹാ വിൽസൺ, എസ്.മനു, ജെ. ബിജോയ്, അൻസാ ബാബു എന്നിവരുടെ ടീം മൂന്ന് മിനിറ്റ് 25. 35 സെക്കൻഡിലാണു സ്വർണം നേടിയത്.



● മിക്സഡ് റിലേയിൽ സ്വർണം നേടിയ കേരളാ ടീം.

മഹാരാഷ്ട്ര മൂന്ന് മിനിറ്റ് 25.66 സെക്കൻഡിൽ വെള്ളി നേടി. മൂന്ന് മിനിറ്റ് 26.35 സെക്കൻഡിൽ ഓടിയെത്തിയ പഞ്ചാബിനാണു വെങ്കലം. പുരുഷ വിഭാഗം 5000 മീറ്റർ ഫൈനലിൽ ഹിമാചൽ പ്രദേശിന്റെ സാവൻ ഭാർവാൾ സ്വർണം നേടി. 13 മിനിറ്റ് 45.93 സെക്കൻഡിലായിരുന്ന സ്വർണ നേട്ടം. ഹരിയാനയുടെ ഗഗൻ സിങ് 14 മിനിറ്റ് 00.04 സെക്കൻഡിൽ വെള്ളിയും മധ്യപ്രദേശിന്റെ സുനിൽ ദാവർ 14 മിനിറ്റ് 01.33 സെക്കൻഡിൽ വെങ്കലവും നേടി.

വനിതകളിൽ ഉത്തരാഖണ്ഡിന്റെ അങ്കിത 15 മിനിറ്റ് 56.03 സെക്കൻഡിൽ സ്വർണവും മഹാരാഷ്ട്രയുടെ സഞ്ജീവനി ജാദവ് 15 മിനിറ്റ് 59.12 സെക്കൻഡിൽ വെള്ളിയും പൂനം സോനു 16 മിനിറ്റ് 53.52 സെക്കൻഡിൽ വെങ്കലവും നേടി. വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ തമിഴ്നാട് താരങ്ങൾ സ്വർണവും വെള്ളിയും നേടി.

വിദ്യാ രാജ് 58.11 സെക്കൻഡിൽ സ്വർണം നേടിയപ്പോൾ ശ്രീവർത്തിനി 59.86 സെക്കൻഡിൽ വെള്ളിയും. നേടി. മഹാരാഷ്ട്രയുടെ നേഹാ ധാബാലെ ഒരു മിനിറ്റ് 00.52 സെക്കൻഡിൽ വെങ്കലം ഉറപ്പാക്കി. കേരളത്തിന്റെ അനു രാഘവൻ ഒരു മിനിറ്റ് 03.91 സെക്കൻഡിൽ ആറാം സ്ഥാനത്തും ഡെലിന ഫിലിപ്പ് ഒരു മിനിറ്റ് 03.91 സെക്കൻഡിൽ ഏഴാം സ്ഥാനത്തുമായി. പുരുഷ വിഭാഗത്തിലും കേരളം മെഡൽ പട്ടികയിൽ ഇടംപിടിച്ചില്ല. മനൂപ് എം. 54.32 സെക്കൻഡിൽ ആറാം സ്ഥാനത്തെത്തി. ഗുജറാത്തിന്റെ രുചി മോറി 50.97 സെക്കൻഡിൽ സ്വർണവും പഞ്ചാബിന്റെ ഹർദീപ് കുമാർ 51.02 സെക്കൻഡിൽ വെള്ളിയും മഹാരാഷ്ട്രയുടെ രോഹൻ കാംബ്ലെ 51.83 സെക്കൻഡിൽ വെങ്കലവും നേടി. പുരുഷൻമാരുടെ ജാവലിൻ ത്രോയിൽ ഉത്തർപ്രദേശിന്റെ സച്ചിൻ യാദവ് 84.39 മീറ്ററിന്റെ മികച്ച ദൂരവുമായി സ്വർണം നേടി. 10 വർഷം പഴക്കമുള്ള മീറ്റ് റെക്കോഡ് തകർക്കാൻ യാദവിനായി. ഹരിയാനയുടെ രാജേന്ദർ സിങ് കുറിച്ച 82.23 മീറ്ററിന്റെ റെക്കോഡാണു പഴങ്കഥയായത്. യു.പിയുടെ തന്നെ രോഹിത് യാദവ് 80.47 മീറ്റർ എറിഞ്ഞ് വെള്ളി നേടി. ഉത്തരാഖണ്ഡിന്റെ വികാഷ് ശർമ 79.33 മീറ്ററുമായി വെങ്കലം കുറിച്ചു.

വനിതകളുടെ ഹൈജമ്പിലും കേരളത്തിനു മെഡൽ നേടാനായില്ല. ഹരിയാനയുടെ പൂജ 1.84 മീറ്ററുമായി സ്വർണവും തമിഴ്നാടിന്റെ ഗോപിക 1.79 മീറ്ററുമായി വെള്ളിയും കർണാടകയുടെ അഭിനയ ഷെട്ടി 1.77 മീറ്റർ ചാടി വെങ്കലവും നേടി. കേരളത്തിന്റെ ആതിര സോമരാജ് ആറാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. എയ്ഞ്ചൽ ദേവസ്യ ഫൈനലിൽ പങ്കെടുത്തില്ല. 13 സ്വർണവും 17 വെള്ളിയും 22 വെങ്കലവും അടക്കം 52 മെഡലുകൾ നേടിയ കേരളം 12–ാം സ്ഥാനത്താണ്. 61 സ്വർണവും 23 വെള്ളിയും 22 വെങ്കലവും അടക്കം 106 മെഡലുകൾ സ്വന്തമാക്കിയ സർവീസസാണ് ഒന്നാമത്. രണ്ടാം സ്ഥാനത്തുള്ള മഹാരാഷ്ട്രയ്ക്ക് 47 സ്വർണവും 60 വെള്ളിയും 60 വെങ്കലവും അടക്കം 167 മെഡലുകളുണ്ട്. മൂന്നാം സ്ഥാനത്തുള്ള ഹരിയാന 35 സ്വർണവും 45 വെള്ളിയും 55 വെങ്കലവും അടക്കം 135 മെഡലുകൾ നേടി. അത്‌ലറ്റിക്സിൽ രണ്ട് സ്വർണവും മൂന്ന് വെള്ളിയും എട്ട് വെങ്കലവും നേടിയ കേരളം ഒൻപതാമത് ഫിനിഷ് ചെയ്തു. ആറ് സ്വർണവും ഒരു വെള്ളിയും രണ്ട് വെങ്കലവും അടക്കം ഒൻപത് മെഡലുകൾ നേടിയ സർവീസസാണ് ഒന്നാമത്. തമിഴ്നാട് അഞ്ച് സ്വർണവും 10 വെള്ളിയും നാല് വെങ്കലവും അടക്കം 19 മെഡലുകളുമായി രണ്ടാം സ്ഥാനത്തായി. നാല് സ്വർണവും നാല് വെള്ളിയും മൂന്ന് വെങ്കലവും അടക്കം 11 മെഡലുകൾ നേടിയ മഹാരാഷ്ട്ര മൂന്നാം സ്ഥാനവുമായി മടങ്ങി.

# റിയലായി തോറ്റു

● വിനോദ് താമരശേരി

കോഴിക്കോട്

**ഐ** ലീഗ് ഫുട്ബോളിലെ ഹോം മാച്ചിൽ ഗോകുലം കേരളയ്ക്ക് തോൽവി. കോഴിക്കോട് കോർപ്പറേഷൻ ഇ.എം.എസ്. സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ റിയൽ കാശ്മീർ ഏകപക്ഷീയമായ ഒരു ഗോളിനാണ് ഗോകുലത്തെ തോൽപ്പിച്ചത്.

രണ്ടാം പകുതിയിൽ മധ്യനിര താരം മുഹമ്മദ് ഇനാമാണ് ഗോളടിച്ചത്. ലീഗിൽ ഗോകുലത്തിന്റെ തുടർച്ചയായ മൂന്നാം തോൽവിയാണിത്. ഫിനിഷിങ്ങിലെ അപാകതയാണ് ഗോകുലത്തിനു തിരിച്ചടിയായത്. കഴിഞ്ഞ മത്സരങ്ങളിൽ ഇന്റർ കാശിയോടും ചർച്ചിൽ ബ്രദേഴ്സിനോടും തോറ്റിരുന്നു.

14 കളികളിൽനിന്നു 19 പോയിന്റുള്ള ഗോകുലം പട്ടികയിൽ ഏഴാം സ്ഥാനത്തായി. റിയൽ കാശ്മീർ 14 കളികളിൽനിന്ന് 23 പോയന്റുമായി നാലാം സ്ഥാനത്തെത്തി. മത്സരത്തിന്റെ ഒന്നാം പകുതിയിൽ ഗോകുലത്തിന്റെ മുന്നേറ്റമായിരുന്നു.



മുന്നേറ്റ താരങ്ങളായ നൈനെയും സിനിസ യും സുസായ് രാജും ചേർന്ന് നടത്തിയ മികച്ച മുന്നേറ്റങ്ങളെല്ലാം കാശ്മീരിന്റെ ഗോൾ കീപ്പർ സൈദ് സാഹിദ്ദിന്റെ കൈപിടിയിലൊതുങ്ങി. 17–ാം മിനിറ്റിൽ റിയൽ കാശ്മിരിന്റെ മധ്യനിര താരം ബോക്സിന് സമീപത്ത് നിന്ന് നൽകിയ കിക്ക് ഗോകുലം ബാറിൽ തട്ടി തിരിച്ചു വന്നു. മുന്നേറ്റ താരം കരീം സാംമ്പ പോസ്റ്റിലേക്ക് അടിച്ചു കയറ്റിയെങ്കിലും റഫറി ഓഫ് സൈഡ് വിധിച്ചു. 32–ാം മിനിറ്റിൽ ഗോകുലത്തിന്റെ മുന്നേറ്റ താരം സിൻസയുടെ ഗോളാകുമെന്ന ഉറപ്പിച്ച ഷോട്ട് കാശ്മീർ ഗോൾ കീപ്പർ സേവ് ചെയ്തു.

രണ്ടാം പകുതി കാശ്മീരിന്റെ കളി മികവോടെയായിരുന്നു തുടങ്ങിയത്. മികച്ച പാസുകളുമായി ഗോകുലത്തിന്റെ മൈതാനം കാശ്മീർ കൈയടക്കി. ഗോകുലത്തിന് ലഭിച്ച ത്രോ ബോക്സിന് സമീപത്ത്നിന്നു മധ്യനിര താരം അതുൽ ഹെഡ് ചെയ്ത് അകറ്റിയെങ്കിലും റിയൽ കാശ്മീർ താരത്തിന്റെ ഗ്രൗണ്ട് ടച്ച് ഷോട്ട് ഗോകുലം ഗോൾ കീപ്പറും നായനുമായ ഷിബിൻ രാജിനെ നിഷ്പ്രഭനാക്കി വലയിലെത്തി. സമനില ഗോളിനായി ഗോകുലം ശ്രമങ്ങൾ നടത്തിയെങ്കിലും പ്രതിരോധം തകർക്കാനായില്ല. 17 ന് ഡൽഹി എഫ്.സിയുമായാണ് ഗോകുലത്തിന്റെ അടുത്ത ഹോം മത്സരം.



**■ വടക്കാഞ്ചേരി :** കോടതിക്ക് പിറകു വശത്ത് നെല്ലിക്കുന്നത്ത് വീട്ടിൽ (സംഗീത് ഭവൻ) കെ.ആർ രാമൻ (79) നിര്യാതനായി . നാടകം - സിനിമ നടനും , അവാർഡ് ജേതാവും ഉത്രാളിക്കാവ് പൂരം വടക്കാഞ്ചേരി ദേശത്തിന്റെ മുൻ സെ ക്രട്ടറിയും , സംഗീത ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉടമയും റിട്ടയേഡ് ഇറിഗേഷൻ വകുപ്പിലെ ഡ്രൈവറും ആയിരുന്നു. സംസ്കാരം നടത്തി. ഭാര്യ : ശാന്ത (റിട്ട: നഴ്സിംഗ് അസിസ്റ്റന്റ്, ജില്ലാ ആസ്പത്രി വടക്കാഞ്ചേരി)മക്കൾ : സംഗീത (ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ചെർപ്പുളശ്ശേരി നഗരസഭ), സംഗീത് (കലാകാരൻ )മരുമകൻ : സന്തോഷ് (ബിസിനസ്സ്, കുന്നംകുളം) യു ഡി എഫ് ജില്ലാ ചെയർമാൻ ടി.വി. ചന്ദ്രമോഹൻ പാർട്ടി പതാക മൃതദേഹത്തിൽ പുതപ്പിച്ചു. രാഷ്ട്രീയ / സാമൂഹിക , കലാ രംഗത്തെ നിരവധി പേർ വസതിയിലെത്തി ആദരാഞ്ജലി യർപ്പിച്ചു.

**■ തൃശൂർ:** ചുങ്കത്ത് പോൾ മകൻ വില്യംസ് (78) നിര്യാതനായി.. സംസ്കാരം അരണാട്ടുകര സെന്റ്തോമസ് പള്ളി സെമിത്തേരിയിൽ നടത്തി. ഗുജറാത്തിനു വേണ്ടി സന്തോഷ് ട്രോഫി കളിച്ചിട്ടുണ്ട്.



## 102-ാം വയസിൽ

**■ മാമ്മൂട്:** വെട്ടുതോട്ടുങ്കൽ ഈരേത്ര (പാറയ്ക്കൽ ഇ.സി. ഫ്രാൻസിസ് (കുഞ്ഞച്ചൻ-102) നിര്യാതനായി. സംസ്കാരം നാളെ 2.30-ന് ലൂർദ്മാതാ പള്ളിയിൽ. ഭാര്യ: പരേതയായ മറിയക്കുട്ടി മണിമല ആനിപ്പള്ളിയിൽ കുടുംബാംഗം. മക്കൾ: ബാബു (ഗുജറാത്ത്), ജോസ് (ഗുജറാത്ത്), വത്സമ്മ, സിസ്റ്റർ ട്രീന സി.എം.സി, ജയ്റാണി (പ്രോവിൻസ് കോയമ്പത്തൂർ), കൊച്ചുമോൾ എടത്വ. മരുമക്കൾ: റോസമ്മ ചമ്പടപുന്നയിൽ കുറിയന്നൂർ, ഉഷ പീടികതൊണ്ടിയിൽ ഏലപ്പാറ, ജോണിച്ചൻ പാറയ്ക്കൽ മാമ്മൂട്, കൊച്ചുമോൻ കണ്ടത്തിൽപറമ്പിൽ എടത്വ.

**■ കടയനിക്കാട്:** കുഴിപതാലിൽ പരേതനായ യോഹന്നാന്റെ ഭാര്യ അന്നമ്മ (94) നിര്യാതയായി. സംസ്കാരം ഇന്നു 10-ന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം സെന്റ് മേരീസ് പള്ളിയിൽ. തോട്ടയ്ക്കാട് ചെരിപുറം കുടുംബാംഗം. മക്കൾ: ജോസ്, ചാക്കോ (റിട്ട. സബ് ഇൻസ്പെക്ടർ, എ. ആർ. കോട്ടയം), ബേബിച്ചൻ, മാത്തുക്കുട്ടി. മരുമക്കൾ: സെലീനാമ്മ പെരിഞ്ചേരിൽ വായ്പൂർ, ലിസമ്മ കുഴിക്കൊമ്പിൽ (റിട്ട. അധ്യാപിക) ചെങ്ങളം, സൂസമ്മ കാട്ടുപുരയ്ക്കൽ കോത്തല, സിസിലി നടുവത്താനി പൂവരണി.

**■ ചെറിയനാട്:** തമ്പുരാൻ കൊയിക്കൽ പരേതനായ മോഹനന്റെ ഭാര്യ രൂത്ത് (69) നിര്യാതയായി. സംസ്കാരം നാളെ രാവിലെ 8.30-ന് ഐ.പി.സി. ബഥേൽ കോടുകുളഞ്ഞി സഭയിലെ ശുശ്രൂഷയ്ക്കുശേഷം 11.30 -ന് സഭാ സെമിത്തേരിയിൽ. മക്കൾ: സുധ, സുനിൽ. മരുമക്ക ൾ: മോഹനൻ, ആശ.

**■ തിരുവല്ല:** കഴിഞ്ഞ ദിവസം നിര്യാതയായ കാരയ്ക്കൽ മല്ലേൽ അനിൽ നിവാസിൽ റിട്ട. പ്രധാന അധ്യാപിക അന്നമ്മ ജോണി(81)ന്റെ സംസ്കാരം ഇന്നു രാവിലെ 11 -ന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം 12-ന് കാരയ്ക്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ.



**■ പഴുവിൽ:** ആലപ്പാട്ട് പരേതനായ ദേവസി മകൻ സന്തോഷ് (52) ദുബായിൽ നിര്യാതനായി. ദുബായ് ഫ്ലക്സ് കമ്പിനിയിലെ ഡ്രൈവറാണ്. സംസ്കാരം ഇന്ന് ഉച്ചതിരിഞ്ഞ് നാലിന് പഴുവിൽ സെന്റ് ആന്റണീസ് ഫൊറോന പള്ളി സെമിത്തേരിയിൽ. മാതാവ്: പരേതയായ മേരി. ഭാര്യ: ജൂലി. മക്കൾ: എബിൻ, അലീഷിയ.

**■ പട്ടഞ്ചേരി:** കരിപ്പാലി പുളിയിലക്കളം പരേതനായ ചാമി മകൻ ദേവദാസൻ (70) നിര്യാതനായി. ഭാര്യ: കലാവതി. മക്കൾ: ഹരികൃഷ്ണൻ, ഐശ്വര്യലക്ഷമി. മരുമക്കൾ: അഞ്ജു ഹരികൃഷ്ണൻ, വിഷ്ണു പ്രസാദ്.

**■ ആഞ്ഞിലിത്താനം:** മാനപ്പള്ളത്ത് റിട്ട. സുബൈദർ കെ. ജോൺ (86) നിര്യാതനായി. സംസ്കാരം നാളെ 11.30-ന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം ഒന്നിനു കവിയൂർ ശാലേം മാർത്തോമ്മ പള്ളിയിൽ. ഭാര്യ : തങ്കമ്മ ജോൺ തെക്കേകോലത്ത് കുടുംബാംഗം. മകൻ: സുനിൽ ജോൺ. മരുമകൾ: സുജ സുനിൽ.

**■ കൊല്ലമുള:** കാരയ്ക്കാട്ട് ജോസഫ് (കുട്ടിച്ചേട്ടൻ-91) നിര്യാതനായി. സംസ്കാരം നാളെ 10-ന് വീട്ടിൽ ആരംഭിച്ച് കൊല്ലമുള സെന്റ് മരിയ ഗൊരേത്തി പള്ളിയിൽ. ഭാര്യ: അന്നമ്മ വെച്ചൂച്ചിറ കണ്ടത്തിൽ കുടുംബാംഗം. മക്കൾ: ജോസ്, തോമസുകുട്ടി, ഫാ. സെബാസ്റ്റ്യൻ (ഒ. എഫ്.എം. ക്യാപ്), ജോണി, സിബിച്ചൻ, ഫാ. റോയി (ഒ.എഫ്.എം. ക്യാപ്). മരുമക്കൾ: ജെസി, സെലീനാമ്മ, റെമി, റ്റാനിയ.

**■ ഇലന്തൂർ:** വല്ല്യത്ത്വീട്ടിൽ പരേതനായ വിശ്വനാഥൻ നായരുടെ ഭാര്യ ചെല്ലമ്മ വി. നായർ (75) നിര്യാതയായി. സംസ്കാരം ഇന്നു 11-ന് വീട്ടുവളപ്പിൽ. മക്കൾ: രാജി വി. നായർ, വി. രാജേഷ്. മരുമക്കൾ : ശശിധരൻ നായർ, രഞ്ജു രാജേഷ്.

**■ തുരുത്തിക്കാട്:** കൊല്ലംപറമ്പിൽ ജെ. ജോർജ് (99 -വിമുക്തഭടൻ) നിര്യാതനായി. മൃതദേഹം നാളെ രാവിലെ എട്ടിനു വീട്ടിൽ കൊണ്ടുവരും. സംസ്കാരം 11-ന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം 12-ന് തുരുത്തിക്കാട് മാർത്തോമ്മാ പള്ളിയിൽ. ഭാര്യ: പരേതയായ അച്ചമ്മ ജോർജ്. മക്കൾ: പരേതയായ മോളി ചാക്കോ, ബാബു ജോർജ്, ചാക്കോ ജോർജ്.

**■ കുറിച്ചിത്താനം:** കാഞ്ഞിരംതറപ്പേൽ (മുടിയിൽ) ചാക്കോ ഔസേഫിന്റെ ഭാര്യ മേരി ചാക്കോ (89) നിര്യാതയായി. സംസ്കാരം നാളെ രാവിലെ പത്തിന് കുറിച്ചിത്താനം സെന്റ് തോമസ് പള്ളിയിൽ. മണ്ണയ്ക്കനാട് ഇല്ലിക്കൽ കുടുംബാംഗം. മക്കൾ: ജോസ് കെ.സി, തോമസ് കെ. സി, ബേബി കെ.സി (ഇത്താക്ക്), മത്തായി കെ. സി, ജെയിംസ് കെ.സി, ബിൻസി ജേക്കബ്, ലൈസി ചാക്കോ.



**■ വെള്ളാനി:** കായംപുറത്ത് ഗംഗാധരൻ ഭാര്യ ശകുന്തള (ശാന്ത - 83) നിര്യാത യായി. സംസ്കാരം ഇന്ന് രാവിലെ 9ന് ഇരിങ്ങാലക്കുട മുക്തിസ്ഥാനിൽ. മക്കൾ: സഹദേവൻ, പരേതനായ സന്തോഷ്, സതീഷ്, ആശ, ജയശ്രീ. മരുമക്കൾ: ശോഭ, രാധിക, പ്രിയങ്ക, ധർമ്മൻ, സുബ്രഹ്മണ്യൻ.

**■ മാന്നാർ:** കുട്ടംപേരൂർ പൊൻമേലിൽ ഗോപാലൻ (91) നിര്യാതനായി. സംസ്കാരം നാളെ രാവിലെ ഒൻപതിന്. എസ്. എൻ.ഡി.പി കുട്ടംപേരൂർ 68-ാം നമ്പർ ശാഖായോഗം പ്രസിഡന്റ്, ശാഖാ ഗുരുക്ഷേത്രം ശാന്തി, കുന്നത്തൂർ ദേവസ്വം സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: സി. കെ രേവമ്മ. മക്കൾ: സുരേഷ് കുമാർ, സതീഷ്, ആശ. മരുമക്കൾ: അജിത, രാജീവ്. സഞ്ചയനം ചൊവ്വാഴ്ച എട്ടിന്.

**■ പെരുവ:** കേരളാ കോൺഗ്രസ് പാർട്ടി നേതാവ് കുന്നപ്പിള്ളി കെ.എം. തോമസ് മുണ്ടുവേലിയുടെ മാതാവ് അന്നക്കുട്ടി തൊമ്മൻ (88) നിര്യാതയായി. മരുമകൾ: അന്നമ്മ നീർപ്പാറ,പത്തടിയിൽ കുടുംബാംഗം. മൃതദേഹം നാളെ രാവിലെ 9.30-ന് വീട്ടിൽ കൊണ്ടുവരും. സംസ്കാരം മൂന്നിനു വീട്ടിലെ ശുശ്രൂഷകൾക്കുശേഷം അറുനൂറ്റിമംഗലം സെന്റ് തോമസ് പള്ളി (മലകയറ്റ പള്ളി)യിൽ.

**■ മേൽപ്പാടം:** തകിടിയിൽ മാനങ്കേരിൽ ഗ്രേസി പാപ്പച്ചൻ (80) നിര്യാതയായി. സംസ്കാരം ശനിയാഴ്ച 11-ന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം 12-ന് മേൽപ്പാടം ഐപിസി എലീം സഭാ സെമിത്തേരിയിൽ. പള്ളിപ്പാട് മാവിലേത്ത് കുടുംബാംഗം. ഭർത്താവ്: പരേതനായ കൊച്ചുകുഞ്ഞ് പാപ്പച്ചൻ. മക്കൾ: മോളമ്മ (ഡൽഹി), കൊച്ചുമോൾ, മോനച്ചൻ (ദോഹ), അനിയൻ. മരുമക്കൾ : തിരുവല്ല മേപ്രാൽ കൈതക്കാട്ട് ജിജി, പള്ളിപ്പാട് തുണ്ടിൽ ഷാജി (ബഹ്റൈൻ), ഷീന (വീയപുരം), മഞ്ജു (ഉറുകുന്ന്, പുനലൂർ).

**■ കുറുപ്പന്തറ:** ചെറുവള്ളിപ്പറമ്പിൽ സി.ജെ. ജോസഫ് (കുട്ടപ്പൻ-85) നിര്യാതനായി. സംസ്കാരം ശനിയാഴ്ച ഫ്ളോറിഡയിലെ ആരോഗ്യമാതാ ഫൊറോനാപ്പള്ളിയിൽ. ഭാര്യ: മറിയാമ്മ കോതനല്ലൂർ കൊമ്പനായിൽ കുടുംബാംഗം. മക്കൾ: സോളി, സോഫി, സോഷി, സോമി, സോണി, സോജി, സോയി. മരുമക്കൾ: ചാക്കോ, മാർട്ടിൻ, സിന്ധു, റെജി, നിഷ, ജെസി, ലിസി.

**■ ചാരുംമൂട്:** താമരക്കുളം ഇരപ്പൻപാറ വിശാലഭവനം പരേതനായ അബ്ദുൽഖാദർ കുട്ടിയുടെ ഭാര്യ കാസിംബീവി (84) നിര്യാതയായി. മക്കൾ: ഷാജഹാൻ, അൻസ്,സലീന,നസിയത്ത്. മരുമക്കൾ: റെജി, ഷേർളി, ഷാജഹാൻ, പരേതനായ ഹനീഫ .



**■ ചാഴൂർ:** തോട്ടത്തുംപടി അയ്യപ്പൻ ഭാര്യ ഓമന (78) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 10 ന് താന്ന്യം പഞ്ചായത്ത് ശ്മശാനത്തിൽ. മക്കൾ: ജയപ്രകാശ്, രഘുനാഥ്, സജി, ബിന്ദു. മരുമക്കൾ: ഷീനറാണി, സരിത, മോഹനൻ, അനിൽ.



## ഡോ. കെ. മുഹമ്മദ് ഈസ

**■ ദോഹ:** ഖത്തറിലെ പ്രമുഖ വ്യവസായിയും ജീവകാരുണ്യ മേഖലയിലെ സജീവ സാന്നിധ്യവും സാംസ്കാരിക പ്രവർത്തകനുമായിരുന്ന മലപ്പുറം വളാഞ്ചേരി മൂടാൽ സ്വദേശി കെ. മുഹമ്മദ് ഈസ (69) നിര്യാതനായി. അലി ഇന്റർനാഷണൽ ഉൾപ്പെടെ നിരവധി സംരംഭങ്ങളുടെ ഉടമയാണ്. ഭാര്യ: നസീമ പാലക്കാട് മേപ്പറമ്പ് സ്വദേശിയാണ്. മക്കൾ: നജ്ല, നൗഫൽ, നാദിർ, നമീർ. 1976-ൽ ഖത്തറിലെത്തിയ അദ്ദേഹം മുനിസിപ്പാലിറ്റി ജീവനക്കാരനായാണ് പ്രവാസജീവിതം ആരംഭിച്ചത്. ഖത്തർ കെ. എം.സി.സിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ അദ്ദേഹം നിലവിൽ സംസ്ഥാന കെ.എം.സി. സി വൈസ് പ്രസിഡന്റാണ്. ഇന്ത്യൻ എംബസി അനുബന്ധ സംഘടനയായ ഇന്ത്യൻ സ്പോർട്സ് സെന്റർ ഉപദേശകസമിതി ചെയർമാൻ, ഖത്തർ ഇന്ത്യൻ ഫുട്ബോൾ ഫോറം പ്രസിഡന്റ്, യൂണിറ്റി ഖത്തർ ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 2017 -ൽ വാഹനാപകടത്തിൽ മരിച്ച, സ്വന്തം സ്ഥാപനത്തിലെ രണ്ടു ജീവനക്കാരുടെ കുടുംബത്തിന് അവരുടെ ശമ്പളം ഇപ്പോഴും അയച്ചുകൊടുക്കുന്ന മുഹമ്മദ് ഈസ ഖത്തറിലും നാട്ടിലും നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിട്ടുണ്ട്.

**■ അമ്പലപ്പുഴ:** വണ്ടാനം പുത്തൻവെളിയിൽ പരേതനായ ഭാർഗവന്റെ ഭാര്യ സുഭദ്ര (85) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. മകൻ: പ്രസാദ്. മരുമകൾ: മായ.

**■ അയിരൂർ:** മാവേലിൽ പേരങ്ങാട്ട് പി.എം. ജോർജ് (85) നിര്യാതനായി. മൃതദേഹം ഇന്നു രാവിലെ 8 :30-ന് വീട്ടിൽ കൊണ്ടുവരും. സംസ്കാരം മൂന്നിനു വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം നാലിന് അയിരൂർ തടിത്ര മാർ ബഹനാൻസ് ഓർത്തഡോക്സ് പള്ളിയിൽ. ഭാര്യ: കുഞ്ഞമ്മ ജോർജ് റാന്നി അഴകനാകുഴിയിൽ കുടുംബാംഗം. മക്കൾ: ലിജു ജോർജ്, ബോബി ജോർജ്. മരുമക്കൾ: ജോർജ് ലാൽ (പള്ളിയിൽ ചെങ്ങന്നൂർ), സിയാൻ ബോബി ജോർജ് (വലിയപറമ്പിൽ പുതുപ്പള്ളി).

**■ ചെങ്ങന്നൂർ:** പാണ്ടനാട് കീഴ്വന്മഴി കൊട്ടാരത്തിൽ രാജശേഖരൻ പിള്ള (69) നിര്യാതനായി. സംസ്കാരം ഇന്നു മൂന്നിനു വീട്ടുവളപ്പിൽ. ഭാര്യ: ശ്രീദേവി ആർ. പിള്ള കടപ്രളാഹയിൽ കുടുംബാംഗം. മക്കൾ: രതീഷ് ആർ. പിള്ള, രാജശ്രീ. മരുമക്കൾ: രമ്യ രതീഷ്, എം.പി. പ്രഭാഷ്. സഞ്ചയനം ഞായറാഴ്ച രാവിലെ ഒമ്പതിന്.



**■ അന്തിക്കാട്:** പാന്തോട് സെന്ററിനു കിഴക്ക് തായാട്ട് അശോകൻ ഭാര്യ രമണി (62) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: രതീഷ്, രാഗേഷ്. മരുമകൾ: ഷിമ.

**■ വെള്ളിയാമറ്റം:** പൂച്ചപ്ര ഇലവുംതടത്തിൽ കേശവൻ രാമൻ (75) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 10ന് വീട്ടുവളപ്പിൽ. ഭാര്യ അമ്മിണി ദേവരുപാറ നെല്ലിക്കാനത്തി ൽ കുടുംബാംഗം. മക്കൾ: ജയപ്രകാശ്, ബെറ്റർ കെ. സുനിൽ. മരുമക്കൾ: ജയശ്രീ ജയപ്രകാശ്, ഷീജമോൾ സുനിൽ.

**■ നെടുങ്കണ്ടം:** ആദ്യകാല കർഷകരിൽ വ്യാപാരിയായിരുന്ന ചേമ്പളം തേവരോലിൽ ടി.കെ രാഘവൻ (91) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 10 ന് വീട്ടുവളപ്പിൽ. ഭാര്യ: വിജയമ്മ. മക്കൾ: ടി.ആർ.മനോജ് (ഇടുക്കി വിഷൻ), ജിഷ, അഭിലാഷ്. മരുമക്കൾ: ബിന്ദു, മുരളി, ശാരി.

## സംസ്കാരം ഇന്ന്

**■ തിരുവല്ല:** കഴിഞ്ഞദിവസം നിര്യാതനായ കടപ്ര കണ്ണശ സ്മാരക ഹയർ സെക്കൻഡറി സ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ ഇട്ടിയംപറമ്പിൽ പി.കെ. അലക്സാണ്ടറുടെ (91) സംസ്കാരം ഇന്ന് 2.30-ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം 3.45-ന് വളഞ്ഞവട്ടം ഈസ്റ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സുൽത്താൻബത്തേരി ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും.

**■ അമ്പലപ്പുഴ:** കഞ്ഞിപ്പാടം കന്നിട്ടയിൽ അഹ്മദ് കുഞ്ഞിന്റെ ഭാര്യയും ആലപ്പുഴ പൈങ്ങാമഠത്തിൽ ടി.സി. അലിക്കോയ (അക്കോ)യുടെ മകളുമായ ഹസീന (54) നിര്യാതയായി. കബറടക്കം ഇന്ന് രാവിലെ 10ന് കഞ്ഞിപ്പാടം ജമാഅതത് കബർസ്ഥാനിൽ. മക്കൾ: ആരാഫത്ത്, ഹിസാന നാസർ.

**■ മാവേലിക്കര:** മാവേലിക്കര ഗവ. എൽ.പി.സ്കൂൾ , കണ്ണമംഗലം ഗവ.എൽ.പി. എസ് എന്നിവിടങ്ങളിൽ പ്രഥമാദ്ധ്യാപകനായിരുന്ന ചെട്ടികുളങ്ങര ഈരേഴ വടക്ക് സുഭദ്രാ സദനത്തിൽ പി. സുകുമാരൻ (73) നിര്യാതനായി. സംസ്കാരം നാളെ വൈകിട്ട് മൂന്നിന് വീട്ടുവളപ്പിൽ. തട്ടാരമ്പലം 1007ാം നമ്പർ അഖില കേരള വിശ്വകർമ്മ മഹാസഭ മുൻ ശാഖാ സെക്രട്ടറിയായിരുന്നു. ഭാര്യ കാട്ടുവള്ളിൽ കുടുംബാംഗം സുഭദ്ര. മക്കൾ: സുജിത് പി.സുകുമാർ ( റിസേർച് അസിസ്റ്റന്റ്, തദ്ദേശ സ്വയംഭരണ ഡയറക്ടറേറ്റ്, തിരുവനന്തപുരം), സുചിത്ര (ദുബായ്) മരുമകൻ: ഗിരീഷ് (ദുബായ്)

**■ കാഞ്ഞിരപ്പള്ളി:** പട്ടിമറ്റം അമാൻ നഗറിൽ താമസിക്കുന്ന, തോട്ടകരയിൽ പരേതനായ ഇസ്മായിലിന്റെ ഭാര്യ ഫാത്തിമ (മതമ്പ ഉമ്മച്ചി -94) നിര്യാതയായി. കബറടക്കം നടത്തി. മക്കൾ: പരേതനായ അബ്ദുൽ ഖാദർ (ഒട്ടംചത്രം), ഹംസ (പെരിന്തൽമണ്ണ), സുലൈമാൻ (ഈരാറ്റുപേട്ട), കബീർ, സലിയത്ത് (എരുമേലി), ഷൈലജ (അക്ഷയ സെന്റർ കൂട്ടിക്കൽ), ജമീലത്ത് (കരിങ്കല്ലുംമുഴി).



**■ ചാലക്കുടി:** പരിയാരം പാറക്ക വീട്ടിൽ മറിയം (93) നിര്യാതയായി. സംസ്ക്കാരം നടത്തി. ഭർത്താവ്: വർക്കി. മക്കൾ: കൊച്ചുത്രേസ്യ(റിട്ട.അധ്യാപിക), ജോസ്(റിട്ട.ഡെപ്യൂട്ടി വൈസ് പ്രസിഡന്റ്, ഫെഡറൽ ബാങ്ക്), മേരി(പരിയാരം സർവീസ് കോപ്പറേറ്റീവ് ബാങ്ക്), റോസിലി (പ്രിയ ഫാർമ), ഷിബു (അധ്യാപകൻ, കുറ്റിക്കാട് സ്കൂൾ). മരുമക്കൾ: ജോസഫ്(റിട്ട.സ്കൂൾ ക്ലർക്ക്), സോഫി(അധ്യാപിക, ഗവ.എൽ പി സ്കൂൾ, ചാലക്കുടി ഈസ്റ്റ്), ജോണി(അബുദാബി), ഹീര (അധ്യാപിക, മാള സ്കൂൾ).



## സിസ്റ്റർ തോമസിറ്റ

**■ അറക്കുളം:** ഞാവള്ളി കയത്തിൻകര പരേതരായ വലിയ തൊമ്മന്റെയും ഏലിക്കുട്ടി യുടെയും മകൾ സിസ്റ്റർ തോമസിറ്റ (80-മേരിമ്മ) നിര്യാതയായി. സംസ്കാര ശുശ്രൂഷകൾ ഇന്ന് 4 ന് കോഴിക്കോട് വെസ്റ്റ് ഹിൽ ഇയുദേസ് കോൺവെന്റിൽ ആരംഭിച്ച് കോഴിക്കോട് രൂപത ബിഷപ്പ് മാർ വർഗീസ് ചക്കാലയക്കലിന്റെ മുഖ്യ കാർമികത്വത്തിൽ വെസ്റ്റ് ഹിൽ സെന്റ് മൈക്കിൾസ് പള്ളിയിൽ സംസ്കരിക്കും. സഹോദരങ്ങൾ: സിസ്റ്റർ റോസ് മെഡിക്കൽ മിഷൻ മേഘലയാ, സിസ്റ്റർ ട്രീസമ്മ ജ്യോതി ഭവൻ, കുഞ്ഞൂഞ്ഞമ്മ പള്ളിക്കാപ്പറമ്പിൽ കൊറ്റനാട്ട്, ക്ലാരമ്മ മണിമല കാടൻകാവിൽ പാലാ, അഡ്വ. ജോസ്കുട്ടി കട്ടപ്പന, ലൂസിക്കുട്ടി വെള്ളുകുന്നേൽ പുളിക്കിൽ ഈരാറ്റുപേട്ട, എൽസമ്മ മറ്റം കുരിയനാട്, സാജു പെരിങ്ങോം, റെജി മാത്യു തൃക്കാക്കര, ടോം തോമസ് അറക്കുളം.

**■ ശാന്തിഗ്രാം:** മാളിയേക്കൽ മേരി (88) നിര്യാതയായി. സംസ്കാരം നടത്തി. പരേത പ്ലാശനാൽ ചേറ്റുകുളത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.എം. മാണി. മക്കൾ: ലിബിയ, റെജി, ബിജു, ലാൽ (കേരളാ ബാങ്ക് ഇടുക്കി). മരുമക്കൾ: ജോയി ചെട്ടിപ്പറമ്പിൽ വാഴത്തോപ്പ്, സണ്ണി കാവനാട്ട് ശാന്തിഗ്രാം, മിനി കൊച്ചുപുരയ്ക്കൽ ഇരട്ടയാർ, സോണിയ വരകുകാലായിൽ ശാന്തിഗ്രാം.

**■ ചേർത്തല:** അർത്തുങ്കൽ വലിയപറമ്പിൽ പരേതനായ യോഹന്നാന്റെ ഭാര്യ റീത്താമ്മ (97) നിര്യാതയായി. സംസ്കാരം ഇന്നു രണ്ടിന് അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ബസലിക്കയിൽ. മക്കൾ: സെലിൻ, ലത്തീസ, ഫിലോമിന, അഗസ്റ്റിൻ, മേരീ സുന. മരുമക്കൾ: പാപ്പച്ചൻ ആന്റണി, സെബാസ്റ്റ്യൻ, സ്റ്റെല്ല, ജോർജ്, മേരീദാസ്.

**■ വേദഗിരി:** ജ്യോതിസ് (വട്ടക്കുന്നേൽ) ജോസ് വി. എസിന്റെ (റിട്ട. പോലീസ് ഉദ്യോഗസ്ഥൻ) ഭാര്യ കുഞ്ഞൂഞ്ഞമ്മ (62-റിട്ട. അധ്യാപിക, എസ്.കെ.വി. എച്ച്.എസ്.എസ്. നീണ്ടൂർ) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 10-ന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം കോട്ടക്കപ്പുറം സെന്റ് മാത്യൂസ് പള്ളിയിൽ. മക്കൾ: ജോസ്ന കെ. ജോസ് (അസി. എൻജിനീയർ, പി.ഡബ്ല്യു.ഡി), ജോസ്ബിൻ കെ. ജോസ് (കുവൈത്ത്).



**■ പെരിങ്ങോട്ടുകര:** വടക്കുംമുറി നെല്ലിപറമ്പിൽ സോമശേഖരൻ ഭാര്യ പ്രേമ (74) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 9 ന് വീട്ടുവളപ്പിൽ. മക്കൾ: സുമ, സുമേഷ്. മരുമക്കൾ : ഷിബു, സുവിജ.

**■ കൊക്കയാർ:** വെംബ്ലി തടത്തിൽ ടി.ആർ. ശശി (70) നിര്യാതനായി. സംസ്കാരം ഇന്നു രാവിലെ 10.30-ന് വീട്ടുവളപ്പിൽ. ഭാര്യ: വത്സമ്മ. മക്കൾ: സിജോമോൻ, ശാലിനി. മരുമക്കൾ: മുരളി, ബിന്ദുമോൾ.

**■ പൂത്തോട്ട:** കളത്തിൽ ഗീത രാജൻ (64) നിര്യാതയായി.

**■ അമ്പലപ്പുഴ:** കരൂർ പുത്തൻപറമ്പിൽ പരേതനായ പൊന്നപ്പന്റെ ഭാര്യ നളിനി (88) നിര്യാതയായി. മക്കൾ: ത്രിവിക്രമൻ, ധനഞ്ജയൻ, രതിയമ്മ, വൈദേഹി, മഹേശൻ, അനസൂയ, ശ്രീകുമാർ. മരുമക്കൾ: കുശലകുമാരി, ശ്രീദേവി, തുളസീധരൻ, ഗോപി, ശാലിനി, സുധി, ഷീബ.

**■ ചെറിയനാട്:** ഇടമുറി കമലാസദനത്തിൽ ജനാർദ്ദനൻ നായർ (86) നിര്യാതനായി. സംസ്കാരം ഇന്നു 12-ന് വീട്ടുവളപ്പിൽ. ഭാര്യ : കമലമ്മ. മക്കൾ: കെ.കെ. ശ്രീലത, കെ.ജി. അനിൽ കുമാർ. മരുമകൾ: എസ്. കൃഷ്ണൻകുട്ടി നായർ, രജനി അനിൽകുമാർ.

**■ കൂവപ്പള്ളി:** പടിക്കപ്പറമ്പിൽ പി.സി. ജോസഫ് (74-റിട്ട. ഫോറസ്റ്റ് ഉദ്യോഗസ്ഥൻ) നിര്യാതനായി. സംസ്കാരം നാളെ 11-ന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം വെളിച്ചവയൽ സി.എസ്.ഐ. പള്ളിയിൽ. മൃതദേഹം ഇന്ന് വൈകുന്നേരം അഞ്ചിന് വീട്ടിൽകൊണ്ടുവരും. ഭാര്യ: മുണ്ടിയപ്പള്ളി പള്ളിക്കൽ മറിയാമ്മ (റിട്ട. പ്രധാന അധ്യാപിക, സി. എം.എസ്. എൽ.പി.എസ്. റാന്നി). മക്കൾ: ജോ മെറിൻ ജോസഫ്, ഗിലു പി. ജോസ് (ദുബായ്). മരുമകൻ: അന്റു സെബാസ്റ്റ്യൻ പനക്കൽ പൊൻകുന്നം.

**■ മാടപ്പള്ളി:** പുളിയ്ക്കൽ (ശ്രീവൽസം) പി.എം. സരസ്വതിയമ്മ (64) നിര്യാതയായി. സംസ്കാരം ഇന്നു 11-ന് വീട്ടുവളപ്പിൽ. ഭർത്താവ്: പരേതനായ മോഹനകുമാര പണിക്കർ. മക്കൾ: എം. ഋഷികേശ് (പോസ്റ്റ് ഓഫീസ്, ചങ്ങനാശേരി), എം. ഇന്ദുലേഖ. മരുമക്ക ൾ: ശ്രീലക്ഷ്മി ഹരീഷ് തുള്ളാട്ടുമഠം കുമരങ്കരി, ഗോകുൽ രാജശേഖർ മംഗലത്ത് ഷൺമുഖപ്രിയ പെരുന്ന (ബംഗളൂരു).

**■ നെടുംകുന്നം:** പുതിയാപറമ്പിൽ പരേതനായ പി. ഡി. ജോസഫിന്റെ (ഔതച്ചൻ) മകൻ പി.ജെ. സെബാസ്റ്റ്യൻ (സണ്ണിച്ചൻ-71) നിര്യാതനായി. മൃതദേഹം ഇന്നു രാവിലെ ഒമ്പതിനു വീട്ടിൽ കൊണ്ടുവരും. സംസ്കാരം വൈകുന്നേരം നാലിനു വീട്ടിലെ ശുശ്രൂഷകൾക്കുശേഷം അഞ്ചിന് നെടുംകുന്നം ഫൊറോനാ പള്ളിയിൽ.



**■ മാള:** മേലഡൂ ർ തോട്ടമറ്റത്ത് മനയിൽ പെരുമ്പാവൂർ ദേശത്ത് അഗ്നി ശർമൻ നമ്പൂതിരി (83) നിര്യാതനായി സംസ്കാരം മംഗലപ്പിള്ളി ഇല്ലത്ത് മകളുടെ വീട്ടിൽ നടത്തി മകൾ ബിന്ദു മരുമകൻ ശ്രീപതി നമ്പൂതിരി.

**■ വാഴൂർ:** തീർഥപാദപുരം വലിയ നമ്പിയോലിയിൽ വേലായുധൻ നായർ (82) നിര്യാതനായി. സംസ്കാരം ഇന്നു മൂന്നിന് വീട്ടുവളപ്പിൽ. ഭാര്യ: രുഗ്മിണിയമ്മ ചേന്നാട് തെക്കേമുറിയിൽ കുടുംബാംഗം. മക്കൾ: പ്രദീഷ്കുമാർ, അനീഷ്കുമാർ. മരുമക്കൾ: രഞ്ജിനി(വാഴൂർ), അഞ്ജലി (ചിറക്കടവ്).

**■ ആദിത്യപുരം:** മണിക്കുറ്റിൽ ശ്രീധരൻ (91) നിര്യാതനായി. സംസ്കാരം ഇന്ന് മൂന്നിന് വീട്ടുവളപ്പിൽ. ഭാര്യ: പരേതയായ ഗൗരി മാന്നാനം നെടുമ്പറമ്പ് കുടുംബാംഗം. മക്കൾ: ശോഭന (ഡൽഹി), അംബിക (ഡൽഹി), പരേതനായ റജിമോൻ, ഷൈലജ (ഡൽഹി), സജിമോൻ. മരുമക്കൾ: പുരുഷൻ (ഡൽഹി), സുഗുണൻ (ഡൽഹി), പരേതരായ തങ്കച്ചൻ, ശ്രീദേവി.

**■ ആർപ്പൂക്കര:** കൊച്ചുകലയംകണ്ടം കൊച്ചുമണിയുടെ മകൻ ഉമേഷ് കെ. മണി(36) നിര്യാതനായി. സംസ്കാരം ഇന്ന് 10-ന് കോട്ടയം മുട്ടമ്പലം പൊതുശ്മശാനത്തിൽ. കൊല്ലം പരവൂർ പൊഴിക്കര ദേവീക്ഷേത്രത്തിലെ നാഗസ്വരക്കാരനായിരുന്നു.

**■ കടപ്ലാമറ്റം:** പെണ്ണാപറമ്പിൽ പരേതനായ പി. വി. ജോസഫ് (റിട്ട. മാനേജർ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ) ഭാര്യ ഡെയ്സി ജോസഫ് (83) നിര്യാതയായി. സംസ്കാരം ഇന്നു വീട്ടിലെ ശുശ്രൂഷകൾക്ക് ശേഷം ഉച്ചകഴിഞ്ഞ് 3:30-ന് കടപ്ലാമറ്റം സെന്റ് മേരീസ് പള്ളിയിൽ. കവീക്കുന്ന് മണർകാട്ട് കുടുംബാംഗം. മക്കൾ: ബിജു (ഹൈദരാബാദ്), ബിനു (മുംബൈ), ബിപു (എസ്. എം.വി. എച്ച്.എസ്. എസ്. പൂഞ്ഞാ ർ). മരുമക്കൾ: നിമ്മി (കോട്ടായിൽ, കൂത്തുപറമ്പ്), ഷേർളി (ഈനോക്കാരൻ, തൃശ്ശൂർ), ബിന്ദു (തയ്യിൽ, നെടിയശാല, സെന്റ് സെബാസ്റ്റ്യൻസ് എച്ച്. എസ്. എസ്. വഴിത്തല).

**■ അരീക്കര:** പൈമ്പാലിൽ പരേതനായ തൊമ്മൻ ചുമ്മാറിന്റെ ഭാര്യ മറിയക്കുട്ടി ചുമ്മാർ (91) നിര്യാതയായി. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞു 3.30-ന് വീട്ടിലെ ശുശ്രൂഷകൾക്കുശേഷം അരീക്കര സെന്റ് റോക്കീസ് പള്ളിയിൽ. ചുങ്കം വെട്ടിക്കാട്ടിൽ കുടുംബാംഗം. മക്കൾ: ബാബു, മോളി, പരേതരായ തോമസ്, സണ്ണി, സൈമൺ. മരുമക്കൾ: ജിജി കോയിപ്പുറത്ത് (കുറുപ്പന്തറ), ലിസി പന്തിരിയിൽ (വെൺമണി), ജോസ് മൂലക്കാട്ട് (വെളിയന്നൂർ), സലോമി തെക്കേൽ (അരീക്കര).



**■ കുന്നംകുളം :** തിരുത്തിക്കാട് ഏരിമൽ വീട്ടിൽ ചന്ദ്രൻ (67)നിര്യാതനായി. ഭാര്യ ഷീല. മക്കൾ നീതു, നിഖിൽ. മരുമക്കൾ ഉണ്ണികൃഷ്ണൻ, അനഘ. സംസ്കാരം നടത്തി.

**■ ചങ്ങനാശേരി:** ചീരഞ്ചിറ കുന്നേൽ ബാബു ആന്റണി (54) നിര്യാതനായി. സംസ്കാരം ഇന്ന് മൂന്നിന് ചീരഞ്ചിറ സെന്റ് ജോർജ് പള്ളിയിൽ. ഭാര്യ: കായൽപ്പുറം വരമ്പത്ത് കുഞ്ഞുകുഞ്ഞമ്മ. മകൻ: ബിബിൻ ജോസഫ്.

**■ മുളക്കുളം:** കളപ്പുരയ്ക്കൽ ബേബി കുര്യൻ (92) നിര്യാതനായി. സംസ്കാരം നാളെ രാവിലെ 10.30-ന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം മണ്ണുക്കുന്ന് സെന്റ് മേരീസ് കത്തീഡ്രലിൽ. ഭാര്യ: ആനി നെച്ചൂർ തറയിൽ കുടുംബാംഗം. മക്കൾ: ബീന (മുംബൈ), ബിജു, ബിനു. മരുമക്കൾ: ജേക്കബ് തുണ്ടിൽ കാരിച്ചാൽ (മുംബൈ), ജിനി പരീക്കമുകളേൽ പാമ്പാക്കുട, അഡ്വ. രാജേഷ് പുല്ലങ്കോട്ട് ഏഴക്കരനാട്.

**■ തിരുവല്ല:** മന്നൻകരച്ചിറ വളാലിൽ തുണ്ടിയിൽ പരേതനായ ജോൺ ചാണ്ടിയുടെയും അച്ചാമ്മ ചാണ്ടിയുടെയും മകൻ അജു ടി. വർക്കി (51) നിര്യാതനായി. സംസ്കാരം ഇന്നു രണ്ടിന് വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം കാവുംഭാഗം കട്ടപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ. ഭാര്യ: പള്ളിപ്പാട് മറുതാത്തറയിൽ ലിബി അജു. മക്കൾ: ജുബി അച്ചാമ്മ അജു, ജുബിൻ അജു അലക്സ്.

**■ എസ്.എൻ. പുരം:** പടിക്കലാത്ത് കുടുംബാംഗമായ പി.എസ്. ബിജു (51) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 11-ന് വീട്ടുവളപ്പിൽ. ഭാര്യ: മിനിമോൾ കെ.ആർ. കിഴക്കേക്കുറ്റ് നടേപ്പീടിക. മകൻ: പി. ബി. നന്ദകിഷോർ (നന്ദു).



**■ തൃക്കടീരി:** കുന്നത്ത് പത്തായപ്പുര ദേവയാനി അമ്മ (ദേവി-88) നിര്യാതയായി. സംസ്ക്കാരം ഇന്ന് രാവിലെ 10 മണിക്ക് പാമ്പാടി ഐവർമഠം ശ്മശാനത്തിൽ. പരേതരായ വള്ളത്തോൾ ശേഖരമേനോന്റെയും, കുന്നത്ത് പത്തായപുര ജാനകിയമ്മയുടെയും മകളാണ്. ഭർത്താവ്: പരേതനായ ഒ.എം. കൃഷ്ണൻകുട്ടി മേനോൻ. മക്കൾ: ഭാരതി, ഉണ്ണികൃഷ്ണൻ (റിട്ടയേർഡ് അധ്യാപകൻ വല്ലപ്പുഴ ഹയർ സെക്കന്ററി സ്കൂൾ). മരുമക്കൾ: രാജൻ മേനോക്കി, പ്രേമകുമാരി.

**■ പന്തളം:** കങ്ങഴക്കാട്ട് പരേതനായ കെ.എ. ചാക്കോയുടെ ഭാര്യ കെ.എ. ത്രേസ്യാമ്മ (81-മുൻ സെക്രട്ടറി, മുത്തോലി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക്) നിര്യാതയായി. സംസ്കാരം നാളെ രാവിലെ 10:30-ന് പന്തത്തലയിലുള്ള വീട്ടിലെ ശുശ്രൂഷയ്ക്കുശേഷം മീനച്ചിൽ സെന്റ് ആന്റണീസ് ദേവാലയത്തിൽ. ആനിക്കാട് കുഴിവേലിൽ കുടുംബാംഗം. മക്കൾ: ശോഭാ(യു.എസ്.എ.), പ്രീമ (ടെസ്സ്), ലേഖാ (മിനി, യു.എസ്.എ.), സാജൻ (സെന്റ് മേരീസ് ഹാർഡ്വെയർ പാലാ), സജൻ (യു.എസ്.എ.), സ്മിത (എസ്.ജെ.സി.ഇ. ടി. പാലാ), പ്രിയ (ബഹ്റൈൻ). മരുമക്കൾ: മാത്യൂസ് ചെമ്പരത്തി പിഴക് (യു.എസ്.എ.), റ്റോമി സെബാസ്റ്റ്യൻ വാതല്ലൂർ പന്തത്തല (സെന്റ് മേരീസ് മിൽ 12-ാം മൈൽ), റ്റോം പ്രകാശ് (തോമ്മാച്ചൻ) വടക്കൻ പാലാ (യു. എസ്.എ.), ഡോ. ഡിനിമോൾ ദേവസ്സി നട്ടത്ത് മൂവാറ്റുപുഴ(സെന്റ് തോമസ് കോളജ് പാലാ), സ്മിത മാത്യു ഞാവള്ളിൽപുത്തൻ പുരയിൽ പാലാ (യു.എസ്. എ.), റ്റോം ജോസഫ് ഞാവള്ളിൽപുത്തൻപുരയിൽ പാലാ (മെർച്ചന്റ് നേവി), ജോബി മാത്യു കല്ലുങ്കൽ, തിരുവല്ല (ബഹ്റൈ ൻ). മൃതദേഹം ഇന്നു മൂന്നിനു വീട്ടിൽ കൊണ്ടുവരും.

**■ കോതമംഗലം:** വാരപ്പെട്ടി കൊല്ലറക്കൽ പോളി നിര്യാതനായി. സംസ്കാരം നാളെ 10 ന് കാരക്കുന്നം സെന്റ് മേരീസ് കത്തോലിക്കാ പള്ളിയിൽ. ഭാര്യ ഷോളി നടുക്കര പാറയ്ക്കൽ കുടുംബാഗം.

**■ പൂച്ചാക്കൽ:** അരൂക്കുറ്റി തച്ചിലികാട്ട് ഗഫൂർ (50) കുഴഞ്ഞുവീണ് മരിച്ചു. കബറടക്കം ഇന്ന് കാട്ടുപുറം പള്ളി കബർസ്ഥാനിൽ. ഭാര്യ: നാജിയ. മക്കൾ: ജാഫിസ്, ഷിഫാന.

## മധ്യവയസ്കൻ ഭാരതപ്പുഴയിൽ മുങ്ങി മരിച്ചു

തിരുവില്വാമല : മധ്യവയസ്കൻ ഭാരതപ്പുഴയിൽ മുങ്ങിമരിച്ചു.

പാമ്പാടി ഐവർമഠം ശ്മശാനത്തിന് സമീപമുള്ള പുഴയിൽ മധ്യവയസ്ക്കൻ മുങ്ങിമരിച്ചു. ചെന്നൈ സ്വദേശിയായ കെ. രാമനാഥൻ (53) ആണ് ബന്ധുവിന്റെ ശവസംസ്കാര ചടങ്ങിനു ശേഷം കുളിക്കാൻ ഇറങ്ങിയപ്പോൾ പുഴയിൽ മുങ്ങിമരിച്ചത്. കൂടെയുള്ളവർക്കൊപ്പം ആയിരുന്നു പുഴയിൽ ഇറങ്ങിയത്. വിവരമറിയിച്ചതിനെ തുടർന്ന് ആലത്തൂർ ഫയർ ആൻഡ് റെസ്ക്യൂ വിഭാഗം പി.വി. സുനിൽകുമാറിന്റെ നേതൃത്വത്തിലുള്ള സംഘം എത്തി പുഴയിൽ പരിശോധന നടത്തി ഏറെ വൈകാതെ തന്നെ മൃതശരീരം കണ്ടെത്തുകയായിരുന്നു.

പഴയന്നൂർ പോലീസ് എസ്.ഐ. പൗലോസും സംഘവും പ്രദേശത്ത് എത്തിയിരുന്നു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലേക്ക് പ്രവേശിപ്പിച്ചിരിക്കുകയാണ്.

## ലോറി സ്കൂട്ടിയിൽതട്ടി യുവാവ് മരിച്ചു



■ അഭിജിത്ത്

മണ്ണാർക്കാട്: ദേശീയ പാതയിൽ മാച്ചാംതോട് ലോറി സ്കൂട്ടിയിൽ ഇടിച്ച് യുവാവ് മരിച്ചു.

എഴക്കാട് ആലങ്ങാട് രമേഷിന്റെ മകൻ അഭിജിത്ത് (20) ആണ് മരിച്ചത്. ചൊവ്വാഴ്ച അർധരാത്രിയോടെയാണ് അപകടം.അഭിജിത്തും സുഹൃത്ത് ജിതിനും കൂടി സ്കൂട്ടിയിൽ വരുമ്പോൾ അതേ ദിശയിൽ നിന്നും വന്ന ലോറി സ്കൂട്ടിയെ ഓവർ ടേക്ക് ചെയ്യാൻ ശ്രമിക്കവേ സ്കൂട്ടിയിൽ തട്ടുകയായിരുന്നു. റോഡിലേക്ക് വീണ അഭിജിത്തിന്റെ മുകളിലൂടെ ലോറിയുടെ ടയർ കയറുകയായിരുന്നു.

കൂടെയുണ്ടായിരുന്ന ജിതിൻ റോഡരികിലേക്ക് വീണതിനാൽ രക്ഷപ്പെട്ടു. മലമ്പുഴ ഐ.ടി.ഐ. വിദ്യാർത്ഥിയാണ് അഭിജിത്ത്. പിതാവ്: രമേഷ് ഗൾഫിലാണ്. അമ്മ: രാധിക. സഹോദരി: അഭിനയ.

Printed and published by Dr. Saji Varghese on behalf of Mangalam Publications (I) Pvt. Ltd.,Door No1X/557,1st floor,TB Road, Kokkalai, Thrissur 680021. Printed at Oruma Printers and Publishers LTD Chiyyaram, Thrissur-680026 and published at Thrissur. Editor - Dr. Saji Varghese, Managing Editor-Sajan Varghese, Chief Editor- Sabu Varghese.
*E.P. Shajudeen, Executive Editor. RNI Reg No: KERMAL\2008\27400 Thrissur Ph-2445472, 2440083 e-mail:mangalamtsr@gmail.com. *Responsible for selection of news under the PRB Act.

## വില്ലിയുടെ വിയോഗത്തിലൂടെ നഷ്ടമായത് ഫുട്ബോളിലെ കളിവസന്തം

**സി.സി. കുര്യൻ**
**തൃശൂർ**

ഫുട്ബോളിനെ ജീവവായു പോലെ സ്നേഹിച്ച താരമായിരുന്നു ഇന്നലെ അന്തരിച്ച വില്യംസ്.

എഴുപതുകളിലും എൺപതുകളിലും കളിക്കളങ്ങളിൽ ആവേശ പെരുമഴ തീർത്ത അതുല്യ പ്രതിഭ. സുഹൃത്തുക്കൾ സ്നേഹത്തോടെ വില്ലിയെന്ന് വിളിച്ചിരുന്ന വില്യംസ് തൃശൂർക്കാരുടെ കളിവസന്തമായിരുന്നു. എത്ര കരുത്താർന്ന പ്രതിരോധത്തിലും വിള്ളലുകൾ വീഴ്ത്തുന്നതിൽ അതിവിദഗ്ധനായിരുന്ന വില്ലി അക്കാലത്ത് മൈതാനങ്ങളിലെ ക്രൗഡ് പുള്ളറായിരുന്നു. മധ്യനിരയിൽ നിറഞ്ഞുനിന്ന വില്ലിയുടെ കളിമിടുക്ക് എതിരാളികൾക്ക് എന്നും തലവേദനയായിരുന്നു.

ഒരു ഫുട്ബോൾ താരത്തിനു വേണ്ടതായ ശാരീരിക മികവൊന്നും വില്ലിക്കുണ്ടായിരുന്നില്ല. എന്നാൽ സ്ഫുടം ചെയ്തെടുത്ത സാമ്പ്രദായിക ശൈലിയിലൂടെ മുന്നേറ്റങ്ങൾക്ക് മാരിവില്ലിന്റെ മനോഹാരിത പകരാൻ വില്ലിക്കാകുമായിരുന്നു. പരുക്കൻ അടവുകളെ മറികടക്കാൻ അപാര സിദ്ധിയുണ്ടായിരുന്ന വില്ലിയുടെ ബൂട്ടുകളിൽനിന്ന് പിറന്ന ഗോളുകൾക്ക് ചാരുത ഏറെ.


■ വില്ലി ഗുജറാത്തിൽ സുഹൃത്തുക്കൾക്കൊപ്പം. ഗുജറാത്ത് സന്തോഷ് ട്രോഫി മുൻ താരവും മുതിർന്ന മാധ്യമ പ്രവർത്തകനുമായ എ.ടി. വർഗീസിനേയും ഫോട്ടോയിൽ കാണാം. (ഫയൽ ചിത്രം).

സന്തോഷ് ട്രോഫിയിൽ ഗുജറാത്തിന് വേണ്ടിയാണ് വില്ലി ബൂട്ടണിഞ്ഞത്. പത്തു വർഷത്തിലേറെക്കാലം ഗുജറാത്ത് ഫുട്ബോളിൽ നിറഞ്ഞുനിന്ന വില്ലിക്ക് അവിടേയും ആരാധകർ ഏറെ. 1982ൽ സന്തോഷ് ട്രോഫി നടന്നത് തൃശൂരായതിനാൽ വില്ലിയുടെ സന്തോഷ് ട്രോഫിയിലെ പ്രകടനം നേരിട്ടാസ്വദിക്കാൻ തൃശൂർക്കാർക്കായി. മുന്നേറ്റനിരയിൽ മിന്നൽ പിണറുകൾ തീർത്തിരുന്ന വില്ലിയെ ഗുജറാത്ത് ടീമിന്റെ പരിശീലകൻ പ്രതിരോധത്തിലാണ് നിയോഗിച്ചത്.

പ്രതിരോധത്തിലും തനിക്ക് തിളങ്ങാനാവുമെന്ന് വില്ലി തെളിയിക്കുകയും ചെയ്തു. ചെറുപ്പത്തിലെ ഒപ്പം കൂടിയ ദാരിദ്ര്യം മരണം വരേയും വില്ലിക്കൊപ്പമുണ്ടായിരുന്നു.

മികച്ച പരിശീലനം ലഭിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ വില്ലി രാജ്യത്തെ മികച്ച താരങ്ങളിലൊരാളായി മാറിയേനെ. അതിനുള്ള അവസരം വില്ലിക്ക് ലഭിച്ചില്ല. എന്നാലും ഒരു വ്യാഴവട്ടത്തിലേറെക്കാലം മൈതാനങ്ങളിൽ ആവേശ ഗോപുരം തീർക്കാൻ വില്ലിക്ക് കഴിഞ്ഞുവെന്നത് മധുരമുള്ള ഓർമകളായി തൃശൂർക്കാരുടെ മനസിൽ എന്നും നിറഞ്ഞുനിൽക്കും.

## ചക്രകസേരയിൽ 42 വർഷം

# അതീജിവനത്തിന്റെ ആൾരൂപമായി വാസുണ്ണി പട്ടാഴി

**സി.എഫ്. ബെന്നി**
**കുന്നംകുളം**

ചാലിശേരി സഹയാത്ര ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി വാസുണ്ണി പട്ടാഴിയുടെ ജീവചരിത്രം അതിജീവനത്തിന്റെ പാഠപുസ്തകം. വിധിയെ പഴിച്ച് വീൽചെയറിൽ കാലം തള്ളിനീക്കാമായിരുന്ന വാസുണ്ണി മനസുനിറയെ കരുത്തുമായി ആത്മവിശ്വാസത്തോടെ മുന്നോട്ട് പോയത് മറ്റുള്ളവർക്ക് പ്രചോദനമാകുന്നു. വിധി തളർത്തിയവർക്കെല്ലാം സഹോദരനെന്ന പോലെ തണലാവുകയാണ് ഈ 61 കാരൻ.

1983 ൽ ബംഗളൂരുവിലെ വാഹനാപകടത്തിലാണ് തിരുവേഗപ്പുറ പട്ടാഴി കോമത്ത് രാമൻ നായർ - പാറുക്കുട്ടിയമ്മ ദമ്പതിമാരുടെ ആറുമക്കളിൽ നാലാമനായ വാസുദേവൻ എന്ന വാസുണ്ണിയുടെ ജീവിതം മാറിമറയുന്നത്.

പത്തൊൻപതാം വയസിൽ പട്ടാളത്തിൽ ചേരാനുള്ള മോഹവുമായാണ് ബംഗളൂരുവിലെത്തിയത്. അപകടത്തിൽ ഗുരുതര പരുക്കേറ്റെങ്കിലും ജീവൻ തിരിച്ചുകിട്ടി. പക്ഷേ നട്ടെല്ലിന് ക്ഷതമേറ്റ് അരയ്ക്കു താഴെ തളർന്നു. തുടർന്ന് വർഷങ്ങൾ ചികിത്സിച്ചെങ്കിലും ഫലമുണ്ടായില്ല. 26 വയസിൽ ഒരു വൃക്കയും എടുത്തു മാറ്റിയതോടെ വേഗമുള്ള ജീവിതം പെട്ടെന്നാണ് കിടക്കയിലായത്.


■ വാസുണ്ണി പട്ടാഴി

രണ്ട് പതിറ്റാണ്ടുകാലം വീട്ടിലെ മുറികളിൽ ജീവിതം തള്ളിനീക്കി. ഒടുവിൽ വിധിയെന്നുകരുതി ജീവിതം ഇരുട്ടിലാക്കേണ്ട എന്ന് സ്വയം തീരുമാനിച്ചു. പിന്നെ അതിനായി ശ്രമം തുടർന്നു.

അരയ്ക്ക് കീഴോട്ട് തളർന്ന മലപ്പുറം സ്വദേശി തോരപ്പാ മുസ്തഫ അദ്ദേഹത്തിന് സഞ്ചരിക്കാൻ ഒരു കാറ് ഡിസൈൻ ചെയ്ത വാർത്ത പത്രത്തിൽ കണ്ടു. മുസ്തഫയെക്കൊണ്ട് കൈ കൊണ്ട് ഓടിക്കുന്ന വാഹനം തരപ്പെടുത്തി. അദ്ദേഹം തന്നെ ഡ്രൈവിങ് പഠിപ്പിച്ചു. 2004 ൽ സ്വന്തം ബിസിനസ് നടത്തി പഴയ കാർ മാറ്റി പുതിയതു വാങ്ങി. പിന്നീട് 15 വർഷത്തെ കാലാവധി കഴിഞ്ഞ സമയത്താണ് 2020 പരുതൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ 1979 എസ്.എസ്.എൽ.സി. ബാച്ച് പൂർവ വിദ്യാർഥികൾ സഞ്ചരിക്കാൻ മറ്റൊരു കാർ നൽകി സഹപാഠികൾ വാസുണ്ണിയെ ചേർത്തുപിടിച്ചു.

2003-ൽ തിരുവേഗപ്പുറ ചെക്പോസ്റ്റിനു സമീപം സ്പെയർ പാർട്സ് കട ആരംഭിച്ചു. ചെറിയ വരുമാനം കിട്ടി തുടങ്ങിയതോടെ തന്നെപ്പോലെ സങ്കടപ്പെടുന്നവർക്ക് താങ്ങാവാൻ ശ്രമിച്ചു. അവധിദിവസങ്ങളിൽ സമാന ദുരിതമനുഭവിക്കുന്നവരെ നേരിൽക്കാണാൻ സമയം കണ്ടെത്തി.

പിന്നീട് സാന്ത്വനപ്രവർത്തനങ്ങളിലും സജീവമായി. ചാലിശേരി സഹയാത്ര ചാരിറ്റബിൾ സെക്രട്ടറി, സുരക്ഷാ ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

വീൽചെയറിൽ കഴിയുന്നവരുടെ ക്ഷേമത്തിനായി ഓൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ എന്ന സംഘടന രൂപവൽക്കരിക്കാനും മുൻനിരയിൽ നിന്നു. മുൻ സംസ്ഥാന സെക്രട്ടറി ആയിരുന്നു. നിലവിൽ സംസ്ഥാന വൈസ് പ്രസിഡന്റായി പ്രവർത്തിക്കുന്നു.

കേരളത്തിനകത്തും പുറത്തും വലിയ സുഹൃദ് ബന്ധം കാത്തുസൂക്ഷിക്കുന്ന ഇദ്ദേഹം സഹയാത്രയുടെ പ്രവർത്തനങ്ങൾക്കായി യു.എ.ഇയിലും പോയിട്ടുണ്ട്. 2017 ലും 2022 ലും ഹാർട്ട് അറ്റാക്കിനെ തുടർന്ന് ആൻജിയോപ്ലാസ്റ്റിലൂടെ ബ്ലോക്ക് നീക്കി.

മരുന്നിന്റെ സഹായത്തോടെ തളരാത്ത മനസുമായി മുന്നോട്ട് കുതിക്കുകയാണ് വാസുണ്ണി. സ്വന്തം ജീവിതാനുഭവം മറ്റുള്ളവർക്ക് കരുത്തുപകരാനായി വാസുണ്ണിയെ കുറിച്ച് ഡോ. ജയരാജ് എഴുതി പ്രസിദ്ധീകരിച്ച 'ഞാൻ അങ്ങോട്ട് വരാം' എന്ന പുസ്തകം മന്ത്രി എം.ബി. രാജേഷ് ഷീബ അമീറിന് കൈമാറി പ്രകാശനം ചെയ്തു.





